വിജ്ഞാനരഞ്ജനി

(പുതിയ പതിപ്പ്)

ഗ്രന്ഥകർത്താ

പി. കെ. നാരായണപിള്ള

ബി. എ, ബി. എൽ.

പ്രകാശകൻ

റ്റി. എൻ. ഗോപിനാഥൻ നായർ ബി. എ.

തിരുവനന്തപുരം.

Copy Right

1122

1122-ലെ പുതിയ പതിപ്പ്
കോപ്പി 3500

എസ്സ്. ആർ. പ്രസ്സ്,
തിരുവനന്തപുരം

വില രൂ. 1 അ. 2

വിഷയവിവരം

1. ഗന്ധസംബന്ധമായ ചില ചിന്തകൾ
2. മാതാവിന്റെ പുത്രവാത്സല്യം
3. ചന്ദ്രബിംബത്തിലെ കളങ്കം
4. വലതുകൈ ഇടതുകൈയേക്കാൾ സാധകതരമായ-തെങ്ങനെ?
5. വാല്മീകിയും ഹോമറും
6. സമുദ്രമസ്തകത്തിലെ ജംഗമോദ്യാനങ്ങൾ
7. കല്ക്യവതാരം കഴിഞ്ഞതോ വരാനിരിക്കുന്നതോ?
8. നാടലക്ഷ്യം നസ്സ്യം
9. രാമരായചക്രവർത്തിയുടെ പരാജയം
10. ജന്തുക്കൾ കുട്ടികളെ വളർത്തുന്ന വിധങ്ങൾ
11. വായുവിനെ വണ്ടിച്ചക്രമാക്കുന്നതിനുള്ള ഉപകരണം
12. ഭൂമിദേവിയുടെ ഉൽപത്തി
13. സ്വാതന്ത്ര്യസമ്പാദകന്മാർ
14. മങ്കുമ്മാൻ
15. ശ്രീമഹാഭാഗവതം

വിജ്ഞാനരഞ്ജനി

ഗന്ധസംബന്ധമായ ചില ചിന്തകൾ

"തദസ്യൈവ താവദുച്ഛ്വസിത കുസുമകേസരകഷായ ശീതളാമോദവാസിതോദ്യാനസ്യ കാഞ്ചനപാദപസ്യാധ സ്താദുപവിശാവഃ" എന്ന മാലതീമാധവഭാഗം ശ്രീമാൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ തർജ്ജിമ ചെയ്തിട്ടുള്ളതി നെ അടിസ്ഥാനപ്പെടുത്തി കഷായവും അതായത് ചവർപ്പു ള്ളതും ശീതളവും ആയ ആമോദം (സൗരഭ്യം) എന്നു പറയു ന്നതിന്റെ അർത്ഥം ഗ്രഹിക്കുവാൻ വഹിയാ എന്നു സുവിദി തനായ ഒരു കാവ്യഗുണവ്യവച്ഛേദകൻ അഭിപ്രായപ്പെട്ടിട്ടു ള്ളതായി ഓർക്കുന്നു. രൂപം, ശബ്ദം, ഗന്ധം, രസം, സ്പർശം ഇങ്ങനെ ജ്ഞാനേന്ദ്രിയങ്ങളാൽ ഗ്രാഹ്യങ്ങളായ ഗുണങ്ങ ളിൽ ഗന്ധത്തിന്റെ ഗ്രഹണത്തിനുള്ള ശക്തി, പരിഷ്കാരം വർദ്ധിക്കുന്തോറും മനുഷ്യരിൽ ക്ഷയിച്ചുവരുന്നു. ഇതരേന്ദ്രി യങ്ങളെ അപേക്ഷിച്ചു നാസികയ്ക്കു നേരിടുന്ന ഈ അസാ മർത്ഥ്യത്തിനു ഹേതു പാശ്ചാത്യദേശങ്ങളിൽ പുകയിലയുടെ നിരന്തരമായ ധൂപമാണെന്നു ചിലർ വിചാരിക്കുന്നു. കതി നാക്കററിയിൽ വെടിമരുന്നിട്ടു നിറയ്ക്കുന്നതുപോലെ നാസി കാരന്ധ്രങ്ങളിൽ പൊടിയടിച്ചു കയറുന്ന കട്ടംകൈ ദാക്ഷിണാത്യന്മാരുടെ ഇടയിൽ അസാധാരണമല്ല. കർപ്പൂരാ ഗരുചന്ദനാദികൾ പ്രഭൃതനങ്ങൾക്കും അത്തർ, ജുപാത്തു മുത ലായവ രസികമ്മന്യന്മാർക്കും അവർജ്ജ്യമായിത്തീർന്നിരിക്കു ന്നു. ഇവ ഒരുതരം നാസികാമദ്യങ്ങളാകുന്നു. അതിമാത്ര

മായ മദ്യശീലനവും താംബൂലചർവ്വണവും രുചിഭേദഗ്രഹണത്തിനു ബാധകമാകുന്നതുപോലെ നിരന്തരമായ ഗന്ധഭ്രമം ഗന്ധഭേദങ്ങളുടെ സൂക്ഷ്മജ്ഞാനത്തിനു പ്രതിബന്ധമായി പരിണമിക്കുന്നു.

ഗന്ധങ്ങളുടെ സൂക്ഷ്മമായ വിവേചനത്തിൽ ഒരുപക്ഷേ മനുഷ്യർ മൂമ്പിനാലെ ഉദാസീനന്മാരായിരുന്നു എന്നു തോന്നുന്നു. സ്വരങ്ങളുടെ ഭേദഗതികളെ അടിസ്ഥാനപ്പെടുത്തി സംഗീതകലയും വർണ്ണങ്ങളുടെ താരതമ്യമാശ്രയിച്ചു ചിത്രമെഴുത്തും അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതുപോലെ ഗന്ധത്തെ ആസ്പദമാക്കി യാതൊരു കലയും മനുഷ്യർക്കില്ല. സുഗന്ധമെന്നും ദുർഗ്ഗന്ധമെന്നും മൊത്തത്തിൽ ഗന്ധത്തിനു വിഭാഗം ചെയ്തിട്ടുണ്ടെങ്കിലും ഗന്ധത്തിന്റെ സീമയിൽ ഉൾപ്പെടുന്ന വിവിധ വകഭേദങ്ങളെ കുറിക്കുവാൻ വലിയ നിഷ്കൃഷ്ടങ്ങൾ ഇല്ല. അഥവാ ആ വക ഉപവിഭാഗങ്ങളെ കുറിക്കുവാൻ ഉള്ള ശ്രമങ്ങളിൽ പ്രായേണ രസനാവിഷയമായ രസത്തെ ആശ്രയിച്ചു വിവക്ഷിതത്തെ പ്രകാശിപ്പിക്കുന്നതായും കാണുന്നു. ഉദാഹരണത്തിനു മഹാഭാരതത്തിൽ,

"ഇഷ്ടശ്ചാനിഷ്ടഗന്ധശ്ച മധുരോമ്ലഃ കടുസ്തഥാ
നിർഹാരീസംഹതഃ സ്നിഗ്ദ്ധോ രൂക്ഷോ വിശദ ഏവ ച"

എന്നു ഗന്ധങ്ങളെ പത്തുതരമായി തിരിച്ചിരിക്കുന്നതിൽ മധുരം, അമ്ലം, കടു ഇത്യാദികൾ സ്വാദുഭേദങ്ങളെ ഗന്ധത്തിലേക്കു് ഉപചരിച്ചിട്ടുള്ളവയാകുന്നു. മുൻപറഞ്ഞ ശ്ലോകപ്രകാരം, കസ്തൂരി മുതലായതു് ഇഷ്ടഗന്ധത്തിനും ശവം മുതലായതു് അനിഷ്ടഗന്ധത്തിനും മധുപുഷ്പാദികൾ മധുരഗന്ധത്തിനും അത്യാമ്ലകാടികൾ (അമ്പഴങ്ങ മുതലായതു്) അമ്ലഗന്ധത്തിനും മുളകു മുതലായതു കടുഗന്ധത്തിനും കായം മുത

ലായതു നിഹ്വാരീഗന്ധത്തിനും, തൽകാലമുരുക്കിയ നെയ്യ് മുതലായതു സ്നിഗ്ദ്ധഗന്ധത്തിനും കടുകുതൈലം മുതലായതു രൂക്ഷഗന്ധത്തിനും നെല്ലരിച്ചോറു മുതലായതു വിശദഗന്ധത്തിനും ഉദാഹരണങ്ങളാകുന്നു. സംഹതഗന്ധമെന്നാൽ പല ഗന്ധങ്ങൾ കലന്നിട്ടുള്ള മണമാകുന്നു. അതിനെ തന്നെ ചിത്രഗന്ധം എന്നും പറയുന്നു.

"പരിമർട്ടോത്ഥ പരിമളോ ഗന്ധേ ജനമനോഹരേ
ആമോദഃ സോതിനിർഹാരീ വാച്യലിംഗതപമാഗുണാൽ
സമാകർഷീതു നിഹ്വാരീ സുരഭിർഘ്രാണതർപ്പണഃ
ഇഷ്ടഗന്ധഃ സുഗന്ധിഃ സ്യാദാമോദിമുഖവാസനഃ
പൂതിഗന്ധിസ്തു ദുർഗ്ഗന്ധോ വിസ്രംസ്യാദാമഗന്ധിയൽ"

എന്നു് അമരസിംഹൻ ഗന്ധങ്ങളെ വകതിരിക്കുന്നു. ഇതിൽപ്രകാരം പരിമർട്ടനം കൊണ്ടുണ്ടാകുന്ന സുഗന്ധത്തിനു പരിമളം എന്നു പേർ. ചന്ദനം മുതലായതു അരയ്ക്കുമ്പോൾ ഉണ്ടാകുന്ന ഗന്ധവും സുരതാദിവിമർട്ടജന്യമായ ഗന്ധദ്രവ്യവാസനയും ഈ കൂട്ടത്തിൽ ഉൾപ്പെടുത്തി വ്യാഖ്യാനിച്ചുകാണുന്നു. ക്ഷീരസ്വാമിയുടേയും ടീകാസർവ്വസ്വകാരന്റെയും അഭിപ്രായങ്ങൾ നോക്കുക. പരിമളംതന്നെ ദൂരവ്യാപിയായാൽ ആമോദമെന്നു പറയപ്പെടുന്നു. സമാകർഷി എന്നും നിർഹാരീ എന്നും പറയുന്നതും ദൂരവ്യാപികളായ ഗന്ധങ്ങൾതന്നെ. ഘ്രാണത്തെ തൃപ്തിപ്പെടുത്തുന്ന ഗന്ധം സുരഭി എന്നു പറയപ്പെടുന്നു. മുഖത്തിനു വാസനയുണ്ടാക്കുന്നതാംബൂലാദികൾ ആമോദികൾ ആകുന്നു. ദുർഗ്ഗന്ധത്തിനു പൂതി ഗന്ധി എന്നും പേർ. പച്ചമാംസത്തിനെപ്പോലെ ഗന്ധിക്കുന്നതു് ആമഗന്ധി എന്നും വിസ്രമെന്നും പറയപ്പെടുന്നു. വൈജയന്തി ഈ വിഷയത്തിൽ കുറേക്കൂടി പ്രപഞ്ചനം

ചെയ്യുയും ഗന്ധഭേദങ്ങളെ കുറേക്കൂടി സൂക്ഷ്മമായി വ്യവസ്ഥാപിക്കയും ചെയ്യുകാണുന്നു.

ഇങ്ങനെ എല്ലാമുണ്ടെങ്കിലും പ്രായേണ രസപ്രകൃതികളായ അന്യേന്ദ്രിയവിഷയങ്ങളെ അവലംബിച്ചു ഗന്ധത്തിനെ നിഷ്ചിക്കുന്നതു സാധാരണമായിരിക്കയാൽ "കഷായ ശീതളാമോദമെന്നു" മാലതീമാധവത്തിൽ ഭവഭൂതി പറയുന്നതു് ദുർഗ്രഹമെന്നു പറയുവാൻ പാടില്ല. കഷായം എന്നതു രസനേന്ദ്രിയത്തിനും ശീതളം എന്നതു ത്വഗിന്ദ്രിയത്തിനും, സുപരിചിതമാണു്. ആ അനുഭവം ഗന്ധത്തിലേക്കു് ഉപചരിച്ചു നോക്കിയാൽ പ്രസ്തുതമായ ഗന്ധത്തിന്റെ സ്വഭാവം സങ്കല്പിക്കുവാൻ പ്രയാസമില്ല. സങ്കല്പിക്കുവാൻ കഴികയില്ലെന്നു ശഠിക്കുന്നവർ കവിത വായിക്കണമെന്നു മോഹിക്കയും വേണ്ട.

ഒരിടം അങ്ങനെ നിൽക്കട്ടെ. മനുഷ്യരൊഴികെ ഉള്ള മറ്റു ചില സൃഷ്ടിവിശേഷങ്ങൾക്കു ഗന്ധഗ്രഹണത്തിലുള്ളപാടവം വിസ്മയകരമാകുന്നു. നായാട്ടിനു പോകുമ്പോൾ ജംബുകന്മാരുടെ സങ്കേതസ്ഥാനം ശ്വാക്കൾ ഗന്ധംകൊണ്ടു് അനായാസമായി കണ്ടുപിടിക്കുന്നു. കുറുനരിവേട്ടയിൽ, ആ ജന്തു തീവ്രമായി ഓട്ടം തുടങ്ങുമ്പോൾ ഒരു "മുശ്രു" ഉണ്ടാകാറുള്ളതു വേട്ടക്കാക്കുതന്നെ അനുഭവപ്പെട്ടിട്ടുള്ളതാണു്. ജംബുകങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയാണെങ്കിലും കൂട്ടിയിട്ടുകൊണ്ടു കിടക്കുന്ന ജംബുകികളെ ഗന്ധംകൊണ്ടു കണ്ടുപിടിക്കുവാൻ മൃഗയാകുശലങ്ങളായ ശ്വാക്കൾക്കുകൂടി സാധിക്കുന്നില്ലെന്നു കാണപ്പെട്ടിരിക്കുന്നു.

പക്ഷിജാതിയെക്കുറിച്ചു പറയുക എന്നുവെച്ചാൽ ശവങ്ങൾ ദൂരസ്ഥമായിരുന്നാലും ഗന്ധം ഗ്രഹിച്ചു വന്നു ഭക്ഷിക്കുവാൻ തക്ക സാമർത്ഥ്യം കഴുകനുള്ളതായി പരക്കെ ജന

ങ്ങൾ വിശ്വസിക്കുന്നു. പക്ഷേ പരീക്ഷണങ്ങൾ നടത്തി നോക്കിയതിൽ ഈ വിശ്വാസം അത്ര ഭദ്രമല്ലെന്നു ചിലർ പറയുന്നു. സാല്പമായ വല്ലതുംകൊണ്ടു ശവമാംസങ്ങൾ മറയ്ക്കപ്പെട്ടാലും കഴുകന്മാക്കു അവയുടെ സന്നിധി ഗ്രഹിക്കാൻ ശക്തി കാണുന്നില്ല. ഗൃദ്ധ്രങ്ങൾ, പരുന്തുകൾ മുതലായ പക്ഷികളുടെ അക്ഷിശക്തി, സൂക്ഷ്മവും ബഹുദൂരഗാമിയും ആണെങ്കിലും, അവയുടെ ഘ്രാണശക്തി വളരെ സംശയഗ്രസ്തമാകുന്നു. ഘ്രാണരന്ധ്രങ്ങൾ പക്ഷികൾക്കുമുണ്ടെങ്കിലും ഘ്രാണനാഡികളുടെ കൃശത്വവും ഒരു പക്ഷേ ഗന്ധവാഹികളായ സിരകൾക്കു തലച്ചോറുമായുള്ള ബന്ധശൈഥില്യവും നിമിത്തം ഗന്ധഗ്രഹണവിഷയത്തിൽ അവ അഗ്രേസരങ്ങളാണെന്നു പറയുവാൻ നിവൃത്തിയില്ല.

നേരെ മറിച്ചു് ഉറുമ്പു മുതലായ കീടപ്രാണികളുടെ ഘ്രാണശക്തി വളരെ ആശ്ചര്യകരമാകുന്നു. പിപീലികകൾ സ്വസമുദായാംഗങ്ങളെയും സ്വകുടുംബാംഗങ്ങളെയും ഗന്ധംകൊണ്ടു വ്യാവർത്തിച്ചറിയുന്നു. നെയ്യു്, പഞ്ചസാര മുതലായവയുടെ സങ്കേതം അറിഞ്ഞു് ആക്രമങ്ങൾ നടത്തുന്നതിനു് ഉറുമ്പിന്റെ സേനാപംക്തികൾ പോകുന്നതും സങ്കുലമായി യുദ്ധം നടത്തുന്നതും നമുക്കു പരിചിതമാണല്ലൊ. പിപീലികയുടെ ഈ സാമർത്ഥ്യമടിസ്ഥാനമാക്കി, പ്രമേഹികളുടെ മൂത്രലക്ഷണം ചെയ്യുന്നതിനുകൂടി ജനങ്ങൾ മടിക്കുന്നില്ല. "മൂത്രേനധ്യാവന്തി പിപീലികാശ്ച" എന്നു പ്രമാണമാക്കി പ്രമേഹിയുടെ മൂത്രലക്ഷണം അഷ്ടാംഗഹൃദയക്കാർ നോക്കിവരുന്നു. ഉറുമ്പിന്റെ സേനാവിഭാഗങ്ങൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ, സൈനികന്മാർ പരസ്പരം ചുംബനംചെയ്യുന്നതുപോലെ ആചരിക്കുന്നതു ഞാൻ പലപ്പോഴും

കണ്ടിട്ടുണ്ട്. ഈ ക്ഷ രത്തിന്റെ താല്പര്യം ഗന്ധംകൊണ്ട് ബന്ധുക്കളേയും പുഷ്പകളത്രാദികളേയും വേർതിരിച്ചറിവാനുള്ള ഏർപ്പാടായി വിചാരിക്കേണ്ടിയിരിക്കുന്നു. കന്മിവല്ലക്കൂട്ടിൽ അകപ്പെട്ടുപോയ ഒരു ശലഭകേലകന്യകയെ മറ്റു ശലഭങ്ങൾ മണംപിടിച്ചു തേടിച്ചെന്നു കണ്ടതായ ദൃഷ്ടാന്തം ഒരു മഹാൻ രേഖപ്പെടുത്തിയിരിക്കുന്നു.

ആത്മരക്ഷയ്ക്കുവേണ്ടി തൃക്ഷഗന്ധങ്ങളായ ദ്രാവകങ്ങൾ വിസർജ്ജിക്കുന്ന സൃഷ്ടിവിശേഷങ്ങളുമുള്ളതായി കാണുന്നു. ഇതിനു നമ്മുടെ ഇടയിൽ ഒരു നല്ല ഉദാഹരണം "ചേരട്ട" അഥവാ "തേരട്ട" തന്നെയാകുന്നു. ഇതിന്റെ സ്പർശം നമ്മുടെ അംഗങ്ങളിൽ ഉണ്ടായാൽ അവിടം അഗ്നി പറ്റിയതുപോലെ പൊള്ളി കരിവാളിച്ചുപോകുന്നു. അതിനു ചേരട്ട "കാച്ചുക" എന്നു പറയുന്നു. പ്രസ്തുതമായ അട്ടയ്ക്കു വല്ല ഉപദ്രവവും തട്ടുമ്പോൾ അതിന്റെ ദേഹത്തിൽനിന്നു ദാഹകസ്വഭാവമായ ഒരു ഗന്ധവിശേഷമുണ്ടാകുന്നതു പലർക്കും അനുഭവപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. ഇങ്ങനെ ഉഗ്രമായ ഗന്ധം ഇരുപതും മുപ്പതും ഗജം ദൂരംവരെ വ്യാപിപ്പിക്കുവാൻ പ്രാപ്തിയുള്ള പ്രാണികൾ അമേരിക്ക മുതലായയിടങ്ങളിലുണ്ടത്രെ.

ചില ജന്തുക്കൾക്കു പ്രത്യേകം ചില ഗന്ധങ്ങൾ ആസ്വാദ്യങ്ങളാണെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. "ലവന്തർ" തൈലത്തിന്റെ മണം സിംഹത്തിനു വളരെ പ്രിയമാണെങ്കിലും ഇതുപോലെ, ചീലി, പൂച്ച, മത്സ്യങ്ങൾ മുതലായവയും ഓരോ ഗന്ധവിശേഷങ്ങളിൽ പക്ഷപാതികളാണെന്നു പറയപ്പെട്ടുന്നു.

ഗന്ധങ്ങളെ സംബന്ധിച്ചു സ്ഥായിയോഗ്യമായ മറെറാരു സംഗതി കാലാവസ്ഥാദികളെ ആശ്രയിച്ചു് അവയുടെ പ്രസരണത്തിൽ കാണുമാറുള്ള സ്ഫുടതാവും അസ്ഫുടതാവും ആകുന്നു. ഉദാഹരണത്തിനു നഗരപരായണന്മാർക്കുപോലും ഉഷ്ണാധിക്യമുള്ള ദിവസങ്ങളിൽ സായാഹ്നവേളയിൽ ശീതളമാരുതവിലാസത്തിൽ ഗന്ധങ്ങളുടെ പ്രസാരം വ്യക്തമായി തോന്നുന്നതു മതിയാകും. അതുപോലെ വേനല്ക്കാലത്തു സമൃദ്ധമായി ഒരു മഴ കഴിഞ്ഞാൽ ഗന്ധം സുഗ്രഹമാകുന്നു. ആർദ്രമായ ഭൂമിയുടെ ഗന്ധവും പുഷ്പങ്ങളുടേയും ഇലകളുടേയും മണവും അഭിനവമായ വൈശദ്യത്തോടു കൂടി അപ്പോൾ നമുക്കു് അനുഭവവേദ്യമാകുന്നു.

"ഗാവഃ പശ്യന്തിഗന്ധേന" എന്ന വിദുരവാക്യം പ്രസിദ്ധമാണെങ്കിലും പശുക്കൾക്കും വിശേഷിച്ചു് അടുക്കൾക്കും അവസ്ഥാഭേദങ്ങൾകൊണ്ടു ചിലപ്പോൾ ഘ്രാണക്ഷീണത കാണപ്പെടാറുണ്ടു്. അറവിൽ ഉരുണ്ടുവീണ ശരീരം അശേഷം നനഞ്ഞതിൽ പിന്നെ ഒരുവിധത്തിൽ അവിടെനിന്നു രക്ഷപ്പെട്ട തള്ളയാടിന്റെ അടുക്കലേക്കു കരഞ്ഞുകൊണ്ടോടിച്ചെന്ന ആട്ടിൻകുട്ടിയെ, മാതാവായ പുംസ്ത്രീമണത്തുനോക്കിയതിൽ സപശുശുവായി ഗ്രഹിച്ചില്ലെന്നും എന്നാൽ കാറും വെയിലുംകൊണ്ടു് അതിന്റെ ശരീരത്തിലെ വെള്ളം വലിഞ്ഞശേഷം അതിനെ വാത്സല്യപൂർവ്വം നക്കി നക്കി ലാളിച്ചതായും ഒരു അനുഭവസ്ഥൻ എഴുതിയിരിക്കുന്നു.

"ഗന്ധംസുവർണ്ണേ ഫലമിക്ഷുദണ്ഡേ
തകാരി പുഷ്പം ഖലു ചന്ദനേഷു
വിപ്രാൻ ധനാഢ്യാ നതു ദീർഘജീവീ
ത്യാതുഃപുരഃകോപിനബുദ്ധിരോത്രൽ" എന്നു വില

പിക്കുന്നവരുമില്ലെന്നില്ല. അതായതു സ്വർണ്ണത്തിനു സൌരഭ്യവും കരിമ്പിൻ കായ്കളും ചന്ദനത്തിനു പുഷ്പവും ബ്രഹ്മാവു നിർമ്മിച്ചില്ല. വിദ്വജ്ജനങ്ങൾ ധനികന്മാരായും ദീർഘായുഷ്മാന്മാരായും ഭവിക്കുന്നില്ല. പണ്ടു് ബ്രഹ്മാവിനു വേണ്ട ബുദ്ധി ഉപദേശിച്ചുകൊടുക്കുവാൻ ആരുമുണ്ടായില്ലല്ലൊ എന്നു താല്പര്യം. പെറും വായുതന്നെ പ്രകൃത്യാ സുരഭിലമായി നിർമ്മിക്കപ്പെട്ടിരുന്നു എങ്കിൽ നിരന്തരമായ സുഗന്ധസേവകൊണ്ടു മനുഷ്യരുടെ സിരാശക്തിയും ആയുർദ്ദീർഘതയും ഹ്രസ്വതരമായിപ്പോകുമായിരുന്നെന്നു ഇത്തരക്കാർ അറിയുന്നുണ്ടെന്നു തോന്നുന്നില്ല. വെള്ളത്തിനു മാധുര്യവും വായുവിനു സൌരഭ്യവും കലർത്താതെ സൃഷ്ടിച്ചെയ്തതു പ്രകൃതിയുടെ വിവേകവൈഭവമാകുന്നു.

എന്നിരുന്നാലും ഋതുഷഡ്ചക്രത്തിന്റെ ക്രമമായ പരിവർത്തനംകൊണ്ടു് മനുഷ്യരുടെ ഘ്രാണതർപ്പണത്തിനു ഭിന്നഭിന്നങ്ങളും വിവിധവിവിധങ്ങളും ആയ എത്ര പുഷ്പങ്ങളേയും മഞ്ജരികളേയും പ്രകൃതിദേവി പ്രകാശിപ്പിക്കുന്നു എന്നു നോക്കുക. പുഷ്പലതാദികളിൽനിന്നുൽഗമിക്കുന്ന സൌരഭ്യപൂരംകൊണ്ടു മനുഷ്യരെ വിവശീകരിച്ചു സ്വനിർദ്ദിഷ്ടമായ ഏതു ചോദനകളെത്തന്നെ ആ ദേവി അനുസരിപ്പിക്കുന്നില്ല. ലോകവ്യാപികയായ പ്രകൃതിശക്തിക്കു സദാ നമസ്കാരം.

മാതാവിന്റെ പുത്രവാത്സല്യം

രാജ്യതന്ത്രവിഷയത്തിൽ, സ്വതന്ത്രത്വം, സമത്വം, സഹോദരത്വം എന്ന തത്ത്വത്രയത്തിന്റെ ഉദയകാലം ഫ്രാൻസു രാജ്യചരിത്രത്തിൽ നടന്ന രാജ്യവിപ്ലവാവസ്ഥ

മാണെന്നു പ്രസിദ്ധമാകുന്നു. നിരങ്കുശന്മാരായ രാജാക്കന്മാരുടെ അഡംബരങ്ങളല്ലാതെ മറ്റൊന്നും രാജ്യകാര്യത്തിൽ അക്കാലംവരെ അവിടെ ഗണ്യമായിരുന്നില്ല. രാജാധികാരത്തിനും പൊതുജനങ്ങൾക്കും മദ്ധ്യേ പരിലസിച്ചിരുന്ന പ്രഭുക്കന്മാരുടെ പ്രൗഢിയും കർശ്ശനവും ദുസ്സഹമായിത്തീർന്നു. ക്ഷുധിതന്മാരും ക്ലിശിതന്മാരുമായിരുന്ന പൊതുജനങ്ങളുടെ കഥ അധികാരസ്ഥന്മാരുടെ അസ്ഥയ്ക്കു പാത്രീഭവിച്ചില്ല. രാജഭണ്ഡാഗാരത്തിൽ ധനത്തിനു ക്ഷയം നേരിട്ടാൽ അതിനെ പൂരിപ്പിക്കേണ്ട ഭാരം ജനങ്ങളുടെ ശിരസ്സിൽ ഒഴിയാബാധപോലെ പ്രതിഷ്ഠയെ പ്രാപിച്ചു. കരം കൊടുക്കേണ്ട ശക്തിയിൽ നിന്നു പ്രാബല്യവാന്മാരായ പ്രഭുക്കന്മാർ ഒരു ക്ലേശവുമനുഭവിച്ചിരുന്നില്ല. ഇങ്ങനെ പ്രജകളുടെ ഇടയിൽ അസാമാന്യമായ ദൈന്യവും ഉഗ്രമായ വ്യഗ്രതയും വ്യാപിച്ചുവരവേ ലൂയി പഞ്ചദശൻ എന്ന രാജാവു ചരമശ്വാസം വലിക്കയും ജനങ്ങൾ ദീർഘശ്വാസം വിടുകയും ചെയ്തു.

അദ്ദേഹത്തിന്റെ മരണക്ഷണത്തിൽ പുത്രനായ ലൂയി ഷോഡശനെന്ന രാജകുമാരനും ഭാര്യയായ മേരി അന്റോണിനെറ്റ് എന്ന അസ്സീയൻരാജകുമാരിയും അടുത്തുതന്നെ ഒരു മുറിയിലുണ്ടായിരുന്നു. തല്ക്ഷണത്തോടുകൂടി മന്ത്രിമാർ ചെന്നു രാജകുമാരൻ രാജാവായിത്തീർന്ന വിവരം അറിയിച്ചു. അദമ്പതിമാർ "ഈശ്വരോ രക്ഷതു. അപൂർണ്ണയൗവനരായ ഞങ്ങൾ എങ്ങനെ രാജ്യം ഭരിക്കേണ്ടു?" എന്നു മന്ത്രിമാർ പറഞ്ഞതു കേട്ടൽഘോഷിച്ചതായി പറയപ്പെട്ടിരിക്കുന്നു. ലൂയി ഷോഡശന്റെ ഭരണകാലം പ്രാപ്തന്മാരായ മന്ത്രിമാരുടെ സാമർത്ഥ്യംകൊണ്ടു വലിയ അവതാളങ്ങൾ കൂടാതെ

ആരംഭിച്ചു. പക്ഷേ ജനക്ഷേമപ്രതിയിൽ അദ്ദേഹം അശ്രദ്ധനായിരുന്നു. വിശേഷിച്ചു രാജ്ഞിയായ മേരി അന്റോണിനെറ്റു വിനോദലോലുപയായും രാജ്യക്ഷേമവിമുഖിയായും സമയം നയിച്ചുവന്നു. രാജ്യൈശ്വര്യം ക്ഷീയമാണവും ജനങ്ങളുടെ ദൈന്യം വർദ്ധമാനവുമായിരുന്നു. പരക്കേ വ്യാപിച്ചിരുന്ന അതൃപ്തി ഉരുണ്ടുകൂടിത്തുടങ്ങി. അകപ്പാടെ ജനങ്ങൾ ഇളകി. രാജ്യത്തിലെ പ്രധാന കാരാഗൃഹത്തെ ജനക്കൂട്ടം അക്രമിച്ചു നശിപ്പിച്ചു. രാജാധികാരത്തിനു പതിവുള്ള ശമനകൗശലം സേനാപ്രയോഗമാണല്ലോ. അതുകൊണ്ടും ജനക്ഷോഭത്തിനു യാതൊരു ലോപവുമുണ്ടായില്ല. അളകം ഇരച്ചുകൂടി രാജമന്ദിരത്തിൽവച്ചു രാജാവിനെ കുടുംബസമേതം വളഞ്ഞു ബന്ധനസ്ഥനാക്കി. ഈ ദുഷ്പടത്തിൽ നിന്നു് ഒളിച്ചോടി രക്ഷ തേടാമെന്നു വിചാരിച്ചു പുറപ്പെട്ട രാജാവിനേയും കുടുംബത്തെയും മാർഗ്ഗമദ്ധ്യേ പിടിക്കൂടി തിരിയെ രാജധാനിയിലേക്കു കൊണ്ടുവന്നു. ജനകീയശക്തി രാജകീയശക്തിയെ പാടെ ഗ്രസിച്ചു. ജലബിന്ദുക്കൾ ഓരോന്നായി നോക്കുമ്പോൾ തുച്ഛബലങ്ങളാണെങ്കിലും ഒത്തുചേർന്നു് ഉൽകടമായി പ്രവഹിക്കുമ്പോൾ ഭയങ്കരമായിത്തീരുന്നപോലെ അല്പസാരന്മാരായ പ്രജകളും സംഹതിയായി ക്ഷോഭിക്കുമ്പോൾ കൊടുതായി പരാക്രമിക്കുന്നു. ക്ഷുബ്ധമായ ജനക്കൂട്ടത്തിൽ വിവേകത്തിനൊ വിവാകത്തിനൊ സ്ഥാനമെവിടെ? പ്രതീകാരപാരുഷ്യത്തോടുകൂടി അതിക്രൂരമായ ഒരു ഭരണമാർഗ്ഗം ജനങ്ങൾ സ്വീകരിച്ചു. അതിനു ഭീഷാവിലാസഭരണമെന്നു പേർ പറയുന്നു. രാജപക്ഷപാതികളേയും പ്രഭുപാരമ്പര്യക്കാരേയും സമൂലം ഖഡ്ഗികഴിക്കാതെ നാട്ടിൽ ശാന്തിയുണ്ടാകയില്ലെന്നുള്ള പ്രതത്തോടുകൂടി ജനസമുദായം കടുംകൈകൾ വളരെ തുടർന്നു;

ഫ്രാൻസുരാജ്യം മൃത്യുദേവതയുടെ നൃത്തരംഗമായി പരിണമിച്ചു. ഭീഷ്മവിലാസഭരണദശയുടെ അന്ത്യഘട്ടമായ 14 മാസത്തിനുള്ളിൽ ഉദ്ദേശം 17000 ജനങ്ങളുടെ ശിരച്ഛേദം നടന്നതായി പറയുന്നു. ക്രൂരമായ കണ്ടകശോധനത്തിന്റെ കഥയിരിക്കട്ടെ. രാജാവുതന്നെ വധ്യനാണെന്നു ജനങ്ങൾ നിശ്ചയിച്ചു. അതനുസരിച്ചു കിരീടസഹക്രീഡിയായിരുന്ന മൂർദ്ധാവു് ഖഡ്ഗധാരാപ്രഹാരമേറ്റു നിലത്തു പതിച്ചു.

ഈ അവസരത്തിൽ രാജ്ഞിയുടെ സ്ഥിതി എന്തായിരുന്നു? പാരീസ്പട്ടണത്തിലെ മഹത്തായ കാരാഗൃഹത്തിൽ ആലിലപോലെ വിറച്ചുകൊണ്ടു് രണ്ടു സ്ത്രീകളും രണ്ടു കൊച്ചുകുട്ടികളും കിടക്കുന്നു. സ്ത്രീകളിൽ ഒന്നു രാജ്ഞിയായ മേരി അന്റോണിനെറ്റും മറ്റേതു ഹതനായ രാജാവിന്റെ സഹോദരിയുമാണു്. കുട്ടികളിൽ രണ്ടും മേരി അന്റോണിനെറ്റിന്റെ സന്താനങ്ങളത്രേ. കുഞ്ഞുങ്ങൾ രണ്ടും തള്ളയായ രാജ്ഞിയുടെ മേൽ അള്ളിപ്പിടിക്കുന്നു, മറ്റേ സ്ത്രീയാകട്ടെ അശ്രുവിച്ഛായദൃഷ്ടിയായി, നിശ്ശബ്ദയായി ഭ്രാതൃഭാര്യയെ നോക്കുന്നു. ഉത്തരക്ഷണത്തിൽ എന്തു സംഭവിക്കാൻ പോകുന്നുവെന്ന സംഭ്രമവും രാജ്ഞിയുടെ ജീവൻ താമരനൂലിൽ തൊട്ടതുപോലെ കൃശാവലംബമാണെന്നുള്ള ബോധവും അവരുടെ മുഖപത്മങ്ങളിൽ പ്രതിഫലിച്ചുകാണാമായിരുന്നു. രാജാവിന്റെ വധംകൊണ്ടു ജനങ്ങൾ തൃപ്തരായിരിക്കുമോ, അഥവാ രാജ്ഞിയെക്കൂടി ഹിംസിക്കാതെ അവർ അടങ്ങുമോ, ഇങ്ങനെയുള്ള വിചാരവീചികളാൽ പരിപ്ലുതമാരായി മന്ദായമാനങ്ങളായ ദിവസങ്ങളെ അവർ എണ്ണിയെണ്ണിക്കഴിച്ചുവന്നു.

ഏകദേശം പതിനഞ്ചുവയസ്സായപ്പോൾ, സ്വജനങ്ങളുമായി വേർപിരിയുന്നതോർത്തു ബാഷ്പാകുലാക്ഷിയായി

പിതൃരാജധാനിയായ വിയന്നാനഗരിയിൽ നിന്നു പുറപ്പെട്ട ഫ്രാൻസിൽ വന്നു ചേർന്നശേഷം പട്ടമഹിഷീപദം അലങ്കരിച്ചിരുന്ന ഈ സ്ത്രീരത്നത്തിന്റെ ദയനീയാവസ്ഥ പറഞ്ഞു ഫലിപ്പിക്കാവുന്നതല്ല. മഹനീയമായ കുലീനതയോ, സർവ്വാംഗീണമായ സൗന്ദര്യസമ്പത്തോ സുമധ്യമാജ്ഞനങ്ങളിൽ വച്ചുള്ള അഗ്രഗണ്യതയോ മുട്ടറ്റുമുടയായ ഈ മഹിളാമണിക്കു് അഭയദാനത്തിനു സഫലമാകുന്നില്ല. രാജഭക്തിയുടെ ഛായപോലും ആപൽകരമായിരുന്നു; ശങ്കപോലും അപരാധത്തിനു പരിപൂർണ്ണമായ തെളിവായിരുന്നു. ആ നിലയാൽ രാജ്ഞിയെ അഭിമുഖീകരിച്ചിരുന്ന ആപത്തിൽ നിന്നു് അവരെ രക്ഷിക്കുവാൻ അധികം ആളുകൾ സന്നദ്ധരായില്ല. എങ്കിലും രാജ്ഞിയുടെ പേരിലുള്ള താല്പര്യവും ഔദാര്യകവയും കൊണ്ടു് ഏതാനുംപേർ അവരെ കൂട്ടികളോടുകൂടി കടത്തിക്കൊണ്ടുപോയി രക്ഷിക്കാൻ ഗൂഢമായി ശ്രമിച്ചു. രാജാവിന്റെ വധത്തിനുശേഷം രാജ്ഞിയുടെ ബന്ധനാലയത്തിൽ ചെയ്തിരുന്ന വ്യവസ്ഥാനിഷ്ഠൂരങ്ങൾക്കു കുറെ നാളത്തേക്കു ശൈഥില്യമുണ്ടായിരുന്നു. രാജ്ഞിയുടെ മിത്രങ്ങൾക്കു അവരെ ചെന്നു കാണുന്നതിൽ വലിയ പ്രതിബന്ധമുണ്ടായിരുന്നില്ല. ഇതുതന്നെ തക്കമെന്നു കരുതി മുൻപറഞ്ഞ കൂട്ടർ കാരാഗൃഹത്തിൽ ചെന്നു രാജ്ഞിയേയും കുട്ടികളേയും അവിടുന്നു കൂട്ടിക്കൊണ്ടു പോകുവാൻ മന്ത്രണം ചെയ്തു. ധീരന്മാരായ അവരുടെ കൂട്ടത്തിൽ അധീരനായ ഒരു പ്രൊഫസർ കൂടിയുണ്ടായിരുന്നു. ഉദ്ദിഷ്ടമായ പ്രവൃത്തിപദ്ധതിയിലുണ്ടാകാവുന്ന വിരോധാഭാസകല്പനാവിചോദ്യകുശലപടുവായ ആ പരന്തിസ്സു വാചസ്പതി പറഞ്ഞതൊന്നും ഖണ്ഡിക്കുവാൻ മറ്റുള്ളവർക്കു കഴിഞ്ഞില്ല. പക്ഷേ ഏതുയുക്തിയേയും ഭേദിക്കുവാൻ കാലാതിക്രമത്തിനു ശക്തിയു

ണ്ടെന്നു വ്യക്തമാണല്ലോ. ദീർഘസൂത്രങ്ങളായ ആലോചന കൾ നടന്നുകൊണ്ടിരിക്കെ, രാജ്ഞിയുടെ രക്ഷയ്ക്കുള്ള ദുർഘടങ്ങൾ കൂടിക്കൂടിവന്നു. അന്യദേശരാജാക്കന്മാർ പലരും ഫ്രാൻസിനോടു യുദ്ധസന്നദ്ധതയെ പ്രത്യുപനം ചെയ്തു. ഈ അനർത്ഥമെല്ലാം ആസ്ട്രിയാക്കാരിയായ ഈ സ്ത്രീ നിമിത്തമാണെന്നവച്ചു്, അവർ കടന്നുകളയാതിരിക്കുന്നതിനു വേണ്ട നിബന്ധനകൾ കുറേക്കൂടി ഭദ്രമാക്കി. രാജ്ഞിയുടെ കണ്ണുരക്തം കണ്ടല്ലാതെ അടങ്ങുകയില്ലെന്നു ജനങ്ങൾ മുറവിളി കൂട്ടിത്തുടങ്ങി. കാലപാശം അവരുടെ കഴുത്തിനു ചുറ്റും മുറുകിവരുന്നതുകണ്ടു മുൻപറഞ്ഞവർ, പ്രൊഫ്സറെക്കൂടാതെ അവസാനക്കയ്യായി ഒന്നുകൂടി ശ്രമിക്കുവാൻ പുറപ്പെട്ടു. ഇപ്പോളില്ലെങ്കിലിനിയില്ലെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി ധീരന്മാരായ ആ ഉപജ്ഞാപകന്മാർ രാജ്ഞിയുടെ സന്നിധിയിൽ പ്രവേശിച്ചു് അവരുടെ രക്ഷയ്ക്കുള്ള ഉപായം ഉപദേശിച്ചു. കുട്ടികളെക്കൂടി കൊണ്ടു പോകുന്ന കാര്യം അസാദ്ധ്യമായിരുന്നു. കുട്ടികളെ വിട്ടിട്ടു പുറപ്പെടണമെന്നു കേട്ടപ്പോൾ കേട്ടതു ശരിയായി ഗ്രഹിക്കാത്തതു പോലെ "എന്റെ കുട്ടികളെ വിട്ടിട്ടോ? അതു് ഒരിക്കലും സാധിക്കയില്ല" എന്നവർ മറുപടിപറഞ്ഞു. ഇങ്ങനെ പറയുമ്പോൾ മാതാവായ രാജ്ഞിയുടെ മുഖത്തു സ്ഫുരിച്ച ഔദ്ധത്യവും ക്ലേശലില്ലായ്മയും വിസ്മയകരമായിരുന്നു. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന രാജസഹോദരി കാര്യം പന്തിയല്ലെന്നു കണ്ടു കുട്ടികളെ താൻ ഭദ്രമായി രക്ഷിച്ചുകൊള്ളാമെന്നും രാജ്ഞി വല്ല വിധവും അവിടുന്നു പോയി രക്ഷതേടണമെന്നും നിർബ്ബന്ധിച്ചു. ഒടുവിൽ അങ്ങനെ തന്നെ എന്നവർ സംവദിച്ചു. അനന്തരം തന്റെ പുത്രൻ ഉറങ്ങിക്കിടന്നിരുന്ന കട്ടിലിൽ ചെന്നിരുന്നുകൊണ്ടു് "ഈശ്വരൻ പ്രസാദിച്ചു

എന്റെ മകൻ ഒരു കാലത്തു ധന്യനായി വരട്ടെ" എന്നു രാജ്ഞി ആശീർവദിച്ചു. മാറക്കുട്ടിയായ ബാലിക അടുത്ത മുറിയിൽ മയങ്ങിയും മിക്കവാറും ഉറങ്ങാതെയും ഈ സംഭാഷണം കേട്ടുകൊണ്ടു കിടന്നിരുന്നു. മകന്റെ ക്ലാനമായ മുഖത്തു നോക്കിക്കൊണ്ടിരുന്ന മാതാവു്, എഴുന്നേറ്റു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു മകൾക്കു കേൾക്കാമായിരുന്നു. "പ്രിയസഹോദരീ! നിങ്ങളെ ഇനി ഞാനെന്നെന്നേക്കുമായിട്ടു കാണും" എന്നു് ചോദിച്ചുകൊണ്ടു രാജ്ഞി വിരമിച്ചു. സംഭാഷണം കഴിഞ്ഞു് "ഇല്ല, ഇല്ല, ഇതു് ഒരിക്കലും സാദ്ധ്യമല്ല" എന്നു അമ്മ മാതാവു ഖണ്ഡിച്ചു പറഞ്ഞു.

ഇപ്രകാരം പുത്രവാത്സല്യവും പ്രാണപ്രണയവും തമ്മിൽ നടന്ന ദ്വന്ദ്വയുദ്ധത്തിൽ പുത്രവാത്സല്യം വിജയിയായി പ്രകാശിച്ചു. പക്ഷേ ആ വിജയത്തിനു രാജ്ഞി സജീവനെ ബലികഴിക്കേണ്ടിവന്നു. കോമളമായ അവരുടെ ഗളനാളം കടലിക്കാണ്ഡംപോലെ ഖണ്ഡഖണ്ഡിതമായിട്ടു് അവർ ഇഹലോകത്തിൽനിന്നു വിനിർഗ്ഗമിച്ചു. എങ്കിലും ആ സ്ത്രീരത്നത്തിന്റെ പുത്രസ്നേഹമഹിമ അനശ്വരമായി പ്രശോഭിക്കുന്നു. മേരി അന്റോണിനെറ്റിന്റെ പേരിലുള്ള അപരാധങ്ങൾ എന്തുതന്നെയായിരുന്നാലും അവരുടെ മാതൃത്വത്തിൽ സ്ഫുടിച്ചുകാണുന്ന സ്നേഹാധിക്യം കീർത്തനീയമായ മാഹാത്മ്യമുൽകൃഷ്ടം തന്നെയാണെന്നുള്ളതിനു തർക്കമില്ല.

ചന്ദ്രബിംബത്തിലെ കളങ്കം

ചന്ദ്രബിംബംപോലെ അത്ഭുതാദകരമായി ഭൂലോകവാസികൾക്കു മറ്റൊന്നുമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു മറുകുപോലെ ചന്ദ്രനിൽ കാണുന്ന കളങ്കംപോലും കവികളുടെ വർണ്ണനകൾക്കും മനോധർമ്മസ്ഫുരണത്തിനും വിഷയമായിട്ടുള്ളതാകുന്നു. ഭാരതീയസാഹിത്യംതന്നെ നോക്കുക. കളങ്കമെന്നു പറയുന്ന കറുത്ത പാട്ട ഒരു മുയലാണെന്നും ഒരു മാനാണെന്നും സങ്കല്പിച്ചതിന്റെ ഫലമായി ശശാങ്കനെന്നും മൃഗാങ്കനെന്നും ചന്ദ്രനു പേരുകൾ ഉണ്ടായി. സമുദ്രത്തിലെ ചേറു പറ്റിയതോ ഭൂമിയുടെ ഛായയതട്ടിയതോ രാത്രിയിലെ ഇരുട്ടെല്ലാം ചന്ദ്രൻ കൂടിച്ചു കുക്ഷിയിലായതു സ്ഫടികതുല്യമായ ബിംബത്തിൽക്കൂടി കാണപ്പെട്ടുന്നതോ കളങ്കത്തിനു കാരണമായി എന്നു ഒരു കവി വർണ്ണിക്കുന്നു. ദമയന്തിയുടെ മുഖം സൃഷ്ടിക്കുവാൻ ചന്ദ്രന്റെ സത്തു ചുഴന്നെടുത്തതുകൊണ്ടുണ്ടായ പൊത്താണു കളങ്കമെന്നു ശ്രീഹർഷകവി നൈഷധകാവ്യത്തിൽ പറഞ്ഞിരിക്കുന്നു. ഹസ്തിനാപുരിയിലെ അത്യുച്ചങ്ങളായ പ്രാസാദങ്ങളിൽനിന്നുള്ള ദീപമഷി പറ്റിയാണു കളങ്കമുണ്ടായതെന്നു ഭാരതചമ്പുവിൽ അനന്തഭട്ടകവി വർണ്ണിക്കുന്നു. എന്നുവേണ്ട, ഇതുനിമിത്തം മനോധർമ്മം ഏതെല്ലാം വഴിയിൽക്കൂടി പ്രസരിച്ചിട്ടില്ലെന്നു പറയുകയാണു പ്രയാസം.

കവികളും പ്രബന്ധകാരന്മാരും എന്തുതന്നെ പറഞ്ഞിരുന്നാലും ഇതിന്റെ വാസ്തവമെന്താണെന്നു നോക്കേണ്ടിയിരിക്കുന്നു. സൂര്യൻ, ചന്ദ്രൻ, ഭൂമി ഇവ മനുഷ്യസ്യ

ഷ്ടിയ്ക്കു മുമ്പുതന്നെ ഉണ്ടായിട്ടുള്ളവയാണെങ്കിലും, അവയെപ്പറ്റിയുള്ള പരിപൂർണ്ണവിജ്ഞാനം നമുക്ക് ഇനിയും സിദ്ധിച്ചിട്ടുണ്ടെന്നു പറയാവുന്നതല്ല. എങ്കിലും പൂർവ്വന്മാരേക്കാൾ നമുക്ക് അവയെപ്പറ്റി കൂടുതൽ അറിവുണ്ടെന്നു പറയാതെയും തരമില്ല. ഈ മൂന്നു ഗോളങ്ങളും അനന്തമായ ആകാശത്തിൽ പരിക്രമിച്ചുകൊണ്ടിരിക്കുന്നു. മഹത്തായ സൂര്യഗോളത്തെ ചുറ്റി ഭൂമിയും ഭൂമിയെ ചുറ്റി ചന്ദ്രനും സഞ്ചരിക്കുന്നു. സൂര്യനെ ഒന്നു ചുറ്റിവരുന്നതിനു ഭൂമിക്ക് ഒരു വത്സരവും ഭൂമിയെ ഒരു തവണ ചുറ്റിവരുന്നതിനു ചന്ദ്രന് 27-ൽ ചില്വാനം ദിവസവും വേണ്ടിയിരിക്കുന്നു. ചന്ദ്രൻ ഭൂമിയുടെ ഒരു ശാഖാഗ്രഹമോ അനുചരഗ്രഹമോ മാത്രമാകുന്നു. അതായതു ഭൂമിയുടെ ആകർഷണത്തെ അതിക്രമിച്ചു സ്വതന്ത്രമായി സഞ്ചരിക്കുവാൻ പ്രാപ്തിയില്ലാതെ ഒരു സേവകനെപ്പോലെ ചന്ദ്രൻ ഭൂമിക്കു ചുറ്റിച്ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഭൂലോകവാസികൾക്കു ദിനരാത്രവിഭാഗമനുസരിച്ചു സൂര്യനിലും ചന്ദ്രനിലും നിന്നു പ്രകാശം ലഭിക്കുന്നു. ചന്ദ്രനിൽനിന്നു നമുക്കു കിട്ടുന്ന പ്രകാശം ആ ഗോളത്തിനു സ്വതസ്സിദ്ധമല്ല. സ്വയംപ്രകാശഗുണം ചന്ദ്രനുണ്ടായിരുന്നുവെങ്കിൽ ക്രമേണ അംശങ്ങൾ അദൃശ്യമായി ചന്ദ്രൻ തീരെ കാണാതെയാകുന്നതിനു സംഗതിയില്ലല്ലോ. സൂര്യപ്രകാശം ചന്ദ്രബിംബത്തിൽ എത്രമാത്രം തട്ടുന്നുവോ അത്രമാത്രം പ്രകാശമാനമായി നമുക്കു കാണാറാകുന്നു. അതു ഏതുപോലെ എന്നാൽ ഭിത്തിയിൽ മുറിക്കകത്തു വിളക്കു കൊളുത്തിയാൽ, ദീപപ്രഭ തട്ടുന്ന ഭിത്തിയും മാറും ശോഭിച്ചു കാണുന്നതുപോലെയാകുന്നു. ശരിതന്നെ. സൂര്യപ്രഭ ചന്ദ്രനിൽ തട്ടി ഭൂമിയിലേക്കു പ്രതിഫലിക്കുന്നതുപോലെ ഭൂമി

യിൽ തട്ടുന്ന സൂര്യപ്രഭ ചന്ദ്രനിലേക്ക പ്രതിഫലിക്കുമോ എന്ന ന്യായമായി ഒരു ചോദ്യത്തിനവകാശമുണ്ട്. ആ ചോദ്യത്തിനു ഭൂമിയിൽ തട്ടുന്ന സൂര്യപ്രഭ ചന്ദ്രനിലേക്ക പ്രതിഫലിക്കുമെന്നുത്തരം പറയേണ്ടിയിരിക്കുന്നു. അതു നമുക്കുതന്നെ ചിലപ്പോൾ വ്യക്തമായിക്കാണാം. ചന്ദ്രബിംബത്തിൽ ഏതാനും ഭാഗം തിളക്കമുള്ള കലയായും ശേഷം ഭാഗം മങ്ങി വിളർത്തു കാന്തിശൂന്യമായും ചിലപ്പോൾ നാം കാണാറുണ്ടല്ലോ. തിളക്കമുള്ള കലകൾ സൂര്യപ്രഭയുടെ പ്രതിഫലനംകൊണ്ടാണു പ്രകാശിക്കുന്നതു്. മങ്ങി വിളർത്തുകാണുന്ന ഭാഗം അന്യഥാ അദൃശ്യമായിരിക്കുമായിരുന്നതും എന്നാൽ ഭൂമിയിൽനിന്നു ലഭിക്കുന്ന പ്രകാശം നിമിത്തം അങ്ങനെ കാണപ്പെടുന്നതുമാണു്.

ചന്ദ്രനേക്കാൾ അല്പതരമായ ഗ്രഹങ്ങൾ വളരെ ഇല്ല. എന്നാൽ പ്രകാശവിഷയത്തിൽ അതു സൂര്യനൊഴികെയുള്ള എല്ലാ ഗ്രഹങ്ങളേയും അതിശയിക്കുന്നു. ഇതിനു കാരണം ചന്ദ്രനു ഭൂമിയോടുള്ള സാമീപ്യമാകുന്നു. ഭൂമിയിൽനിന്നു ചന്ദ്രനിലേക്കു് ഉദ്ദേശം 240,000 മൈൽ ദൂരമേയുള്ളു. സൂര്യന്റെയോ ചൊവ്വയുടെയോ ദൂരം വിചാരിച്ചാൽ ഇതെത്രയോ തുച്ഛമാകുന്നു. ചന്ദ്രന്റെ സാമീപ്യംകൊണ്ടു് അതിനെ കുഴൽകണ്ണാടികൾ വച്ചുനോക്കി ഗ്രഹിക്കുന്നതിനു നമുക്കു സാധിക്കുന്നു. ദൂരദർശിനികളുടെ സാഹായ്യമില്ലാതെതന്നെ ഒരു സംഗതി നമുക്കു ഗ്രഹിക്കാവുന്നതുണ്ടു്. അതെന്തെന്നാൽ ചന്ദ്രന്റെ ഒരുവശമല്ലാതെ മറുവശം നാം ഇതേവരെ കണ്ടിട്ടില്ലെന്നുള്ളതാണു്. ഗോളരൂപമായി ഭ്രമിക്കു് ചുറ്റിസ്സഞ്ചരിക്കുന്ന ചന്ദ്രന്റെ മറുഭാഗം നമുക്കു കാണ്മാൻ കഴിയാത്തതു് എന്തുകൊണ്ടെന്നുള്ളതിനു സല്പം

വ്യാഖ്യാനം വേണ്ടിയിരിക്കുന്നു. പന്ഥാവു കറക്കുമ്പോൾ അതു സ്വയമേ കറങ്ങുകയും നിലത്തു് ഒരിടത്തുതന്നെ നില്ക്കാതെ വട്ടത്തിൽ പ്രദക്ഷിണംവയ്ക്കുയും ചെയ്യുന്നതു് നിങ്ങൾ കണ്ടിരിക്കുമല്ലോ. അതുപോലെയാകുന്നു ഭൂമി സൂര്യനു ചുറ്റും സഞ്ചരിക്കുന്നതു്. പന്ഥാവിന്റെ കോലു പോലെ ഗോളാകൃതിയായ ഭൂമിയുടെ നടുവേ നെടുനീളത്തിലുള്ള രേഖയ്ക്കു അക്ഷമെന്നു പറയുന്നു. അക്ഷത്തിനുമേൽ സ്വയമേ ഭൂമി തിരിയുന്നതുകൊണ്ടു രാവും പകലും ഉണ്ടാകുന്നു. ഭൂഭാഗം സൂര്യനഭിമുഖമാകുമ്പോൾ പകലും അവിടം തിരിഞ്ഞു മറവിലാകുമ്പോൾ രാത്രിയും അനുഭവിക്കുന്നു. ഇങ്ങനെ സ്വയമേ കറങ്ങിക്കൊണ്ടു ഭൂമി സൂര്യനു ചുറ്റിസ്സഞ്ചരിക്കുന്നതുകൊണ്ടു ഋതുക്കളുണ്ടാകയും ഒരു പരിവൃത്തി പൂർത്തിയാകുമ്പോൾ ഒരു വത്സരം തികയുകയും ചെയ്യുന്നു. ചന്ദ്രന്റെ കഥയെങ്ങനെയെന്നു നോക്കാം. ചന്ദ്രൻ ഭൂമിയെ ചുറ്റിസ്സഞ്ചരിക്കുന്നുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. അങ്ങനെയുള്ള സഞ്ചാരത്തിൽ അതു സ്വയമേവ കറങ്ങുന്നുണ്ടോ? ദിവസവും ചന്ദ്രൻ സ്വയം പന്ഥാവുപോലെ കറങ്ങുന്നുണ്ടെങ്കിൽ അതിന്റെ ചില്ലാവശ്യവും തിരിഞ്ഞുതിരിഞ്ഞു നമുക്കു് അഭിമുഖമായി വരുമായിരുന്നു. അങ്ങനെ നാം കാണുന്നില്ല. നേരെമറിച്ചു് എപ്പോഴും കാലമായി നാം ചന്ദ്രനെ കാണാറുണ്ടെങ്കിലും കളങ്കമുള്ള ചന്ദ്രഭാഗമല്ലാതെ നമുക്കു കാണ്മാൻ കഴിഞ്ഞിട്ടില്ല. ഈ വശ്യത്തെ വ്യക്തീകരണങ്ങൾ കൊണ്ടുള്ള ഭാവഭേദങ്ങൾ അല്ലാതെ മറ്റൊരു വ്യത്യാസവും ദൃശ്യമല്ല. അതുകൊണ്ടു് അനുമാനിക്കേണ്ടതു് ഒരേ വശംതന്നെ ഭൂമിയ്ക്കു അഭിമുഖമായി ചന്ദ്രൻ ഭൂമിയെ ചുറ്റിവരുന്നു എന്നാകുന്നു. ആലിനു പ്രദക്ഷിണം വയ്ക്കുന്നവൻ

ആലിൽതന്നെ നോക്കിക്കൊണ്ടു പ്രദക്ഷിണം പൂർത്തിയാക്കിയാൽ എങ്ങനെയോ അങ്ങനെയാണു ചന്ദ്രൻ ഭൂമിയെ ചുറ്റിവരുന്നതു്. അതുകൊണ്ടു സ്വയം ഒന്നു തിരിഞ്ഞുവരുന്നതിനുള്ള സമയംതന്നെ ഭൂമിയെ ചുറ്റിവരുന്നതിനു ചന്ദ്രനു വേണ്ടിയിരിക്കുന്നു. അതായതു ചന്ദ്രന്റെ ഭ്രമണം പൂർത്തിയാകുന്നതു പരിക്രമണം പൂർത്തിയാകുമ്പോളാകുന്നു.

ഇങ്ങനെ ചന്ദ്രനെപ്പറ്റി ചില സംഗതികൾ നാം ധരിച്ചുവല്ലോ. ഇനി പ്രസ്തുതമായ കളങ്കത്തിന്റെ കാര്യത്തിലേക്കു കടക്കാം. കുഴൽക്കണ്ണാടിയുടെ സാഹായ്യംകൊണ്ടു ദൂരസ്ഥനായ ചന്ദ്രനെ സമീപത്തേക്കു് ആഗതനാക്കിച്ചതുപോലെ വശപ്പെടുത്തി പരിശോധിക്കാവുന്നതാണു്. അങ്ങനെ പരിശോധിക്കുമ്പോൾ ചന്ദ്രന്റെ സാക്ഷാൽ സ്വരൂപം ഗ്രഹിക്കാവുന്നതാണു്. സൂക്ഷ്മപരിശോധനയിൽ സമനിരപ്പില്ലാതെ നിമ്നോന്നതമായി കാണപ്പെടുന്ന ചന്ദ്രൻ കേവലങ്ങളായ മനുഷ്യദൃഷ്ടികൾക്കു ധവളകോമളനായി വിലസുന്നതു വെറും മായയാണെന്നു് ആർക്കു ബോധ്യമാകയില്ല? ദൂരദർശിനിയുടെ ശക്തി ചന്ദ്രന്റെ സുകുമാരതയെ അപഹരിക്കുന്നു. നമുക്കു ദൃശ്യമായ വശത്തു ചന്ദ്രബിംബം പാടുകൾകൊണ്ടു നിറഞ്ഞിരിക്കുന്നു. അഗാധഗർത്തങ്ങൾ എരിഞ്ഞുതീർന്നശേഷം കാണപ്പെടുന്നതുപോലെയുള്ള ഗർത്തങ്ങൾ ചന്ദ്രമുഖിയിൽ വ്യാപിച്ചിരിക്കുന്നു. അങ്ങനെയുള്ള ഗർത്തങ്ങളുടെ ഭിത്തികൾ ഉന്നതങ്ങളായി ഉന്തിനിൽക്കുന്നു. പർവതങ്ങളുടെ തണ്ടുപോലെ നീണ്ടുള്ള ഉന്നതപ്രദേശങ്ങളും അഗാധങ്ങളായ തടങ്ങളും മനോഹരനെ നരവെച്ചിരിക്കുന്ന ചന്ദ്രന്റെ മുഖഭാഗത്തു സ്പഷ്ടമാകുന്നു. സൂര്യന്റെ രശ്മികൾ ചായ്വായി ചന്ദ്രമണ്ഡലത്തിൽ തട്ടു

ന്നോളുണ്ടാകുന്ന നിഴലിന്റെ നീളംകൊണ്ടു മേല്പറഞ്ഞ ഉന്നതപ്രദേശങ്ങളുടെ ഉയരം ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണക്കുകൂട്ടുന്നു. ചന്ദ്രനിൽ കാണുന്ന അങ്കമയമായ ഭാഗം വിശാലവും അഗാധവുമായ ഗർത്തങ്ങളും നിമ്നപ്രദേശങ്ങളും ഉന്നതമായ പ്രദേശങ്ങളുമല്ലാതെ മറ്റൊന്നുമല്ല. ചന്ദ്രനിലെ "മാൻ" ഇംഗ്ലീഷിലും മലയാളത്തിലും വെറും മിത്ഥ്യയാകുന്നു. ചന്ദ്രമണ്ഡലത്തിൽ മനുഷ്യരുണ്ടെങ്കിൽ അവർ ഭൂമിവാസികളിൽനിന്നു വളരെ വ്യത്യസ്തപ്പെട്ടിരിക്കും; അവക്കു നാസികയോ ശ്വാസകോശങ്ങളോ കാണുകയില്ല. എന്തുകൊണ്ടെന്നാൽ ശ്വാസോച്ഛ്വാസത്തിനു് അവശ്യം വേണ്ട വായുവും, ചന്ദ്രമണ്ഡലത്തിൽ തീരെ കിട്ടുകയില്ല. അതുകാരണംകൊണ്ടുതന്നെ അവർ മൂകന്മാരുമായിരിക്കും. വായുവില്ലെങ്കിൽ ശബ്ദം വ്യാപരിക്കയില്ലല്ലോ. അവർ ഭവനങ്ങളോ ദേവാലയങ്ങളോ നിർമ്മിച്ചാൽ ആ ചന്ദ്രതാരം അവയ്ക്കു യാതൊരു ഹാനിയുമുണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ, മഴപെയ്യുകയോ ജലപ്രവാഹംകൊണ്ടോ അവരുടെ കെട്ടിടങ്ങൾക്കു കേടു തട്ടുകയില്ല. ചന്ദ്രമണ്ഡലത്തിൽ ജലമില്ല. അവിടെ സുഗന്ധകരമായ പുഷ്പങ്ങൾ ഉണ്ടെങ്കിൽ അവയുടെ സൗരഭ്യമാസ്വദിക്കാൻ മാർഗ്ഗമില്ല. ഒന്നാമതായി മനുഷ്യർക്കു മൂക്കു കണ്ടുകൂടായ്കയും പ്രയാസം, രണ്ടാമതു വായുവില്ലെങ്കിൽ ഗന്ധം പ്രസരിക്കയുമില്ലല്ലോ.

ആകപ്പാടെ നോക്കുമ്പോൾ രസികജനങ്ങളുടെ ശ്ലാഘാപാത്രമായ ചന്ദ്രന്റെ പരമാർത്ഥാവസ്ഥ സങ്കല്പങ്ങളിൽനിന്നു വളരെ വിഭിന്നമാകുന്നു. ദൂരസ്ഥങ്ങൾ കാഴ്ചയ്ക്കു ചാരുതയുള്ളവയാണെങ്കിലും വാസ്തവസ്ഥിതി മറിച്ചായിരിക്കുമെ

ന്നുള്ളതിനു ചന്ദ്രൻ നല്ല ദൃഷ്ടാന്തമാണു്. അഗ്നിപർവ്വതങ്ങളുടെ ഗർത്തവിസ്താരങ്ങളോ നിമ്നങ്ങളായ തടപ്രദേശങ്ങളോ കണ്ടു കവികളുടെ മനോധർമ്മം എത്രമാത്രം കാട്ടുകയറിയിരിക്കുന്നു എന്നു നോക്കുക.

വലതുകൈ ഇടതുകൈയേക്കാൾ സാധകതരമായതെങ്ങനെ?

ലോകത്തിലാകപ്പാടെ നോക്കുമ്പോൾ ഭൂരിപക്ഷം ജനങ്ങളും വലതുകൈകൊണ്ടു് അധികം വ്യാപരിക്കുന്നതായി നാം കാണുന്നു. ഇടതുകൈയുമ്മാരില്ലെന്നില്ല. പക്ഷേ അവരുടെ സംഖ്യ തുലോം തുച്ഛമാകുന്നു. ഈ സംഗതിയിൽ ജാതിമതഭേദമോ ദിക്കുദേശകാലഭേദമോ ഗണ്യമാകുന്നില്ല. രണ്ടുകൈയും ഒരുപോലെ പ്രയോഗിക്കാവുന്നവർ വല്ലവരുമുണ്ടോ? എന്നു സംശയമാണു്. ഗാണ്ഡീവം പ്രയോഗിക്കുന്നതിൽ അർജ്ജുനന്റെ രണ്ടുകൈകൾക്കും തുല്യസാധകത്വമുണ്ടായിരുന്നതുകൊണ്ടു സവ്യസാചി എന്ന നാമധേയത്തിനു് ആ പുരാണപുരുഷൻ പാത്രമായതായി മഹാഭാരതത്തിൽ കാണുന്നു. ആധുനികകാലത്തു് "സവ്യസാചികൾ" ഉണ്ടെങ്കിൽ അവർ അജ്ഞാതവാസമാചരിക്കയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ പ്രായേണ ജനങ്ങളുടെ വലതുകൈക്കു സാധകത്വവും കർമ്മകരത്വവും അധികമാകുന്നതിനു വല്ല കാരണവുമുണ്ടോ? ആ വിഷയം വിചിന്തനത്തിനു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

നമ്മുടെ പ്രവൃത്തികൾ മിക്കവാറും മനസ്സുകൊണ്ടു മനസരിച്ചു നടത്തുകൊണ്ടിരിക്കുന്നു. എഴുന്നേൽക്കുന്നതിനോ, അടിക്കുന്നതിനോ, ഓടുന്നതിനോ ചാടുന്നതിനോ നമുക്കു മനസ്സിൽ ഇച്ഛയുണ്ടെങ്കിൽ നാം അങ്ങനെ പ്രവർത്തിക്കുന്നു. അതുകൊണ്ടാണു സങ്കല്പമനുസരിച്ചു നാം പ്രവർത്തിക്കുന്നു എന്നു പറഞ്ഞതു്. നാം ഇരിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ബാഹ്യലോകത്തുനിന്നു ചില സംഗതികൾ ബുദ്ധി ഗ്രഹിച്ചുകൊണ്ടേയിരിക്കുന്നു. ഇടിപൊട്ടുന്നതോ വെടിവയ്ക്കുന്നതോ കേൾക്കുന്നതു നമ്മുടെ ഇച്ഛയെ അനുസരിച്ചല്ലല്ലൊ. ചക്ഷുരാദികളായ ജ്ഞാനേന്ദ്രിയങ്ങൾ നമ്മുടെ ഗ്രഹണശക്തിക്കും കരചരണാദി കർമ്മേന്ദ്രിയങ്ങൾ മനസ്സിന്റെ ചോദനകൾ അനുസരിച്ചു കർമ്മശക്തിക്കും നമുക്കുപകരിക്കുന്നു. ഗ്രഹണത്തിനും ചോദനയ്ക്കും മൂലസ്ഥാനം തലച്ചോറാകുന്നു. അഥവാ നിങ്ങൾ സംസ്കൃതരസികന്മാരാണെങ്കിൽ തലച്ചോറിനു മസ്തിഷ്കം എന്നു പേർ പറഞ്ഞുകൊള്ളുക. എന്തായാലും നമ്മുടെ വ്യാപാരങ്ങൾ പ്രായേണ തലച്ചോറിനേ അശ്രയിച്ചാകയാൽ, അതിനെപ്പറ്റി സാമാന്യജ്ഞാനമില്ലാതെ വലതുകൈയുടെ വൈഭവവും കിങ്കരത്വവും വ്യാഖ്യാനിക്കാവുന്നതല്ല.

തലച്ചോറെന്നതു തലയോട്ടിനുള്ളിലുള്ള ഒരു മൃദുവായ സാധനമാണു്. അതു് ഇടതുഭാഗമെന്നും വലതുഭാഗമെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. നമുക്കു് ഇടതുകയ്യും വലതുകയ്യും ഉള്ളതുപോലെ ഇടത്തേ തലച്ചോറെന്നും വലത്തേ തലച്ചോറെന്നും വാസ്തവത്തിൽ രണ്ടു തലച്ചോറുകൾ ഉണ്ടു്. തലച്ചോറിന്റെ ഭാഗങ്ങൾ രണ്ടും തുല്യമാണെങ്കിലും ഇടതുകൈയന്മാരുടെ വലത്തേ തലച്ചോറിനും വലതുകൈയന്മാ

രുടെ ഇടത്തെ തലച്ചോറിനും മറുഭാഗത്തേക്കാൾ അത്യല്പ മായി അഭിവൃദ്ധിയുണ്ടായിരിക്കും. ഈ രണ്ടു ഭാഗങ്ങളെയും അല്പം അകത്തി അന്തരാളത്തിൽകൂടി കീഴ്പോട്ടു നോക്കിയാൽ ഒരു ഭാഗത്തുനിന്നും മറുഭാഗത്തേക്കു സംക്രമിക്കുന്ന വെളുത്ത സിരകൾ പിണ്ഡീഭവിച്ചിരിക്കുന്നതുപോലെ കാണാം. തലച്ചോറിന്റെ അർദ്ധഭാഗങ്ങളെ യോജിപ്പിച്ചു പ്രവർത്തിപ്പിക്കുവാൻ പ്രസ്തുത സിരാസഞ്ചയം ഒരു പാലം പോലെ ഉപകരിക്കുന്നു. ഉപരിഭാഗത്തു തലച്ചോറു വളരെ ചുളുക്കുള്ളതായി കാണപ്പെടുന്നു. അങ്ങനെ ചുളുങ്ങിയിരിക്കുന്നതുകൊണ്ടു സ്ഥലവിസ്താരാപേക്ഷകൂടാതെ തലച്ചോറിനു് അഭിവൃദ്ധി സാദ്ധ്യമാകുന്നു. ചുളുക്കുകളും മടക്കുകളും കൂടിയിരിക്കുന്നതു തലച്ചോറിന്റെ ഉല്കൃഷ്ടത്തെ സൂചിപ്പിക്കുന്നു. വളരെക്കാലമായി മനുഷ്യരുടെയും മറു ജന്തുക്കളുടെയും തലച്ചോറു വർദ്ധിച്ചുവരികയാണെന്നുള്ളതിനു സംശയമില്ല. തലയുടെ വലിപ്പമനുസരിച്ചു തലച്ചോറു വളർന്നിരിക്കുമെന്നു ഹിക്കുന്നതു പ്രമാദമാകുന്നു. പുറമേ ചാരനിറത്തിലും അകമേ വെളുപ്പുനിറത്തിലും ഓരോ പാളികകൾ തലച്ചോറിനുണ്ടു്. പുറമേയുള്ള പാളി കഞ്ചുകംപോലെ തലച്ചോറിനെ ആവരണം ചെയ്തിരിക്കുന്നു. അതിന്റെ നിരപ്പുകളിലും ചുളുക്കുകളിലുമെല്ലാം ചാരനിറം കലർന്നു് ഈ പാളി വ്യാപിച്ചിരിക്കുന്നു. ഇതു തലച്ചോറിന്റെ സാരസർവ്വസ്വമായ അംശമാകുന്നു. സിരാപുടങ്ങൾകൊണ്ടു പരിപൂരിതമാകയാൽ അതു ചാരനിറം പൂണ്ടിരിക്കുന്നു. തലച്ചോറിന്റെ മറു ഭാഗങ്ങളിൽ സിരാജടകൾ നിറഞ്ഞിരിക്കകൊണ്ടു് അവ ധവളമായിരിക്കുന്നു. ചെറിയ അറകൾപോലെയുള്ള സിരാപുട

ങ്ങൾം ചെറിയ സിരകൾംമൂലം മററു ഭാഗങ്ങളുമായി തൊട ക്കപ്പെട്ടിരിക്കുന്നു. മനുഷ്യരുടെ വിചാരശക്തിയെ ഉദ്ദീപി പ്പിക്കുന്നതു പ്രസ്തുത സിരാപുടങ്ങളാകുന്നു.

അകപ്പാടെയുള്ള തലച്ചോറിൽ പല വകുപ്പുകൾം ഉണ്ടു്. ദർശനം, സ്പർശനം, ശ്രവണം, സ്വാദനം, ഘ്രാണം, വചനം, ചലനം ഇത്യാദികൾംക്കെല്ലാം ആലംബമായി ഓരോ പ്രത്യേ കസ്ഥാനങ്ങൾം തലച്ചോറിലുണ്ടു്. ഇവയിൽ ഓരോ സ്ഥാന വും അതാതിന്ദ്രിയങ്ങളോടു സംബന്ധിപ്പിക്കുന്നതിനു പല സിരകളുമുണ്ടു്. തലച്ചോറിലെ ഭാഷണസ്ഥാനത്തു പേനാ ക്കത്തികൊണ്ടു മുറിവേററ ഒരുവൻ ക്രമേണ വചനശക്തി യില്ലാതെ മൂകാവസ്ഥയെ പ്രാപിച്ചതു് എന്നെറ അറി വിൽപെട്ടിട്ടുള്ളതാണു്. അതുപോലെ മററിന്ദ്രിയപ്രവൃ ത്തികളെ സംഹരിപ്പിക്കുന്നതിനും ഓരോ സ്ഥാനങ്ങൾം ഉള്ളതാകുന്നു. ഇങ്ങനെ മനുഷ്യർക്കുള്ളതിനു സദൃശമായി മററു ജന്തുക്കളുടെ തലച്ചോറിലും പ്രത്യേകസിരാമണ്ഡലങ്ങ ളുണ്ടു്. എന്നാൽ മനുഷ്യരുടെയും മററു ജന്തുക്കളുടെയും തലച്ചോറുകൾം തമ്മിൽ യാതൊരു ഭേദവുമില്ലെന്നു് അതു കൊണ്ടഭ്യൂഹമാക്കരുതു്. സൃഷ്ടിശ്രേണിയുടെ മൂർദ്ധസ്ഥാന ത്താണു മനുഷ്യരുടെ സ്ഥിതി. വാനരം, ശ്വാവു് മുതലായ സൃഷ്ടികൾം മനുഷ്യർക്കു താഴെ ക്രമേണ കീഴ്പോട്ടുള്ള ഓരോ പടികളിൽ നിൽക്കുന്നതേയുള്ളു; കുറേ താഴ്ന്നതരം ഒരു ജന്തുവിന്റെ തലച്ചോറു പരിശോധിച്ചാൽ ദർശനസ്പർശാ ദികൾംക്കു വേണ്ട സിരാമണ്ഡലങ്ങളല്ലാതെ അധികമൊന്നും ശേഷിച്ചു കാണുകയില്ല. സൃഷ്ടികൾം ഉപര്യുപരി മേന്മ പ്രാപിക്കുന്നതനുസരിച്ചു് ഇന്ദ്രിയാഭ്യന്തരങ്ങളായ സിരാസ്ഥാന ങ്ങൾംക്കു പുറമേ തലച്ചോറിൽ മററു ഭാഗങ്ങൾം കൂടിക്കൂടി

വരുന്നതായിക്കാണാം. അതുകൊണ്ട് മനുഷ്യരുടെ തല ച്ചോറിൽ ശബ്ദസ്പർശനാദികളുടെ സ്ഫുരണത്തിനു് അവ ശ്യം വേണ്ട മണ്ഡലങ്ങൾക്കു പുറമേ വളരെ ഭാഗങ്ങൾ കൂടുതലുള്ളതാകുന്നു. കൂടുതലുള്ള പ്രസ്തുത പ്രദേശങ്ങൾ പ്രഥമദൃഷ്ടിക്കു യാതൊന്നും പ്രവർത്തിക്കുന്നതായി കാണുകയില്ല. അവ മിണ്ടാതെ കിടക്കുന്നു. തൃഷ്ണീംശീലങ്ങളായ പ്രദേശങ്ങൾ എന്നു അവയ്ക്കു പേരിടാവുന്നതാണു്. തൃഷ്ണീംശീലങ്ങൾ എന്നു പറഞ്ഞ ഭാഗങ്ങൾ നിഷ്പ്രയോജനവും വ്യർത്ഥവുമാണോ? ഒരിക്കലുമല്ല. അവ, ദർശനസ്പർശനാദി മണ്ഡലങ്ങളുമായി സിരകൾകൊണ്ടു ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. തന്നിമിത്തം ശബ്ദതുപരാദിസ്ഥാനങ്ങളിലെ സിരകളോടു സഹകൃത്തുകളായി തൃഷ്ണീംശീലപ്രദേശത്തുള്ള ഓരോ ഭാഗങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നാം ഒരു ശബ്ദംകേട്ടു എന്നിരിക്കട്ടെ. ഉടൻ അതു തലച്ചോറിന്റെ ശബ്ദമണ്ഡലത്തിൽ പ്രതിബിംബിക്കുന്നു. അങ്ങനെ ഗ്രഹണവിഷയമായ ശബ്ദം മുൻപു കേട്ടിട്ടുള്ളതോ അല്ലയോ എന്നും മറ്റുമുള്ള സംഗതികൾ എല്ലാം റിക്കാർട്ടു കീപ്പറന്മാരെപ്പോലെ മിണ്ടാതിരിക്കുന്ന ഭാഗങ്ങളുടെ സഹകരണംകൊണ്ടു നാം മനസ്സിലാക്കുന്നു. അതുകൊണ്ടു തൃഷ്ണീംശീലങ്ങളായ പ്രദേശങ്ങൾ മനുഷ്യരുടെ തലച്ചോറിൽ കൂടുതലായുള്ള വിചാരശക്തിക്കുപകരിക്കുന്നു. മറ്റു ജന്തുക്കളുടെ തലച്ചോറു് ഇന്ദ്രിയങ്ങളുടെ ചോദനയ്ക്കുമാത്രം പ്രായേണ ഉപകരിക്കുന്നു. ഇങ്ങനെ മനുഷ്യരുടെ മഹിമ സ്പഷ്ടമാകുന്നു.

സംക്ഷിപ്തമായിട്ടാണെങ്കിലും ഇങ്ങനെ ചില സംഗതികൾ നാം ഗ്രഹിച്ചുവല്ലൊ. ഇനി പ്രകൃതത്തിൽ പ്രവേശിക്കാം. ഇവിടെ ഒന്നാമതായി നാം സൂക്ഷിച്ചുനോക്കേ

ണ്ടതു കൈകളും തലച്ചോറുമായി വല്ല ബന്ധവുമുണ്ടോ എന്നാണു്. അങ്ങനെ നോക്കുമ്പോൾ ആരും വിചാരിച്ചിരിക്കാൻ ഇടയില്ലാത്ത ഒരാശ്ചര്യം നമുക്കു ബോദ്ധ്യപ്പെടും. ഇച്ഛാവിധേയങ്ങളായ ചലനങ്ങളെ അധീകരിക്കുന്നതായി നമ്മുടെ തലച്ചോറിന്റെ വാമഭാഗത്തുള്ള മണ്ഡലത്തെത്തന്നെ പരിശോധിക്കുക. ആ കേന്ദ്രത്തിലുള്ള സിരാപുടങ്ങളിൽനിന്നു വളരെ നരമ്പുനാരുകൾ പുറപ്പെട്ടുന്നു. ഇവ ഇടാളൂടംപോലെ കെട്ടപെട്ട കീഴ്പോട്ടചെന്നു ക്രമേണ വലതുഭാഗത്തോട്ടു സമീപിച്ചു സമീപിച്ചു് ഒട്ടുവിൽ ഒരിടത്തുവച്ചു മുഴുക്കെ ദക്ഷിണ ഭാഗത്തേക്കു കടക്കുന്നു. ഇതാണു നമ്മുടെ ഇച്ഛാശക്തിയുടെ സഞ്ചാരവീഥി. ഈ വീഥി വാമാർദ്ധത്തിൽ ആരംഭിച്ചു ദക്ഷിണാർദ്ധത്തിലേക്കു സംക്രമിക്കുന്നതുനിമിത്തം തലച്ചോറിന്റെ ഇടതുഭാഗം ശരീരത്തിന്റെ വലതുഭാഗത്തിനു പ്രഭുവായിത്തീരുന്നു. ഇതിനു തുല്യമായി തലച്ചോറിന്റെ വലതുഭാഗം ശരീരത്തിന്റെ ഇടതു വശത്തേയും അധീകരിക്കുന്നു. ഒരാൾ വലതുകൈയ്യൻ ആണെന്നു പറയുന്നതിന്റെ താല്പര്യം അയാൾ തലച്ചോറിൽ വാമാർദ്ധസ്ഫുരണമുള്ളവനെന്നാകുന്നു. അതുപോലെ ഇടതുകൈയ്യന്മാർ ദക്ഷിണാർദ്ധസ്ഫുരണമുള്ളവരാകുന്നു. ഇങ്ങനെ തലച്ചോറിന്റെ ഉഭയഭാഗങ്ങളും കോൺചെട്ടി പ്രവർത്തിക്കുന്നതുകൊണ്ടു് അധീകരിക്കപ്പെട്ടുന്നതു കേവലം കൈകൾ മാത്രമല്ല; ശരീരപാർശ്വങ്ങൾ മുഴുവൻ ഇങ്ങനെയുള്ള അധികാരത്തിനു വശീവിച്ചിരിക്കുന്നു. അതുകൊണ്ടു വലതുകൈ, വശമുള്ളവർ എഴുതുന്നതും വായിക്കുന്നതുമെല്ലാം തലച്ചോറിന്റെ വാമാർദ്ധത്തിന്റെ അദ്ധ്യക്ഷതയിലാകുന്നു. നേരേമറിച്ചാണു് ഇടതുകൈയ്യ

ന്മാരുടെ കഥ. ഇങ്ങനെ ഓരോഭാഗമല്ലാതെ തലച്ചോറിന്റെ രണ്ടുഭാഗവും ഒരേസമയത്തു പ്രവർത്തിക്കാതിരിക്കുന്നതിനുള്ള കാരണമെന്തായിരിക്കും? മറ്റൊന്നുമല്ല, പ്രകൃതിയുടെ മിതവ്യയശീലം മാത്രമാകുന്നു. ഏതെങ്കിലും ഒരവയവംകൊണ്ടു കാര്യം നിർവ്വഹിക്കാമെന്നുള്ളപ്പോൾ മറ്റൊന്നിന്റെ സാഹായ്യമപേക്ഷിക്കുന്നതിൽ പ്രകൃതി വിമുഖിയാകുന്നു. തലച്ചോറിന്റെ ഇടതുഭാഗത്തിനു വല്ല വൈഷമ്യവുംനേരിട്ടു വലതുകൈക്ക് അസ്വാധീനത സംഭവിച്ചാൽ ഇടതുകൈ വലതുകൈപോലെ ഉപയോഗിക്കുവാൻ തലച്ചോറിന്റെ വലതുഭാഗമുപരിക്കുമോ എന്ന ജിജ്ഞാസ നിങ്ങൾക്കുണ്ടായി എന്നുവരാം. ഉദ്ദേശം ഏഴുപതുവയസ്സുചെന്ന ഒരുവനു മേൽപ്രകാരം ഒരു ഗ്രഹപ്പിഴ പിണഞ്ഞാൽ അയാളുടെ ഇടതുകൈ വലതുകൈപോലെ സ്വാധീനമാകുന്ന കാര്യം കുറെ പ്രയാസമാകുന്നു. എന്തുകൊണ്ടെന്നാൽ ഇടതുകൈകൊണ്ടു വേണ്ടപോലെ വ്യാപരിക്കുന്നതിനുതക്ക പ്രേരകശക്തി തലച്ചോറിന്റെ ദക്ഷിണാൽദ്ധത്തിൽ ഉൽപദിക്കത്തക്കവിധം അതിനെ അഭ്യസിപ്പിക്കുവാൻ വയോധികതനിമിത്തം അയാൾക്കു സാധിക്കുന്നതല്ല. വാർദ്ധക്യത്തിൽ മനുഷ്യരുടെ ശക്തികർമം ക്ഷയോന്മുഖങ്ങളാകുന്നു. നേരേമറിച്ചു മുൻപറഞ്ഞവിധമൊരാപത്തു പറ്റുന്നതൊരു ചെറുപ്പക്കാരനാണെങ്കിൽ, അയാളുടെ ഇടതുകൈയുടെ ഉപയോഗം ക്രമേണ വർദ്ധിച്ചുവരുമെന്നുള്ളതിനു തർക്കമില്ല.

തലച്ചോറും ശരീരഭാഗങ്ങളും തമ്മിലുള്ള ബന്ധമാണു വലതുകൈയുടെ പ്രചുരമായ പ്രയോഗത്തിനു് ആധാരഭൂതമായ ഹേതു എന്നു നാം കണ്ടു. എന്നാൽ തലച്ചോറിന്റെ

വാമഭാഗത്തിനു പ്രായേണ പ്രാധാന്യം സിദ്ധിക്കുന്നതെങ്ങനെയെന്ന പ്രശ്നം കുറെ ദുർഘടമാകുന്നു. പാരമ്പര്യബലംകൊണ്ടു തലച്ചോറിന്റെ വാമഭാഗം അഭിവൃദ്ധമായിട്ടുള്ള മാതാപിതാക്കന്മാരുടെ കുട്ടികളും അങ്ങനെയായിത്തീരുന്നു എന്നു ചിലർ പറയുന്നു. ചെറുപ്പത്തിലുള്ള പരിശീലനമാണു കാരണമെന്നു മറ്റു ചിലർ പറയുന്നു. അതിനു ദൃഷ്ടാന്തമായി വിദ്യാഭ്യാസമില്ലാത്ത പ്രാകൃതന്മാരുടെ ഇടയിൽ ഇടതുകൈയന്മാർ കൂടുതലായിരിക്കുന്നതു ചിലർ ചൂണ്ടിക്കാണിക്കുന്നു. ഇതെല്ലാം സർവ്വത്ര തൃപ്തികരമായിരിക്കുമോ എന്നു നിശ്ചയമില്ല. ഒരുപക്ഷേ തലച്ചോറിന്റെ വാമഭാഗമാഹാത്മ്യം വ്യാഖ്യാനിക്കുവാൻ ശാസ്ത്രകോവിദന്മാർ അലംഭൂഷ്ണുക്കളല്ലെന്നു പറയുന്നതിലും വലിയ അപാകമില്ല.

വാല്മീകിയും ഹോമറും

സൂര്യചന്ദ്രന്മാർ ഉണ്ടായിട്ട് എത്രയോ വത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. പഴക്കംകൊണ്ട് ആ മഹാഗ്രഹങ്ങളുടെ മഹിമയ്ക്കു ഹാനിയുണ്ടെന്നു നവീനപരിഷ്കാരികളിൽ അഗ്രേസരന്മാർപോലും വാദിക്കുമെന്നു തോന്നുന്നില്ല. അതുപോലെ പ്രാചീനതകൊണ്ടു ഹീനത ബാധിക്കാതെ പരിശോഭിക്കുന്നതു പലതുമുണ്ട്. അങ്ങനെയുള്ളവയാണു വാല്മീകിയുടെയും ഹോമറിന്റെയും പ്രബന്ധങ്ങൾ. വാല്മീകി, ഭാരതവർഷത്തിലും ഹോമർ, ഗ്രീസുരാജ്യത്തിലും ജീവിച്ചിരുന്നു. അവരുടെ ജീവിതകാലം ക്രിസ്തുവർഷം തുടങ്ങുന്നതിനു

വളരെ മുമ്പെയായിരുന്നു. ഹോമർ മരിച്ചിട്ട് ഇപ്പോൾ ഏകദേശം മൂവായിരം സംവത്സരമായിരിക്കുമെന്നു മഹാന്മാർ പറയുന്നു. വാല്മീകിയുടെ കാലം അത്രതന്നെ പ്രാചീനമല്ലെങ്കിൽതന്നെയും കാലികമായ ദൂരസ്ഥത വിചാരിക്കുമ്പോൾ ഈ കവീശ്വരന്മാരുടെ കാലങ്ങൾ തമ്മിൽ വലിയ വ്യത്യാസമൊന്നും പറയുവാനില്ല. പാശ്ചാത്യകാവ്യങ്ങൾക്കു ഹോമറിന്റെ കൃതികളും ഭാരതീയകാവ്യങ്ങൾക്കു വാല്മീകി രാമായണവും കൂടസ്ഥങ്ങളാകുന്നു. ഹോമറിന്റെ കൃതികൾ "ഇലിയഡ്" എന്നും "ഓഡിസ്സി" എന്നും രണ്ടു കാവ്യങ്ങളാണ്. വാല്മീകിയുടെ കൃതിയാണു രാമായണം. രാമായണം നമുക്കേറക്കുറെ പരിചിതങ്ങളാണെങ്കിലും ഹോമറിന്റെ കാവ്യങ്ങൾ മിക്കവാറും അപരിചിതമായിരിക്കയേയുള്ളൂ. അതുകൊണ്ട് അതിലൊന്നിന്റെ സ്ഥൂലവിജ്ഞാനത്തിനായി "ഇലിയഡ് ഡിന്റെ" ഇതിവൃത്തത്തെപ്പറ്റി സംക്ഷേപം പറയാം. "ഇലിയം" എന്നതു് ഏഷ്യാമൈനർ എന്നു പറയുന്ന ദേശത്തു കടലോരത്തുള്ള ഒരു നഗരമാണ്. "ഇലിയ"ത്തെ സംബന്ധിക്കുന്നതാകയാൽ പ്രസ്തുത കാവ്യത്തിനു് "ഇലിയഡ്" എന്നു നാമകരണം ചെയ്തിരിക്കുന്നു. "ഇലിയ"ത്തിനു് ഇംഗ്ലീഷിൽ "ട്രോയി" എന്നും ആ നഗരവാസികളെ 'ട്രോജ'ന്മാർ എന്നും പറയുന്നു. ഗ്രീക്കുകാരും അഥവാ യവനന്മാരും ട്രോജന്മാരും തമ്മിൽ "ഇലിയ"ത്തുവച്ചു മഹത്തായ ഒരു യുദ്ധം നടന്നു. അതാണ് "ഇലിയഡ്ഡി"ലെ വിഷയം. ശബ്ദസാദൃശ്യംകൊണ്ട് "ഇലിയം" ഈഴത്തിനോടു് അടുത്തു നിൽക്കുന്നു. ഈഴത്തുരുത്തിൽ അതായതു ലങ്കയിൽവെച്ചു നടന്ന യുദ്ധമാണ് രാമായണത്തിലെ വിഷയം. ഇങ്ങിനെ രാമായണവും "ഇലിയഡ്ഡും" തമ്മിലുള്ള വിഷയസാദൃശ്യം പ്രത്യക്ഷമായിട്ടുള്ളതാകുന്നു.

ഈ യുദ്ധം നടന്ന കാലത്തു "ട്രോയി"ലെ രാജാവു് "പ്രിയം" എന്നൊരാളായിരുന്നു. അദ്ദേഹത്തിന്റെ രാജ്ഞിയുടെ പേർ "ഹെക്യൂബാ" എന്നാണു്. അവക്കു് അനേക പുത്രന്മാരുണ്ടായിരുന്നവരിൽ "ഹെക്ടർ" ധൈര്യത്തിനും "പാരീസ്" സൗന്ദര്യത്തിനും പ്രസിദ്ധരായിത്തീർന്നു. അക്കാലത്തു ഗ്രീസുരാജ്യത്തു "സ്പർട്ടാ"നഗരത്തിൽ 'മെനിലാസു്" എന്നൊരു രാജാവു വാണിരുന്നു. ആ രാജാവു് പാണിഗ്രഹണം ചെയ്തിരുന്നതു് ലോകൈകസുന്ദരിയായ "ഹെലൻ" എന്ന ഒരു സ്ത്രീരത്നത്തിനെ ആയിരുന്നു. അങ്ങനെയിരിക്കെ, പിതൃശാസനം അനുസരിച്ചു് "പാരീസ്" ഒരു കാര്യമാലോചിക്കുന്നതിനു "സ്പാർട്ടാ"നഗരത്തിൽ വന്നുചേർന്നു. "മെനിലാസ്" അപ്പോൾ അവിടെയുണ്ടായിരുന്നില്ല. അതിഥിമര്യാദകളെ അതിലംഘിച്ചു രാജപത്നിയായ "ഹെല"നെ ബലാൽ അപഹരിച്ചുകൊണ്ടു "പാരീസ്" പുറപ്പെട്ടു "ട്രോയി"ലേക്കു പോന്നു. ഭാര്യാപഹരണം അറിഞ്ഞു കിട്ടിയശേഷം "മെനിലാസ്" ഗ്രീസുദേശത്തുള്ള രാജാക്കന്മാരെയെല്ലാം വരുത്തി ഭാര്യയെ തിരിയെ കൊണ്ടുവരുന്നതിനു വേണ്ട ആലോചനകൾ നടത്തി. അക്കാലത്തു ഗ്രീസു രാജ്യം ഏകശാസനമല്ലാതെ സ്വതന്ത്രന്മാരായ പല രാജാക്കന്മാരുടെ ഭരണത്തിലിരുന്നിരുന്നു. "മെനിലാസ്" "ഹെലനെ" വിവാഹം കഴിച്ചപ്പോൾ "ഹെലനെ" സംബന്ധിച്ചു വല്ല കലഹവുമുണ്ടാകുന്നപക്ഷം അതിനു വേണ്ടനിവൃത്തി ചെയ്യാമെന്നു മേല്പറഞ്ഞ രാജാക്കന്മാർ വാഗ്ദത്തം ചെയ്തിരുന്നു. കൂടിയാലോചനയുടെ ഫലമായി "ട്രോയി" നഗരത്തെ ആക്രമിച്ചു് അപഹൃതയായ രാജ്ഞിയെ തിരിയെ കൊണ്ടുവരുവാൻ മഹത്തായ ഒരു യവന

സേന സംഘടിപ്പിച്ച് "മെനിലാസി"ന്റെ അനുജനായ "അഗമെമ്മ്നോ"ന്റെ അധിപത്യത്തിൽ അയയ്ക്കണമെന്നു നിശ്ചയിച്ചു. അതിൻപ്രകാരം ഒരു വമ്പിയ സൈന്യസന്നാഹവും അവക്കു സമുദ്രമാർഗ്ഗേണ "ട്രോയി"യിലെത്തുവാൻ വേണ്ട പടവുകളും യാനപാത്രങ്ങളും എല്ലാം സജ്ജീകരിക്കപ്പെട്ടു. പടയ്ക്കു പുറപ്പെട്ടവരുടെ കൂട്ടത്തിൽ ധീരന്മാരിലഗ്രേസരനായ "അക്കിലീസ്" വിവേകികളിൽ അഗ്രഗണ്യനായ "യുളീസെസ്സ്" വിവിധപരിചയസമ്പന്നനായ, "നെസ്റ്റർ" മുതലായി പല യവനവീരന്മാരുമുണ്ടായിരുന്നു. ഈ മഹാസൈന്യം കടൽ കടന്നു "ട്രോയി" നഗരതീരത്തിറങ്ങി ആ നഗരത്തെ രോധിച്ചുകൊണ്ടു യുദ്ധമാരംഭിച്ചു. ഈ നഗരോപരോധം പത്തുവർഷത്തോളം നീണ്ടുനിന്നു. ഇതിനിടയിൽ ഇരുഭാഗക്കാരും തമ്മിൽ കഠോരങ്ങളായ പല യുദ്ധങ്ങളും രണ്ടുകൂട്ടരിലുമുള്ള വീരന്മാർ തമ്മിൽ അനേക (1) നിയുദ്ധങ്ങളും പരസ്പരമസംഖ്യം (2) അവസ്കന്ദനങ്ങളും നടന്നു. ശൂരതയും പരാക്രമവും അസാമാന്യമായിട്ടുജ്വലിച്ചു. എങ്കിലും വിജയലക്ഷ്മി സ്വാധീനമായതായി ഒരു ഭാഗക്കാക്കും അഭിമാനിക്കുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല.

ഇങ്ങനെ ജയാപജയങ്ങൾകൂം അനിശ്ചിതമായി യുദ്ധം ഒൻപതു സംവത്സരം നടന്നശേഷം യവനന്മാരുടെ ഇടയിൽ ഒരു അന്തശ്ഛിദ്രം ഉത്ഭവിച്ചു. "അക്കിലീസെ"ന്ന മഹാധീരനും "അഗമെമ്മ്നോ"നെന്ന സേനാപതിയും തമ്മിൽ രസക്ഷയമുണ്ടായി. കാരണം വളരെ തുച്ഛമായിരുന്നു. അക്കിലീസിനെ പരിചരിച്ചുകൊണ്ടിരുന്ന ഒരടിമയെ

(1) ദ്വന്ദ്വയുദ്ധങ്ങൾ. (2) ആക്രമണങ്ങൾ.

സേനാപതി സപരിചരണത്തിനു സ്വീകരിച്ചുതായിരുന്ന അവർ തമ്മിലുണ്ടായ വിരോധകാരണം. അതു നിമിത്തം യുദ്ധത്തിൽനിന്നു നിവർത്തനായതുപോലെ അതിൽ തീരെ ഉദാസീനനായ "അക്കിലീസ്" തന്റെ പടകുടീരത്തിൽ നിന്നു വെളിയിൽ ഇറങ്ങുകയില്ലെന്നുള്ള മട്ടിലായി. യവനന്മാരുടെ ഭാഗത്തു ദുർന്നിവാരനായിരുന്ന ഭയങ്കരയോധന്റെ ഭാവഭേദം ഗ്രഹിച്ചു പുറ്റുകിടം ഉത്സാഹത്തോടുകൂടി "ട്രോജന്മാർ" ശത്രുവിദ്രാവണത്തിനു പുറപ്പെട്ടു. യവനന്മാർ പരാജിതരായിട്ടോകുമെന്നു ഭയന്നു "അക്കിലീസിന്റെ കവചവും ധരിച്ചുകൊണ്ടു അദ്ദേഹത്തിന്റെ പ്രിയവയസ്യനും ഉദാരശീലനുമായ "പത്രോക്ലസ്" യവനസേനയെ ശത്രുക്കൾക്കു എതിരായി നയിച്ചു. അനന്തരം നടന്ന യുദ്ധം യവനന്മാരുടെ വിജയത്തിലും "പത്രോക്ലസിന്റെ പ്രാണനാശത്തിലും പരിണമിച്ചു.

പ്രിയസ്നേഹിതന്റെ ചരമഗതികൊണ്ടു ക്ഷുബ്ധനായിച്ചമഞ്ഞ "അക്കിലീസ്" വൈരനിര്യാതനത്തിനുവേണ്ടി വീണ്ടും പോർക്കളത്തിലേക്കു പുറപ്പെട്ടു. "വൾക്കൻ" എന്ന ദിവ്യൻ പുതുതായി നിർമ്മിച്ചുകൊടുത്ത കവചവും ധരിച്ചുകൊണ്ടു ആ മഹാസത്വൻ യുദ്ധരംഗത്തിൽ നരസിംഹമൂർത്തിയെപ്പോലെ പരാക്രമിച്ചു "ട്രോയി" രാജകുമാരനായ "ഹെക്ടറി"നെ അക്കിലീസ് വധിച്ചു. പരേതനായ രാജകുമാരന്റെ ശരീരം വിജയിയായ വീരന്റെ രഥത്തിൽ കെട്ടിയിട്ടുകൊണ്ടു "ട്രോയി" നഗരത്തിനു ചുറ്റി മൂന്നുതവണ പ്രദക്ഷിണം ചെയ്ത ശേഷം മന്ദഭാഗ്യനായ പിതാവു പുത്രന്റെ ശവശരീരം എടുത്തുകൊള്ളുവാൻ യവനന്മാർ അനുവദിച്ചു. "ട്രോയി" രാജാവും അന്തഃപുരസ്ത്രീകളും ബന്ധു

മിത്രാടികളും ഹെക്ടർ രാജകുമാരന്റെ മരണംനിമിത്തം വളരെ ശോകവ്യാകുലരായി. ഹതനായ രാജകുമാരന്റെ ചരമസംസ്കാരവിധികളടേയും (1) ഔദ്ധ്വദേഹികക്രിയകളടേയും വിവരണത്തോടുകൂടി പ്രസ്തുത കഥ സമാപ്തമാകുന്നു. ട്രോജന്മാരുടെ അവസാന പരാജയത്തേയും "ഹെലൻ" എന്ന രാജ്ഞിയെ തിരിയെ കൊണ്ടുപോകുന്നതിനെയും മറും പറഞ്ഞി ഹോമർ ഒന്നും പറയുന്നില്ല. അതെല്ലാം "ഏനീഡ്" എന്ന ലത്തീൻകവിയുടെ കാവ്യത്തിൽ നിന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

"ഇലിയഡ്" എന്ന കാവ്യത്തിലെ കഥാസംഗ്രഹം ഗ്രഹിക്കുന്നതോടു രാമായണകഥയുടെ ഒരു ഛായ അതിലുണ്ടെന്നു തോന്നാതിരിക്കയില്ല. പ്രസ്തുത മഹാകാവ്യങ്ങൾം യുദ്ധവൃത്താന്തവിവരണങ്ങളാണെന്നു മുൻപുതന്നെപറഞ്ഞുവല്ലോ. അത്രമാത്രമേ അവതമ്മിൽ സാദൃശ്യമുള്ളോ? അഥവാ നെടുനീളെ വ്യാപിയായ സാദൃശ്യം അവതമ്മിലുണ്ടെങ്കിൽ അതിന്റെ പ്രതീതിയെ മറയ്ക്കുന്ന ഭേദഗതികൾം എന്തെല്ലാമാണു? ഇങ്ങനെ ഒരു വിചാരത്തിനു കൗതുകമുള്ള പക്ഷം കുറേക്കൂടി പറയേണ്ടതായിട്ടുണ്ടു്. രണ്ടു കാവ്യങ്ങളിലും വർണ്ണിതമായ യുദ്ധത്തിനുനിമിത്തം സ്ത്രീജനത്തിന്റെ അപഹരണമാണു്. ആ സ്ത്രീ രാജപത്നിയുമാണു്. യവനകാവ്യത്തിൽ നാടുവാഴിയുടെ ഭാര്യയെ മറെറാരു രാജകുമാരൻ അപഹരിക്കുന്നു; ഭാരതീയകാവ്യത്തിൽ ഒരു രാജകുമാരന്റെ ഭാര്യയെ മറെറാരു നാടുവാഴി അപഹരിക്കുന്നു. ഭാര്യാചോരനോടു പോരിനു സ്വയം പുറപ്പെടാതെ ഭർത്താവു തന്റെ അനുജനെ നിയോഗിക്കുന്നതായി ഹോമറും

(1) മരണശേഷം നടത്തുന്ന ക്രിയകൾ.

ഭർത്താവ് അനുജനോടുകൂടി പടയ്ക്കു പുറപ്പെട്ടതായി വാല്മീകിയും വർണ്ണിക്കുന്നു. രണ്ടുകാവ്യത്തിലും സമുദ്രലംഘനം ചെയ്തശേഷമാണു യുദ്ധമാരംഭിക്കുന്നത്. അതിനു യവനകാവ്യത്തിലെ ഉപകരണം യാനപാത്രങ്ങൾ ആണ്. രാമായണത്തിലാകട്ടെ സമുദ്രതരണത്തിനു മനുഷ്യർക്കുള്ള അപ്രാപ്തിവിചാരിച്ചു ചാടിക്കടക്കാൻ പ്രാപ്തിയുള്ള വാനരങ്ങൾ പ്രവേശിതരുണ്ടായി. അതുകൊണ്ടും മതിയാകാതെ സേതുബന്ധംകൂടി കഥയിൽ സംഘടിപ്പിച്ചിരിക്കുന്നു. ഭാര്യാപഹരണംനിമിത്തം പരിഭ്രതനായ ഭർത്താവിനുവേണ്ടപ്രതിക്രിയയ്ക്കുള്ള ഭാരംമുഴുവൻ സ്വജനങ്ങളിലും മിത്രങ്ങളിലും യവനകവി സമർപ്പിക്കുന്നു. രാമായണത്തിലെ നായകനു് അനുജനല്ലാതെ മറ്റു സ്വജനങ്ങൾ സഹായിക്കുവാനുണ്ടായില്ല. മനുഷ്യരിൽനിന്നു(1)ഈഷദൂനങ്ങളായ വാനരങ്ങളുടെ സാഹായ്യമവലംബിച്ചു വേണ്ടതു ചെയ്യേണ്ട ഭാരം ശ്രീരാമൻ സ്വയം കൈയേറ്റു. വിഭീഷണനും രാവണനും തമ്മിലുണ്ടായ വിരോധംനിമിത്തം നായകന്റെ എതിർകക്ഷിയിലന്തർഭവിച്ചതായി രാമായണവും "അക്കിലീസും" "ആഗമെമ്മ്നനും" തമ്മിലുള്ള വഴക്കുനിമിത്തം അക്രമത്തിനു പുറപ്പെട്ടവരുടെ ഇടയിൽതന്നെ അന്തർഭവിച്ചതായി "ഇലിയഡ്ഡും" പ്രതിപാദിക്കുന്നു. ഇപ്രകാരം സ്പഷ്ടവും അസ്പഷ്ടവുമായി പല സാദൃശ്യങ്ങളുമുള്ള രണ്ടു കാവ്യങ്ങൾ ഉണ്ടായതു വിസ്മയകരമാകുന്നു.

ഏവംവിധങ്ങളായ സാദൃശ്യങ്ങൾ ഉണ്ടെങ്കിലും ഈ പ്രബന്ധങ്ങൾ തമ്മിലുള്ള വൈജാത്യം വിസ്മരിക്കാവുന്നതല്ല. പാശ്ചാത്യരുടെയും പൗരസ്ത്യരുടേയും സാമുദായിക

(1) കരടി കുരുങ്ങുകൾ.

ഘടനയിലുള്ള ഭിന്നസ്വഭാവങ്ങളും വിശേഷവിധികളും ജീവിതത്തിന്റെ (1) അഗ്രഭാഗഭേദങ്ങളും ഈ കൃതികളിൽ പ്രതിബിംബിച്ചിരിക്കുന്നതു പ്രത്യേകം കാണാവുന്നതാകുന്നു. ഒരു യവനിയെ വിദേശി അപഹരിച്ചപ്പോൾ യവനന്മാർ എല്ലാം ഒന്നുചേർന്നു പടയ്ക്കു സന്നദ്ധരായി. സീതാപഹരണം ശ്രീരാമന്റെ സമുദായത്തിൽ ഉൾപ്പെട്ടവരെ സംബന്ധിക്കുന്ന ഒരു സംഗതിയായി വാല്മീകി സൂചിപ്പിക്കുപോലും ചെയ്യുന്നില്ല. നേരേമറിച്ചു സർവ്വഗുണപൂർണ്ണനായ ശ്രീരാമനെ കൂടി സകല ഗ്രഹപ്പിഴയ്ക്കും കാരണഭൂതങ്ങൾ സ്വജനങ്ങളുടെ സ്വാർത്ഥനിഷ്ഠകളാണെന്നാണ് രാമായണത്തിൽ നിന്നുള്ള (2) അനുരണനം. സ്വപുത്രനു രാജ്യഭാഗം കിട്ടണമെന്നുള്ള സ്വാർത്ഥതാല്പര്യം കൈകേയിക്കുണ്ടായി. കൈകേയിയുടെ പ്രസാദഭംഗത്തിൽ ഭീരുവായ ദശരഥൻ അതിനനുവദിച്ചു. ഇപ്രകാരം സ്വാർത്ഥമൂർഛമൂലം രാമൻ ബഹിഷ്കരിക്കപ്പെട്ടു. രാജപദവിയിൽനിന്നു ച്യുതനായ രാമനെ നിഃസ്വാർത്ഥമായ ഭർത്തൃസ്നേഹവും ഭ്രാതൃസ്നേഹവും ഉള്ള ഭാര്യയും അനുജനും വനത്തിലേയ്ക്ക് അനുഗമിച്ചു. വനങ്ങൾ ഹിംസ്രമൃഗങ്ങളെക്കൊണ്ടു ഭയങ്കരങ്ങളാണെങ്കിലും ഐഹികഭ്രമവിരക്തന്മാരായ മഹർഷിമാരുടെ അധിവാസമാകയാൽ ക്ഷേമംകരങ്ങളായി. വിരക്തികൊണ്ടു നിഷ്പക്ഷബുദ്ധികളും അസ്വാർത്ഥതകൊണ്ടു നിർമ്മത്സരന്മാരുമായ മഹർഷിമാരുടെ വചനങ്ങൾ അല്ലാതെ അനുശ്ലോച്യമായി യാതൊന്നുമില്ലെന്നുള്ള ഭാവന രാമചന്ദ്രനിൽ ദൃഢീഭവിച്ചു. നിർമ്മലിതോത്സാഹനായ ആ മഹാപുരുഷന്റെ പൗരുഷമുദ്ദീപിപ്പിക്കുവാൻ സീതാപഹരണംകൊണ്ടു വാല്മീകിക്കു സാധിച്ചു. അനന്തരം കർമ്മ

(1) ലക്ഷ്യസ്ഥാനഭേദങ്ങൾ. (2) അസൂയാസ്മൃതി.

ശൂരനായ രാമന്റെ പൗരുഷം വികസ്വരമായി ലോകകണ്ട കന്മാരുടെ വധംകൊണ്ടുജ്ജ്വലത്തായി, സീതയുടെ പുനസ്സമാഗമംകൊണ്ട മനോഹരമായി, പട്ടാഭിഷേകംകൊണ്ട മംഗളമായി രാമായണകഥ വിരമിക്കുന്നു. ബാലകാണ്ഡത്തിൽ വികസിക്കുവാൻ തുടങ്ങിയ ശ്രീരാമപൌരുഷം അഭിഷേകവിഘ്നംമുതൽ ലോകഗതിയുടെ വൈചിത്ര്യവിചാരംകൊണ്ടു സൂക്ഷ്മമായും ക്ഷമകൊണ്ടു ശമിതമായും വിരക്തികൊണ്ടു സുപ്തമായും ഇരുന്നശേഷം സീതാപഹരണം നിമിത്തം പെട്ടെന്നു ദീപ്തമായി പ്രകാശിക്കുകയും അന്യഥാ ലോകരംഗത്തിൽനിന്നു പിൻവലിയുമോ എന്നു ശങ്കനീയനായിരുന്ന രാമനെ ലോകരക്ഷാമഹോത്സവത്തിലേക്ക് ആനയിക്കുകയും ചെയ്യുന്നു. രാമായണം രാമനെന്ന ഒറ്റയാളിന്റെ മാഹാത്മ്യചിത്രമാണ്. "ഇവിയസ്സ്" "അക്കിമീസി"നെ നടുനായകമാക്കി വച്ചുകൊണ്ടു യവനമാഹാത്മ്യഘോഷണം ചെയ്യുന്നു. ഇങ്ങനെ ഈ മഹാഗ്രന്ഥങ്ങളുടെ സാമ്യവും ഭേദവും ഉപരിചിന്തയുപകരിക്കുവാൻ ദിങ്മാത്രമായിവിടെ ദർശിതമായിട്ടുള്ളതാകുന്നു.

സമുദ്രമന്ഥകത്തിലെ ജംഗമോദ്യാനങ്ങൾ

ഒരിക്കൽ പാണ്ഡവന്മാർക്കും കൂടെയുണ്ടായിരുന്ന പാഞ്ചാലന്മാർക്കും ഗംഗാനദി കടക്കേണ്ടിവന്നപ്പോൾ തോണിയില്ലാതെ വിഷമിക്കുകയാൽ കൂടെയുണ്ടായിരുന്നവരെയെല്ലാം തല്ലിയിട്ടുവച്ചുകൊണ്ടു ഭീമസേനൻ മറുകരയിലേക്കു

നീന്തിക്കയറിയെന്നു ചാക്യാന്മാർ കഥപറയുന്നതു നിങ്ങളിൽ ചിലർ കേട്ടിരിക്കും. ഭീമസേനന്റെ മസ്തകം ഒരു വലിയ തോട്ടമാണെന്നു ധരിച്ചു വഴിപോക്കരിൽ ചിലർ ഗംഗാമദ്ധ്യത്തിൽവച്ചു പല ചാപല്യങ്ങൾക്കാരംഭിച്ചു. വെറിലസ്സഞ്ചിയഴിച്ചുവച്ചുകൊണ്ടു ചിലർ മുറുക്കുവാൻ തുടങ്ങി. പാക്കു ചതയ്ക്കാതെ വെറില തിന്മാൻ നിവൃത്തിയില്ലാത്ത വൃദ്ധന്മാർ ഭീമന്റെ തലയിൽവച്ചു പാക്കുതല്ലിച്ചതച്ചപ്പോൾ തലയിൽ കല്ലുകൊണ്ടിടിക്കുന്നതറിഞ്ഞു ഭീമസേനൻ പതുക്കെ ഗംഗയിലേക്കു തലതാഴ്ത്തിയതുകൊണ്ടു സഞ്ചികളും ഭാണ്ഡങ്ങളും മുറുക്കാൻപൊതികളുമെല്ലാം വെള്ളത്തിൽ ഒഴുകിപ്പോയി എന്നും കുരുക്കുകൾപോലെ നിന്നിരുന്ന തലനാരുകളിൽ കെട്ടിപ്പിടിച്ചു വഴിപോക്കർ ഒഴുകിപ്പോകാതെ കഴിച്ചുകൂട്ടി എന്നും മറ്റും ടി കഥ ഫലിതമായി വർണ്ണിക്കാറുണ്ടു്. മേൽ പറഞ്ഞതരത്തിലുള്ള (1) കാല്പനിക കഥകളിലെ അതിശയോക്തി വിസ്താരത്തോടുകൂടി അതിക്രമിക്കുന്ന മഹാവാഹനങ്ങൾ ആധുനികകാലത്തു മനുഷ്യർക്കു സ്വാധീനമായിരിക്കുന്നു. അങ്ങനെയുള്ള വാഹനങ്ങളുടെ കായ്യം വിചാരിക്കുമ്പോൾ അമാനുഷമൂർത്തികൾക്കുപോലും അത്യന്തം ഭാരംവഹിച്ചുകൊണ്ടു അവയെപ്പോലെ വേഗത്തിൽ സഞ്ചരിക്കുവാൻ ശക്തിയുണ്ടോ എന്നു സംശയമാണു്. ഭൂമണ്ഡലം വഹിച്ചുകൊണ്ടു ഗമിച്ച ഹിരണ്യാക്ഷനെപ്പോലെ വല്ല അസുരന്മാർക്കുമല്ലാതെ സാമാന്യമായ ഭാരം വഹിക്കുവാൻ സാധിക്കയില്ല. പ്രസ്തുത വാഹനങ്ങളെ നയിക്കുന്ന അസുരനേതെന്നു ചോദിച്ചാൽ അതു് ആവിയാണെന്നു പറയേണ്ടിയിരിക്കുന്നു.

---

1. അയഥാർത്ഥമായി നിർമ്മിച്ചതു്.

ഏകദേശം മൂവായിരം ജനങ്ങളെ അതായത് ഒരു ചെറിയ പട്ടണത്തിൽ ഉള്ളവരെയെല്ലാം കയറ്റിക്കൊണ്ടു പോകുവാൻ ഒരു ആവിക്കപ്പൽ മതിയാകും. മൂവായിരം പേരേ മാത്രമോ? അല്ല. അവരുടെ പെട്ടികൾ, സഞ്ചികൾ, ഭാണ്ഡങ്ങൾ മുതലായ സാമഗ്രികളും ആ കൂട്ടത്തിൽ ഉൾപ്പെട്ടും. വേഗത്തിന്റെ കാര്യമാലോചിച്ചാൽ അതിശീഘ്രമായോടുന്ന അശ്വങ്ങൾപോലും ആവിക്കപ്പലിനോട് മടങ്ങുകയേ ഉള്ളൂ. ഇൻഡ്യയിൽ നിന്നു യൂറോപ്പിലെത്തുവാൻ പതിനഞ്ചു ദിവസം വേണമെന്നില്ല. അമേരിക്കയിൽ നിന്നു യൂറോപ്പിലേക്കു കൂടിയാൽ ഒരാഴ്ചമതി. തീക്കപ്പലിൽ സഞ്ചരിക്കുന്നതിനു് അസൌകര്യമുണ്ടോ എന്ന ശങ്കയ്ക്കു് അവകാശം വേശുവുമില്ല. കരയ്ക്കു് ഒരു നഗരത്തിൽ നിവസിക്കുന്നതിനു പകരം വെള്ളത്തിനു മീതെ ജംഗമമായ ഒരുദ്യാനമന്ദിരത്തിൽ ഇരിക്കുന്നതായിട്ടല്ലാതെ തീക്കപ്പലിൽ പോകുന്നവർക്കു തോന്നുകയില്ല. കപ്പൽയാത്രയ്ക്കു വേണ്ട ആഹാരസാധനങ്ങൾ നിങ്ങൾ കരുതിക്കൊണ്ടുപോകേണ്ട കാര്യമില്ല. ആഹാരവും പാനീയവുമെല്ലാം കപ്പലിൽതന്നെ സുലഭമാണ്. ശയ്യകളും മറ്റു നിത്യോപകരണങ്ങളും നിങ്ങൾക്കു സജ്ജമായിരിക്കും. പുസ്തകങ്ങൾ എന്നുവേണ്ട ഗ്രന്ഥശാലകൾ വേണമെന്നുണ്ടെങ്കിലും കപ്പലിലുണ്ടാകും. സ്നാനത്തിനു താല്പര്യമുണ്ടെങ്കിൽ അതിനു വേണ്ട സ്ഥാനങ്ങൾ കപ്പലിൽ തയ്യാർ. തൽക്കാലം കറന്നപാലു മാത്രമേ കുടിക്കയുള്ളൂ എന്നു നിർബന്ധമുള്ളവരുടെ ആവശ്യത്തിനു പശുക്കളും കുക്കുടാണ്ഡഭക്ഷകരുടെ പ്രീതിക്കു വേണ്ടി കോഴികളും വേണ്ടപോലെ കപ്പലിലുണ്ടായിരിക്കും. കരയ്ക്കുള്ളവരെ എന്തെങ്കിലും ഗ്രഹിപ്പിക്കണമെന്നു സമുദ്ര

മദ്ധ്യത്തിൽ വച്ചു നിങ്ങൾക്കു തോന്നിയാൽ കമ്പിയില്ലാത്ത കമ്പിത്തപാൽവഴി അതു സാധിക്കാവുന്നതാണു്. ഇങ്ങനെ സൗകര്യസമൃദ്ധി സാധാരണ നഗരങ്ങളിൽപോലും ദുർല്ലഭമായിരിക്കും.

യാത്രക്കാരുടെ സൗകര്യത്തിനു സംഭരിക്കേണ്ട സാധനങ്ങൾക്കു പുറമേ "തനതാവശ്യം പ്രമാണിച്ചു" കുന്നുപോലെ കൂട്ടാവുന്നിടത്തോളം കല്ലും മണ്ണും അനേകതടാകങ്ങൾ നിറയ്ക്കാൻ മതിയാകുന്നിടത്തോളവും ശുദ്ധജലവും തീക്കപ്പൽ ശേഖരിച്ചുകൊണ്ടാണു യാത്ര പുറപ്പെടുന്നതു്. കൽക്കരി എരിച്ചു വെള്ളം തിളപ്പിക്കുന്നതിൽ നിന്നുണ്ടാകുന്ന ആവിയാണു് കപ്പലിന്റെ ചലനശക്തിക്കു കാരണം. സമുദ്രമദ്ധ്യത്തിൽകൂടി സഞ്ചരിക്കുന്ന കപ്പലിനു പ്രത്യേകം വെള്ളം കരുതേണ്ട കാര്യമുണ്ടോ എന്നു നിങ്ങൾക്കു തോന്നുമായിരിക്കും. സമുദ്രത്തിലേ ഉപ്പുവെള്ളമെടുത്തു് ആവിയുണ്ടാക്കിയാൽ ആ വെള്ളം ആവിയാകുമ്പോൾ അവശേഷിക്കുന്ന ഉപ്പു് കേറിയടഞ്ഞു കഫക്കെട്ടുകൊണ്ട കണ്ണംപോലെ "ക്ഷായിലറുകൾ" അഥവാ (1) കഥനപാത്രങ്ങൾ കുണ്ഡങ്ങളായിത്തീരുന്നതാണു്. അല്ലെങ്കിൽ കടൽവെള്ളത്തിൽ നിന്നുണ്ടാകുന്ന ഉപ്പു് നീക്കിക്കളയുവാൻ പ്രത്യേക യന്ത്രങ്ങൾ വേണ്ടതാകുന്നു. വീട്ടുകളിൽ പാത്രത്തിൽ വെള്ളം തിളയ്ക്കുമ്പോൾ "പല്ലുമുല്ലും" എന്നുൾഗമിക്കുന്ന ആവിക്കു ഗംഭീരങ്ങളും മഹാമൂർത്തികളുമായ കപ്പലുകളെ (2) പ്രോത്സരിപ്പിക്കുവാനുള്ള വീര്യമുണ്ടെന്നുള്ളതു് അത്ഭുതകരംതന്നെയാണു്. കപ്പലിനെ വ്യാപരിപ്പിക്കുന്ന ആവിക്കു ചൂട കൂടുമെന്നുള്ള ഭേദ

(1) കഥനത്തിനു (തിളപ്പിക്കുന്നതിനു) ഉള്ള പാത്രങ്ങൾ.

(2) മുമ്പോട്ടു തള്ളിക്കൊണ്ടുപോകുന്നതിനു്.

മല്ലാതെ നാം വീട്ടകളിൽ കാണാറുള്ള ആവിയിൽ നിന്നു മറ്റു വ്യത്യാസമൊന്നുമില്ല. ആവി ജലത്തിന്റെ രൂപാന്തരം ആണല്ലോ. ആദിത്യന്റേയോ അഗ്നിയുടേയോ ചൂടുതട്ടുമ്പോൾ ജലം ആവിയായിത്തീരുന്നു. ആദിത്യദേവതയായ മിത്രനും ജലത്തിന്റെ അധിദേവതയായ വരുണനും തമ്മിൽ യോജിച്ചിരിക്കുമ്പോൾ രണ്ടുപേരേയും ചേർത്തു മിത്രാവരുണന്മാർ എന്നു പറയുന്നു. മിത്രാവരുണന്മാരുടെ പുത്രനാകയാൽ അഗസ്ത്യമഹർഷിക്കു മൈത്രാവരുണി എന്നു നാമധേയമുണ്ടായി. അഗസ്ത്യന്റെ ജനനം ഒരു കുടത്തിലായിരുന്നു. അതുകൊണ്ട് അഗസ്ത്യനെ കുംഭസംഭവനെന്നും പറയുന്നു. അഗസ്ത്യനാകട്ടെ ഒരു ചുളുകംകൊണ്ടു സമുദ്രം മുഴുവൻ കുടിച്ചതായും ഹിന്ദുക്കളുടെ പുരാണങ്ങൾ ഘോഷിക്കുന്നു. ഇതിന്റെ ഒക്കെയെത്ഥം ആവിയുടെ ഉൽപത്തിയും മാഹാത്മ്യവും അല്പമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മിത്രാവരുണന്മാരുടെ വീര്യം ഘടത്തിൽ സംഘടിച്ച് അഗസ്ത്യനുണ്ടായി എന്നു പറയുന്നതു കുടത്തിൽ വച്ചിരുന്ന വെള്ളത്തിൽ ആദിത്യന്റെ ചൂടുകൊണ്ടു ആവിയുണ്ടായി എന്നു പറയുന്നതിന്റെ പ്രകാരാന്തരമാകുന്നു. അങ്ങനെയുള്ള ആവിക്കു സമുദ്രം തുച്ഛമാണെന്നു പറയുന്നതിനു തുല്യമാകുന്നു അഗസ്ത്യൻ സമുദ്രം കുടിച്ചു എന്നു പറയുന്ന കഥ. നമ്മുടെ ഊഹം ശരിയാണെങ്കിൽ ആവിയുടെ ഭാവിഭൈഷജ്യത്തെ പറ്റി പൂർവ്വന്മാരായ ആര്യന്മാർ ഗ്രഹിച്ചിരുന്നതായി വിചാരിക്കാവുന്നതാകുന്നു. അധുനികന്മാരായ പാശ്ചാത്യന്മാർ മിത്രാവരുണന്മാക്കു പകരം * അഗ്നീവരുണന്മാരിൽ നിന്നു അഭിനവ

* അഗ്നീവരുണന്മാർ എന്നിടത്തു അഗ്നി എന്ന ശീർഷം ഭേവതം ഛന്ദസാമസവിധിയനുസരിച്ചാകുന്നു. അതുപോലെതന്നെ മിത്രാവരുണന്മാർ എന്ന പ്രയോഗവും.

കുംഭസംഭവനായ അഗസ്ത്യൻ നിർമ്മിച്ച ദുസ്തരമായ സമുദ്രത്തെ തുച്ഛീകരിക്കുന്നു. അതുകൊണ്ടു വൈദികഭാഷയിൽ പറയുമ്പോൾ തീകപ്പലിന്റെ വ്യാപാരമെല്ലാം അഗ്നിവാരുണം (അഗ്നിയേയും വരുണനേയും ഒരുമിച്ചു സംബന്ധിക്കുന്നതു്) അയ മന്ത്രശക്തികൊണ്ടാണെന്നു പറയേണ്ടിയിരിക്കുന്നു.

പുരാതനാഴ്വന്മാർ അഗസ്ത്യകരമായ വീര്യം ഗ്രഹിച്ചിരുന്നാലുമില്ലെങ്കിലും അഗസ്ത്യപ്പലുകൾ അവിർഭവിച്ചിട്ടിപ്പോൾ നൂറിൽ ചില്വാനം സംവത്സരങ്ങളെ അയിട്ടുള്ളു. അതിനുമുമ്പു ജലാശയങ്ങളെയും ജലരാശിയെയും തരണം ചെയ്യുന്നതിനു മനുഷ്യർ പ്രയോഗിച്ചുവന്ന കൗശലങ്ങൾ മറ്റു പ്രകാരത്തിലായിരുന്നു. ആദിമ മനുഷ്യർ പൊങ്ങുതടികളിൽ കയറി അരുകളുടെയും കായലുകളുടെയും ഒരു കരയിൽനിന്നു മറുകരയ്ക്കു പൊയ്ക്കൊണ്ടിരുന്നു. പൊങ്ങുതടിയിൽ കയറി ജലയാത്ര ചെയ്തിരുന്ന പൂർവ്വന്മാരുടെ കാൽവിരലുകൾ മീൻ്റായിപോലെ ചീങ്കണ്ണികൾ തിന്നിരിക്കാനിടയുണ്ടു്. പിന്നീടു് അനേകം പൊങ്ങുതടികൾ ഏച്ചുകെട്ടി ജലത്തിൽ സഞ്ചരിക്കുവാൻ മനുഷ്യർ പ്രയോഗിച്ചുതുടങ്ങി. ആ വിദ്യ കടലിൽ മത്സ്യം പിടിക്കുന്നവർ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതു നാം കാണാറുണ്ടല്ലോ. മേലൊക്കെ വെള്ളമാകുമെന്നും തണുപ്പു തട്ടുമെന്നും മറ്റുമുള്ള ശല്യങ്ങൾ ഒഴിക്കാൻ ഇതുകൊണ്ടും മതിയാകയില്ല. അതുകൊണ്ടു സുഖസഞ്ചാരത്തിനു തടികൾ കൂടിച്ചു മനുഷ്യർ തോണികളും വഞ്ചികളും ഉണ്ടാക്കിത്തുടങ്ങി. പിന്നീടു പലകകൾ ഏച്ചുചേർത്തു വലിയ കെട്ടുവള്ളങ്ങൾ നിർമ്മിച്ചു. അതിനെ പടിപടിയായി പരിഷ്കരിച്ചു

രിച്ചു പത്തേമാരികളും പഴയതരം കപ്പലുകളുമുണ്ടാക്കി. ഇങ്ങനെയുള്ള യാനപാത്രങ്ങൾ നയിക്കുന്നതിനു മനുഷ്യർക്കുള്ള ഉപകരണങ്ങൾ കഴുക്കോലും നയ്മ്പും തണ്ടും വായുവും ആകുന്നു. തണ്ടും തുഴയും വെള്ളത്തിലിട്ട പിൻപോട്ട നീക്കുവാൻ നോക്കുമ്പോൾ വെള്ളം അവയെ തടയുന്നതു നമുക്കു് അറിയാറാകും. വെള്ളത്തിന്റെ തടസ്സത്തെ ജയിക്കുവാൻ തണ്ടുകൊണ്ടു നാം വെള്ളത്തിനെ പുറകോട്ടു തള്ളുന്നു. ഇങ്ങനെ വെള്ളം പിൻപോട്ടു തള്ളപ്പെടുന്നതോടുകൂടി വള്ളം മുമ്പോട്ടുപോകുന്നു. വെള്ളത്തിനു പ്രതികൂലമായി പ്രയോഗിക്കുന്ന ബലം വള്ളത്തിനു് അനുകൂലമായി പരിണമിക്കുന്നു. കപ്പലുകളിലും വള്ളങ്ങളിലും പാകെട്ടി വായുവിന്റെ ബലം കടം വാങ്ങി വളരെ കാലത്തേക്കു ജനങ്ങൾ യാനപാത്രങ്ങളെ നയിച്ചുവന്നിരുന്നു. കാറ്റിനെ ശരണം പ്രാപിക്കുന്നതിലുള്ള ഒരു വൈഷമ്യം കാറു നിലച്ചുപോകുന്നതോടുകൂടി കപ്പലും നിന്നുപോകുമെന്നുള്ളതാകുന്നു. കാറ്റിന്റെ അവ്യവസ്ഥയ്ക്കു് അധീനമായി കപ്പൽ വല്ലടവും ചെന്നുചേർന്നു എന്നുംവരും. കാറ്റിന്റെ ഗതി അനുകൂലമാകുന്നതിനു് തക്കവും തരവും നോക്കി കപ്പൽക്കാർ കാത്തുകെട്ടിക്കിടക്കുന്നതും സാധാരണമായിരുന്നു.

ഇങ്ങനെ കാറ്റിന്റെ ചാപല്യങ്ങൾ എല്ലാം അനുസരിച്ചു കപ്പൽ ഓടിച്ചുവന്ന വളരെ വർഷശതങ്ങൾ കഴിഞ്ഞശേഷമാണു് ആവിയുടെ കാര്യം മനുഷ്യരുടെ ആലോചനയ്ക്കുവിഷയീഭവിച്ചതു്. മറ്റുള്ള കാര്യങ്ങളിലെന്നപോലെ ഇതിലും പ്രാരംഭപരീക്ഷകൾ പ്രായേണ വിഫലങ്ങളാകയാണു ചെയ്തതു്. വിഫലയത്നന്മാരായ പലരും ഹൃദയവേധം മൂലം മരിച്ചുതായും പറയപ്പെട്ടിരിക്കുന്നു. ഏക

ദേശം നൂറിൽചിലപ്രാനം സംവത്സരങ്ങൾക്കു മുമ്പു സ്കാ ട്ട്ലണ്ടു് ദേശത്തു ക്ലൈഡ് നദിയിൽ ഇദംപ്രഥമമായി ആ വി ഉപയോഗിച്ചു് ഒരു ചെറിയ കപ്പൽ ഓടിച്ചുനോക്കി. കുതിരകൾക്കു ദുർഭരമായ ഭാരം വലിക്കുന്നതിനു് ആ ക പ്പൽ പ്രാപ്തമാണെന്നു കണ്ടു എങ്കിലും അതുകൊണ്ടു പ്ര യോജനമുണ്ടാകുമെന്നു ജനങ്ങൾക്കു വിശ്വാസമുണ്ടായില്ല. തന്നിമിത്തം അതു തിരസ്കൃതമായി. കാലക്രമത്തിൽ ജീർണ്ണ തയെ പ്രാപിച്ചു. ഏതാനും വത്സരങ്ങൾ കഴിഞ്ഞു "റാബർട്ട് ഫുൾടൺ" എന്നയാൾ അമേരിക്കയിൽ "ക്ലേർമണ്ട്" എന്നൊരു കപ്പലുണ്ടാക്കി ഹഡ്സൻനദിയിലോടിച്ചുകാണി ച്ചു. അതു് ആധുനികമഹായാനപാത്രങ്ങളുടെ മുന്നോടി യായി ഗണിക്കത്തക്കതാകുന്നു. ഇംഗ്ലണ്ടിൽ ആവിയന്ത്ര നേയമായി ആദ്യം ഓടിക്കപ്പെട്ട കപ്പലിന്റെ പേർ "ദി തെംസ്" എന്നും അതു് ഓടിച്ചുനോക്കിയതു ക്രിസ്തു വർഷം 1815-ൽ ആയിരുന്നു എന്നും കാണുന്നു. അയിടയ്ക്കു് അമേരിക്കയിൽ നിന്നു് അറ്റ്ലാന്റിക്ക് സമുദ്രം കടന്നു് ഒരു ആവിക്കപ്പൽ ഇംഗ്ലണ്ടിൽ വന്നുചേർന്നു. അതു വിസ്മയ കരമാണെന്നു് എല്ലാവർക്കും തോന്നിയെങ്കിലും, സ്ഥിരസാ ഫല്യം അതുകൊണ്ടു സാധിക്കുമോ എന്ന സംശയം പിന്നെ യും വിട്ടുമാറിയില്ല. അനന്തരം ഇരുപതുവർഷം കഴിഞ്ഞാ യിരുന്ന "ബ്രൂണൽ" എന്ന സമർത്ഥൻ "ഗ്രേറ്റ്വെസ്റ്റേൺ" (മഹാപശ്ചിമൻ എന്നർത്ഥം) എന്ന ആവിക്കപ്പൽ നിർമ്മി ച്ചു്, അതോടിച്ചു പതിന്നാലുദിവസംകൊണ്ടു് അമേരിക്ക യിൽ വന്നുചേർന്നതു്. അതുയും ദൂരം പോകുന്നതിനു പാക്ക പ്പലിനു തുരുങ്ങിയപക്ഷം ഒരു മാസം വേണ്ടിയിരുന്നു. "മഹാപശ്ചിമന്റെ" ഉല്പത്തിക്കുശേഷം അനേകസഹസ്രം

ആവിക്കപ്പലുകൾ ആവിർഭവിക്കുകയും അവ ആശ്ചര്യമെന്നു വിചാരിച്ചിരുന്ന കാലം പാശ്ചാത്യരുടെ ഇടയിൽ അസ്തമിക്കുകയും ചെയ്തിരിക്കുന്നു.

ആവി അസുരനെപ്പോലെ ആവേശിച്ചാണു തീക്കപ്പലിനു ഗമനശക്തിയുണ്ടാക്കുന്നതെന്നു പറഞ്ഞുവല്ലോ. ഇതെങ്ങനെയെന്നു നോക്കേണ്ടിയിരിക്കുന്നു. കപ്പലിന്റെ അടിഭാഗത്തു വേലക്കാർ കൽക്കരി കത്തിച്ചു തീയിടുന്നു. ജ്വാജ്വല്യമാനമായ അഗ്നി "ബായിലറു"കളിൽ സംഭരിക്കപ്പെടുന്ന വെള്ളത്തെ ആവിയായി ഭാവഭേദപ്പെടുത്തുന്നു. കപ്പലിലുള്ള യന്ത്രങ്ങളെയെല്ലാം ഇങ്ങനെ ഉണ്ടാകുന്ന ആവി പ്രവർത്തിപ്പിക്കുന്നു. ആ കൂട്ടത്തിൽ, കപ്പലിന്റെ ഒരറ്റത്തുള്ള അച്ചുതണ്ടിനേയും അതിൽ വച്ചുപിടിപ്പിച്ചിട്ടുള്ള വലിയ ഇലകളേയും ആവി കറക്കിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം ഇലകൾ കറങ്ങുന്നതിനാൽ വെള്ളത്തിനെ പിളർന്നുകൊണ്ടു കപ്പൽ മുമ്പോട്ടു കുതിക്കുന്നു. പാക്കപ്പലിന്റെ പരദേവതയായ വായുഭഗവാൻ കുതറുന്നതുകൊണ്ടു തീക്കപ്പലിന് ഒരു കുലുക്കവുമുണ്ടാകയില്ല. ആവിയുടെ ഓജസ്സ് അത്യമാത്രം അധ്യക്ഷ്യമാകുന്നു. യന്ത്രങ്ങളുടെ * വലനവേഗമനുസരിച്ചു കപ്പലിനു വേഗം കൂടുന്നു. ഇങ്ങനെയാണിതിന്റെ ഗുണം. പക്ഷേ ഇതു് ഒരു ലാഭമുള്ള കാര്യമല്ല. കപ്പൽ നടത്തുന്നതിനു പത്തെണ്ണൂറു പേർ വരെ വേലചെയ്യേണ്ടിയിരിക്കുന്നു. അതിൽ തീയിടുന്നവരുടെ ജോലി വളരെ ശ്രമകരമാകുന്നു. നിങ്ങൾ തീക്കപ്പലിൽ ചെന്നു നോക്കിയാൽ മേൽത്തട്ടിൽ ആളുകൾ ഇരുന്നു വിനോദിക്കുന്നതും താഴെ ഇരുന്നു ഭക്ഷണം കഴിക്കുന്നതും പുസ്തക

* തിരിച്ചിലിലുള്ള വേഗം.

ശാലയിലിരുന്നു വായിക്കുന്നതും മുറികളിൽ കിടന്നു യിശ്രമിക്കുന്നതും മറ്റും കാണാം. ഇതിനെല്ലാം അടിക്കാണം തീയിടുന്നവരുടെ വ്യാപാരം. അവരുടേയും സമുദ്രത്തിന്റെയും ഇടയ്ക്കു പ്രായേണ ഒരിരുമ്പുപാളമേ ഉണ്ടായിരിക്കയുള്ളു. ആ ഭാഗത്തുണ്ടാകുന്ന ഉഷ്ണാധിക്യത്തെ പരിഹരിക്കുവാൻ മുകളിൽ നിന്നു വൈദ്യുതവ്യജനപ്രയോഗംകൊണ്ടു ശീതവായു വിട്ടുകൊടുത്തുകൊണ്ടിരിക്കുന്നു.

മഹത്തായ ഒരു തീക്കപ്പലിനു തൊള്ളായിരത്തിൽപരം അടി നീളവും ഏകദേശം നൂറടി വീതിയും ഒരമ്പതു നിലകെട്ടിടത്തിന്റെ മുകളിൽ നൂറിൽചിലപാനം അടിയുയർന്നുനില്ക്കത്തക്ക പൊക്കവുമുണ്ടെന്നു പറഞ്ഞാൽ അതിന്റെ ഗംഭീരിമ എത്രമാത്രമാണെന്നു നിങ്ങൾക്കൂഹിക്കാമല്ലോ. യാത്രക്കാക്ക് സഞ്ചരിക്കുവാൻ അങ്ങനെയുള്ള ഒരു കപ്പലിൽ എട്ടു തട്ടുവരെക്കാണും. അപ്രകാരമുള്ള ഒരു മഹായാനപാത്രം സമുദ്രത്തിന്റെ മസ്തകപ്രദേശത്തുള്ള ഭംഗമമായ ഒരുദ്യാനമെന്നല്ലാതെ എന്തു പറയുന്നു!

കല്ക്യവതാരം കഴിഞ്ഞതോ വരാനിരിക്കുന്നതോ?

വിഷ്ണുവിന്റെ ദശാവതാരങ്ങൾ ഹിന്ദുക്കളുടെ ഇടയിൽ പ്രസിദ്ധമാണല്ലോ. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, കൃഷ്ണൻ, കല്ക്കി ഇങ്ങനെയാണു ദശാവതാരങ്ങൾ. ഇവയെല്ലാം ചേർത്തു—

"മത്സ്യഃ കൂർമ്മോ വരാഹശ്ച
നരസിംഹശ്ച വാമനഃ
രാമോ രാമശ്ച രാമശ്ച
കൃഷ്ണഃ കല്ക്കീജനാർദ്ദനഃ" എന്നു് പ്രസിദ്ധമായ ഒരു ചെറിയ ശ്ലോകം പലരും കേട്ടിരിക്കും. ദശാവതാരങ്ങളിൽ ആദ്യമുള്ള ഒമ്പതും കഴിഞ്ഞിരിക്കുന്നതായും പത്താമത്തതായ കല്ക്യവതാരം മാത്രം വരാനിരിക്കുന്നതായും ആണു ഹിന്ദുക്കളുടെ സാധാരണ വിശ്വാസം. ഈ വിശ്വാസത്തിനു് ആധാരമായി പുരാണവചനങ്ങളുണ്ടെന്നുള്ളതിനും തർക്കമില്ല. ഉദാഹരണത്തിനു വിഷ്ണുഭാഗവതം പന്ത്രണ്ടാംസ്കന്ധം തന്നെ നോക്കുക. കലികാലം കലശലാകുമ്പോൾ ശംഭലഗ്രാമവാസിയായ വിഷ്ണുയശസ്സെന്നബ്രാഹ്മണന്റെ ഭവനത്തിൽ കല്ക്കിയവതരിക്കുമെന്നും രാജചിഹ്നങ്ങളോടു കൂടി അദ്ദേഹം ശീഘ്രഗാമിയായ കുതിരയിൽക്കയറി ഖഡ്ഗപാണിയായി ചുറ്റിസ്സഞ്ചരിച്ചു അധർമ്മിഷ്ഠന്മാരെയെല്ലാം ഹനിക്കുമെന്നും അനന്തരം കൃതയുഗം ആരംഭിക്കുമെന്നും ആ സ്കന്ധത്തിൽ വിവരിച്ചിരിക്കുന്നു. ഇങ്ങനെ നിസ്സന്ദേഹമായി ഗണിക്കാവുന്ന ധാരണയ്ക്കു വിദ്വജ്ജനങ്ങൾ ചാഞ്ചല്യമുണ്ടാക്കിക്കാണുന്നു. കല്ക്കിയുടെ കാലം കഴിഞ്ഞുപോയി എന്നും കല്ക്കിയായി വ്യവഹരിക്കപ്പെട്ടുന്നതൊരു മഹാരാജാവാണെന്നും ഒരു പണ്ഡിതൻ അഭിപ്രായപ്പെടുന്നു. അതിനുള്ള തെളിവുകളും ന്യായങ്ങളും എന്തെല്ലാമാണെന്നു് അറിയുവാൻ നിങ്ങൾക്കു കൗതുകം തോന്നാതിരിക്കയില്ലല്ലോ.

ഭാഗവതപുരാണത്തിൽ കല്ക്കിയെപ്പറ്റി പറയുന്നിടത്തു ഭാവികാലക്രിയാപദങ്ങളാണു പ്രയോഗിച്ചിരിക്കുന്ന

തെങ്കിലും മറ്റു ചില പുരാണങ്ങളിൽ ഭൂതകാലക്രിയാപദങ്ങൾകൊണ്ടു കല്ക്കിയെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഉദാഹരണത്തിനു കല്ക്കിയുടെ ഉല്പത്തി വർണ്ണിക്കുമ്പോൾ "പൂർണ്ണേ കലിയുഗേ/ഭവൽ" എന്നു വായുപുരാണത്തിലും "സഭോവാ/ന്തരധീയത" എന്നു മത്സ്യപുരാണത്തിലും പറഞ്ഞുകാണുന്നു. "പൂർണ്ണേ കലിയുഗേ/ഭവൽ" എന്നതിനു കലിയുഗം മുഴുത്തപ്പോൾ ഭവിച്ചു എന്നാണർത്ഥം. അതുപോലെ സഭോവാ/ന്തരധീയത എന്നു പറയുന്നതിനർത്ഥം ആ ദേവൻ അന്തർദ്ധാനം ചെയ്തു എന്നാണു്. മേൽപ്രകാരം ഭവിച്ചു എന്നും അന്തർദ്ധാനംചെയ്തുവെന്നും പറഞ്ഞിരിക്കകൊണ്ടു കല്ക്കിയുടെ കാലം കഴിഞ്ഞുപോയി എന്നു സ്പഷ്ടമാകുന്നു. മത്സ്യപുരാണവും വായുപുരാണവും ഭാഗവതത്തേക്കാൾ പ്രാചീനങ്ങളാണെന്നനുമാനിക്കുന്നതിനു ന്യായങ്ങളുണ്ടു്. അതിനുംപുറമെ വാസ്തവത്തിൽ കഴിഞ്ഞുപോയവരെപ്പറ്റി അവർ മേലാൽ സംഭവിക്കാനിരിക്കുന്നു എന്ന ഭാവത്തിൽ വർണ്ണിക്കുന്ന സമ്പ്രദായം പുരാണങ്ങൾ അംഗീകരിച്ചിട്ടുമുണ്ടു്. അജാതശത്രു, ചന്ദ്രഗുപ്തമൗര്യൻ, ചാണക്യൻ ഇവർ ഭാവികാലത്തു സംഭവിക്കുമെന്നു പറയുന്ന പുരാണങ്ങൾ ഉണ്ടു്. അങ്ങനെയുള്ളവർ ജനിച്ചശേഷം രചിതങ്ങളായ പ്രസ്തുത പുരാണങ്ങൾ അവയ്ക്കു മുമ്പുണ്ടായിട്ടുള്ളവയാണെന്നുള്ള ഭാവനയിൽ, കീഴിൽ കഴിഞ്ഞതു വരാനിരിക്കുന്നതായി പ്രതിപാദിച്ചിരിക്കയാണെന്നു് അനായാസേന കാണാവുന്നതാകുന്നു. പുരാണകർത്താക്കൾ ഭവിഷ്യദ്വാദികളാണെന്നു പറയുന്നതിൽഭേദം, ഭൂതവൃത്താന്തങ്ങളെ ഭവിഷ്യത്തുകളായിട്ടവർ വ്യപദേശിച്ചിരിക്കുന്നതായിട്ടുഹിക്കുന്നതെന്നേയാകുന്നു. അല്ലെങ്കിൽ കല്ക്കിയുടെ ജനനദേശം,

ജനനഭവനം, ജന്മകാലം, വിജയപരമ്പരകൾ, നാമധേയം ഇത്യാദി സൂക്ഷ്മവിവരങ്ങൾ ഗ്രഹിക്കുന്നതിനു വേണ്ട അസാധാരണദിവ്യദൃഷ്ടി "പഴംഗ്രന്ഥ" വ്യാപാരികളായ പൗരാണികന്മാർക്കു ലഭിച്ചതായിട്ടു സമ്മതമായ വിധത്തിൽ നാം വിശ്വസിക്കേണ്ടിവരുന്നു.

കല്ക്കിയുടെ അവതാരം ഭവിഷ്യത്താണെന്നുള്ള വിശ്വാസം ഉണ്ടായിട്ടധികകാലം ആയിട്ടില്ല. ക്രിസ്താബ്ദം പന്ത്രണ്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്ന ജയദേവകവി ഗീതഗോവിന്ദത്തിൽ,

"കേശവധൃതകല്ക്കിശരീര ജയജഗദീശഹരേ" എന്നു പാടിയിട്ടുള്ളതിൽ നിന്നു കല്ക്കിരൂപം ശ്രീകൃഷ്ണൻ ധരിച്ചു കഴിഞ്ഞതായി ജയദേവൻ ധരിച്ചിരുന്നതു ഗമ്യമാകുന്നു. ഇതുപോലെ 14-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ചണ്ഡീദാസനെന്ന വംഗദേശകവിയുടെ കൃതിയിലും പരാമർശമുള്ളതായി പറയുന്നു. ഇതിനൊക്കെപ്പുറമെ നിഷേധവിഷമമായ മറ്റു ലക്ഷ്യങ്ങളുമുണ്ട്. ഏകദേശം പന്ത്രണ്ടു സംവത്സരങ്ങൾക്കു മുമ്പു "ഭാരതീയജൈനസിദ്ധാന്തപ്രകാശിനീ സംസ്ഥ" എന്ന ജൈനസംഘക്കാർ ജൈനഹരിവംശപുരാണമെന്നൊരു പ്രബന്ധം ഹിന്ദിഭാഷയിലേക്കു തർജ്ജിമ ചെയ്തു പ്രസിദ്ധീകരിച്ചു. ഇതിന്റെ മൂലം ജിനസേനസൂരി എന്നൊരു ജൈനദിഗംബരന്റെ കൃതിയാകുന്നു. അദ്ദേഹം അതു നിർമ്മിച്ചതു ശതാബ്ദം705-നു തുല്യമായ ക്രിസ്താബ്ദം 784-ൽ ആയിരുന്നുവെന്നു പ്രസ്തുത കൃതിയിൽ തന്നെ വ്യക്തമായി പറയുന്നുണ്ട്. ഈ കൃതിയുടെ രചനാകാലത്തു് ഇന്ദ്രായുധൻ ഉത്തരദേശത്തും ശ്രീവല്ലഭൻ ദക്ഷിണദേശത്തും വത്സരാജൻ അവന്തിയിലും രാജ്യഭാരം ചെയ്തിരുന്നതായി കവി പ്രസ്താവിക്കുന്നു.

ശകേഷ്വബ്ദശതേഷു സപ്തസുദിശം പ-
ഞ്ചോത്തരേഷ്വത്തരാം
പാതീന്ദ്രായുധനാമ്നി കൃഷ്ണനൃപജേ
ശ്രീവല്ലഭേ ഭക്ഷിണാം"

ഇത്യാദി ഭാഗങ്ങളിൽ നിന്നും മേൽപറഞ്ഞ വസ്തുതകൾ വിശദമാക്കുന്നതാണ്. ഈ കൃതിയുടെ യാഥാർത്ഥ്യത്തെ നിരസിക്കുവാൻ യാതൊരു സംഗതിയും കാണുന്നില്ല. മഹാവീരന്റെ നിർവ്വാണശേഷം രാജ്യഭാരം വഹിച്ചിരുന്ന രാജവംശങ്ങളേയും അവരുടെ രാജ്യഭാരകാലങ്ങളേയും ജിനസേനസൂരി സ്വകൃതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ ഗുപ്തരാജാക്കന്മാരുടെ രാജ്യഭാരശേഷം 42 വർഷങ്ങൾ കഴിഞ്ഞ കല്ക്കിരാജന്റെ രാജ്യഭാരകാലം പറഞ്ഞുകാണുന്നു. മൂലശ്ലോകം കാണണമെന്നു കൗതുകമുണ്ടെങ്കിൽ ഉദ്ധരിക്കാം.

"ദ്വിചതുരിംശദ്വർഷാതഃ കല്ക്കിരാജസ്യ രാജ്യതാ
തതോഽജിതം ജയോ രാജാ സ്യാദിന്ദ്രപുരസംസ്ഥിതഃ"

എന്നാണ പ്രസ്തുതമായ ശ്ലോകം. കല്ക്കിരാജശേഷം അജിതംജയൻ ഇന്ദ്രപുരത്തിൽ രാജാവായി വാഴുമെന്നുകൂടി ശ്ലോകംകൊണ്ടു മനസ്സിലാകുന്നു.

ഇതുകൊണ്ടു കല്ക്കി എന്നൊരു രാജാവുള്ളതായി വ്യക്തമാകുന്നു. ഇനി ആ രാജാവിന്റെ കാലനിർണ്ണയത്തിനുള്ള മാർഗ്ഗമുണ്ടോ എന്നു നോക്കേണ്ടിയിരിക്കുന്നു. മഹാവീരന്റെ നിർവ്വാണം മുതൽ ജിനസേനസൂരി കൊടുക്കുന്ന കണക്കനുസരിച്ചു 1000 വർഷങ്ങൾ കഴിഞ്ഞാണ കല്ക്കിരാജന്റെ രാജ്യഭാരമെന്നു ഗ്രഹിക്കാവുന്നതാണ്. ജിനസേനന്റെ ഗണനയിൽ മഹാവീരന്റെ നിർവ്വാണം നടക്കുന്നതു ക്രിസ്ത്വബ്ദാരംഭത്തിനു 527 വർഷങ്ങൾക്കു മുമ്പാണ്. മറ്റു ജൈനപ്രമാ

ണപ്രകാരം പ്രസ്തുത നിർവ്വാണം ക്രിസ്ത്വബ്ദാൽ പൂർവം 545-ാം വർഷത്തിലായിരുന്നു. ജിനസേനന്റെ ഗണനയിലുള്ള ഈഷൽഭേദം നമ്മുടെ വിചാരണയ്ക്ക് ഗണ്യമാക്കേണ്ടതില്ല. അതുകൂട്ടിയുള്ള ഫലം ക്രിസ്ത്വബ്ദം 500-ാംവർഷമിടയ്ക്കുള്ള കല്ക്കി രാജാവായിരുന്നു എന്നു മേൽ പറഞ്ഞ സംഗതികളിൽ നിന്നു സിദ്ധിക്കുമെന്നുള്ളതാകുന്നു.

കല്ക്കിയെപ്പറ്റിയുള്ള ഭവിഷ്യത്പ്രസ്താവനയുടെ അസ്തിത്വം മേൽപ്രകാരം ക്രമേണ ലോപിച്ചുപോകുന്നു. ഇതിനു മകുടമായി ചില ശിലാശാസനവാക്യങ്ങൾ ഉള്ളവയും പ്രസ്താവയോഗ്യങ്ങളാകുന്നു. ഇവയിൽ ആദ്യത്തെ "മാണ്ഡസോർ" ശിലാശാസനം "യശോധർമ്മൻ" നാമധേയനായ ഒരു രാജാവിന്റെ വിജയങ്ങളെയും അപദാനങ്ങളെയും ഘോഷിക്കുന്നതും മറേറത്ത വിഷ്ണുവർദ്ധന രാജാവിന്റെ ഭരണമാഹാത്മ്യത്തെ കീർത്തനംചെയ്യുന്നതുമാകുന്നു. ഈ ശിലാലേഖകം ക്രിസ്ത്വബ്ദം 530-ാം വർഷമിടയ്ക്കുണ്ടായിട്ടുള്ളതായി വിദ്വാന്മാർ നിർണ്ണയിക്കുന്നു. യശോധർമ്മാ, വിഷ്ണുവർദ്ധനൻ, കല്ക്കി ഇതെല്ലാം ഒരാളിന്റെ നാമധേയമാണെങ്കിൽ, കല്ക്കി ഇനി അവതരിയ്ക്കാനിരിക്കുന്നതേയുള്ളു എന്നു പറയുന്നവരുടെ വാദത്തിന്റെ ചുവടറുപോകുന്നതാണു്. കല്ക്കിയ്ക്കു വിഷ്ണുയശസ്സെന്നുകൂടി പേരുണ്ടായിരുന്നതായി "കല്ക്കിർ വിഷ്ണുയശാനാമ പാരാശര്യഃപ്രതാപവാൻ" എന്നു വായുപുരാണവചനമുണ്ടാകകൊണ്ടു സ്പഷ്ടമാകുന്നു. ഭാഗവതപുരാണത്തിൽ കല്ക്കി വിഷ്ണുയശസ്സിന്റെ ഭവനത്തിൽ ജനിക്കുമെന്നു പറഞ്ഞു കല്ക്കിയെ വിഷ്ണുയശസ്സിൽ നിന്നന്യനാക്കി പരിഷ്കരിച്ചതു പ്രമാദമാണെന്നു പറയേണ്ടിയിരിക്കുന്നു. ശിലാലേഖകളിൽ വിഷ്ണുവർദ്ധനൻ എന്നും യശോധർമ്മാ

വെന്നും കാണുന്ന സംജ്ഞകൾ ബിരുദനാമധേയങ്ങളായി വിഷ്ണുയശസ്സംജ്ഞയിലെ ഘടകശബ്ദങ്ങളോടു യഥാക്രമം വർദ്ധനശബ്ദവും ധർമ്മശബ്ദവും സമാസിച്ചുണ്ടാക്കിയതായി വിചാരിക്കാവുന്നതാകുന്നു. വർദ്ധനശബ്ദം കൂട്ടിച്ചേർക്കുന്നതു സാധാരണമായി ചക്രവർത്തിപദവീസൂചനയുണ്ട്. അശോകവർദ്ധനൻ, ഹർഷവർദ്ധനൻ ഇത്യാദി ദൃഷ്ടാന്തങ്ങൾ നോക്കുക. അഥവാ വിഷ്ണുവർദ്ധനൻ എന്നും യശോധർമ്മാ വെന്നുമുള്ള ബിരുദനാമങ്ങളിലെ പ്രഥമപദങ്ങൾ എടുത്തു സംസൃഷ്ടിച്ചതായിരിക്കുമോ വിഷ്ണുയശശ്ശബ്ദം? എങ്ങനെയായാലും കല്ക്കിയുടെ പേരായ വിഷ്ണുയശശ്ശബ്ദത്തോടു പ്രസ്തുത ശിലാലേഖനങ്ങളിൽ കാണുന്ന സംജ്ഞകൾക്കുള്ള സന്നികർഷം നമ്മുടെ ഊഹത്തെ അനുകൂലിക്കുതന്നെ ചെയ്യുന്നു.

പുരാണങ്ങളിൽ കല്ക്കിയെപ്പറ്റിയുള്ള വർണ്ണനകളും പ്രസ്തുത ശിലാലേഖനങ്ങളിലെ പ്രതാപകീർത്തനവും തമ്മിലുള്ള അത്ഭുതകരമായ സാദൃശ്യവും ഗണ്യമാകുന്നു. ശത്രുജയവും പരന്തപതാപവും മാത്രമല്ല കല്ക്കിയുടെ കീർത്തിക്കു കാരണം. ധർമ്മത്രാണം അഥവാ മതോദ്ധാരണം കൂടി അദ്ദേഹത്തിന്റെ യശോവിശേഷത്തിനു സ്ഥായിയായ ഹേതുവാകുന്നു. ജൈനമതത്തിനു കല്ക്കി പരമദ്രോഹിയായിരുന്നെന്നു ജിനസേനസൂരിതന്നെ പറയുന്നു. ഹൂണമ്ലേച്ഛാദിവിധ്വംസനവും സിംഹളം തുടങ്ങി ഹിമവൽപർയ്യന്തമുള്ള ഭൂപ്രദേശവിജയവും മറ്റും കല്ക്കിയുടെ അപദാനങ്ങളാകുന്നു. "മാണ്ഡസോർ" ശിലാശാസനത്തിൽനിന്നു യശോധർമ്മാവു് മിഹിരകുലനെ തോല്പിച്ച കഥ ഗ്രഹിക്കാവുന്നതാകുന്നു. ഈ യുദ്ധം നടന്നതു കാശ്മീരത്തുവച്ചായിരുന്നു. അകല്പാടെ നോക്കുമ്പോൾ വിഷ്ണുവർദ്ധനൻ വളരെ

തീക്ഷ്ണനായ ഒരു രാജാവായിരുന്നു എന്നു തീർത്തു പറയാവുന്നതാണു്. കല്ക്യവതാരത്തെപ്പറ്റി ജനങ്ങൾ ധരിച്ചു വച്ചിട്ടുള്ളതും മേൽപ്രകാരം തന്നെയാകുന്നു.

കല്ക്കി മാളവരാജ്യാധിപതിയായിരുന്നു. അദ്ദേഹത്തിന്റെ ജന്മദേശമായി ഭാഗവതത്തിൽ കാണുന്ന ശംഭലഗ്രാമം രാജപുട്ടാണാദേശത്തുള്ള ശാകംഭരി എന്ന സ്ഥലമാണെന്നു ഒരു മഹാൻ ഊഹിക്കുന്നു. വിഷ്ണുവർദ്ധനനും കല്ക്കിയും ഒന്നുതന്നെയാണെന്നു സ്ഥാപിക്കുന്നതിനുള്ള ഒരു വൈഷമ്യം വിസ്മരിക്കുന്നതു ശരിയല്ല. കല്ക്കിയുടെ അവതാരം കലിയുഗാവസാനത്തിലായിരിക്കുമെന്നും പിന്നെ കൃതയുഗമാരംഭിക്കുമെന്നും ഉള്ള പൗരാണികപക്ഷം മുമ്പുതന്നെ നാം കണ്ടുവല്ലോ. വിഷ്ണുവർദ്ധനമഹാരാജാവിന്റെ കാലം കലിയുഗാവസാനത്തിലല്ല; അതു കഴിഞ്ഞിട്ട് ഇപ്പോൾ വളരെ വർഷങ്ങളായെങ്കിലും കൃതയുഗമിനിയും ആരംഭിച്ചിട്ടുമില്ല. കലിയുഗം ആകപ്പാടെ 4,32,000 വർഷങ്ങളുണ്ടെന്നാണു കാണുന്നതു്. കലിവർഷം 5031 തുടങ്ങാൻപോകുന്നതേയുള്ളുതാനും. ഈ സ്ഥിതിയിൽ കല്ക്കിയും വിഷ്ണുവർദ്ധനനും തമ്മിൽ ദൃഢതരമായി വിസ്മരിച്ചു കിടക്കുന്ന കാലവാരാന്നിധിയെ കടക്കാതെ അവർ തമ്മിലൈക്യം സ്ഥാപിക്കുന്നതെങ്ങനെ? അതുകൊണ്ടു് ഈ ദുഷ്ടതെ ലഘൂകരിക്കാൻ വല്ല വ്യാഖ്യാനവുമുണ്ടോ എന്നു നോക്കേണ്ടിയിരിക്കുന്നു.

ഗുപ്തരാജാവംശത്തിന്റെ രാജ്യഭാരം കഴിഞ്ഞു 42 വർഷങ്ങൾക്കു ശേഷമാണല്ലോ ജിനസേനസൂരി കല്ക്കിയുടെ ഉദയം കുറിച്ചിരിക്കുന്നതു്. ഈ 42 വർഷരൂപമായ കാലാന്തരാളത്തിലേക്കു ജിനസേനൻ ഒരു രാജാവിനേയും നിർദ്ദേ

ശിക്കുന്നില്ല. പ്രസ്തുത കാലഘട്ടം പ്രഥമകുമാരഗുപ്തരാജാവിന്റെ ഭരണകാലത്തുണ്ടായ ഭാഗ്യവിപ്ലവങ്ങളുടെയും സ്കന്ദഗുപ്തന്റെ പ്രതിയത്നങ്ങളുടെയും ശോഭനസന്ധിയായിരുന്നു എന്നു ചരിത്രകാരന്മാർ പറയുന്നു. ഹൂണാദികളുടെ ഉപദ്രവവും നിരന്തരമായ കലഹങ്ങളുംകൊണ്ട് കലിമൂർച്ഛിച്ചിരുന്നതായി ജനങ്ങൾ ധരിച്ചിരിക്കാം. അങ്ങനെ ഒരു ശോഭനസന്ധിയിൽ ഭവിച്ചതുകൊണ്ടു കൽക്യവതാരം കലിയുഗാരംഭത്തിലാണെന്നും ധർമ്മസ്ഥാപകനായ കല്ക്കിയുടെ മഹിമാതിശയംകൊണ്ടു കൃതയുഗാരംഭമായതായി കണക്കാക്കിയതാണെന്നും പക്ഷേ കല്ക്കിയുടെ കാലശേഷം ദീർഘകാലം അവർത്തിച്ചു നെടുനീളെ വ്യാപിച്ചുകാണുകയാൽ കലിവിലാസം അവസാനിച്ചതായി ലോകർ വിചാരിക്കാതെയായിയെന്നുമാണൊരു വ്യാഖ്യാനം. രാജവംശപരമ്പരാവർണ്ണനയും കാലനിരൂപണരൂപമായ കലികാലവർണ്ണനയും തമ്മിൽ കൂഴപ്പമുണ്ടായി കലിയുടെ ചരമഭാഗം കല്ക്കിയുടെ കാലമായി പുരാണങ്ങളിൽ പിശകായി പ്രതിപാദിക്കപ്പെട്ടിരിക്കാമെന്നാണു മറെറാരു വ്യാഖ്യാനം. ഗുപ്തരാജാക്കന്മാരുടെ കാലശേഷമാണു ജിനസേനൻ കല്ക്കിയെ അവതരിപ്പിക്കുന്നതു്. പുരാണങ്ങളിലാകട്ടെ ആന്ധ്രരാജാക്കന്മാരുടെ കാലശേഷം കലിവർണ്ണനയും അതിനോടുചേർന്നു കല്ക്കിയുടെ കഥകൊണ്ടുള്ള കലാശവും കാണുന്നു. ആന്ധ്രരാജാക്കന്മാരുടെ കാര്യം ഇടയ്ക്കു പിന്നീടു ചേർത്തപ്പോൾ അവക്കുമുമ്പിൽവരേണ്ട കല്ക്കി സ്ഥാനഭ്രഷ്ടനായി കലിയുഗവർണ്ണനയുടെ അന്തിമഘട്ടത്തിലേക്കു നീങ്ങിപ്പോയിരിക്കാമോ എന്നു ചിലർ സംശയിക്കുന്നു.

ജിനസേനസൂരിയുടെ കാലം ക്രിസ്താബ്ദം 78-ാം ഇടയ്ക്കാണു്. അദ്ദേഹം സ്വകാലത്തിനുദ്ദേശം 280-നു മുമ്പു്

കല്ക്കി എന്നൊരു രാജാവു വാണിരുന്നതായി പറയുന്നതു വെറും മിഥ്യയായിത്തള്ളത്തക്കതല്ല. അതുകൊണ്ടു്, കല്ക്കി വരാനിരിക്കുന്നതേയുള്ളു, എന്നു വിശ്വസിക്കുന്നവരുടെ പരിപൂർണ്ണവാഗ്ബന്ധനത്തിനു മതിയാകയില്ലെങ്കിലും കല്ക്കി ഭക്തന്മാർക്കു സംഭ്രമകരമായി പലതും ആധുനികപണ്ഡിതന്മാർ തപ്പിപ്പിടിക്കുന്നുണ്ടെന്നു പറയാതെ തരമില്ല.

"നാദലക്ഷ്യം നഭസ്സും"

കാളിദാസമഹാകവിയുടെ അഭിജ്ഞാനശാകുന്തളത്തിലെ ആദ്യശ്ലോകം കേരളഭാഷയിലേക്കു കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തർജ്ജിമചെയ്തിട്ടുള്ളതിന്റെ ഒരു ഭാഗമാണു തലക്കെട്ടിൽ കാണുന്നതു്. തർജ്ജമ ശരിയായോ എന്ന പരീക്ഷയ്ക്കല്ല ഇവിടെ ഭാവിക്കുന്നതു. അഥവാ അതിനു നിങ്ങൾക്കു മോഹമുണ്ടെങ്കിൽ മൂലഭാഗത്തിന്റെ അർത്ഥം തർജ്ജിമയിൽ ശരിയായിരിക്കുന്നു എന്നു രപ്പു പറയാവുന്നതാണു്. നഭസ്സ് അഥവാ ആകാശം നാദലക്ഷ്യം അതായതു ശബ്ദമെന്ന ഗുണം ഉള്ളതാണെന്നു മുകളിൽ ഉദ്ധരിച്ച ഭാഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതു വാസ്തവത്തോടു യോജിച്ചിരിക്കുന്നു എന്നാണു പരിശോധിക്കുവാൻ തുടങ്ങുന്നതു്. മഹാകവി കാളിദാസൻ പറഞ്ഞതിന്റെ സാധുത്വത്തെപ്പറ്റി സംശയിക്കുന്നതിനുപോലും നാം പ്രാപ്തന്മാരാണോ എന്നു ഭയപ്പെടേണ്ട കാര്യമില്ല. ഒന്നാമതിതു കാളിദാസന്റെ അഭിപ്രായമല്ല, ശബ്ദഗുണകമാകാശം എന്നു തത്വചിന്തചെയ്യുന്ന ദർശന

ഗ്രന്ഥങ്ങൾ പ്രതിപാദിച്ചിട്ടുള്ളതാണ്. രണ്ടാമത്തേ അതിന്റെ അഭിപ്രായമായാലും അതിന്റെ വാസ്തവം പരിശോധിച്ചുനോക്കുന്നതിൽ അപകടമില്ലല്ലോ. സിദ്ധമെന്നുവച്ചിരുന്ന പല തത്വങ്ങൾ വിദ്യാഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും വികാസംമൂലം ഭഗ്നങ്ങളായിരിക്കുന്നു. ആധുനികവിദ്യാഭ്യാസത്തിന്റെ പരമരഹസ്യം തന്നെ സ്ഥാപിതങ്ങൾ എന്നു് വച്ചിരിക്കുന്നതെല്ലാം സാധുവാണോ എന്നു് അടിയ്ക്കടിയുള്ള പരീക്ഷണം അണു്. "പുരാണമിത്യേവ ന സാധുസർവ്വം" എന്നു കാളിദാസൻതന്നെ പറഞ്ഞിട്ടുമണ്ടു്.

ആകാശവും വായുവും രണ്ടും രണ്ടുതന്നെയാണെന്നുള്ളതിനു തക്കമില്ലല്ലോ. ആകാശവും വായുവും കണ്ണുകൊണ്ടു കാണാവുന്നതല്ലെങ്കിലും ഉണ്ടെന്നുള്ളതു സ്പഷ്ടമാണു്. പുഷ്പത്തിന്റെ ഗുണം സൗരഭ്യമെന്നുപറയുന്നതുപോലെ സമവ്യതമായി സദാ ശബ്ദം ആകാശത്തിന്റേയും വായുവിന്റേയോ ഗുണമായി പ്രവർത്തിക്കുന്നില്ല. അങ്ങനെ പ്രവർത്തിക്കുന്നുണ്ടായിരുന്നു എങ്കിൽ നാം സദാ ശബ്ദം കേട്ടുകൊണ്ടിരിക്കുമായിരുന്നു. വീണവായിക്കുമ്പോൾ നാം ശബ്ദം കേൾക്കുന്നു; വെടിവയ്ക്കുമ്പോൾ ശബ്ദം കേൾക്കുന്നു; ഇങ്ങനെ വല്ല കാരണവുമില്ലാതെ ശബ്ദം കേൾക്കാവതല്ല. ചെവിയില്ലെങ്കിൽ എത്ര മഹത്തായ നാദകാരണമുണ്ടായാലും ശബ്ദമുണ്ടായതായിട്ടറിവാൻ നിവൃത്തിമില്ല. അതുകൊണ്ടു കർണ്ണേന്ദ്രിയമില്ലാത്തവരെ ശബ്ദത്തിന്റെ ശല്യമോ സൗഖ്യമോ സ്പർശിക്കുന്നില്ല. തന്നിമിത്തം ശബ്ദജന്മത്തിനു തക്ക കാരണവും കർണ്ണേന്ദ്രിയവും ഇല്ലെങ്കിൽ ശബ്ദമില്ലെന്നുതന്നെ പറയാം. ഈ രണ്ടുമുണ്ടെങ്കിൽ ശബ്ദം ഗ്രഹി

ക്കാമോ എന്നു ചോദിച്ചാൽ മതിയാകയില്ലെന്നു പറയേണ്ടിയിരിക്കുന്നു. ശബ്ദം ഉണ്ടാകയും നമുക്കു നിരാക്ഷേപമായ ശ്രോത്രരന്ധ്രങ്ങൾ ഉണ്ടായിരിക്കയും ചെയ്തിട്ടും ഇംഗ്ലണ്ടിലെ നാടകശാലകളിൽ പാടുന്ന പാട്ടുകൾ നാം ഇവിടെ കേൾക്കുന്നില്ല. അതിനു കാരണം അവിടെയുണ്ടാകുന്ന ശബ്ദം നമ്മുടെ കർണ്ണപ്രദേശംവരെ സഞ്ചരിക്കുന്നില്ലെന്നുള്ളതല്ലാതെ മറ്റൊന്നുമല്ല. ഇങ്ങനെ നോക്കുമ്പോൾ ശബ്ദമുല്പാദിക്കയും അതു സഞ്ചരിച്ചു ശ്രോത്രപുടങ്ങളെ പ്രാപിക്കയും ശ്രോത്രേന്ദ്രിയം ഭദ്രമായിരിക്കയും ചെയ്തില്ലെങ്കിൽ ശബ്ദഗ്രഹണത്തിനു മാർഗ്ഗമില്ലെന്നു സിദ്ധിക്കുന്നു. ശബ്ദത്തിനു സഞ്ചരിക്കുവാനുള്ള രഥം അഥവാ വാഹനം എന്താണിരിക്കും. ആ സംഗതി ഒരു പരീക്ഷ നടത്തി നമുക്കു നിർണ്ണയിക്കാവുന്നതാണ്. നമ്മുടെ ഘടികാരത്തിലെ സൂചികയും ഘടിക്കുന്ന ഘടിക്കുന്ന എന്നു ശബ്ദിച്ചുകൊണ്ടു ചുറ്റിച്ചുറ്റി വരുന്നതു നാം കാണാറുണ്ടല്ലൊ. ആ ഘടികാരം മേശമേൽ വച്ചു് വെളിയിൽനിന്നു വായു പ്രവേശിക്കാതെ അതിനു മുകളിൽ വിശേഷമാതിരിയിലുള്ള ഒരു സ്ഫടികഭരണികമഴ്ത്തിവയ്ക്കുക. ഈ സ്ഫടികപാത്രത്തിൽ നിന്നു് അതിനുള്ളിലുള്ള വായു പാർശ്വഭാഗത്തുള്ള കൗശലപ്പണിവഴി "പംപു"വച്ചു മുഴുവൻ * നിഷ്കരിച്ചുകളയാമെന്നുള്ളതുകൊണ്ടാണു് വിശേഷമാതിരി സ്ഫടികബ്ഭരണി എന്നു പറഞ്ഞതു്. വായുവിനെ ബഹിഷ്കരിക്കാനുള്ള ഒരുക്കങ്ങൾ എല്ലാം തീർന്നശേഷം നമ്മുടെ ഘടികാരം ഒന്നുകൂടി സൂക്ഷിച്ചുനോക്കുക. അതിന്റെ സൂചികയും യഥാപൂർവം "ടിക്കു, ടിക്കു" എന്നു ശബ്ദിച്ചുകൊണ്ടു പ്രദക്ഷിണംവച്ചുകൊണ്ടിരി

* നിർഹരിക്ക=വലിച്ചെടുക്കുക.

ക്കുന്നതായിക്കാണാം. ഇനി പമ്പു തൊട്ടുത്തിവച്ചുകൊണ്ടു സ്ഫടികഭരണിയിലെ വായു പതുക്കെ വലിച്ചെടുക്കുക. ഭരണിയിലെ വായു ക്ഷയിച്ചുവരുന്നതനുസരിച്ചു ഘടികാരത്തിന്റെ "ടിക്കു, ടിക്കു" ശബ്ദം മന്ദീഭവിച്ചു വായു തീരെ ഇല്ലാതെയാകുമ്പോൾ ഘടികാരം തീരെ നിശ്ശബ്ദമാകുന്നു. ശബ്ദത്തെ സംബന്ധിച്ചിടത്തോളം ഘടികാരം മൃതപ്രായമായി തോന്നുമെങ്കിലും അതിന്റെ സൂചികളുടെ ചലനക്രമത്തിൽ ഒരു ഭേദഗതിയും കാണുകയില്ല. അനന്തരം പമ്പു വെച്ചു വായു അകത്തേക്കു കടത്തിവിട്ടുകൊണ്ടിരിയാൽ ഘടികാരത്തിന്റെ "ടിക്കു ടിക്കു" ക്രമേണ പ്രത്യാഗമിക്കുന്നതായും ഘടികാരം പ്രത്യുജ്ജീവിതമാകുന്നതായും തോന്നാതിരിക്കയില്ല.

പ്രസ്തുത പരീക്ഷയിൽ നിന്നു പല സംഗതികളും നമുക്കു ഗ്രഹിക്കാവുന്നതാകുന്നു. ഒന്നാമതായി ശബ്ദം വായുവിൽക്കൂടി സഞ്ചരിക്കുന്നു എന്നുള്ളതാണു്. രണ്ടാമതു വായുവിന്റെ നിരന്തരതപം കുറയുന്നതോടുകൂടി ശബ്ദം ക്ഷീണീഭവിക്കുന്നു. മൂന്നാമതു ശബ്ദത്തിന്റെ പ്രസരണത്തിൽ ആകാശത്തിനു യാതൊരു ബന്ധവുമില്ല. നേരേമറിച്ചു പ്രകാശത്തിന്റെ സഞ്ചരണത്തിനു വായു ആവശ്യമില്ല. പ്രകാശത്തിന്റെ അധിവാഹനത്തിനു് ആകാശവും ശബ്ദത്തിന്റെ അധിവാഹനത്തിനു വായുവുമാണാലംബം. ഈ സ്ഥിതിയിൽ ആകാശം ശബ്ദഗുണമാണെന്നു പറയുന്നതിനു വല്ല അർത്ഥവുമുണ്ടെങ്കിൽ അതെന്തെന്നു വ്യക്തമല്ല. അധുനികപ്രകൃതിശാസ്ത്രതത്ത്വങ്ങൾക്കു അതു യോജിച്ചിരിക്കുന്നില്ലെന്നു സ്പഷ്ടവുമാകുന്നു.

ശബ്ദസഞ്ചാരം വായുവിൽക്കൂടിയാണെന്നു നാം ഗ്രഹിച്ചു. എന്നാൽ വായുവിൽക്കൂടി മാത്രമേ ശബ്ദം വ്യാപരിക്കയുള്ളോ? അല്ലതന്നെ. വായുവിനെപ്പോലെയുള്ള മറ്റു വാതകങ്ങളും ജലംപോലെയുള്ള ദ്രവങ്ങളും ലോഹങ്ങളെപ്പോലെയുള്ള ഘനപദാർത്ഥങ്ങളും ശബ്ദത്തിന്റെ അധിവാഹനങ്ങളാകുന്നു. പക്ഷേ വായുവിൽക്കൂടിയുള്ള വ്യാപനമാണു ശബ്ദത്തിനു സാധാരണമായുള്ളതു്. വായുമണ്ഡലം ഭൂമിയെ ആവരണം ചെയ്തിരിക്കുന്നു. ഭൂതലത്തിൽ നിന്നു ദ്ദേശം 50 മൈൽ ഉയരം കഴിഞ്ഞാൽ വായു മിക്കവാറും ശൂന്യമാകുന്നു. ഭൂതലത്തെ സന്ധിക്കുന്ന വായുപടലങ്ങൾ ഇടതുന്നു സാന്ദ്രമായും മുകളിലോട്ടു പോകുന്തോറും വായുവിന്റെ പാളികൾ വിരളമായുമിരിക്കുന്നു. അമ്പതുമൈലിനു മീതെ മറ്റു ദ്രവ്യങ്ങളൊന്നുമില്ലാതെ കേവലം ആകാശം മാത്രം വ്യാപിച്ചിരിക്കുന്നു. അതുകൊണ്ടു ചന്ദ്രമണ്ഡലത്തിലൊ സൂര്യമണ്ഡലത്തിലൊ മഹത്തായ വല്ല ശബ്ദകോലാഹലവും നടന്നാൽ ഭൂലോകവാസികൾ ഒരിക്കലും അറികയില്ല. എന്നുവേണ്ട, അമ്പതുമൈലിനുപരിഭാഗത്തുണ്ടാവിക്കുന്ന അശരീരിവാക്കുകളും ആകാശഭാഷിതങ്ങളും മനുഷ്യർക്കു കേൾക്കുവാൻ സാധിക്കയില്ല. കാവ്യങ്ങളിലും നാടകങ്ങളിലും അശരീരിവാക്യങ്ങളും ആകാശവാണികളും പ്രയോഗിച്ചിട്ടുള്ള കവികൾ ഈ തത്വം ഗ്രഹിച്ചിരിക്കുമോ എന്നു സംശയമാണു്. ചൂടിന്റെയും പ്രകാശത്തിന്റെയും വ്യാപ്തിക്കു വായു അനപേക്ഷിതമാകയാൽ അതിദൂരസ്ഥമായ ആദിത്യബിംബത്തിൽ നിന്നുള്ള ചൂടും പ്രകാശവുംകൂടി ആകാശസംക്രമിതമായി നമുക്കു ലഭിക്കുന്നു.

ശബ്ദമുണ്ടാകുന്നതിനു കാരണം താംഗികമായ ചലനമോ സ്ഫുരണമോ ആയിരിക്കും. സ്ഫുരണമെന്നാൽ വിറ

യൽ പോലുള്ള കമ്പനമാണ്. ഫിഡിലിന്റെ തന്ത്രികളിൽ കോലുകൊണ്ടുരയ്ക്കുമ്പോൾ തന്ത്രികൾ സ്ഫുരിക്കുന്നു. അതുപോലെ മണിയടിക്കുമ്പോൾ അതിന്റെ ലോഹഭിത്തികൾക്കു സ്ഫുരണമുണ്ടാകുന്നു. മുട്ടുവായി കൈവച്ചു നോക്കിയാൽ ഈ സ്ഫുരണം ചിലപ്പോൾ നമുക്കു ബോധപ്പെട്ടും. ഒരു ടംബ്ളറിൽ കുറെ വെള്ളമൊഴിച്ചു, ഒരു വശത്തു ശബ്ദമുണ്ടാകത്തക്കവണ്ണം കൊട്ടിയാൽ അതിലുള്ള വെള്ളത്തിന്റെ സ്ഫുരണം നമുക്കു പ്രത്യക്ഷമായി കാണാവുന്നതാണ്. ഫിഡിൽതന്ത്രിയിലും മണിയിലും ടംബ്ളറിന്റെ വശങ്ങളിലുമുണ്ടാകുന്ന സ്ഫുരണം ചുറ്റുപാടും സംസക്തമായുള്ള വായുവിൽ തരംഗിതമായ ചലനത്തെ ജനിപ്പിക്കുന്നു. തന്ത്രി മുതലായ പദാർത്ഥങ്ങൾ ഒന്നു സ്ഫുരിക്കുമ്പോൾ തൊട്ടടുത്തുനിൽക്കുന്ന വായുവിനിട്ടു ചെറുതായി ഒരു തൊഴിവച്ചു കൊടുക്കുന്നതുപോലെ ഘട്ടനം ചെയ്യുന്നതോടുകൂടി താരശമായ ഒരു ചലനം വായുവിൽ വ്യാപിച്ചു് ഒടുവിൽ നമ്മുടെ കർണ്ണകുണ്ഡകങ്ങളിൽവന്നു തട്ടുന്നു. അങ്ങനെയാണു് നാം ശബ്ദം ശ്രവിക്കുന്നതു്.

ശബ്ദവീചികൾ പ്രകാശവീചികളോളം വേഗത്തിൽ പ്രസരിക്കുന്നില്ല. അകലെയടിച്ചു പൊടിവയ്ക്കുമ്പോൾ പൊടി പൊട്ടി സ്വല്പം കഴിഞ്ഞല്ലാതെ അതിന്റെ ശബ്ദം നാം കേൾക്കാറില്ല. ദൂരെയിരുന്നു രജകന്മാർ അലക്കുന്നതു സൂക്ഷിച്ചാൽ അലക്കുകല്ലിൽ വന്നു തുണി തല്ലുന്നതു കണ്ടു നിശ്ശബ്ദമായിട്ടലക്കുന്നതെങ്ങനെയെന്നു വിസ്മയിക്കാൻ തുടങ്ങുമ്പോൾ അല്ലാതെ അലക്കിന്റെ ശബ്ദം കേൾക്കാറാകയില്ല. ഇടിയും മിന്നലും ഏകകാലത്തുത്ഭവിക്കുന്നവയാണെങ്കിലും മിന്നൽ കണ്ടു കുറേക്കഴിഞ്ഞല്ലാതെ ഇടി കേൾക്കാറില്ല. ഈ ദൃഷ്ടാ

ന്തങ്ങൾ പ്രകാശവീചികളുമായി താരതമ്യം ചെയ്യുമ്പോൾ ശബ്ദവീചികൾക്കുള്ള മന്ദതയെ വിശദീകരിക്കുന്നു.

വീചിരൂപത്തിൽ ശബ്ദം പ്രയാണം ചെയ്യുമ്പോൾ അലംഘ്യങ്ങളായ പ്രതിബന്ധങ്ങൾ നേരിടുന്നതായാൽ ശബ്ദവീചികൾ പ്രതിനിവർത്തിച്ചു വായുവിനെ വീണ്ടും തരംഗിതമാക്കുന്നതുനിമിത്തം പ്രതിധ്വനി ജനിക്കുന്നു. ചുറ്റും മസൃണങ്ങളായ ഭിത്തികളുള്ള മുറികളിൽ ശബ്ദം പുറപ്പെടുവിച്ചാൽ പ്രതിധ്വനിയുണ്ടാകുന്നതു സാധാരണമാണല്ലൊ. പ്രസ്തുത വീചികൾ പ്രതിബന്ധപ്രദേശത്തിലേയ്ക്കു ചെല്ലുന്ന ചരിവിലോ നിരപ്പിലോ തന്നെ തിരിച്ചുവരുന്നതായി കാണുന്നു. അതായതു പോകുന്നതും വരുന്നതും ആയ വഴികൾ ഉച്ചനീചക്രമത്തിൽ സമമായിരിക്കുമെന്നു താല്പര്യം. പ്രതിധ്വനികൾ നമുക്കുണ്ടാക്കുവാൻ കഴിയുമെന്നുള്ളതിനുപുറമേ പ്രകൃതിയിൽതന്നേ വളരെയുണ്ടാകുന്നതായും നാം കാണാറുണ്ട്. അതിനുത്തമമായ ഉദാഹരണമാണിടി മുഴക്കം. ഒരു മേഘത്തിൽനിന്നു മറ്റൊരു മേഘത്തിലേയ്ക്കോ ഭൂമിയിലേയ്ക്കോ വിദ്യുച്ഛക്തി സംക്രമിക്കുമ്പോൾ മിന്നലുണ്ടാകുന്നു. മിന്നൽനിമിത്തമുണ്ടാകുന്ന വായുപ്രക്ഷോഭം ഇടിയായി പരിണമിക്കുന്നു. ചിലപ്പോൾ ഇടിയുടെ ശബ്ദം വെടിപൊട്ടുന്നതുപോലെ തൽക്കാലംതന്നെ വിരമിക്കുന്നു. ചിലപ്പോൾ അതു നീണ്ടുമുഴങ്ങി കേൾക്കപ്പെടുന്നു. ഇടിയുടെ ദീർഘനിഘ്രാദം അഥവാ മുഴക്കം, പ്രതിധ്വനി പ്രവൃത്തിനിമിത്തമുണ്ടാകുന്നതാകുന്നു. ഗംഭീരമായ ശബ്ദവീചി മേഘത്തിൽനിന്നു ഭൂമിയിലേക്കും ഭൂമിയിൽനിന്നു മേഘത്തിലേക്കും കന്ദുകംപോലെ കീഴ്പോട്ടും മേല്പോട്ടും വരികയും പോകയും ചെയ്യുന്നതുകൊണ്ടു പരമ്പരയാ പ്രതിധ്വനിയു

ണ്ടായി ഇടിനാദം നീണ്ടുനിൽക്കുന്നു. പ്രസംഗശാലകളും സംഗീതശാലകളും നിർമ്മിക്കുമ്പോൾ പ്രതിധ്വനിയുടെ ശല്യം ഉണ്ടാകാതിരിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാകുന്നു. സംഗീതശാലകളിൽ പ്രതിധ്വനി കലശലായാൽ ഗായകന്റെ ശബ്ദഭംഗിയുടെ സ്ഫുടിമ മങ്ങിപ്പോകുന്നു. അശ്രദ്ധമായി പണികഴിപ്പിച്ചിട്ടുള്ള പ്രസംഗശാലകളിലും സംഗീതശാലകളിലും പ്രതിധ്വനിയുടെ ദോഷം പരിഹരിക്കാൻ ചില കൗശലങ്ങൾ പ്രയോഗിക്കാറുണ്ട്. ചിലർ ചീട്ടിത്തരങ്ങൾകൊണ്ടു ഭിത്തികളെ അലങ്കരിക്കുന്നു. മറ്റുചിലർ കെട്ടിടത്തിനകമെ ചുറ്റുപാടും കമ്പിവലവച്ചുപിടിപ്പിക്കുന്നു. ഇങ്ങനെയുള്ള വിശേഷവിധികൾകൊണ്ടു ശബ്ദവീചികളെ ഭഞ്ജിക്കാവുന്നതാകയാൽ പ്രതിധ്വനിയ്ക്കു ഇടകൊടുക്കാതെ കഴിക്കുന്നു. ശബ്ദവീചികളെ ഛിന്നഭിന്നമാക്കിക്കളയുന്ന പ്രതിബന്ധപ്രദേശങ്ങളിൽ പ്രതിധ്വനിയ്ക്കു ജനനം സുലഭമല്ല.

ശബ്ദം ഓജസ്സിന്റെ ഒരു വകഭേദമാകുന്നു. അത്യുച്ചമായ പീരങ്കിവെടി കേട്ടിട്ടുള്ളവരുടെ ശ്രവണശക്തി സൂക്ഷ്മമായിപ്പോകയും അവരെ ബധിരത ബാധിക്കയും ചെയ്തതായി പല ദൃഷ്ടാന്തങ്ങളുണ്ട്. പ്രചണ്ഡമായ മേഘഗർജ്ജനംകൊണ്ടു കണ്ണാടിജന്നലുകളും മാറും പൊട്ടിപ്പോകുന്നതായും കണ്ടിട്ടുണ്ട്.

"നാദലക്ഷ്യം നഷ്ടപ്പെടുന്നു" എന്ന വാക്യത്തിന്റെ പരിശോധനദ്വാരാ ശബ്ദവിഷയകമായി പലതും നാം ഗ്രഹിച്ചു. ശ്രുതിസുഭഗമായ സംഗീതശബ്ദം മനുഷ്യരുടെ അന്ത

രാത്മാവിനെ സ്പർശിക്കുവാൻ സമർത്ഥമാകുന്നു. ഭാഷാരൂപമായ ശബ്ദം ലോകവ്യവഹാരത്തിനാവശ്യം വേണ്ടതായും പരിണമിച്ചിരിക്കുന്നു. അതുകൊണ്ടു ശബ്ദത്തിന്റെ മാഹാത്മ്യം അവർണ്ണനീയമാകുന്നു.

രാമരായചക്രവർത്തിയുടെ പരാജയം

വിജയനഗരം എന്നൊരു ഹിന്ദുസാമ്രാജ്യം ഇൻഡ്യയിൽ ദക്ഷിണാവർത്തത്തിലുണ്ടായിരുന്നു. ചുരുങ്ങിയപക്ഷം രണ്ടരശ്താബ്ദകാലം പ്രബലമായിരുന്ന പ്രസ്തുത സാമ്രാജ്യത്തിന്റെ ചരിത്രം ഇൻഡ്യൻ ചരിത്രത്തിൽ വിസ്മയകരമായ ഒരു ഘട്ടമാകുന്നു. അതിനു് അധോഗതി ആരംഭിച്ചതു ദക്ഷിണാവർത്തത്തിലെ മഹമ്മദീയസംസ്ഥാനങ്ങൾ ഏകോപിച്ചു ചെയ്ത യുദ്ധത്തിലുണ്ടായ പരാജയം നിമിത്തമായിരുന്നു. ഈ യുദ്ധം തളിക്കോട്ടയിൽവച്ചായിരുന്നു എന്നു പഴയ ചരിത്രപുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്നു. പക്ഷേ വാസ്തവത്തിൽ യുദ്ധം നടന്നതു "രക്ഷസ് തഗ്ടി" എന്ന സ്ഥലത്തുവച്ചായിരുന്നെന്നു നവീനപണ്ഡിതജ്ഞന്മാർ സ്ഥാപിക്കുന്നു. യുദ്ധകാലത്തു വിജയനഗരത്തിൽ രാജ്യഭാരം ചെയ്തിരുന്നതു രാമരായചക്രവർത്തിയായിരുന്നു. ഏകദേശം ഇരുപത്തിമൂന്നു വർഷം അദ്ദേഹം രാജ്യം ഭരിച്ചിരുന്നു. ശേഷമാണു മേല്പറഞ്ഞ യുദ്ധമുണ്ടായതു്. അപ്പോൾ അദ്ദേഹത്തിനു തൊണ്ണൂറിയാറു വയസ്സു് പ്രായമുണ്ടായിരുന്നതായി ചില രേഖകൾകൊണ്ടു കാണുന്നു. രാമരായരു് അന്നു് എൺപതുവയസ്സായിരുന്നെ

ന്നൊരു പക്ഷാന്തരമില്ലാതെയില്ല. രണ്ടായാലും വയോധികനായ രാമരായൻ യൌവനസ്ഥനെപ്പോലെ യോധനായകനായി പോരിനു പുറപ്പെട്ടതാശ്ചര്യംതന്നെയാകുന്നു.

വിജയനഗരസാമ്രാജ്യത്തിനു വടക്കുവശമായും ഒരു ഭാഗംകൊണ്ടു പടിഞ്ഞാറായും ബിജപ്പൂർ, ഗോൽക്കണ്ട, ബിഡാർ, അഹമ്മദ്നഗർ എന്നു നാലു മഹമ്മദീയസംസ്ഥാനങ്ങളുണ്ടായിരുന്നു. അവയ്ക്ക് അധിപതികളായിരുന്ന സുൽത്താന്മാർ തമ്മിൽ സ്പർദ്ധയ്ക്കു തുലോം ദർല്ലഭമായിരുന്നു. കൂടക്കൂടെ സുൽത്താന്മാർ തമ്മിൽ നടന്നുകൊണ്ടിരുന്ന മത്സരങ്ങളിലും യുദ്ധങ്ങളിലും ഏതെങ്കിലും ഒരു ഭാഗത്തു ചേർന്നു സ്വരാജ്യപുഷ്ടി വരുത്തുവാൻ രാമരായൻ ജാഗരൂകനായിരുന്നു. എതിർകക്ഷികൾ പരസ്പരസ്പർദ്ധകളായിരിക്കുന്നതുകൊണ്ടുള്ള സൌകര്യം രാമരായർ വേണ്ടപോലെ ഗ്രഹിച്ചിരുന്നതിനാൽ സുൽത്താന്മാർ തമ്മിൽ വല്ല കലഹകാരണവുമുണ്ടാകുമ്പോൾ അതിനെ ഉദ്ദീപിപ്പിച്ചും കാരണമൊന്നുമില്ലെങ്കിൽ ഉണ്ടാക്കിയും ശത്രുഭേദവ്യാപാരിയായി അദ്ദേഹം സർവ്വോല്ലംഘനം വർത്തിച്ചുവന്നു. കാകാക്ഷിഗോളകന്യായേന സുൽത്താന്മാരുടെ ഇടയ്ക്കുനിന്ന് ഉഭയതോമുഖനായി പ്രവർത്തിക്കുന്നതിനും തരംപോലെ ഒരു ഭാഗത്തു ചേർന്നു മറുഭാഗത്തെ മർദ്ദിക്കുന്നതിനും നയകോവിദനായ ചക്രവർത്തി സമർത്ഥനായിരുന്നു. ഒടുവിൽ സുൽത്താന്മാരിൽ ഒരുവൻ തനിച്ചോ ഏതാനുംപേർ മാത്രം ചേർന്നോ രാമരായനോടു പടവെട്ടാൻ അപേക്ഷിക്കുമാറാക്കി. ഇസ്ലാംമതത്തിനു ബഹിശ്ചരനായി ഹിന്ദുസാമ്രാട്ടിന്റെ പ്രൗഢിയും പ്രതാപവും അഗ്രഗണ്യമായി വളരുന്നതുകൊണ്ടുള്ള ഈർഷ്യ ഒടുവിൽ അവരെ ഏകീകരിക്കുവാൻ പ്രയോജനപ്പെട്ടു.

ഇങ്ങനെ സുൽത്താന്മാർ ഒന്നുചേർന്നു രാമരായനോടു യുദ്ധത്തിനു സന്നദ്ധരായി. ഈ വൃത്താന്തം ഗ്രഹിച്ചയുടനെ സിംഹളദ്വീപംമുതൽ കൃഷ്ണാനദിക്കപ്പുറംവരെ വ്യാപിച്ചിരുന്ന വിജയനഗരസാമ്രാജ്യത്തിലുണ്ടായിരുന്ന സാമന്തരാജന്മാരെയും പ്രഭുക്കന്മാരെയും വിവരമറിയിച്ചു് മഹത്തായ ഒരു സൈന്യം അദ്ദേഹം ശേഖരിച്ചു. അനന്തരം ചരിത്രത്തിനൊരു തൽകാലകാരണമുണ്ടാക്കുവാൻ ബിജപ്പൂർ സുൽത്താൻ, തന്റെ പക്കൽനിന്നും രാമരായൻ പിടിച്ചുടക്കിയിരുന്ന കോട്ടകൾ തിരിയെ വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ട വിജയനഗരരാജധാനിയിലേക്കു ദൂതന്മാരെ അയച്ചു. ദൂതന്മാരെ രാമരായൻ അനാദരിച്ചു മടക്കിയയച്ചതുകൊണ്ടു സുൽത്താന്മാരുടെ സൈന്യം വിജയനഗരാക്രമണത്തിനു ദക്ഷിണാഭിമുഖമായി യാത്രയാരംഭിച്ചു.

യുദ്ധത്തിനു പുറപ്പെടുന്നതിനുമുമ്പു രാമരായന്റെ കാര്യപരിപാടി നോക്കുക. തലേദിവസം രാത്രി ചക്രവർത്തിക്കു കാകനിദ്രപോലെ സല്പമായ ഉറക്കമേ ലഭിച്ചിരിക്കാനിടയുള്ളൂ. അദ്ദേഹം അന്തഃപുരത്തിൽ പ്രവേശിച്ചു പട്ടമഹിഷിയായ സതീഭാമാഭായിയോടു യാത്ര പറയുന്നു. അവരെ പ്രസാദിപ്പിക്കുവാൻ അനല്പങ്ങളായ അനേകമാഭരണങ്ങൾ അദ്ദേഹം സമ്മാനം കൊടുക്കുന്നു. അവിടുന്നിറങ്ങി ദേവചിന്താമണി എന്ന മറ്റൊരു ഭാര്യയുടെ ശയ്യാഗൃഹത്തിൽ അദ്ദേഹം ചെന്നുചേരുന്നു. അവരുടെ സഹവാസംകൊണ്ടു മുദിതനായി സമ്മാനദാനങ്ങൾ കഴിഞ്ഞു രാമരായൻ തൃതീയഭാര്യയായ മനോമോഹിനി നിജസപത്നിയെ ചെന്നു കാണുന്നു. ആ സ്ത്രീയുടെ വിലാസചേഷ്ടകൾകൊണ്ടു സന്തുഷ്ടനായ വൃദ്ധചക്രവർത്തി ഉദ്യാനവാടിയിൽനിന്നു

വിശിഷ്ടങ്ങളായ കനികൾ വരുത്തി അവക്ക് വിതരണം ചെയ്യുന്നു. അനന്തരം അതിവൃദ്ധയായ മാതാവിന്റെ അനുഗ്രഹം പ്രാർത്ഥിക്കുവാൻ യാത്രോൽമുഖനായ രാജാവ് അവരുടെ സന്നിധിയിൽ എത്തുന്നു. സുൽത്താന്മാർ എല്ലാം ഒന്നുചേർന്നു പുറപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് സന്ധിചെയ്യയല്ലേ പന്തിയെന്നും മറ്റും രാജ്യതന്ത്രവാദത്തിനു പുറപ്പെട്ട മാതാവിന്റെ ശങ്കകളെ പരിഹരിച്ചശേഷം ശയ്യാഗൃഹത്തിൽ പ്രവേശിച്ചുറങ്ങുവാൻ തുടങ്ങിയ രാമരായൻ സിംഹാസനവും കുണ്ഡലങ്ങളും അരോ അപഹരിക്കുന്നതായി സ്വപ്നം കണ്ട് എഴുന്നേറ്റിരിക്കുന്നു. പ്രാശ്നികന്മാരും ജ്യോതിഷികളും വന്നുകൂടുന്നു. ശുഭാശുഭനിരൂപണം ചെയ്ത വിജയം കരസ്ഥമാണെന്നവർ ഉൽഘോഷിക്കുന്നു. അത്രതപൂർവ്വമായ ശത്രുസന്നാഹംകൊണ്ടു രാമരായന്റെ ധൈര്യത്തിനു ലവലേശം അസൈഥില്യമുണ്ടായില്ല.

രാമരായന്റെ സഹോദരന്മാരായി തിരുമല എന്നും വെങ്കിടാദ്രി എന്നും രണ്ടുപേരുണ്ടായിരുന്നു. അഞ്ഞൂറു ഗജങ്ങളും ഇരുപതിനായിരം അശ്വങ്ങളും ഒരുലക്ഷം കാലാളും ഉൾപ്പെടെ ഒരു സൈന്യം തിരുമലയുടെ നേതൃത്വത്തിലും അതുപോലെ മറ്റൊരു സൈന്യം വെങ്കിടാദ്രിയുടെ നേതൃത്വത്തിലും കൃഷ്ണാനദിയുടെ തെക്കേക്കരയിലേക്കു ശത്രുക്കൾ കടക്കാതെ നോക്കിക്കൊള്ളുന്നതിനു നിയുക്തമായിരുന്നു. സൈന്യശേഷത്തോടുകൂടി രാമരായൻ അവരെ അനുഗമിച്ചു. മഹമ്മദീയസൈന്യം കൃഷ്ണാനദിക്കു വടക്കുള്ള വിജയനഗരപ്രദേശങ്ങളെ മരുപ്രായമാക്കിക്കൊണ്ടു നദികടന്നു മറുകരെക്കേറുവാൻ തീരപ്രദേശത്തു വന്നുചേർന്നു. അപ്പോൾ ദക്ഷിണതീരത്തു ഗംഭീരമായ വിജയനഗരസൈന്യം ശത്രുസൈന്യ

ത്തെ പ്രതീക്ഷിച്ചുകൊണ്ടു സശ്രദ്ധം അണിനിരന്നു നിൽക്കുന്നതു കാണപ്പെട്ടു. നദിയെ തരണംചെയ്യാൻ സൗകര്യമുള്ളതായിട്ടേകഘട്ടമേ ഉണ്ടായിരുന്നുള്ളു. അവിടം എതിർക്കുന്നതിനു കരസ്ഥമാണെന്നു കണ്ടു് മഹമ്മദീയ സൈന്യം മറ്റൊരു ദിക്കിൽകൂടി കടക്കുമെന്നുള്ള നാട്യത്തിൽ വടക്കെക്കരക്കൂടി നെടുനീളെ യാത്രയാരംഭിച്ചു. ഏകദേശം മൂന്നു ദിവസം ഇങ്ങനെ യാത്രതുടർന്നുകൊണ്ടിരുന്ന മഹമ്മദീയ സൈന്യത്തിന്റെ കൗശലം മനസ്സിലാക്കാതെ വിജയനഗരസൈന്യം സ്വസ്ഥാനമപേക്ഷിച്ചു തെക്കേക്കരക്കൂടി ശത്രുസൈന്യത്തിന്റെ പ്രതിച്ഛായപോലെ പുറകെ പുറപ്പെട്ടു. ഹിന്ദുസൈന്യം തുണഘട്ടത്തിൽനിന്നു വേണ്ടപോലെ അകന്നു എന്നു മനസ്സിലായപ്പോൾ മഹമ്മദീയ സൈന്യം പെട്ടെന്നു പിൻതിരിഞ്ഞു് ഉദ്ദിഷ്ടമായ ദിക്കിലെത്തി മറുകരയ്ക്കു കടക്കുവാൻ തുടങ്ങി. പിറേറദിവസം പ്രഭാതത്തിൽ കൃഷ്ണാനദിക്കു കുറെ തെക്കു രക്ഷസ്സഗ്ഡി എന്ന സ്ഥലത്തുവച്ചു രണ്ടു സൈന്യങ്ങളുടേയും നാസീരപംക്തികൾ (മുന്നണികൾ) തമ്മിൽ ഇടഞ്ഞു. അപ്പോഴേയ്ക്കും രാമരായൻ സൈന്യസമേതനായി അവിടെ വന്നുചേർന്നു. ഉടൻതന്നെ ശത്രുക്കളുടെ സ്ഥിതിഗതികൾ അറിയുന്നതിനു സ്വസൈന്യത്തിൽനിന്നു ധീരാഗ്രഗണ്യമായ ഒരു വിഭാഗത്തെ അദ്ദേഹം നിയോഗിച്ചു. ഒരുപക്ഷേ ഇവരുമായിട്ടായിരിക്കുമോ മഹമ്മദീയസൈന്യത്തിന്റെ മുഖപംക്തികൾ ഇടഞ്ഞതെന്നു ചില ഗ്രന്ഥകാരന്മാർ സംശയിക്കുന്നു. രാമരായൻ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ സേനകളുടെ പുരോഭാഗങ്ങൾ തമ്മിൽ അഭിഘട്ടനം നടക്കുന്നതറിഞ്ഞു. ഉടൻതന്നെ ആ വൃദ്ധൻ യുവസദൃശമായ ഉത്സാഹോന്മേ

ഷത്തോടുകൂടി കുതിരപ്പുറത്തു ചാടിക്കയറി പോർക്കളത്തിലേക്കു പുറപ്പെട്ടു. സേനാഗ്രഭാഗങ്ങൾ തമ്മിൽ ഉഗ്രമായി നടന്നപോരിൽ മഹമ്മദീയസൈന്യം നിരുദ്ധമായി പുറകോട്ടു മാറേണ്ടിവന്നു. അനന്തരം രാമരായൻ തന്നെ സ്വസൈന്യങ്ങളെ വേണ്ടപോലെ വ്യൂഹനംചെയ്തു. സേനയുടെ ദക്ഷിണപക്ഷത്തിനദ്ധ്യക്ഷനായി തിരുമലരായനെയും വാമപക്ഷത്തിനു നാഥനായി വെങ്കിടാദ്രിയേയും നിയമിച്ചുകൊണ്ടു മദ്ധ്യഭാഗത്തിന്റെ അധിപത്യം അദ്ദേഹം സ്വയം കൈയേറ്റു. സഹോദരന്മാരായ തിരുമലരായനും വെങ്കിടാദ്രിയും വയോധികനായ ജ്യേഷ്ഠൻ യുദ്ധത്തിൽ ഏർപ്പെടേണ്ടെന്നും അവർ സൈന്യത്തെ ശരിയായി ഭരിച്ചുകൊള്ളാമെന്നും വളരെ ഉപചന്ദനം പ്രയോഗിച്ചുനോക്കിയിട്ടും രാമരായൻ വഴിപ്പെട്ടില്ല. അവിടെ നടക്കുവാൻ പോകുന്നതു കേവലം ബാലക്രീഡയല്ലാതെ യുദ്ധമായിട്ടു താൻ കരുതുന്നില്ലെന്നും പ്രഥമപ്രഹാരത്തിനോടെ ശത്രുക്കൾ പലായനം ചെയ്യുമെന്നും അയുസ്സിന്റെ ചരമദശയിൽ അധീരതയ്യുദ്ധനമായി അപയശോമാലിന്യം ആർജ്ജിക്കുവാൻ താൻ തയ്യാറില്ലെന്നുമായിരുന്നു രാമരായന്റെ മറുപടി. ഹിന്ദുസൈന്യത്തിനു സദൃശമായി ശത്രുസൈന്യവും വേണ്ടപോലെ വ്യൂഢമായി. സേനാവ്യൂഹത്തിന്റെ മദ്ധ്യഭാഗത്തു അഹമ്മദ് നഗരസുൽത്താനും പക്ഷഭാഗങ്ങളിൽ മറ്റുള്ള സുൽത്താന്മാരും അധിപത്യം അംഗീകരിച്ചു.

സമയം മദ്ധ്യാഹ്നമായി. ഇരുകക്ഷികളുടേയും സൈന്യപംക്തികൾ അകാവുന്നിടത്തോളം സമീപിച്ചു നിൽക്കുന്നു. രൗദ്രമായ ആയോധനനാടകം ഉത്തരക്ഷണത്തിൽ

ആരംഭിക്കാതെ കഴികയില്ല. വെങ്കിടാദ്രിയാൽ നീതമായ ഹിന്ദുസൈന്യവിഭാഗം ആയിരുന്ന ഇദംപ്രഥമമായി ശാന്തിമുദ്രയെ ഭഞ്ജിച്ചതു്. അഭിമുഖമായി ബിജപ്പൂർ സുൽത്താനു വശംവദമായി നിന്നിരുന്ന മഹമ്മദീയസൈന്യം വെങ്കിടാദ്രിയുടെ ഭയങ്കരാക്രമണത്തിനു ലക്ഷ്യമായതോടുകൂടി യുദ്ധമാരംഭിച്ചു. അതിനുമുമ്പിൽ അവിടെവച്ചു മഹമ്മദീയരെ തോല്പിച്ച കൃഷ്ണാനദി കടത്തി ഓടിച്ചിട്ടുള്ള വീരനാണു വെങ്കിടാദ്രി. ആസേനാനിയുടെ പീരങ്കികൾ വമിക്കുന്ന മൃത്യുപിണ്ഡങ്ങൾ ശത്രുക്കളെ ശതംശതമായി നിലം പതിപ്പിക്കുന്നു. ഗജതുരഗപദാതികളുടെ ചണ്ഡതയോടുകൂടി ദുർധർഷമായി ശത്രുസൈന്യങ്ങളുടെമേൽ ആപതിച്ച വെങ്കിടാദ്രിയുടെ പരാക്രമംനിമിത്തം ബിജപ്പൂർ സുൽത്താൻ അടിയിളകി ജിതപ്രായനായി പിൻവലിയുന്നു. അപ്പോഴേക്കും യുദ്ധം സാവ്രതികമായി. ഹിന്ദുസൈന്യത്തിന്റെ ദക്ഷിണപക്ഷം അതായതു തിരുമലയുടെ സേനാവിഭാഗം, ഗോൽക്കണ്ടാ, ബിഡാർ ഈ സുൽത്താന്മാരുടെ സൈന്യങ്ങളെ ശൂന്യമാക്കുമെന്ന മട്ടിൽ പ്രമർദ്ദനം നടത്തുന്നു. ആ രണ്ടു സുൽത്താന്മാരും ഉത്താളമായ പ്രഹാരമേറു വിഷമിക്കുന്നു. പക്ഷേ തിരുമലയ്ക്കും പുത്രനായ രഘുനാഥനും മുറിവേറു പോരിൽ നിന്നു പിൻമാറേണ്ടിവന്നു. തിരുമലരായന്റെ ഒരു കണ്ണു തീരെ നഷ്ടമായി. രഘുനാഥന്റെ കഥ പിന്നെയെങ്ങും കാണാനില്ലാത്തതുകൊണ്ടു് അദ്ദേഹം ഈ യുദ്ധത്തിൽ ഹതനായിരിക്കണമെന്നു ചിലർ അനുമാനിക്കുന്നു. ഈ വൃത്താന്തം രാമരായൻ അറിഞ്ഞപ്പോൾ വിചാരിച്ചിരുന്നതിൽ കൂടുതൽ ഗൗരവം കാര്യത്തിനുണ്ടെന്നു തോന്നി അദ്ദേഹം തന്റെ കുതിരയിൽ

കയറി "ഗരുഡാ, ഗരുഡാ" എന്നുൽഘോഷിച്ചുകൊണ്ടു എതിർസേനയുടെ നേരേ പാഞ്ഞു ചെന്നു. നേതാവിന്റെ സാഹസംകണ്ടു സൈനികന്മാർ ശത്രുസേനയിൽ കക്ഷമായി പരാക്രമിച്ചു. ഹിന്ദുസൈന്യം മറുസൈന്യത്തിന്റെ ഇടവും വലവും പ്രയോഗിച്ച പരാക്രമംകൊണ്ടു ബിജപ്പൂർ ഗോൽക്കണ്ട, ബിഡാർ ഈ സുൽത്താന്മാരുടെ സേനാവിഭാഗങ്ങൾ ഛിന്നഭിന്നമായി പിൻവലിഞ്ഞുപോയി. അനന്തരം ശത്രുസൈന്യത്തിന്റെ മധ്യപ്രദേശത്തെ എതിർക്കാൻ രാമരായൻ സ്വസൈന്യത്തെ നയിച്ചു. അപ്രതീക്ഷിതവും ഉച്ചണ്ഡവും ആയ ആക്രമം നിമിത്തം അഹമ്മദ്നഗരസുൽത്താന്റെ സൈന്യത്തിൽ രണ്ടായിരത്തിൽപരം ആളുകൾ നശിക്കയും ഹതശേഷിതമായ സൈന്യം ഉദ്ദേശം രണ്ടുനാഴികവഴി പിന്മാറുകയും ചെയ്തു. രാമരായന്റെ സൈനികന്മാർ ഇപ്രകാരം സ്വാമിഭക്തിയേയും സ്വപ്രയത്നത്തെയും ഒന്നുകൂടി വിശദീകരിച്ചു.

പക്ഷേ ഇതുപൊക്കെയായിട്ടും യുദ്ധരംഗം ശത്രുസൈന്യരഹിതമെന്നു പറയാറായില്ല. ബിജപ്പൂർ സുൽത്താൻ നഷ്ടശിഷ്ടമായ സൈന്യത്തെ പുനഃസംഘടിപ്പിച്ചു രാമരായനെ എതിർക്കുവാൻ വന്നുചേർന്നു. ബിജപ്പൂർ സുൽത്താനുമായി നടന്ന പോർ അവസാനിക്കുന്നതിനുമുമ്പു്, അഹമ്മദ് നഗരസുൽത്താനും സ്വസൈന്യത്തെ സജ്ജീകരിച്ചുകൊണ്ടു പ്രത്യാഗമിച്ചു. ഇപ്രകാരം യുദ്ധം ഒന്നുകൂടി ആവർത്തിച്ചു. ശത്രുസൈന്യത്തിന്റെ ഇടവും വലവുമുള്ള പക്ഷഭാഗങ്ങളെ ഹിന്ദുസൈന്യം നിഷ്ഠുരമായി എതിർത്തു പിന്മാറുകയിലീകരിച്ചു. ബിജപ്പൂർ, ഗോൽക്കണ്ട, ബിഡാർ ഈ സുൽത്താന്മാർക്കു വിജയം അസാധ്യമാണെന്നു തോന്നുക

യാൽ ; യുദ്ധത്തിൽനിന്നു പിൻവാങ്ങിയാൽമതി എന്നതി പ്രായം ജനിച്ചു. അഹമദ്നഗരസുൽത്താൻമാരും അച ഞ്ചലനായി സൈന്യമധ്യഭാഗമുറപ്പിച്ചു നിന്നിരുന്നു. തന്നി മിത്തം എതിർസേനയുടെ മധ്യഭാഗത്തെ ലക്ഷ്യമാക്കി ഹിന്ദുസൈന്യവിഭാഗങ്ങൾ ആക്രമണം തുടങ്ങി. അഹമദ് നഗരസുൽത്താന്റെ സൈന്യപുരോഭാഗത്തു രണ്ടു പന്തി അസ്ത്രപാണികളായ കാലാളുകളും അതിനുപുറകേ നിഗ്രഹ മായി പീരങ്കികളും സജ്ജീകരിക്കപ്പെട്ടിരുന്നു. ഹിന്ദുസൈ ന്യം മുന്നണിയിൽ നിന്നിരുന്ന പദാതികളിൽ ആപതിച്ചു തുടങ്ങിയപ്പോൾ ക്രമേണ അവർ പിന്വാങ്ങിക്കയും രാമരായന്റെ സൈനികന്മാർ പീരങ്കികളുടെ മുഖങ്ങ ളോടു് അപല്ക്കരമായി സമീപിക്കയും ചെയ്തു. ഇതായി രുന്നു മഹമ്മദീയ സൈന്യത്തിന്റെ ഭാഗ്യോദയം. വലിയ തോക്കുകൾ അത്യുഗ്രമായി ഹിന്ദുസൈന്യത്തെ ഹനിച്ചു തുടങ്ങി. ഏകദേശം അയ്യായിരം പേരോളം വിജയനഗര ഭടന്മാർ പീരങ്കികൊണ്ടു ഭൂലോകപാരം ഗമിച്ചു. രാമരാ യന്റെ സൈന്യം സർവ്വത്ര സങ്കുലമായി സംഭ്രമിച്ചു. ഈ കുഴപ്പത്തിനിടയിൽ വിജയനഗരസൈന്യത്തിൽ ഉൾപ്പെട്ടി രുന്ന രണ്ടു അഹിന്ദുക്കളായ സേനാനായകന്മാർ അവരുടെ സേനാവിഭാഗങ്ങളോടുകൂടി ശത്രുപക്ഷത്തിൽ ചേരുവാൻ രാമരായന്റെ സൈന്യത്തെ വിട്ടുപിരിഞ്ഞു. പ്രസ്തുത സങ്ക ടാവസ്ഥയിൽ യുദ്ധത്തിൽവച്ചു രാമരായനു മുറിവേറ്റു. ഇനി പ്പറഞ്ഞാതെ നിവൃത്തിയില്ലെന്നു കണ്ടു് രാമരായൻ ഒരു പല്ലക്കിൽ കയറി. പല്ലക്കുവാഹകന്മാർ അദ്ദേഹത്തെ വഹിച്ചുകൊണ്ടു പുറപ്പെട്ടപ്പോൾ അവരുടെ നേരെ ശത്രു സൈന്യത്തിൽ നിന്നു് ഒരു ഗജം പാഞ്ഞു വരുന്നതു കണ്ടു.

ഭയവിഹ്വലന്മാരായ വാഹകന്മാർ പല്ലക്കിട്ടുംവച്ചു പലായനംചെയ്തു. പണിപ്പെട്ട പല്ലക്കിൽനിന്നു വെളിയിലിറങ്ങി രക്ഷപ്പെടുവാൻ ശ്രമിച്ച ചക്രവത്തിയെ ആന തുമ്പിക്കൈ ചുറ്റിപ്പിടിച്ചു. ഇങ്ങനെ രാമരായൻ ഏതിർകക്ഷിയുടെ കൈയിൽ അകപ്പെട്ടു.

ബന്ധനത്തിലകപ്പെട്ട ഉടൻ തന്നെ രാമരായനെ അഹമ്മദ്നഗരസുൽത്താന്റെ സന്നിധിയിലേയ്ക്കു കൊണ്ടുപോയി. അമർഷമൂർച്ചിതനായിരുന്ന സുൽത്താനു് രാമരായനിൽ പക്ഷപാതമുണ്ടായിരുന്ന സുൽത്താന്മാർ വല്ലവരും വന്നുചേരുന്നതിനു മുമ്പു് വൈരനിര്യാതനം നടത്തണമെന്നു തോന്നിയതുകൊണ്ടു ചക്രവത്തിയുടെ ശിരശ്ഛേദത്തിനു കാലതാമസമൊട്ടുമുണ്ടായില്ല. ഇപ്രകാരം വിജയനഗരത്തിന്റെ അഭിവൃദ്ധിയും രാമരായന്റെ വാർദ്ധക്യവും സമാപ്തിയെ പ്രാപിച്ചു. നേതാവിന്റെ വധം നിമിത്തം ഉദ്വിഗ്നമായ വിജയനഗരസൈന്യം രണാങ്കണത്തിൽ നിന്നു പലവഴി പലായനം ചെയ്തു.

ഇതു നടന്നതു് ക്രിസ്താബ്ദം 1565 ജനുവരി 25-ാം തീയതിയായിരുന്നു. വിജയനഗരരാജവംശം ഏകദേശം ഒരു ശതാബ്ദകാലം കൂടി നിലനിന്നു. എങ്കിലും ഈ രണഭംഗവും സേനാവിനാശവും മർമ്മഭേദിയായിട്ടവസാനംവരെയും ഫലിച്ചിരുന്നു.

ജന്തുക്കൾ കുട്ടികളെ വളർത്തുന്ന വിധങ്ങൾ

മനുഷ്യർ സ്വശിശുക്കളെ വളർത്തിക്കൊണ്ടു വരുവാൻ ചെയ്യുന്ന ശ്രമങ്ങൾ നമുക്കു നന്നേ പരിചിതങ്ങളാണു്. ശിശുക്കളെ വളർത്തുവാൻ അശ്രാന്തമായ ശ്രദ്ധ മാതാപിതാക്കന്മാർ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളുടെ ഹിതമനുവർത്തിക്കുന്നതിൽ അച്ഛനമ്മമാർക്കു യാതൊരലംഭാവവുമില്ല. കാലക്രമേണ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചു് ലോകവ്യവഹാരത്തിനു സമർത്ഥരാക്കുന്നു. സശ്രദ്ധമായി വളർത്തപ്പെടുന്നില്ലെങ്കിൽ മനുഷ്യശിശുക്കൾ അല്പായുസ്സുകളായിപ്പോകയോ അസമർത്ഥന്മാരായിത്തീരുകയൊ ചെയ്യുന്നു. മറ്റു ജന്തുക്കളുടെ വിഷയത്തിൽ ഇപ്രകാരം വല്ല തല്പരതയും ഉണ്ടോ? അവയെ വളർത്തുന്ന ചുമതല പ്രകൃതി തന്നെ കൈയേറ്റിരിക്കയാണോ? അഥവാ അവയുടെ പരിപോഷണത്തിൽ മാതാപിതാക്കൾ കേവലം ഉദാസീനങ്ങളാണോ? തിന്മുക്കൾക്കു് അദ്ധ്യാപകന്മാരുണ്ടോ? അതോ അവ ഗുരുമുഖാപേക്ഷകൂടാതെ വേണ്ട തന്റേടം സമ്പാദിക്കുമോ?

മനുഷ്യരും മൃഗങ്ങളും ഒരുമാതിരി അതമ്പയെന പ്രകൃത്യാ പരിശീലിക്കുന്നുണ്ടെന്നുള്ളതു നിസ്തർക്കമാണു്. വിറകുവെട്ടണമെന്നോ ഭൂമി കിളയ്ക്കണമെന്നോ ചുമടു ചുമക്കണമെന്നോ പറഞ്ഞാൽ അതിനൊരഭിരുചിയും നമുക്കു തോന്നുകയില്ല. നേരമേറിച്ചു പന്തു കളിക്കുന്നതിനോ ടെന്നീസു കളിക്കുന്നതിനൊ ആണെങ്കിൽ എത്ര ശരീരശ്രമമാണ സഹിക്കാൻ നാം സന്നദ്ധരാകാത്തതു്? വെറും വെട്ടും കിളയും നമുക്കു വിരസമാണെങ്കിലും നമ്മുടെ തോട്ട

ത്തിൽ വേണ്ട വേലചെയ്യുന്നതിനു് എന്തുത്സാഹം നമുക്കു തോന്നാറുണ്ടു്! നേരേമറിച്ചു് ശമ്പളം കൊടുത്തു തോട്ടത്തിൽ വേലയ്ക്കു നിയമിക്കപ്പെട്ടുന്ന തോട്ടക്കാരൻ, വേല ചെയ്യുന്നതിനു് എത്രമാത്രം പ്രമുഖ്യം കാണിക്കുന്നു എന്നു നോക്കുക. ഇതുകൊണ്ടു വിചാരിക്കേണ്ടതു വിനോദത്തിലാണെങ്കിൽ ഏതു ശരീരക്ലേശവും നമുക്കു രസ്യമായിരിക്കുമെന്നും അങ്ങനെയല്ലെങ്കിൽ അതൊരു ബുദ്ധിമുട്ടായി നാം ഗണിക്കുന്നുവെന്നുമാണു്. ഇങ്ങനെ ആത്മവഞ്ചന നാം അറിയാതെ നടത്തുകൊണ്ടിരിക്കുന്നതു പ്രകൃതിയുടെ കൌശല പ്രയോഗം നിമിത്തമാണു്. പ്രകൃതി പ്രായേണ ലീലാപ്രിയമാണു്. മനുഷ്യരുടേയോ തിര്യക്കുകളുടേയൊ ശിശുക്കൾ ജാതമാത്രസ്ഥിതിയിൽ ശക്തിശൂന്യങ്ങളാകുന്നു. സ്വശിശുക്കളെ മനുഷ്യർ വളരെ ഗൌരവമായി വിചാരിച്ചു വളർത്തുവാൻ തുടങ്ങുന്നു. മറ്റു ജന്തുക്കൾ കുട്ടികളുടെ ക്രീഡകളെ തന്നെ പാഠങ്ങളായിട്ടു പ്രയോഗിക്കുന്നു. അതായതു മൃഗാദികൾ കുട്ടികളെ കായ്പ്രാപ്തിനഭ്യസിപ്പിക്കുന്നതു ക്രീഡാവ്യാപാരമുഖേന ആകുന്നു. അതിനെ വിശദീകരിക്കാൻ അനുഭവസ്ഥനായ ഒരുവന്റെ കഥ പറയാം.

വേട്ടയ്ക്കുപോയി ക്ഷീണിച്ചിട്ടു കുറെ വിശ്രമിക്കാമെന്നു വച്ചു കാട്ടിൽ ഒരിടത്തു സ്വസ്ഥമായിരുന്നിരുന്ന ധാരയുടെ പുറകിൽ ഇടത്തുവശത്തു പെട്ടെന്നു ചാടിവീണു ഒരു വ്യാഘ്രി പിടികൂടി. വലതു കൈപ്പാട്ടിലുണ്ടായിരുന്ന തോക്കു കൈക്കലാക്കുവാൻ ധാരയ്ക്കു സാധിച്ചെങ്കിലും അതു പ്രയോഗിക്കുന്നതിനു മുമ്പു കടുവാ ധാരയെ വലിച്ചിഴച്ചുതുടങ്ങി. ആ ഘാതകിയുടെ വ്യവസായം എല്ലാം തീരം കിട്ടുന്നതുവരെ സഹിക്കയല്ലാതെ ഗതിയില്ലെന്നുവെച്ചു മൃതപ്രായനായി

കിടന്നിരുന്ന ഥാരയേ വ്യാഘ്രിഭാമിനി വലിച്ചു കാട്ടിനുള്ളിൽ ഒരിടത്തു കൊണ്ടിട്ടുകൊണ്ടു മന്ദമായിട്ടൊന്നമറി. ഉടനെ അതിന്റെ കുട്ടികൾ രണ്ടും ഓടി വന്നുചേർന്നു. മനുഷ്യ വിഗ്രഹം കണ്ടു പരിഭ്രമിച്ചു കുട്ടികളുടെ ഭീതി നീരാകരിച്ചു നിശ്ശങ്കമായി കൈവയ്യാമെന്നുപദേശിക്കുന്നതു പോലെ മാതാവു പാദതലങ്ങൾകൊണ്ടു ഥാരയെ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കാണിച്ചുകൊടുത്തു. അനന്തരം കുട്ടികൾ രണ്ടും ഥാരയുടെ പാദപ്രദേശത്തു വന്നു കാലിന്റെ മീതേ അങ്ങോട്ടുമിങ്ങോട്ടും ചാടിക്കടന്നു കളിക്കുകയും ഒടുവിൽ അങ്കുരങ്ങളായി സ്ഫുടിച്ചിരുന്ന പല്ലുകളും നഖങ്ങളും കാൽവണ്ണയിൽ പ്രയോഗിക്കുകയും ചെയ്തു. നരമേധത്തിനുള്ള മനുഷ്യ പശുവിനെപ്പോലെ കിടന്നിരുന്ന ഥാരയുടെ മീതെ കാൽ കവച്ചു നിന്നുകൊണ്ടു കുട്ടികളുടെ ആഹാരലീലനോക്കി രസിച്ചിരുന്ന മാതാവിന്റെ വക്ഷസ്സടത്തിൽ തോക്കൊഴിക്കുവാൻ ഈ ഭയങ്കരമായ വിനോദവേള അനുകൂലിച്ചു. അങ്ങനെ ഥാരയ്ക്കു മൃത്യുവക്ത്രത്തിൽ നിന്നു രക്ഷകിട്ടി. ഈ സംഭവത്തിൽ ശ്രദ്ധേയമായ ചില സംഗതികളുണ്ട്. ഭക്ഷ്യനായ ഥാരയെ പിടിച്ചിടത്തുവച്ചു വധിക്കാതെ കുട്ടികളുടെ അടുക്കലേക്കു വ്യാഘ്രി വലിച്ചുകൊണ്ടു പോകുന്നു. കുട്ടികൾ ഭയന്നാട്ടക്കാതിരുന്നിട്ടും തള്ള സ്വയം ഹനനത്തിനാരംഭിക്കുന്നില്ല. നേരേമറിച്ചു കുട്ടികൾതന്നെ ആഹാരസാധനത്തെ കടിച്ചുകൊന്നു തിന്നുന്നതിനു പഠിക്കേണ്ടതാണെന്നുള്ള ഭാവത്തിൽ മാതാവു മാർഗ്ഗദർശിനിയായി നിന്നതേയുള്ളൂ. ക്രീഡാതൽപരങ്ങളായ ശിശുക്കളെക്കൊണ്ടു കായ്യം നിർവ്വഹിപ്പിക്കുന്നതിനാണു വ്യാഘ്രിയുടെ ഉത്സാഹം. ഇതു ക്രീഡാപോരേണ

തിന്റെകൾ അവയുടെ കുട്ടികൾക്ക് ഭാവിജീവിതത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട സാമർത്ഥ്യം അഭ്യസിപ്പിക്കുന്നതിനു് ഒരുനല്ല ദൃഷ്ടാന്തമാണു്.

ഇങ്ങനെയാണു സാധാരണതിന്റെകൾക്ക് ബാല്യദശയിലുള്ള അഭ്യാസപദ്ധതി. പിറന്നു തീർന്നതിൽപിന്നെ സപ്പകാലത്തേക്ക് സിംഹത്തിന്റെയോ വ്യാഘ്രത്തിന്റെയോ കുട്ടികൾപോലും മാടപ്രാവിന്റെ കുട്ടികളെപ്പോലെ ബലഹീനങ്ങളും ശാന്തങ്ങളുമായിരിക്കും. തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവിൽ പെൺപട്ടിയുടെ മുലപ്പാൽ കുടിച്ചു വളർന്നവന്ന ഒരു സിംഹക്കുട്ടിയുണ്ടായിരുന്നു. നഖങ്ങളും പല്ലുകളും ഏറെക്കുറെ പ്രയോഗിക്കാറാകുന്നതായാൽ പിന്നെ മാതാപിതാക്കളുടെ അദ്ധ്യക്ഷതയിൽ മാംസച്ഛേദനക്രിയ അവ കളിയായിട്ടഭ്യസനം ചെയ്യുന്നു. പിന്നീടു കാലക്രമേണ മറ്റു ജന്തുക്കളെ വധിച്ചു ഭക്ഷിക്കുവാൻ അവയ്ക്കു പ്രാപ്തിയുണ്ടാകുന്നു.

മനുഷ്യശിശുക്കളെ ചെന്നായ്ക്കൾ എടുത്തു് വളർത്തിയിട്ടുള്ളതായി പല കഥകൾ പൂർവ്വകാലംമുതൽ പ്രസിദ്ധങ്ങളായിട്ടുണ്ടു്. അവയുടെ വിശ്വാസയോഗ്യതയെപ്പറ്റി പലരും സംശയാലുക്കളായിരുന്നു. എന്നാൽ സപ്പകാലം മുൻപു് ഉത്തരഇൻഡ്യയിൽ ഒരിടത്തു ചെന്നായ്ക്കളുടെ കൂട്ടിൽ നിന്നു രണ്ടു മനുഷ്യശിശുക്കളെ കണ്ടെടുത്തതായി വിശ്വാസയോഗ്യമായ വൃത്താന്തം വർത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു നിങ്ങളിൽ ചിലർ വായിച്ചിരിക്കാനിടയുണ്ടു്. ഇതു് ഒരു വലിയ അത്ഭുതംതന്നെയാകുന്നു. ക്രൂരസത്വങ്ങളായ ചെന്നായ്ക്കൾ മുതിർന്ന മനുഷ്യരെ തന്നെ കൊന്നു രക്തം കുടിയ്ക്കുന്നവയാണു്. അത്ര നൃശംസങ്ങളായ

ചെന്നായ്ക്കൾ മനുഷ്യശിശുക്കളെ ഹിംസിക്കാതെ ലാളിച്ചു വളർത്തുന്നതിന്റെ രഹസ്യമെന്തായിരിക്കും. ചെന്നായ്ക്കളോടോ അവ അപഹരിച്ചിട്ടുള്ള മനുഷ്യശിശുക്കളോടൊ മൊഴിവാങ്ങി കാര്യം നിർണ്ണയിക്കുവാൻ നിർവ്വാഹമില്ലാത്തതുകൊണ്ടു നമുക്ക് ഈ വിഷയത്തിൽ ഊഹാപോഹശക്തിയല്ലാതെ ശരണമില്ല. മനുഷ്യർ അറിയാതെ അവരുടെ ശിശുക്കളെ തട്ടിക്കൊണ്ടു പോകുവാൻ ഒരു വൃകത്തിനൊ വൃകിയ്ക്കൊ തരംകിട്ടി എന്നിരിക്കട്ടെ. തല്ക്കാലം ക്ഷുത്തില്ലെങ്കിൽ അതു് അപഹൃതമായ ശിശുവിനെ സ്വഗുഹയിലേക്കു കൊണ്ടുപോകുന്നു. അവിടെ മുലകുടിക്കുന്ന ചെന്നായ്ക്കുട്ടികൾ ഉണ്ടെങ്കിൽ അവയുടെ ശൈശവക്രീഡയിൽ മനുഷ്യശിശുകൂടി ഭാഗഭാക്കായിത്തീരുന്നു. ആഹാരം അന്യഥാ സുലഭമാണെങ്കിൽ മനുഷ്യശിശു നിർബ്ബാധമായിരിക്കയേ ഉള്ളല്ലൊ. വിശേഷിച്ചു വൃകശിശുക്കളുടെ കളികൾക്കുപകരിക്കുന്ന മനുഷ്യശിശുവിനെപ്പററിടത്തെടുത്തതുപോലെ ഒരു കൌതുകം മാതാപിതാക്കളായ വൃകങ്ങൾക്കുണ്ടാകുന്നു. വൃകി സ്വശിശുക്കളെപ്പോലെ മനുഷ്യശിശുവിനും സ്തന്യം കൊടുത്തു വളർത്തുന്നു. ഇതിനൊക്കെയും മൂലഹേതു വൃകങ്ങൾക്കുപോലും സ്വശിശുക്കളുടെ പോഷണത്തിൽ പ്രകൃതിസിദ്ധമായി തോന്നുന്ന ലീലാനുകൂലതയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മാംസഭക്ഷികളായ ജന്തുക്കളുടെ ശിശുക്കൾ പില്ലാലത്തിര പിടിക്കാനുള്ള ആക്രമപ്രയോഗങ്ങൾ ചെറുപ്പത്തിലെ അഭ്യസിക്കുന്നു. പൂച്ചക്കുട്ടികളുടെ വിളയാട്ടങ്ങളും ഉല്ലാസചേഷ്ടകളും സൂക്ഷിച്ചുനോക്കിയാൽ ഇതു ഗ്രഹിക്കാവുന്നതാണു്. രണ്ടു പൂച്ചക്കുട്ടികൾ തമ്മിൽ കളിയ്ക്കുന്നതു

യുദ്ധപരിശീലനത്തിലുള്ള പ്രഥമപാഠങ്ങളെന്നല്ലാതെ തോന്നുകയില്ല. പരസ്പരം അഭിമുഖമായി നിലത്തു പതിഞ്ഞിരുന്നുകൊണ്ട് ഒന്നു മറ്റതിന്റെ മേൽ ചാടിവീഴുന്നതും അന്യോന്യം ചവിട്ടടങ്ങാം പ്രയോഗിക്കുന്നതും പൂവ്വുകായങ്ങൾകൊണ്ടു തമ്മിൽ ഇടയുന്നതും മാന്തുന്നതും കടിക്കുന്നതുമെല്ലാം വിനോദമാണെന്നു തോന്നുമെങ്കിലും അനന്തരകാലത്തു പരാക്രമങ്ങളായി പ്രൌഢതയെ പ്രാപിയ്ക്കുന്നു. കേവലം സസ്യഭുക്കുകളായ ശിശുക്കളുടെ അഭ്യാസരീതികൾ മേൽ പറഞ്ഞതിൽനിന്നു വിഭിന്നമാകുന്നു. ഇതരസതപങ്ങളിൽ നിന്നു് ആക്രമം ശങ്കിച്ചു ഭീരുക്കളായി കഴിയുന്ന സസ്യഭുക്കുകൾ കുട്ടികൾ ആപത്തിൽ അകപ്പെടാതെയും സാഹസത്തിനു മുതിരാതെയും അവയെ പരിശീലിപ്പിക്കുന്നു. തള്ളപ്പശുവിനെ കെട്ടിയിരിക്കുന്നിടത്തു നിന്നു കിടാവു ചാടിക്കരഞ്ഞു ദൂരത്തുപ്പോയാൽ മാതാവായ ഗോവു കരഞ്ഞു വിളിക്കുന്നതും പരിഭ്രമിക്കുന്നതും കിടാവിനെ വല്ലവരും പിടിക്കാൻ നോക്കിയാൽ കയറുപിടിക്കാൻ തുടങ്ങുന്നതും നിങ്ങൾ കണ്ടിരിക്കുമല്ലോ. കിടാവു വിട്ടുപിരിഞ്ഞുപോകാതിരിക്കാൻ അതിനെ നക്കിയും മുലകുടിപ്പിച്ചും ലാളിച്ചും പശു പ്രദർശിപ്പിക്കുന്ന വാത്സല്യപാരവശ്യം ഏറ്റവും ഹൃദയംഗമമാകുന്നു. ഇതെല്ലാം ശിശുരക്ഷാവിഷയകമായ വ്യഗ്രതയേ വ്യക്തീകരിക്കുന്നു. പെൺകുതിരകളും ഇതുപോലെ കുട്ടികളെ രക്ഷിക്കുന്നതിലും ആപത്തിൽനിന്നു കാക്കുന്നതിലും ജാഗരൂകങ്ങളാണു്. ഈ വക ജന്തുക്കൾക്കിടയ്ക്കു മനുഷ്യസഹായം സുലഭമാണെങ്കിലും അവയുടെ ഗോത്രത്തിലുണ്ടായിരുന്ന പൂർവ്വജന്മാക്കു അന്യ ജന്തുപീഡയുണ്ടായിട്ടുള്ളതു നിമിത്തം ഇതര ജന്തുഭീതി ഇപ്പോഴും വംശവാസനയായിട്ടവയിൽ സ്ഫുരിച്ചുകൊണ്ടിരിക്കുന്നു.

അനന്യ ശരണമായി വനങ്ങളിൽ വസിക്കുന്ന ജന്തുകളുടെ കൌശലം ഇതിലും വിചിത്രമാകുന്നു. ആപത്തിൽ നിന്നു രക്ഷനേടുവാൻ മാൻകുട്ടികൾക്കുള്ള അഭ്യാസം അശ്ചര്യകരമാകുന്നു. മാതാവായ മൃഗിയും അതിന്റെ കുട്ടിയും കൂടി നില്ക്കുമ്പോൾ, വല്ല ഹിംസ്രജന്തുവും ഭുഭുക്ഷുവായിട്ടടുത്തുവന്നാൽ കുട്ടി മിന്നൽപിണർപോലെ ഝടിതിമുന്നോട്ടു പായുകയായി. കുറെ ദൂരെച്ചെന്നു, അതു ഭൂമിയിൽ ലയിച്ചതുപോലെ നിലത്തു പതിഞ്ഞു ചേന്നു കഴുത്തുനീട്ടി കിടന്നു കളയുന്നു. അതുകഴിഞ്ഞു ശത്രു അപൽക്കരമായി സമീപിക്കുമ്പോൾ തള്ള കുട്ടി പോയതിനു വിപരീതമായ ദിക്കിലേക്കു മെല്ലെ ഓട്ടം തുടങ്ങുന്നു. കുറെ അകലുമ്പോൾ അതു പംഗുപ്രായമായി മുടന്തി നടക്കുന്നതായി കാണാം. ഇതു കണ്ടു തള്ളയെ ആക്രമിക്കുന്നതു സുകരമാണെന്നു വിചാരിച്ചു ഹിംസ്രജന്തു അതിനെ അനുധാവനം ചെയ്യുന്നു. ശത്രു സമീപിക്കുന്തോറും പിടികൊടുക്കാതെ മൃഗി മുമ്പോട്ട് ഓടിക്കൊണ്ടിരിക്കും. കുട്ടിക്ക് അഭയം ലഭിക്കത്തക്ക ദൂരമാകുന്നതുവരെ ഘാതകനെ ആകഷ്ടിച്ചുകൊണ്ടു പോയതിന്റെ ശേഷം വായുവേഗത്തെ ജയിക്കുമാറു മാൻപേട ഓടി ശത്രുവിനു ദൃഷ്ടിഗോചരമാകാതെ തിരോഭവിക്കുന്നു. തന്നിമിത്തം ആക്രാമകമായ ജന്തു ഇച്ഛാഭംഗത്തോടു വല്ലവഴിയും തിരിഞ്ഞുപോകുന്നു. അനന്തരം മാൻപേട കുട്ടിയുടെ അടുക്കലേയ്ക്കു മടങ്ങിവന്നു പീന്തുടുല്ലാസമായിട്ടതിനോടു സംഗമിക്കുന്നു. മാൻ, മുയൽ മുതലായ സൃഷ്ടികളുടെ രക്ഷ ശീഘ്രഗതിയിലുള്ള അഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു.

പ്രകൃത്യാ ദുർബ്ബലങ്ങളും വേഗവൈഭവഹീനങ്ങളുമായ തിന്മൃഗകൾക്കും ശിശുപരിപാലനത്തിനുചിതങ്ങളായ ഉപാ

ങ്ങൾ ഉണ്ട്. കാക്കയോ പരുന്തോ റാഞ്ചുന്നതിനിടയു ണ്ടെന്നു കണ്ടാൽ, പിടക്കോഴി പുറപ്പെടുവിക്കുന്ന അപ ല്ലുകളും കേട്ട കോഴിക്കുഞ്ഞുങ്ങൾ ഓടിവന്നു തള്ളയു ടെ ചിറകിനടിയിൽ പതുങ്ങിയിരിക്കുന്നു. കുക്കുടികൾ കുട്ടി കളെ പക്ഷിപുടങ്ങൾകൊണ്ടു രക്ഷിക്കുന്നു. അതിലും വിശി ഷ്ടമായ രക്ഷാസാമഗ്രികളുള്ള ജന്തുക്കളുമുണ്ട്. അവയ്ക്കു കുട്ടികളെ കൊണ്ടുനടക്കാൻ മാണ്ഡംപോലെ ഉപകരിക്കു ന്നതും പ്രകൃതിദത്തവും അന്യ ഒരു സഞ്ചി ശരീരത്തിലുള്ള താകുന്നു. സഞ്ചിയ്ക്കു സംസ്കൃതത്തിൽ പ്രസേവം എന്നും ഗോണിയെന്നും മറ്റും പറയുന്നു. അതുകൊണ്ട് ഇത്തരം ജന്തുക്കൾക്കു പ്രസേവികളെന്നോ ഗോണീധരങ്ങളെന്നോ നാമകരണം ചെയ്യാവുന്നതാണ്. ഇംഗ്ലീഷിൽ അവയെ "മാർ സുപ്പിയൽസ്" എന്നു വിളിക്കുന്നു. ഈ ജാതിയിലുൾ പ്പെട്ടതായി "കങ്ഗരു" എന്ന് ഒരു ജന്തുവുണ്ട്. അതിന്റെ ജന്മദേശം ആസ്ത്രേലിയാ മുതലായ ദേശങ്ങളാണ്. വല്ല വൈഷമ്യവും നേരിട്ടമെന്നു കണ്ടാൽ കുട്ടികൾ തള്ളക്ക ങ്ഗരുവിന്റെ ഉദരത്തിനുള്ളിൽ പ്രവേശിക്കുന്നതുപോലെ പ്രസൂത പ്രസേവത്തിൽ കയറിയിരുന്നുകൊള്ളും. ബാഹ്യ ലോകത്തിൽനിന്നു മറഞ്ഞു ഈ സഞ്ചിനിൽ ഇരുന്നുകൊണ്ട് "കങ്ഗരു"ക്കുട്ടികൾ വെളിയിലേയ്ക്കു നോക്കുന്നതു കാണേ ണ്ടതുതന്നെയാണ്. ഭദ്രമായ അഭയസ്ഥാനം ലഭിക്കുന്നതു കൊണ്ടു ചിരിക്കാൻ വശമുണ്ടെങ്കിൽ അവയ്ക്കു മന്ദഹാസ മുണ്ടാകുമെന്നുമൂഹിക്കാവുന്നതാകുന്നു. ടിക്കറ്റു വാങ്ങാതെയും കൂലി കൊടുക്കാതെയും മാതാവിന്റെ ഉദരപ്രസേവത്തിൽ പ്രവേശിച്ചു കുട്ടികൾ സഞ്ചാരസൌകര്യങ്ങൾ അനുഭവി ക്കുന്നു.

"കങ്ഗരു" എന്ന ജന്തുവിനു് അവയവമായിട്ടുള്ള പ്രസേകം ശിശുക്കൾക്കു മഞ്ചലായിട്ടു് ഉപകരിക്കുന്നു. കുരങ്ങിനു മേല്പറഞ്ഞ തരത്തിൽ സഞ്ചിയൊന്നുമില്ലെങ്കിലും ചില വാനരങ്ങൾ സ്വശരീരങ്ങളെ ശിശുക്കൾക്കു വാഹനങ്ങളായിട്ടുപയോഗിക്കുവാൻ വിദഗ്ദ്ധങ്ങളാകുന്നു. ജീവിതത്തിന്റെ പ്രഥമദശയിൽ കീശശിശുക്കളെ വാനരസ്ത്രീകൾ താങ്ങിപ്പിടിച്ചുകൊണ്ടങ്ങോട്ടമിങ്ങോട്ടം സഞ്ചരിക്കുന്നു. പക്ഷേ കുറേ കഴിയുമ്പോഴേക്കും മാതാവിന്റെ വയറ്റത്തു് അള്ളിപ്പിടിച്ചു തൂങ്ങിക്കിടക്കുന്നതിനു ബാലവാനരങ്ങൾ അഭ്യസിക്കുന്നു. അതുനിമിത്തം കുട്ടികളോടുകൂടി പലായനം ചെയ്യേണ്ടതായി വന്നാൽ നാലു കാലും പ്രയോഗിച്ചുള്ള ധാവനം തള്ളക്കുരങ്ങിനു സുസാധ്യമാകുന്നു. വാനരങ്ങളിൽ ചില വർഗ്ഗത്തിനു മാത്രമെ ഈ സാമർത്ഥ്യം കാണുന്നുള്ളു. കൊച്ചു കുരങ്ങന്മാർ കളിച്ചുന്മേഷമായിരിക്കുവാനച്ഛനമ്മമാർ ഉത്സാഹിപ്പിക്കുന്നു. എന്നാൽ സാധാരണ സംഭവിക്കാറുള്ളതുപോലെ ചിലപ്പോൾ കുട്ടിക്കുരങ്ങുകൾ തമ്മിൽ കടിപിടികൂടുന്നതു കണ്ടാൽ, പിതാവായ വാനരത്താൻ ഭർത്തൃകളായ കുട്ടികളുടെ പുംപ്രദേശത്തു പ്രാകൃതന്മാർ പറയുംപോലെ "നല്ല പോട്ട" വച്ചുകൊടുക്കാറുണ്ടു്. പുത്രവാത്സല്യംകൊണ്ടുള്ള വൈമനസ്യം ശിശുക്കളെ ശാസിക്കുന്നതിനു വേണ്ടിവരുന്ന പാണിപ്രയോഗങ്ങൾക്കു ബാധകമാകാറില്ല. പക്ഷേ പിതൃശാസനംകൊണ്ടു് ബാലവാനരങ്ങളുടെ ചാപല്യങ്ങൾക്കു്, തല്ക്കാലശമനമല്ലാതെ ഉന്മൂലനാശമുണ്ടായിട്ടുള്ളതായിട്ടറിയുന്നില്ല. കുട്ടികളുടെ ശീലശുദ്ധിക്കു് അവശ്യമുള്ളപക്ഷം അനേകളും ബാലപ്പാരം പ്രയോഗിക്കാറുണ്ടു്. കുട്ടിയാനകളെ പിടിച്ചു് മനുഷ്യർ മെരുക്കി

പല പണികളുമെടുപ്പിക്കാറുണ്ടല്ലോ. എന്നാൽ ഗജകുടുംബി നികൾ സപശിശുക്കളുടെ ആചാര്യകത്തിനു മനുഷ്യരേക്കാൾ മികച്ചവരല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തവയിൽ മറിവുപറ്റിയ കുട്ടിയാന ചികിത്സിക്കുവാൻ അനുസരിക്കാതിരുന്നതു കണ്ടു് അതിന്റെ തള്ള തുമ്പിക്കൈകൊണ്ടു മകനെ പിടിച്ചുരുത്തിക്കൊടുത്തു മുറിവിൽ മരുന്നു വയ്ക്കാൻ സഹായിച്ചിട്ടുള്ളതായി ഒരു ഗ്രന്ഥകാരൻ പറയുന്നു. വനാന്തരങ്ങളിൽ ഗജങ്ങൾ സഞ്ചരിക്കുന്നതു പ്രായേണ സംഘമായിട്ടാണു്. ഒറ്റതിരിഞ്ഞു നടക്കുന്ന ഗജം മിക്കവാറും ശാപപ്രകൃതിയായിരിക്കും. ഗജങ്ങൾ സംഘം ചേർന്നു സഞ്ചരിക്കുമ്പോൾ മുമ്പേ നടക്കാറുള്ളതു കുട്ടിയാനകളാകുന്നു. ഉത്സാഹരേതങ്ങളായ കുട്ടികൾ ദുർഘടസ്ഥാനങ്ങളിൽ അഭംഗമായി സഞ്ചാരമഭ്യസിക്കണമെന്നുദ്ദേശിക്കുന്നതുപോലെ ഗംഭീരങ്ങളായ ഗജങ്ങൾ പുറകേ നടന്നു നോക്കിക്കൊള്ളുന്നു. കാണ്ടാമൃഗങ്ങൾ (ഗണ്ഡകമൃഗമെന്നു സംസ്കൃതം) കൂട്ടംകൂടി നടക്കുമ്പോഴും ഇതുപോലെ കുട്ടികൾ മാർഗ്ഗദർശികളെപ്പോലെ മുമ്പേ നടക്കുന്നു. കുടിക്കുവാൻ ചെന്നിറങ്ങുന്ന വെള്ളക്കെട്ടുകളിൽ മുങ്ങിച്ചാകാതേയും കളിക്കുവാൻ ചെന്നു ചാടുന്ന പങ്കപ്രദേശങ്ങളിൽ പുതഞ്ഞുപോകാതേയും ഏകാകികളായി നടക്കുമ്പോൾ വഴിതെറ്റിപ്പോകാതെയും ഇരിക്കുന്നതിനു കാണ്ടാമൃഗക്കുട്ടികൾക്കു് അധ്യയനം അവശ്യമാകുന്നു. അതുപോലെ ഗന്ധംകൊണ്ടു സമീപത്തു മനുഷ്യരോ മൃഗങ്ങളോ ഉണ്ടെങ്കിൽ മനസ്സിലാക്കാനും അവ പഠിക്കുന്നു. ഘ്രാണേന്ദ്രിയംകൊണ്ടു് അന്യസാന്നിധ്യം ഗ്രഹിക്കുവാൻ കാണ്ടാമൃഗത്തിനു് അസാമാന്യമായ ശക്തിയുണ്ടു്. ചക്ഷുഃശ്രോത്രാദികൾ ശൂന്യമായാലും അനേക

ടണ്ടു അകലെയുള്ള മനുഷ്യരെ കാണ്ടാമൃഗം ആഘ്രാണിച്ചു മനസ്സിലാക്കുന്നു. ഇങ്ങനെ പ്രകൃതിതിയ്യുക്കളെ ലീലാസരണിയിൽകൂടി ജീവിതരണാങ്കണത്തിൽ പ്രഗത്ഭമായി പടവെട്ടാനഭ്യസിപ്പിക്കുന്നതിനു വളരെ ഉദാഹരണങ്ങൾ ഉല്ലരിക്കാവുന്നതാണു്.

വായുവിനെ വണ്ടിച്ചക്രമാക്കുന്നതിനുള്ള ഉപകരണം

സാധാരണമായി വണ്ടിച്ചക്രങ്ങൾ തടികൊണ്ടും ഇരുമ്പുകൊണ്ടുമാണല്ലോ ഉണ്ടാക്കാറുള്ളതു്. മൂർത്തിമത്തല്ലാത്ത വായു വണ്ടിച്ചക്രമുണ്ടാക്കാൻ കൊള്ളാമെന്നു പ്രാചീനകാലത്തു മനുഷ്യർ വിചാരിച്ചിരുന്നിരിക്കയില്ല. പരിഷ്കാരവിക്രമംകൊണ്ടു് വിസ്മയകരമായ പലതും സാധിച്ചിട്ടുള്ള കൂട്ടത്തിൽ വായുമയമായ വണ്ടിച്ചക്രങ്ങൾ ഉണ്ടാക്കുവാൻ മനുഷ്യക്കു കഴിയുമെന്നായിരിക്കുന്നു. വായവ്യചക്രങ്ങളുള്ള വണ്ടികളിൽ ഗരുഡവേഗത്തെ അതിക്രമിച്ചും, സമയത്തെയും ദൂരത്തെയും തുച്ഛീകരിച്ചും മനുഷ്യർ സഞ്ചരിക്കുന്നു. അത്യുഗ്രം വണ്ടികളുമായി താരതമ്യം ചെയ്യുമ്പോൾ കുതിരകൾ ക്ലാമ്പങ്ങളും കാളകൾ ഒച്ചുകളുമാകുന്നു. ഇവിടെ പ്രതിപാദിക്കുന്നതു മോട്ടോർവണ്ടിയെപ്പറ്റിയാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. മോട്ടോർവണ്ടികളുടെ ബാഹുല്യംകൊണ്ടു കാൽനടക്കാരുടെ സഞ്ചാരങ്ങൾ വളരെ ദുർഘടത്തിലായിരിക്കുന്നു. മോട്ടോർക്കാറുകാരുടെ സാഹസങ്ങളോ

കാൽനടക്കാരുടെ അവിവേകങ്ങളോ നിമിത്തം പല അപകടങ്ങളും പറ്റുന്നുണ്ടെങ്കിലും സഞ്ചാരസൗകര്യത്തിനു സാമാന്യമായ അഭിവൃദ്ധിയുണ്ടായിരിക്കുന്നു. ലോകത്തിന്റെ ശനിദശ തീർന്നിരിക്കുന്നു. മന്ദതയാണല്ലോ ശനിയുടെ ലക്ഷണം.

വെടികൊണ്ട പന്നിയേപ്പോലെ പായുന്ന മോട്ടോർ വണ്ടിയുടെ ചക്രങ്ങൾ വായുമയങ്ങളാണു്. വായുവിനെക്കൊണ്ടു ചക്രനിർമ്മിതി നടത്തുവാൻ നമുക്കുപകരിക്കുന്ന പദാർത്ഥമാണു റബ്ബർ. അതിനാൽ വായവ്യങ്ങളായ ചക്രങ്ങൾ ഉണ്ടാക്കുന്നതിനു റബ്ബർ ഉപകരണം ആകുന്നു. പൂരകം കുംഭകം രേചകം എന്ന വിദ്യകൾ യോഗാഭ്യാസികൾ ശീലിക്കുന്നതു നിങ്ങൾ കേട്ടിരിക്കുമല്ലോ. ശ്വാസമാർഗ്ഗേണ വായുവിനെ ശരീരത്തിന്റെ അന്തർഭാഗത്തു നിറയ്ക്കുന്നതു പൂരകവും ആ വായുവിനെ വെളിയ്ക്കുവിടാതെ അകമേ അടച്ചുനിർത്തുന്നതു കുംഭകവും വായുവിനെ വെളിയിലേക്കു വിടുന്നതു രേചകവും ആകുന്നു. ചക്രനേമിയിൽ കുണ്ഡലാകൃതിയായിട്ടിടുന്ന റബ്ബർക്കുഴലുകൾ യോഗികളെപ്പോലെ വായുപൂരിതങ്ങളായി കുംഭകനിഷ്ഠയെ പ്രാപിക്കയും ചക്രങ്ങൾ ചലിതങ്ങളാകയും ചെയ്യുമ്പോൾ മോട്ടോർകാറിനു പരിപ്രാജകപദവി സിദ്ധിക്കുന്നു എന്നു ഫലിതമായിപ്പറയാം. നാമിപ്പിടെ യോഗാഭ്യാസിയോടു സദൃശീകരിച്ച റബ്ബറിനെപ്പറ്റി ചില്വസംഗതികൾ ഗ്രഹിക്കുവാനുണ്ടു്.

ലോകത്തു വിസ്മയകരങ്ങളായ പലതും കണ്ടുപിടിച്ചിട്ടുള്ളതു മഹാന്മാരായ ശാസ്ത്രപണ്ഡിതന്മാരാണു്. പക്ഷേ റബ്ബർ കണ്ടുപിടിച്ചതു പാമരന്മാരായിരിക്കണം. റബ്ബർ ഒരു മരത്തിന്റെ കറയാണു്. റബ്ബർമരത്തിൽനിന്നു കറയെടുക്കാമെന്നു കണ്ടുപിടിച്ച പാമരനാരാണെന്നു നിർണ്ണയി

ക്കുവാൻ സാധിക്കുന്നതല്ല. കേരളത്തിൽ റബ്ബർമരം നാം നട്ടു വളത്തിക്കുറെയെടുക്കയാണു ചെയ്യാറുള്ളതു്. എന്നാൽ ഈ മരം സ്വയമേ കിളിർത്തുണ്ടാകുന്ന പ്രദേശങ്ങളുണ്ടു്. റബ്ബർ മരത്തിന്റെ മൂലകുടുംബം അങ്ങനെയുള്ള പ്രദേശങ്ങളിലാണു്. തെക്കേ അമേരിക്കയിൽ ഉഷ്ണമേഖലയുള്ള ൽ ചൂടുമിപ്പുമുള്ള വനങ്ങളിൽ യാതൊരു പരാശ്രയവും കൂടാതെ റബ്ബർമരങ്ങൾ സമൃദ്ധിയായി വളരുന്നു. പ്രസ്തുത വനങ്ങളിൽ മരം തുളയ്ക്കുന്ന വണ്ടുകൾ അഥവാ ചെല്ലികൾ ധാരാളമുണ്ടു്. അവയുടെ ശൂലസദൃശങ്ങളായ ശൃംഗകങ്ങൾ റബ്ബർമരത്തിന്റെ തൊലിയിൽ കുത്തിയിറക്കുമ്പോൾ, മരത്തിൽനിന്നു പശയുള്ള പാൽ ഒലിച്ചുതുടങ്ങുന്നു. വിഷമയമായ ഈ കറ, പ്രണകൃത്തായ പ്രാണിയെ ഹനിക്കുന്നതിനു പുറമേ കട്ടിപിടിക്കുന്നതുകൊണ്ടു വൃക്ഷത്തിന്റെ പ്രണത്തെ മൂടിക്കളകയും ചെയ്യുന്നു. ഇപ്രകാരം കട്ടിപിടിക്കുന്ന പദാർത്ഥമാകുന്നു റബ്ബർ. റബ്ബറിന്റെ ജന്മദേശത്തു വസിച്ചിരുന്ന ആദിമജനങ്ങൾ മനുഷ്യർക്കു് അതുകൊണ്ടു് ചില പ്രയോജനങ്ങളുണ്ടെന്നു നിസ്സംശയമായി മനസ്സിലാക്കിയിരുന്നു. തദ്ദേശവാസികൾ പ്രസ്തുത പദാർത്ഥംകൊണ്ടു് പന്തുണ്ടാക്കിക്കളിക്കുന്നതു കണ്ടിട്ടുണ്ടെന്നു "കൊളംബസ്സ്" തന്റെ രണ്ടാമത്തെ കപ്പൽയാത്രാവിവരണത്തിൽ പറയുന്നു. ഏകദേശം നാനൂറു സംവത്സരം മുമ്പു "മെക്സിക്കോ" ദേശത്തു സഞ്ചരിച്ചിരുന്ന "ടാർക്കൂമേഡ്" എന്ന യാത്രികൻ ആ സ്ഥലത്തെ പൂർവ്വനിവാസികൾ ഉടുപ്പു വെള്ളം വീണു നനഞ്ഞുപോകാതിരിപ്പാൻ ഈ (1) നിയ്യാസം ഉപയോഗിച്ചിരുന്നതായി പ്രസ്താവിക്കുന്നു. അതുകൊണ്ടു് ശാസ്ത്ര

1. കറ.

ജനങ്ങളുടെ സഹായമില്ലാതെ വെറും പാമരന്മാർ തന്നെ ഈ പാൽമരത്തിന്റെ പ്രയോജനം കണ്ടുപിടിച്ചിരുന്നു എന്നനുമാനിക്കാവുന്നതാകുന്നു.

മേൽ പറഞ്ഞ ഭൂപ്രദേശങ്ങളെ ആക്രമിച്ചു സ്വാധീനപ്പെടുത്തിയിരുന്ന യൂറോപ്യന്മാർ അതായതു് സ്പെയിൻ, പോർട്ടുഗൽ എന്ന രാജ്യക്കാർ മൂന്നു ശതാബ്ദക്കാലത്തേയ്ക്കു റബ്ബറിന്റെ ഗുണത്തെപ്പറ്റി കേവലം അജ്ഞന്മാരായിത്തന്നെയിരുന്നു. ക്രിസ്ത്വബ്ദം പതിനെട്ടാംനൂറാണ്ടിന്റെ ചരമദശയിൽ റബ്ബർകൊണ്ടു പെൻസിൽവരകൾ മായ്ക്കുകയാമെന്നു് ആരോ കണ്ടുപിടിക്കുകയും അതിനു വേണ്ടി യൂറോപ്യന്മാർ ഈ സാധനം ആവശ്യപ്പെട്ടു തുടങ്ങുകയും ചെയ്തു. 1820-ാംവഷ്മിടയ്ക്കു റബ്ബർ ഇംഗ്ലണ്ടിൽ ലഭ്യമായിത്തുടങ്ങിയപ്പോൾ അരയിഞ്ചു നീളം റബ്ബറിനു മൂന്നു ഷില്ലിങ്ങിനു മേൽ വിലയുണ്ടായിരുന്നതായി കാണുന്നു. ചിത്രകാരന്മാരുടെ ഉപകരണങ്ങളിൽ റബ്ബറിനു മുഖ്യതയുണ്ടായി വന്നതുകൊണ്ടു് അതുയുമോ അതിലധികമോ വിലകൊടുക്കുവാൻ ജനങ്ങൾ സന്നദ്ധന്മാരായിരുന്നു. റബ്ബർ ജലബാഷ്പമല്ലെന്നുള്ള ഗുണം അതിന്റെ ഉല്പത്തി ഭൂമിയിൽ നിവസിച്ചിരുന്ന പ്രാകൃതജനങ്ങൾ മനസ്സിലാക്കിയിരുന്ന കാര്യം മുൻപു തന്നെ പറഞ്ഞുവല്ലോ. സ്കാട്ട്ലണ്ടു് ദേശീയനായ "ചാരൽസ്മാക്കിന്റോഷ്" ഇദംപ്രഥമമായി ഈ തത്വം ഗ്രഹിച്ചു സ്വദേശത്തു റബ്ബർ പ്രയോഗിച്ചു വിശേഷവിധിയായ കുപ്പായങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. "മാക്കിന്റോഷി"നാൽ ഉപജ്ഞാതം ആകയാൽ അത്തരം ജലദുർമ്മിശ്രങ്ങളായ ഉടുപ്പുകൾക്കു മാക്കിന്റോഷുകൾ എന്നു പേർ പറയുന്നു. ജലത്തിനെന്നതുപോലെ മറ്റു ദ്രവപദാർത്ഥങ്ങൾക്കും വായുവിനും

റബ്ബറിൽകൂടി കടക്കുന്നതിനു കഴികയില്ലെന്നു കണ്ടതുകൊണ്ടു ശസ്ത്രവൈദ്യന്മാർ റബ്ബർകൊണ്ടു കുഴലുകളും മറ്റു സാമഗ്രികളും ഉണ്ടാക്കുന്നതിനുപയോഗിച്ചു തുടങ്ങി.

ഇങ്ങനെ പലവിധത്തിൽ റബ്ബർ ഉപയോഗപ്രദമാണെന്നു കണ്ടു. എങ്കിലും അതിന്റെ അതിപ്രധാനമായ പ്രയോജനം ഇതുമാത്രം കൊണ്ടു കാർശ്യത്തെ പ്രാപിച്ചില്ല. റബ്ബറിന്റെ ഒരു പ്രധാന ലക്ഷണം അയാമൃത അതായതു വലിച്ചുനീട്ടാമെന്നുള്ളതാണല്ലോ. അതിനു ഇംഗ്ലീഷിൽ "ഇലാസ്റ്റിസിറ്റി" എന്നു പറയുന്നു. റബ്ബറിന്റെ മറ്റൊരു ഗുണം ശീതംകൊണ്ടു അതു ഘനീഭവിക്കയും ഉഷ്ണംകൊണ്ടു മൃദുവിക്കയും ഒട്ടിപ്പിടിക്കയും ചെയ്യുമെന്നുള്ളതാകുന്നു. എന്നാൽ ഗന്ധകം ഉരുകിച്ചേരുമ്പോൾ മുൻപറഞ്ഞ ഗുണങ്ങൾക്കു അന്യഥാഭാവം നേരിടുമെന്നു ഒരു അമേരിക്കക്കാരൻ കണ്ടുപിടിച്ചു. അദ്ദേഹത്തിന്റെ പേർ ചാൾസ് ഗുഡ്‌യിയർ എന്നാണു. ഗന്ധകപ്രയോഗം കൊണ്ടു റബ്ബറിനു അന്യഥാത്വം വരുത്തുന്നതിനു ഇംഗ്ലീഷിൽ "വൾക്കനൈസ്" എന്നും അതിന്റെ ഫലമായിട്ടുണ്ടാകുന്ന പദാർത്ഥത്തിനു "വൾക്കനൈറ്റ്" എന്നും പറയുന്നു. അതിനു തുല്യമായി നമുക്കു വാക്കുകളില്ല. "വല്ക്കപരിഭാഷണൻ" എന്ന സംസ്കൃതധാതുവിനു അർത്ഥസാമ്യമില്ലെങ്കിലും ശബ്ദസാമ്യമുള്ളതുകൊണ്ടു ഈ പ്രയോഗത്തിനെ ദ്യോതിപ്പിക്കുവാൻ ഉപയോഗിക്കുന്നപക്ഷം റബ്ബറിനെ "വല്കനം" ചെയ്യുന്നതുകൊണ്ടു "വല്കനകം" ഉണ്ടാകുമെന്നു പറയാം. റബ്ബറിനെ വല്കനം ചെയ്തു കരിന്തോലിപോലെ കറുത്ത സാധനമാക്കി ഗ്രാമഫോൺ യന്ത്രത്തിനുവേണ്ട "റിക്കാർട്ടുകൾ" മുതലായവ ഉണ്ടാക്കുന്നു. തോൽക്കല്ലുപോലെ കറുത്തു

വട്ടമായിരിക്കുന്ന ഗ്രാമഫോൺ റിക്കാർട്ടുകൾ നിങ്ങൾ കണ്ടിരിക്കുമല്ലോ. വല്ലാവിദ്യകൊണ്ടു മാർദ്ദവമയമായ ഒരുതരം റബ്ബർ ഉണ്ടാക്കുവാനും കഴിവുള്ളതാണു്. (1) വ്യാപാരലാഭത്തായി പൊന്തിച്ചാടുന്ന റബ്ബർ പന്തുകളും പതുപതുപ്പുള്ള ചവിട്ടിമെത്തകളും മറ്റും ഉണ്ടാക്കുവാൻ അത്തരം റബ്ബർ ഉപയോഗിക്കുന്നു. ഗന്ധകം കൊണ്ടു സംസ്കരിച്ചാൽ റബ്ബർ എത്രമാത്രം പ്രയോജനകരമാകുമെന്നുള്ള പരീക്ഷണങ്ങൾ ഏകദേശം പത്തുകൊല്ലത്തേക്കു ചാൾസ് ഗുഡ്യീയർ നടത്തിക്കൊണ്ടിരുന്നു. തന്റെ ശ്രമങ്ങൾ ഫലിക്കാതെയും ധനവ്യയംകൊണ്ടു ക്ലേശിച്ചും കഷ്ടതകൾ സഹിച്ചും പരിഹാസപാത്രമായും വിഷമിച്ച ആ മനുഷ്യന്റെ പരീക്ഷകളിൽ ഒടുവിൽ സാഫല്യമുല്ലസിക്കയും അദ്ദേഹത്തെ വിജയലക്ഷ്മി അനുഗ്രഹിക്കയും ചെയ്തു. ഏകദേശം സമകാലികമായി ഇംഗ്ലണ്ടിൽ "തോമസ് ഹാൻകോക്ക്" എന്ന ഡാമയും ഈ വിഷയത്തിൽ പല പരീക്ഷകൾ കഴിച്ചു വിജയം സമ്പാദിച്ചു എന്നു പറയേണ്ടിയിരിക്കുന്നു.

റബ്ബറിന്റെ പ്രയോജനങ്ങൾ പരിപൂർണ്ണമായി വർണ്ണിക്കുവാൻ ഒരു വലിയ ഗ്രന്ഥം എഴുതിയാലും മതിയാകയില്ല. അതിന്റെ പ്രചുരമായ പ്രയോഗം നാം ഇപ്പോൾ കാണുന്നതു ചവിട്ടുവണ്ടിയുടേയും മോട്ടോർവാഹനങ്ങളുടേയും ചക്രനിർമ്മിതിയിലാകുന്നു. റബ്ബർ നമ്മുടെ നാട്ടിൽ പ്രവേശിച്ചതോടുകൂടി, മോട്ടോർ, സൈക്കിൾ, ടയർ, ട്യൂബ്, പമ്പു് മുതലായി പല ഇംഗ്ലീഷുവാക്കുകളേയും ഭാഷയിലേക്കു ദത്തെടുക്കേണ്ടിവന്നു. മോട്ടോർകാറിന്റെ മുന്നോടിയായി

(1) പൊന്തിച്ചാടുന്നതു്.

നമ്മുടെ ഇടയിൽ കടന്നുകൂടിയതു ചവിട്ടവണ്ടി അഥവാ സൈക്കിൾ ആകുന്നു. ആവിർഭവകാലത്തുതന്നെ നല്ല റബ്ബർ ടയാർ ഘടിച്ചാണു ചവിട്ടവണ്ടികളെ നാം കണ്ടിട്ടുള്ളതു്. പക്ഷേ ആ ദശയിൽ വന്നുചേരുന്നതിനു മുമ്പു് അനേകം പരിഷ്കൃതാവസ്ഥകൾ ചവിട്ടവണ്ടികൾക്കു കടന്നുകൂടേണ്ടതുണ്ടായിരുന്നു. ആദ്യകാലത്തുണ്ടായിരുന്ന ചവിട്ടവണ്ടികൾക്കു റബ്ബർ ടയാർ ഉപയോഗിച്ചിരുന്നു എങ്കിലും അവയിൽ സഞ്ചരിക്കുന്നവർ വളരെ ശരീരപീഡ സഹിക്കേണ്ടിയിരുന്നു. വിഷമപ്രദേശങ്ങളിൽ ഓടിക്കുമ്പോൾ സൈക്കിൾ നിലത്തുനിന്നു പെട്ടെന്നു പൊക്കി കീഴ്പോട്ടിട്ടതുപോലെ ഓടിക്കുന്നവനു തോന്നുക പതിവായിരുന്നു. സൈക്കിൾ സവാരിക്കാർക്കു പല്ലുകുത്തും, മണിക്കെട്ടിനു വേദനയും, അസ്ഥികൾക്കു സംക്ഷോഭവും സഹിക്കാതെ ഗതിയുണ്ടായിരുന്നില്ല. ഈ ദുരവസ്ഥകളെ ദൂരികരിച്ച വ്യവസായചായ്വൻ ഡബ്ലിൻനഗരത്തിൽ അവതരിച്ച ജെ. ബി. ഡൻലൊപ്പ് എന്ന സായ്പാകുന്നു. മനുഷ്യർക്കു സൂക്ഷ്മശരീരവും സ്ഥൂലശരീരവുമുണ്ടെന്നു ചില ഹിന്ദുദർശനങ്ങൾ പ്രതിപാദിക്കുന്നു. നമ്മുടെ കരചരണാദ്യവയവങ്ങളാൽ പൊതിയപ്പെട്ടിരിക്കുന്നു എന്നു സങ്കല്പിതമായി സൂക്ഷ്മരൂപത്തിൽ ഇരിക്കുന്നതാണു സൂക്ഷ്മശരീരം. ഏകദേശം ഇതുപോലെ ഒരു കൗശലമാണു ഡൻലൊപ്പ് സൈക്കിൾടയാറിന്റെ സൃഷ്ടിയിൽ പ്രയോഗിച്ചതു്. അകമേ വായുപൂരിതമായ ഒരു ടയാറും അതിനെപ്പൊതിഞ്ഞു പുറമേ സ്ഥൂലവും കക്ഷ്യവുമായ ഒരു ടയാറും ഇട്ടാൽ പക്ഷം സൈക്കിളിന്റെ ചക്രങ്ങൾക്കു ക്ഷോഭമുണ്ടാകയില്ലെന്നു് അദ്ദേഹം വിശദീകരിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ചരമപാദത്തിൽ കണ്ടുപിടിച്ച

ഈ തരത്തിൽ വികസിച്ചു് ഇപ്പോൾ യാതൊരു കുലുക്കവും ഇളക്കവും തട്ടാതെ മോട്ടോർവണ്ടികളിൽ സഞ്ചരിക്കുന്നതിനു മനുഷ്യർക്കു സാധിച്ചിരിക്കുന്നു. വായു കയറി വീർപ്പിച്ചു് അകമെ ഇട്ടുന്ന ടയറിന്മേൽ മെത്തയിലെന്നപോലെ വണ്ടിയുടെ ചക്രം സുഖമായി ഇരുന്നു വ്യാപരിക്കുന്നതുകൊണ്ടു വണ്ടിക്കു യാതൊരു സംക്ഷോഭവുമുണ്ടാകുന്നില്ല. ഇങ്ങനെ വായുവിനെ ചക്രത്തിന്റെ നേമിയിൽ നിബന്ധിക്കുന്നതിനുള്ള ഉപകരണം റബ്ബറാകുന്നു.

റബ്ബർമരങ്ങൾ സമൃദ്ധിയായി തനിയെ കിളിർത്തുണ്ടാകുന്നതു് ബ്രസേൽരാജ്യത്തു് ആമസോൺനദിയുടേയും അതിന്റെ ശാഖാനദികളുടേയും തടങ്ങളിലാകുന്നു. തദ്ദേശവാസികൾ ഈ വന്യവൃക്ഷങ്ങളെ കോടാലികൊണ്ടു മുറിച്ചു മുറിവായ്ക്കൽ പാത്രങ്ങൾ ചേർത്തുവച്ചു് ഒലിച്ചുവരുന്ന കറ സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന വൃക്ഷക്ഷീരം പിന്നെ കട്ടിയാക്കി വ്യാപാരികൾക്കു വില്ക്കുന്നു. പ്രകൃത്യാ ജനിച്ചു വളരുന്ന റബ്ബർമരങ്ങൾക്കു പ്രസിദ്ധിയുള്ളതു് ആമസോൺനദീതീരങ്ങളിലാണെങ്കിലും തെക്കേ അമേരിക്കയുടെ മറ്റു ഭാഗങ്ങളിലും മെക്സിക്കോ മുതലായ മധ്യഅമേരിക്കയിലും ആഫ്രിക്കാഭൂഖണ്ഡത്തിലും വലിയ വനങ്ങളായി റബ്ബർ വൃക്ഷങ്ങൾ പിടിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. റബ്ബർകൊണ്ടുള്ള ആവശ്യങ്ങൾ നിറവേറുന്നതിനു സ്വയം ജാതങ്ങളായ വൃക്ഷങ്ങൾക്കു പുറമേ ജനങ്ങൾ റബ്ബർമരങ്ങൾ കൃഷിചെയ്യണ്ടാക്കുന്നുമുണ്ടല്ലോ. ഇതെങ്ങനെ കണ്ടുപിടിച്ചു എന്നു പറയാം. ക്രിസ്താബ്ദം 1876-ൽ ഇംഗ്ലീഷുക്യാപ്റ്റൻ എച്ചു്. എ. വിക്കാം എന്നൊരു ഇംഗ്ലീഷുകാരൻ ആമസോൺ നദീതടങ്ങളിൽ സഞ്ചരിച്ചുകൊണ്ടി

രുന്നു. സഞ്ചാരം കഴിഞ്ഞു സ്വദേശത്തേക്കു മടങ്ങിയപ്പോൾ അദ്ദേഹം പത്തെഴുപതിനായിരം റബ്ബർക്കുരുക്കൾ കൂടി ശേഖരിച്ചു കൊണ്ടുപോന്നു. ലണ്ടൻനഗരത്തിനു സമീപമായി കേർവികേട്ട "ക്യൂഗാർഡൻസ്" എന്നുള്ള തോട്ടത്തിൽ ആ കുരുക്കൾ നട്ടുനോക്കി. അവധാനപൂർവം നടത്തിയ പരീക്ഷണങ്ങളുടെ ഫലമായി യുക്തങ്ങളായ അവസ്ഥകൾ അനുസരിച്ചു റബ്ബർച്ചെടികൾ കൃഷിചെയ്യുന്ന കാര്യം അസാധ്യമല്ലെന്നു ബോധ്യമായി. ശീതബാധ കൂടുന്ന അംഗലദേശത്തു റബ്ബർച്ചെടി പിടിക്കയില്ലെന്നുകണ്ടു ചെലിയിൽ വല്ലടവും അതു നട്ടു വളർത്താമോ എന്നു നോക്കിയതിൽ അംഗലചക്രവർത്തിയുടെ ആധിപത്യത്തിലുള്ള പ്രദേശങ്ങളിൽ സിലോൺദ്വീപുപോലെ പ്രസ്തുത കൃഷിക്കു സ്വീകാരയോഗ്യമായി മറെറാരിടവും ദൃഷ്ടിയിൽ പെട്ടില്ല. ക്രിസ്താബ്ദം 1881-ൽ ഇദംപ്രഥമമായി സിലോൺദ്വീപിൽ റബ്ബർമരം പുഷ്പിച്ചു കാണ്മാനുള്ള മഹാഭാഗ്യമുല്ലസിച്ചു. റബ്ബർവിഷയത്തിൽ ആമസോൺനദീകൂലങ്ങൾക്കുണ്ടായിരുന്ന കുലങ്കഷമായ ഗർവം ഇതോടുകൂടി അസ്തമിച്ചു. അനന്തരം അനുകൂലങ്ങളായ അവസ്ഥാസാദൃശ്യങ്ങൾ ഗ്രഹിച്ചു്, ഏഷ്യാഭൂഖണ്ഡത്തിൽ പലടത്തും റബ്ബർകൃഷി ക്രമേണ വ്യാപിപ്പിക്കപ്പെട്ടു. ശീതോഷ്ണസ്ഥിതികളും വൃഷ്ടിപുഷ്ടിയും ശരിപ്പെടുന്ന മലഞ്ചെരിക്കുകളും കുന്നുംപുറങ്ങളും നമ്മുടെ നാട്ടിൽ ഇപ്പോൾ റബ്ബർമരങ്ങളാൽ വ്യാപ്തങ്ങളായിരിക്കുന്നു. ഏകദേശം പതിനാറു പതിനേഴു കൊല്ലങ്ങൾക്കുള്ളിൽ കൃഷിചെയ്തു കിടുന്ന റബ്ബറിന്റെ പരിമാണം ഉദ്ദേശം മുപ്പതിനായിരം മടങ്ങു വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. ഇതുകൊണ്ടു റബ്ബർകൃഷിയുടെ പ്രചാരം എത്രമാത്രമാണെന്നനുമാനിക്കാമല്ലോ.

കാഷ്ഠികമായ റബ്ബർ, വന്യങ്ങളായ റബ്ബർമരങ്ങളിൽ നിന്നു ലഭ്യമായ നിര്യാസത്തേക്കാൾ ശുചിയും കാഴ്ചയ്ക്കു കൊള്ളാവുന്നതുമാണെങ്കിലും വന്യദ്രവ്യത്തിനുള്ളപോലെ ബലവും ആയാമ്യതയും മറ്റതിനു കാണുന്നില്ല. മരത്തൊലി ഇല മണ്ണു മുതലായവയുടെ സമ്മിശ്രതകൊണ്ടു വന്യമായ റബ്ബർ പ്രായേണ അശുദ്ധമായിരിക്കും. ഒരുപക്ഷേ ഈ വക അന്യപദാർത്ഥമിശ്രതയോ അഥവാ വന്യവൃക്ഷങ്ങളുടെ വയോവൃദ്ധിയോ നിമിത്തം * പ്രകൃതിലഭ്യമായ റബ്ബറിനു ഗുണം കൂടുന്നതായി ചിലർ ഊഹിക്കുന്നു. മുൻപറഞ്ഞ രണ്ടുതരം റബ്ബറിനും പുറമെ കൃത്രിമമായി റബ്ബർ ഉണ്ടാക്കുവാൻ രാസ്നൂജ്ഞന്മാർ ചെയ്യുന്ന ഉത്സാഹങ്ങളും പ്രസ്താവയോഗ്യങ്ങളാകുന്നു.

കേവലം ഗന്ധവാഹൻ എന്നു പറഞ്ഞുവന്നിരുന്ന വായുദേവനെ വാഹനവാഹനനാക്കുന്നതിനു വ്യവസായവിദഗ്ദ്ധന്മാർക്കു റബ്ബർ ഒരു മന്ത്രസാധനംപോലെ പ്രയോജനപ്പെടുന്നു. പരിഷ്കാരത്തിന്റെ അഭിവൃദ്ധി ഇങ്ങനെ അത്ഭുതകരമായി പ്രശോഭിക്കുന്നു.

ഭൂമിദേവിയുടെ ഉൽപത്തി

ഇവിടെ പ്രതിപാദ്യമായ വിഷയം കുറെ ഗഹനമാണ്. ഭൂമി എങ്ങനെയുണ്ടായി എന്നു ചോദിച്ചാൽ ഉത്തരം പറയുവാൻ വിഷമമാണ്. പൌരാണികന്മാർ ഭൂമിയെ ഒരു ദേവിയായി സങ്കല്പിച്ചിരിക്കുന്നു. മഹാവിഷ്ണുവിന്റെ ഭോഗ്യകാരിൽ

* പ്രകൃതിലഭ്യം=പ്രകൃതിയിൽനിന്നു ലഭിക്കാവുന്നതു്.

ഒരാളാണ് ഭൂമി എന്നും അവർ പറയുന്നു. ഇത്ര മഹാദേഹ
യായ ഒരു ഭാരത്തെ ലഭിച്ചതിൽ മഹാവിഷ്ണു കുറെ കുടുംബ
ഭാരം അനുഭവിക്കുന്നുണ്ടായിരിക്കണം. പുരാണവചനത്തിനു
വല്ല യുക്തിയുമുണ്ടോ എന്നു നമുക്ക് ഉപരി പരിശോ
ധിക്കാം. തല്ക്കാലം ഭൂമിയുടെ ഉല്പത്തിയെങ്ങനെയെന്നു
നോക്കേണ്ടിയിരിക്കുന്നു. പാശ്ചാത്യശാസ്ത്രങ്ങളിൽ ഗതിയി
ല്ലാത്തവർ ഇതിന് എന്തു പറയുമായിരിക്കും. എഴുത്ത
ച്ഛന്റെ രാമായണം കിളിപ്പാട്ട പഠിച്ചിട്ടുള്ളവർ ആരണ്യ
കാണ്ഡത്തിലെ അഗസ്ത്യസ്മൃതി ഓർമ്മവന്നാൽ,

"താമസത്തിങ്കൽനിന്നു സൂക്ഷ്മതന്മാത്രകളും
ഭൂമിപൃഥ്വികസ്ഥൂലപഞ്ചഭൂതവും പിന്നെ"

എന്ന ഭാഗമുരിച്ചുത്തരം പറയുമായിരിക്കും. അതിന്റെ
താല്പര്യമറിയുവാൻ സാമ്പ്രം വ്യാഖ്യാനം വേണ്ടിയിരിക്കുന്നു.
മൂലശ്ലോകങ്ങളുടെ അർത്ഥം തഞ്ജിമയിൽ എഴുത്തച്ഛൻ
വളരെ സംക്ഷേപിച്ചുകളഞ്ഞു. പരമാത്മാവിന്റെ ശക്തിക്കു
മായയെന്നും മൂലപ്രകൃതിയെന്നും മറ്റും പറയുന്നു; മൂലപ്രകൃ
തിക്കു സംക്ഷോഭമുണ്ടാകുമ്പോൾ അതിൽനിന്നു മഹത്തത്വം
അതായത് ബുദ്ധിതത്വം ഉണ്ടാകുന്നു; ആ മഹത്തത്വത്തിൽ
നിന്ന് അഹങ്കാരം ജനിക്കുന്നു. അഹങ്കാരം എന്നിവിടെ
പറയുന്നതു് ഗർവ്വം എന്ന അർത്ഥത്തിലല്ല. ഓരോരുത്തർക്കും
അവനവനുണ്ടെന്നു തോന്നുന്ന ബോധമോ അഭിമാനമോ
ആയി പരിണമിക്കുന്ന അന്തഃകരണമാണ് അഹങ്കാരം.
അങ്ങനെയുണ്ടാകുന്ന അഹങ്കാരം, താമസം, രാജസം,
സാത്വികം എന്നു മൂന്നു തരത്തിൽ തിരിയുന്നു. താമസം
അതായതു തമോഗുണമയമായ അഹങ്കാരത്തിൽനിന്നു സൂക്ഷ്മ
തന്മാത്രകൾ ഉത്ഭവിക്കുന്നു. ശബ്ദം, സ്പർശം, രൂപം, രസം,

ഗന്ധം ഇവ കേവലം അങ്കുരാവസ്ഥയിൽ ഇരിക്കുന്നതാണ് സൂക്ഷ്മതന്മാത്രകം. അനന്തരം ഓരോ സൂക്ഷ്മതന്മാത്രയിൽ നിന്നു സ്ഥൂലങ്ങളായ പഞ്ചഭൂതങ്ങളിൽ ഓരോന്നുമുണ്ടാകുന്നു. എങ്ങനെയെന്നാൽ ശബ്ദത്തിൽനിന്ന് ആകാശം, സ്പർശത്തിൽനിന്നു വായു, രൂപത്തിൽനിന്നു തേജസ്സ്, രസത്തിൽനിന്നു ജലം, ഗന്ധത്തിൽനിന്നു ഭൂമി ഇങ്ങനെയാകുന്നു. പഞ്ചഭൂതങ്ങളിൽ ആദ്യമാദ്യമുള്ളതിന്റെ ഗുണങ്ങൾ പിന്നീടുപിന്നീടുള്ളതിനും ഉണ്ടായിരിക്കുമെന്നുള്ളതുകൊണ്ട് ആകാശം ശബ്ദമാത്രഗുണം, വായു ശബ്ദസ്പർശഗുണം, തേജസ്സു് ശബ്ദസ്പർശരൂപഗുണം, ജലം ശബ്ദസ്പർശരൂപരസഗുണം, ഭൂമി ശബ്ദസ്പർശരൂപരസഗന്ധഗുണം എന്നിങ്ങനെ പഞ്ചഭൂതങ്ങൾ ക്രമോത്തരഗുണങ്ങളാകുന്നു. ഇതാകുന്നു മേൽ പറഞ്ഞ ഭാഗത്തിന്റെ വ്യാഖ്യാനം.

മേൽപ്രകാരം വേദാന്തികളും സാംഖ്യദർശനക്കാരും ഭൂമി ഉണ്ടായതായി പറയുന്നു. ഈ സിദ്ധാന്തത്തിന്റെ സാധുത്വാസാധുത്വപരീക്ഷ വിസ്തരഭയംകൊണ്ടു് ഇവിടെ സുകരമല്ല. എങ്കിലും അതിന്റെ ആസ്പദം മനുഷ്യർക്കു ബാഹ്യലോകബോധത്തിനുള്ള മാർഗ്ഗം ജ്ഞാനേന്ദ്രിയങ്ങളാണെന്നുള്ള തത്വമാകുന്നു. ശബ്ദസ്പർശരൂപരസഗന്ധങ്ങളെ ഗ്രഹിക്കുവാൻ വേണ്ട ഇന്ദ്രിയങ്ങൾ ഇല്ലെങ്കിൽ നമുക്ക് ആകാശംമുതൽ ഭൂമിവരെയുള്ള ഭൂതങ്ങളെപ്പറ്റി അറിയുവാൻ നിവൃത്തിയില്ല. ജാത്യന്ധന്മാർക്കു രൂപങ്ങളോ വർണ്ണങ്ങളോ ഇല്ല; കാതില്ലെങ്കിൽ ശബ്ദം ഗ്രഹിക്കാവുന്നതല്ല. ഇങ്ങനെ പഞ്ചേന്ദ്രിയങ്ങളുമില്ലെങ്കിൽ ഭൂമിയുമില്ല. അതുകൊണ്ടു പഞ്ചേന്ദ്രിയങ്ങളെ നശിപ്പിക്കയോ നിർദ്ദോഷം സ്തംഭിപ്പിക്കയോ ചെയ്വാൻ കഴിവുള്ളവർക്കു ഭൂമിയില്ലെന്നു

വന്നുകൂടുന്നതാകുന്നു. പക്ഷേ പഞ്ചേന്ദ്രിയങ്ങളേയും പരിത്യജിച്ചു പരീക്ഷിച്ചു നോക്കുന്നതിനു വളരെ ആളുകൾ സന്നദ്ധരാകുമെന്നു തോന്നുന്നില്ല.

അതുകൊണ്ടു മറ്റു മാർഗ്ഗേണ നമുക്കു ആലോചിച്ചു നോക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി നമുക്കു ഭൂമിയെപ്പറ്റി നിസ്തർക്കമായി എന്തറിയാമെന്നു നോക്കുകതന്നെ. ഭൂമിയിലാണു നമ്മുടെ അധിവാസമെങ്കിലും അതിനെപ്പറ്റി മുമ്പുണ്ടായിരുന്ന മനുഷ്യരുടെ അജ്ഞത അസാമാന്യമായിരുന്നു. ഭൂമി പലകപോലെ പരന്ന പദാർത്ഥമാണെന്നു പണ്ടുള്ളവർ ധരിച്ചിരുന്നു. പക്ഷേ അതു പന്തുപോലെ ഉരുണ്ടിരുന്ന ഗോളമാണെന്നു് ആധുനികന്മാർ നിർവ്വിശങ്കം വിശ്വസിക്കുന്നു. അതുപോലെ ഭൂമിയ്ക്കു ചലനമില്ലെന്നും സൂര്യൻ ആകാശത്തിൽ സഞ്ചരിക്കുന്നു എന്നും കുറെക്കാലം മുമ്പുവരെ പലരും വിചാരിച്ചിരുന്നു. അചലാ, സ്ഥിരാ ഇത്യാദി ശബ്ദങ്ങൾ ഭൂമിപര്യായങ്ങളായി നാം ഇന്നുമുപയോഗിക്കുന്നു. പക്ഷേ വാസ്തവമങ്ങനെയല്ലെന്നു വിദ്വാന്മാർ സമർത്ഥിച്ചിരിക്കുന്നു. ഒരു മുന്നൂറുകൊല്ലം മുമ്പു ഭൂമി സൂര്യനെ ചുറ്റിസ്സഞ്ചരിക്കുന്നു എന്നു പറയുന്നവരെ പാശ്ചാത്യദേശങ്ങളിൽ ഭ്രാന്തരെന്നുവച്ചു് ആളുകൾകൂടി കൂവി കല്ലും മണ്ണും വലിച്ചെറിയുമായിരുന്നു. ഭൂമി ചലിക്കുന്നു എന്നു ധീരമായി പറഞ്ഞ അപരാധത്തിനു ഭ്രഗോളശാസ്ത്രജ്ഞനായ ഒരു മഹാനെ കാരാഗൃഹത്തിൽ ബന്ധനം ചെയ്യുന്നതിനുപോലും സംഗതിയായിട്ടുണ്ടു്. ഭാരതീയരായ ഭ്രഗോളജ്യോതിഷികന്മാർ ചിരം ഭൂമി ഗോളരൂപിണിയാണെന്നും അതു സൂര്യനെ ചുറ്റിസ്സഞ്ചരിക്കുന്നു എന്നും അഭിപ്രായപ്പെടാതിരുന്നിട്ടില്ല. ഉദാഹരണത്തിനു് ഉദ്ദേശം 500 കൊല്ലങ്ങൾക്കുമുമ്പു് വിര

ചിതമെന്നു കാണുന്ന ഗോളദീപിക എന്ന ഗ്രന്ഥം നോക്കിയാൽ മതി. അതു കേരളീയനായ ഒരു ജ്യോതിശാസ്ത്രജ്ഞന്റെ കൃതിയാണു്.

"പൂർവ്വാഭിമുഖം ഭ്രമതി
ക്ഷോണീ നാസ്തി ഭ്രമഃ ഖഗർക്ഷാണാം
ഇതി കില വദന്തി കേചിൽ
നാഭിമതം തദപി ചാര്യഭട്ടസ്യ"

എന്നു ഗോളദീപികാകർത്താവു പറയുന്നു. അതായതു് "പൂർവ്വാഭിമുഖമായി ഭൂമി സഞ്ചരിക്കുന്നു. ആദിത്യനക്ഷത്രാദി ജ്യോതിസ്സുകളല്ല ചുറ്റി സഞ്ചരിക്കുന്നതു്. ഇങ്ങനെ ചില ശാസ്ത്രജ്ഞന്മാർ പറയുന്നു. പക്ഷേ ആ അഭിപ്രായം ആര്യഭട്ടൻ അഥവാ ആര്യഭടൻ എന്ന ആചാര്യൻ അംഗീകരിക്കുന്നില്ല" എന്നർത്ഥം. ഇതുകൊണ്ടു് ഭൂമി സൂര്യനെ ചുറ്റിസ്സഞ്ചരിക്കുന്നു എന്നു് അഭിപ്രായമുണ്ടായിരുന്ന പൌരസ്ത്യവിദ്വാന്മാരില്ലാതിരുന്നില്ലെന്നു സ്പഷ്ടമാകുന്നു. പക്ഷേ ആര്യഭടാദികളായ ആചാര്യന്മാരുടെ അഭിപ്രായങ്ങളെ അനാദരിക്കുവാനുള്ള അന്ധീരതകൊണ്ടു് അസ്മദീയശാസ്ത്രജ്ഞന്മാർ യഥാർത്ഥതത്വനിഷ്ഠയിൽ ചഞ്ചുവന്മാരായി പരിണമിച്ചു. പാശ്ചാത്യന്മാർ ദൂരദർശിനിമുതലായ ഉപകരണങ്ങളുടെ സാഹായ്യം അവലംബിച്ചു ഭൂമിയുടെ ഭ്രമണം സമർത്ഥിച്ചു.

ഏതെങ്കിലും ഭൂമി ഗോളാകൃതിയാണെന്നും അതു് ആദിത്യനെ ചുറ്റിസ്സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നും സിദ്ധമായി ഗണിക്കാവുന്നതാണു്. ചന്ദ്രൻ ഭൂമിയെ ചുറ്റി സഞ്ചരിക്കുന്നു. അദൃശ്യമായ ശൃംഖല ഇട്ടു പിടിക്കപ്പെട്ടതുപോലെ ചന്ദ്രനും, ഭൂമിപ്രദക്ഷിണംചെയ്തുകൊണ്ടു സൂര്യനെ

ചുറ്റി സഞ്ചരിക്കുന്നു. ആകാശവിതാനത്തിലേക്കു നോക്കിയാൽ ചന്ദ്രനെക്കൂടാതെ അനേകം നക്ഷത്രങ്ങൾ പ്രകാശിച്ചുകൊണ്ടിരിക്കുന്നതു നിഷ്പ്രയാസമായി നമുക്കു കാണാമെന്നുള്ളതാകുന്നു. നക്ഷത്രങ്ങൾ ക്ലിപ്തസ്ഥാനങ്ങളിൽനിന്നു ചലിക്കാതെ പ്രകാശിക്കുന്ന ജ്യോതിസ്സുകളാണു്. എന്നാൽ നക്ഷത്രങ്ങളെപ്പോലെ പ്രകാശമാനങ്ങളായി, സഞ്ചാരികളായി വേറൊരുതരം ജ്യോതിസ്സുകളുണ്ടു്. അവയ്ക്കു ഗ്രഹങ്ങൾ എന്നു പേർ പറയുന്നു. ബുധൻ, ശുക്രൻ, കുജൻ, വ്യാഴം, ശനി ഇവ നമുക്കു സുപരിചിതങ്ങളായ ഗ്രഹങ്ങളാണു്. ഇതുകൂടാതെയും ഗ്രഹങ്ങളുണ്ടു്. സാധാരണ ഗ്രഹങ്ങളേക്കാൾ ചെറുതായി പല ഉപഗ്രഹങ്ങളും ആകാശദേശത്തു സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ആകാശത്തു കൊള്ളിമീൻ അഥവാ ഉല്ക്കകൾ ഉജ്ജ്വലിക്കുന്നതും ചിലപ്പോൾ കാണാറുണ്ടു്. ഇതിനുപുറമെ അംപുവ്മായി ധൂമകേതുക്കൾ എന്നൊരുതരം ജ്യോതിസ്സുകളും ഉദിക്കാറുണ്ടെന്നു നമുക്കു് അറിവുണ്ടു്. ഭൂമി, ചന്ദ്രൻ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, ഉല്ക്കകൾ, ധൂമകേതുക്കൾ, ഇവയെല്ലാം സൂര്യന്റെ കുടുംബത്തിൽ ഉൾപ്പെട്ടതാണു്. ഇവയെല്ലാം കൂടിച്ചേരുന്നതാണു് സൌരയൂഥം. ഭൂമി ബുധശുക്രാദികളെപ്പോലെ ഒരു ഗ്രഹമാകുന്നു. ഗ്രഹങ്ങൾ എല്ലാം സൂര്യനെ പ്രദക്ഷിണംവച്ചുകൊണ്ടിരിക്കുന്നു. പക്ഷേ അവയുടെ ഭ്രമണമാർഗ്ഗങ്ങൾ എല്ലാം പ്രത്യേകമാണു്. ചുറ്റിസ്സഞ്ചരിക്കുന്നതുകൊണ്ടു ഗ്രഹങ്ങളുടെ സഞ്ചാരവീഥികൾ വലയാകൃതിയാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. സൂര്യനു് ഏറ്റവും സമീപസ്ഥനായി ചുറ്റിക്കൊണ്ടിരിക്കുന്നതു ബുധനാണു്. ബുധന്റെ ഭ്രമണവൃത്തരേഖയ്ക്കു പുറമേയാണു

ശുക്രന്റെ ഭ്രമണമാർഗ്ഗം. അതിനും പുറമെയാണ ഭൂമിയുടെ സഞ്ചാരവീഥി. ഭൂമിക്കു പുറമെയാണ കുജന്റെ പരിക്രമണം. അതിലും ദൂരത്തിലായി വ്യാഴവും വ്യാഴത്തിൽനിന്നും ദൂരെയായി ശനിയും സൂര്യനെ ചുറ്റി സഞ്ചരിക്കുന്നു. ചിലർ ശ്രീകോവിലിനു ചുറ്റിയും ചിലർ നാലമ്പലത്തിനു ചുറ്റിയും മറ്റു ചിലർ മതിൽക്കെട്ടിനു പുറമേയും ക്ഷേത്രപ്രദക്ഷിണം ചെയ്യുന്നതുപോലെയാണ ഗ്രഹങ്ങളുടെ സഞ്ചാരക്രമം. അതുകൊണ്ടു ഗ്രഹങ്ങൾ തമ്മിൽ ഒരിക്കലും കൂട്ടിമുട്ടുന്നതിനിടയാകുന്നില്ല. കുജന്റെയും വ്യാഴത്തിന്റെയും സഞ്ചാരവീഥികളുടെ അന്തരാളത്തിലാണ് ഉപഗ്രഹങ്ങൾ പരിക്രമിച്ചുകൊണ്ടിരിക്കുന്നത്. ഏതോ ഒരു ഗ്രഹം ഛിന്നഭിന്നമായിപ്പോയതിൽനിന്നു് ഉപഗ്രഹങ്ങൾ ഉല്പാദിച്ചതാണെന്നു് ഒരു കാലത്തു ജ്യോതിഷികന്മാർ വിചാരിച്ചിരുന്നു. പക്ഷേ ആ അഭിപ്രായത്തിനു സാധുവായ ആധാരം ഉണ്ടെന്നു പറയാവുന്നതല്ല. കൊള്ളിമീൻ വീഴുന്നതു കണ്ടു നക്ഷത്രം വീഴുകയാണെന്നു സാധാരണ ജനങ്ങൾ പറയാറുണ്ടു്. എന്നാൽ അതു നക്ഷത്രമല്ല. അതിനു നക്ഷത്രവുമായി യാതൊരു ബന്ധവുമില്ല. പെടിക്കെട്ടിൽ വാണം കത്തിച്ചു വിടുന്നതുപോലെ ഉല്കകൾ ഒരിടത്തുനിന്നു മറെറാരിടത്തേക്കു് എറിഞ്ഞുപായുന്നു പോകുകയാണല്ലൊ ചെയ്യാറുള്ളതു്. സ്വല്പസമയംകൊണ്ടു് അവയുടെ ചിലാസം അസ്തമിക്കയും ചെയ്യുന്നു. ഉല്കകൾ ആകാശത്തു വ്യാകീർണ്ണങ്ങളായി സഞ്ചരിക്കുന്നു. അവയ്ക്കു സാധാരണമായി ഒരു കളിപ്പന്തിന്റെ വലിപ്പമേയുള്ളു. അതിൽ കൂടുതലും കുറവും ആയിട്ടും വളരെ ഉല്കകൾ ഉണ്ടു്. ഇവയുടെ ഇടയ്ക്കുകൂടി ഭൂമി സഞ്ചരിക്കുമ്പോൾ ആകർഷണശക്തി

കൊണ്ട് അവ ഭൂമിയിലേയ്ക്കു പതിക്കുന്നു. വായുമണ്ഡലത്തിൽക്കൂടിയുള്ള ക്ഷിപ്രഗതിനിമിത്തം ചൂടുതട്ടി അവ എരിഞ്ഞുപോകുന്നു. അതുകൊണ്ടു പ്രകാശരേഖകളായി പരിണമിച്ച് അവ ഭൂമിയിൽ വീഴുന്നു. എരിഞ്ഞുതീർന്ന ഉല്ക്കകളുടെ അവശേഷിതങ്ങൾ എടുത്തു കാഴ്ചബംഗ്ലാവുകളിലും മറ്റും സൂക്ഷിക്കാറുണ്ട്. ഇനി നമുക്കു നോക്കുവാനുള്ളതു ധൂമകേതുക്കളെപ്പറ്റിയാണു്. ഇവയും സൂര്യന്റെ കുടുംബത്തിൽ ഉൾപ്പെട്ടതാണെന്നു പറഞ്ഞുവല്ലൊ. എന്നാൽ ഗ്രഹങ്ങളുടെ ഗതിയിൽനിന്നു ധൂമകേതുക്കളുടെ ഗതികൾ ഭിന്നമാകുന്നു. ഗ്രഹങ്ങളുടെ ഭ്രമണമാർഗ്ഗങ്ങൾ മിക്കവാറും വൃത്തരൂപത്തിലാകുന്നു. ധൂമകേതുക്കളുടെ പരിക്രമണമാർഗ്ഗമാകട്ടെ അണ്ഡാകൃതി കുറേക്കൂടി നീണ്ടിരുന്നാലെങ്ങനെയോ അതു രൂപത്തിലാണു്. അതുനിമിത്തം ധൂമകേതുക്കൾ ചിലപ്പോൾ ആദിത്യനു് അസന്നമായിവന്നു ചുറ്റിത്തിരിഞ്ഞു പിന്നെ ബഹുദൂരം സഞ്ചരിക്കയും, വീണ്ടും വളരെക്കാലം കഴിഞ്ഞു സൂര്യസമീപം പ്രാപിച്ചു മുമ്പിലേപ്പോലെ ചുറ്റിത്തിരിഞ്ഞുപോകയും ചെയ്യുന്നു. ഒരു ഗോളത്തിന്റെ വശങ്ങൾ പിരുക്കിയാൽ നടുവൊട്ടി തലയിണപോലെ ഗോളത്തിനു നീളമുണ്ടാകുമല്ലൊ. അങ്ങനെ ഒരു രൂപത്തിലാണു ധൂമകേതുവിന്റെ സഞ്ചാരമാർഗ്ഗം. പക്ഷേ ധൂമകേതുക്കളും സൂര്യന്റെ പിടിവിട്ടു പോകുന്നതിനു അസമർത്ഥങ്ങളാണു്.

നക്ഷത്രങ്ങൾ സൂര്യകുടുംബത്തിൽ ഉൾപ്പെട്ടവയല്ല. അവ ഓരോന്നും നമ്മുടെ സൂര്യനെപ്പോലെ ഓരോ പ്രത്യേക കുടുംബിയായി ഗണിക്കപ്പെടേണ്ടതാകുന്നു. ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, ധൂമകേതുക്കൾ ഇവയെല്ലാം ഒരേടിക്കിനഭിമുഖമായി സൂര്യനെ ചുറ്റിസഞ്ചരിക്കുന്നതായി ബഹുകാലം

അവയുടെ ഗതികാം അവലോകനം ചെയ്തിട്ടുള്ള ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നു. സ്വകുടുംബാംഗങ്ങളോടുകൂടി സൂര്യൻതന്നെ ചലിച്ചുകൊണ്ടിരിക്കുന്നതായും വിചാരിക്കേണ്ടതാകുന്നു. അതുപോലെ നക്ഷത്രങ്ങളും സഞ്ചരിക്കുന്നുണ്ടാകണം. ആകപ്പാടെ പറയുമ്പോൾ അനന്തമായ അന്തരീക്ഷം ചരിഷ്ണുക്കളായ അനവധി ജ്യോതിസ്സുകളുടെ ഭ്രമണരംഗമാകുന്നു. ഇനി ഈ പ്രസംഗത്തിന്റെ ആരംഭത്തിൽ ജിജ്ഞാസാവിഷയമായി ചോദിച്ച മഹാപ്രശ്നത്തിലേക്കു പ്രതിനിവർത്തിക്കേണ്ടിയിരിക്കുന്നു. അതായതു ഭൂമി എങ്ങനെ ഉണ്ടായി എന്നു നമുക്ക് ഒന്നു ചിന്തിച്ചുനോക്കേണ്ടിയിരിക്കുന്നു. അതിലേക്കു വല്ല തുമ്പും കിട്ടുമോ എന്നു നോക്കുവാൻ ആകാശദേശം കുറേക്കൂടി സൂക്ഷ്മമായി പരിശോധനീയമാകുന്നു. ദൂരദർശിനി അഥവാ കൂഴൽക്കണ്ണാടിയിച്ചു നോക്കിയാൽ മുൻപു വിവരിക്കപ്പെട്ടതു കൂടാതെ അനേക ജ്യോതിസ്സുകൾ ആകാശത്തുണ്ടെന്നു നമുക്കു കാണാവുന്നതാണ്. ആ ജ്യോതിസ്സുകൾ, അജ്ഞാതരൂപത്തിൽ (അതായതു് അട്ടിൻമോമംപോലെ) അല്പിയുങ്ങളായും കാന്തിമത്തുക്കളായുമുള്ള മേഘങ്ങൾക്കു സദൃശമായ ആകൃതിയുള്ളവയാകുന്നു. അവയ്ക്കു് ഇംഗ്ലീഷുകാർ "നെബുലി" (ഏകവചനം "നെബുല") എന്നു പറയുന്നു. മറാഠിഭാഷയിൽ സംസ്കൃതത്തെ ആശ്രയിച്ചു് അവയ്ക്കു തേജോമേഘങ്ങൾ എന്നു പേരു നിർമ്മിച്ചിരിക്കുന്ന സ്ഥിതിക്കു് ആ വാക്കുതന്നെ നമുക്കുപയോഗിക്കാം. ഇവയിൽ ചിലതിനെ കേവലം അസഹായങ്ങളായ കണ്ണുകൊണ്ടു നമുക്കു കാണാവുന്നതാണ്. അങ്ങനെ ദൃഷ്ടിമാത്രദൃശ്യങ്ങളാകുമ്പോൾ അവ നക്ഷത്രങ്ങളെപ്പോലിരിക്കും. പക്ഷേ അവ നക്ഷത്രങ്ങളിൽനിന്നു ഭിന്ന

മാകുന്നു. അഥവാ അവ ആകൃതിയിൽ അഗ്നിമയമായ ധൂമികയെ (മൂടൽമഞ്ഞിനെ) അനുകരിക്കുന്നു എന്നും പറയാവുന്നതാണു്. അങ്ങനെ ലക്ഷത്തിൽ അധികം തേജോമേഘങ്ങൾ ആകാശത്തിലുണ്ടെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. അവയിൽ ഏകദേശം നേർപകുതിയോളം കുണ്ഡലാകൃതിയിൽ പറന്നു തളിനമായിരിക്കുന്നു.

കുണ്ഡലാകൃതിയായ ഒരു തേജോമേഘപടലത്തെ സൂക്ഷിച്ചുനോക്കുന്നപക്ഷം അതിൽ ചില ബിന്ദുക്കൾ മറ്റു ഭാഗങ്ങളെ അപേക്ഷിച്ചു് അധികം ദീപ്രമായിരിക്കുന്നതു കാണാം. അതുകൊണ്ടു വിചാരിക്കേണ്ടതു മേൽപടി ബിന്ദു ഭാഗങ്ങൾ മറ്റുഭാഗങ്ങളെക്കാൾ ഘനീഭവിച്ചിട്ടുണ്ടെന്നാകുന്നു. പ്രസ്തുത ബിന്ദുക്കളിൽ ചിലതിനു ഒരു നക്ഷത്രത്തിന്റെ അത്രയും വലിപ്പവും തെളിച്ചവും ഉണ്ടായിരിക്കും. ചുറ്റുമുള്ള ഭാഗങ്ങൾ ലോപിച്ചുപോകുമെങ്കിൽ ഈ ബിന്ദുക്കൾ നക്ഷത്രങ്ങളായിത്തീരുമെന്നു് ആക്കം തോന്നാതിരിക്കയില്ല. നക്ഷത്രങ്ങളുടെ നിഷ്പത്തി തേജോമേഘങ്ങളിൽ നിന്നാകുന്നതിൽ ഒരസാംഗത്യവുമില്ല. തേജോമേഘങ്ങൾ നക്ഷത്രങ്ങളാകുമെങ്കിൽ നമ്മുടെ സൗരയൂഥത്തിന്റെ ഉപാദാനകാരണം മഹത്തായ വല്ല തേജോമേഘവുമായിരിക്കണമെന്നു വിചാരിക്കാവുന്നതാകുന്നു. ഉപാദാനകാരണമെന്നു വച്ചാൽ എന്താണെന്നു പറയാം. മണ്ണുകൊണ്ടു കുടമുണ്ടാക്കുമ്പോൾ, മണ്ണു കുടത്തിന്റെ ഉപാദാനകാരണമെന്നു പറയുന്നു. കാര്യമായ വസ്തുവിന്റെ നിഷ്പത്തിയ്ക്കു ഹേതുഭൂതമായ പദാർത്ഥമാണു് ഉപാദാനകാരണം. നക്ഷത്രങ്ങൾ നമ്മുടെ സൗരയൂഥം പോലെയുള്ള മഹാമണ്ഡലങ്ങളാണു്. നമ്മുടെ സൂര്യനെ അപേക്ഷിച്ചു ഭൂമിപ്പട്ടതികളായ ഗ്രഹങ്ങൾ

എത്രയോ തുച്ഛങ്ങളായിരിക്കുന്നതുപോലെ ഓരോ നക്ഷത്രങ്ങളോട് അനുബന്ധിച്ചു ഗ്രഹങ്ങളുണ്ടെങ്കിൽ അതിദൂരസ്ഥതകൊണ്ട് അവ നമുക്ക് ദൃഷ്ടിഗോചരമാകുന്നില്ല. മഹാവൃക്ഷങ്ങളുടെ ചുവട്ടിൽ കിളുക്കുന്ന ചെടികൾ ദൂരെനിന്നു നോക്കിയാൽ കാണുകയില്ലല്ലോ. എന്നാൽ ഓരോ മഹാവൃക്ഷവും ഉയർന്നില്ലുന്നതു ദൂരെനിന്നു നോക്കുമ്പോഴും കാണാമെന്നുള്ളതാകുന്നു. അതുപോലെ നക്ഷത്രങ്ങൾ അല്ലാതെ അവയ്ക്കു അധീനങ്ങളായ ഗ്രഹങ്ങൾ നമുക്കു പ്രത്യക്ഷപ്പെടുന്നില്ല.

സൂര്യനും അതിനു അധീനങ്ങളായ ജ്യോതിസ്സുകളും ഭൂമി മുതലായ ഗ്രഹങ്ങളും തേജോമേഘത്തിൽനിന്നു ജന്യങ്ങളാണെന്നു വിചാരിക്കുന്നതിനു ബാധകമായി യാതൊന്നുമില്ല. എന്നാൽ തേജോമേഘം സ്ഥൂലരൂപമായി പരിണമിച്ചതെങ്ങനെയെന്നു സൂക്ഷ്മമായി വിവരിക്കുവാൻ സാധ്യമല്ല. നമുക്കു ഭദ്രമായി കരുതാവുന്ന ഒരു സംഗതി ഇവിടെ പ്രസ്താവയോഗ്യമാകുന്നു. അതായതു ലോകത്തുള്ള സകല പദാർത്ഥങ്ങളും തമ്മിൽ പരസ്പരം ആകർഷണം ഉണ്ടെന്നുള്ളതാകുന്നു. സർ ഐസേക്കു ന്യൂട്ടൻ എന്ന പ്രകൃതിവിജ്ഞാനിയാൽ ഉപജ്ഞാതമായ പ്രസ്തുത തത്വം സാർവ്വത്രികമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിൽ ഉള്ള ഓരോ അണുവും മറ്റുള്ള അണുക്കളെ ആകർഷിക്കയും മറ്റുള്ള അണുക്കളാൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. ഈ ആകർഷണശക്തി നടക്കുന്നതുകൊണ്ടു് തേജോമേഘങ്ങളിൽ പ്രകാരഭേദങ്ങൾ നേരിടുന്നു. ഒരു തേജോമേഘത്തിന്റെ മൂർത്തിയിൽ അങ്ങുമിങ്ങും വിരളമായിച്ചിതറിക്കിടക്കുന്ന അണുപ്രായമായ ദ്രവ്യശകലങ്ങൾ അന്യോന്യാകർഷണം

കൊണ്ടു ചിലടത്തു രാശീഭവിക്കുന്നു. അങ്ങനെയുള്ള ഭാഗങ്ങൾ നിബിഡതകൊണ്ടു പ്രകാശവത്തുകളായി നക്ഷത്രരൂപത്തിൽ പരിണമിക്കുന്നു. അണുക്കൾ അകലുമ്പോൾ വികാസവും അടുക്കുമ്പോൾ (1) ഹ്രാസവും സംഭവിക്കുന്നു. മുൻപറഞ്ഞതുപോലെ ആകർഷണശക്തി നിമിത്തം തേജോമേഘങ്ങളുടെ ഭാഗങ്ങൾ ഘനീഭവിച്ചു സൂര്യനും ഭൂമിയും മറ്റു ഗ്രഹങ്ങളുമുണ്ടായതായി വിചാരിക്കേണ്ടിയിരിക്കുന്നു. കൂടാതെ ആകാശമാർഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ തേജോമേഘങ്ങൾ (2) ശലഭോത്ഥംപോലെ സമൂഹമായ ഉല്ക്കകളുമായി കൂട്ടിമുട്ടുന്നതിനും ആ ഉല്ക്കകൾ ഗ്രഹങ്ങളുടെ അങ്കുരങ്ങളായിട്ടഭിവൃദ്ധി പ്രാപിക്കുന്നതിനും സംഗതിയുള്ളതാണു്. എങ്ങനെയായാലും ഉല്ക്കകളുടെ ഘട്ടനംകൊണ്ടു തേജോമേഘങ്ങൾ ചൂടുചുടെ തപ്തമാകാതിരിക്കയില്ല. ചൂടിന്റെ കൂടുതൽകൊണ്ടു മൃത്തങ്ങളായ പദാർത്ഥങ്ങൾ ഉരുകുകയും ദ്രവങ്ങൾ വാതകങ്ങളായിത്തീരുകയും ചെയ്യുന്നു. ആദിത്യനിപ്പൊഴും അനേക വാതകങ്ങൾ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു മണ്ഡലമാകുന്നു. വേണ്ടപോലെ ചൂടുതട്ടിയാൽ പദാർത്ഥങ്ങളിൽനിന്നു വെളിച്ചവും ചൂടും പുറപ്പെടുന്നു. ഒരിരുമ്പുകമ്പി വളരെ ചൂടുപിടിപ്പിച്ചാൽ അതിൽനിന്നു ചൂടും പ്രകാശവും ഉണ്ടാകുന്നതു നമുക്കു പ്രത്യക്ഷപ്പെടും. കമ്പി തണുക്കുമ്പോൾ അതിന്റെ പ്രകാശം ലോപിക്കുന്നു; ക്രമേണ അതിൽനിന്നു ചൂടും വിട്ടുമാറുന്നു. ഭൂമി ആരംഭദശയിൽ ആദിത്യനെപ്പോലെ ഉജ്ജ്വലവായുമയമായ ഒരു മണ്ഡലമായിരുന്നിരിക്കണം. അഗ്നിപർവ്വതങ്ങൾ പൊട്ടുമ്പോൾ ഭൂമിയുടെ അന്തർഭാഗത്തുനിന്നു വളരെ പദാർത്ഥങ്ങൾ ഉരുകി

(1) ചുരുക്കം. (2) ശലഭങ്ങളുടെ സംഘം.

വെളിക്കു ചാടുന്നതുകൊണ്ടു ഭൂഗർഭം ഇപ്പൊഴും തപ്തമായിരിക്കുന്നു എന്നു സ്പഷ്ടമാണു്. പ്രാരംഭകാലത്തു വായുജ്വാലാമയമായിരുന്ന ഭൂഗോളം ക്രമേണ തണുക്കുവാൻ തുടങ്ങി. ആ കൂട്ടത്തിലുണ്ടായിരുന്ന വാതകങ്ങളിൽ ചിലതു നമ്മുടെ വായുമണ്ഡലമായും ചിലതു ജലമായും മറ്റു ചിലതു മണ്ണുമുതലായ മൂർത്തദ്രവ്യങ്ങളായും രൂപാന്തരപ്പെട്ടിരിക്കുന്നു ഭൂമി ജ്വാജ്വല്യമാനമായിരുന്നപ്പോൾ അതിൽനിന്നു പൊട്ടിത്തെറിച്ചുപോയ ഭാഗമല്ലയോ ചന്ദ്രൻ ആയിത്തീർന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. സൂര്യഗോളസൃഷ്ടിക്കുപകരിച്ചിരിക്കുന്ന പദാർത്ഥങ്ങൾതന്നെ ഭൂഗോളസൃഷ്ടിക്കുമുപകരിച്ചിട്ടുണ്ടെന്നു പരിശോധിച്ചുനോക്കുമ്പോൾ വ്യക്തമാകുന്നു.

ഊഹാപോഹപടുക്കളായ വിദ്വജ്ജനങ്ങൾ ഇപ്രകാരം ഭൂമിയുടെ ഉല്പത്തിയെ സമർത്ഥിക്കുവാൻ യത്നിക്കുന്നു. ഈ വിവരണചിത്രത്തിൽ അവിടവിടെ ചില ചരിദ്രങ്ങൾ ഇല്ലെന്നില്ല. ക്രമേണ അവയെ ശരിപ്പെടുത്തി സ്ഥാപ്യമായ സിദ്ധാന്തത്തെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ബലപ്പെടുത്തിവരുന്നു. പൌരാണികന്മാർ മഹാവിഷ്ണുവിന്റെ ഭാര്യയായി ഭൂമിയെ സങ്കല്പിച്ചിട്ടുള്ള കഥ പറഞ്ഞുവല്ലോ. മഹാവിഷ്ണു സാക്ഷാൽ സൂര്യൻതന്നെയല്ലേ? വാമനനായി അവതരിച്ചു മഹാബലിയെ പാതാളത്തിലേയ്ക്കു നിഷ്കാസനം ചെയ്തതു മഹാവിഷ്ണുവാണല്ലോ. അക്കഥയുടെ താല്പര്യം സൂര്യൻ ഇങ്ങട്ടിനെ അധോലോകത്തേയ്ക്കു് അയച്ചു എന്നു മാത്രമേയുള്ളു. അതുകൊണ്ടു് ആകാശത്തിനു വിഷ്ണുപദം എന്നു പേരുണ്ടായി. വിഷ്ണുശബ്ദത്തിന്റെ വ്യുൽപത്തി വിഷധാതുവിൽ നിന്നാകയാൽ സർവ്വത്ര വ്യാപിക്കുന്നവൻ എന്ന അർത്ഥത്തിൽ വിഷ്ണുസംജ്ഞ സൂര്യനു യോജിച്ചിരിക്കയും ചെയ്യുന്നു.

ഇങ്ങനെ നോക്കുമ്പോൾ സൂര്യന്റെ ഭാര്യയാണു ഭൂമി എന്നു വന്നുകൂടുന്നു. സൂര്യന്റെ ഭാര്യ എന്നു പറയുന്നതിന്റെ താല്പര്യം സൂര്യനു വശംവദയായി വിട്ടുപിരിയാതെ ഭരിക്കപ്പെടുന്നവൾ എന്നാണല്ലോ. സൂര്യനെ അപേക്ഷിച്ചു ഭൂമിയുടെ സ്ഥിതി അങ്ങനെതന്നെയാണു്. ഭൂമി സൂര്യന്റെ ആകർഷണത്തിനു വശപ്പെട്ടു സദാ കറങ്ങി ചുറ്റിസ്സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഈ സംഗതി ഭംഗ്യന്തരേണ പൌരാണികന്മാർ ഭൂമിയിൽ ഭാര്യാത്വമാരോപിച്ചു പ്രതിപാദിക്കയാണു ചെയ്തിട്ടുള്ളതെങ്കിൽ, അവരുടെ കഥാകല്പനയെ പ്പറ്റി സാധുവാദത്തിനല്ലാതെ സംഗതിയില്ല.

സ്വാതന്ത്ര്യസമ്പാദകന്മാർ

സുഖദുഃഖസ്വരൂപനിരൂപണത്തിൽ മനുസ്മൃതിയിൽ പ്പറയുന്നതു് അന്യനു വശപ്പെട്ടിരിക്കുന്നതെല്ലാം ദുഃഖവും തന്നിൽ തന്നെ വശപ്പെട്ടിരിക്കുന്നതെല്ലാം സുഖവും എന്നാകുന്നു. മനുസ്മൃതിയിലെ വചനങ്ങൾ എല്ലാം ഇപ്പോൾ അത്ര ണീയങ്ങൾ അല്ലെങ്കിലും അതിപ്രാചീനകാലം മുതൽ അനുഭവസിദ്ധമെന്നു ഗണിക്കേണ്ട ഒരു സനാതനതത്വമാണു് മനു പ്രതിപാദിച്ചിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

"സർവ്വം പരവശം ദുഃഖം
സർവ്വമാത്മവശം സുഖം" എന്നാണു മനുവചനം. ഓരോ ജനത്തിനും സ്വാതന്ത്ര്യത്തിനു് അഭിലാഷമുണ്ടായിരിക്കുന്നതിനു പുറമേ, ഓരോ ജനസമുദായവും ഓരോ ജന

പടവും സ്വാതന്ത്ര്യത്തിനുവേണ്ടി തീവ്രമായി യത്നിച്ചിട്ടുണ്ടെന്നുള്ളതിനു ചരിത്രത്തിൽ വളരെ ദൃഷ്ടാന്തങ്ങൾ ഉണ്ട്. സ്വരാജ്യസ്വാതന്ത്ര്യത്തിനുള്ള യത്നങ്ങളാണ് ഇക്കൂട്ടത്തിൽ അത്യുജ്ജ്വലങ്ങളും മനോഹരങ്ങളുമായി പ്രശോഭിക്കുന്നതു്. ടിപ്പുസുൽത്താന്റെ ആക്രമണത്തിൽനിന്നു തിരുവിതാംകൂർ സംസ്ഥാനത്തെ രക്ഷിക്കുവാൻ സന്നദ്ധനായ രാജാകേശവദാസന്റെ നാമധേയം രോമാഞ്ചകരമായ ആദരപാരവശ്യത്തിനു നമ്മുടെ ഇടയിൽ കാരണമാകുന്നു. യവനന്മാർ ഭാരതവർഷത്തിൽ പ്രതിഷ്ഠിക്കുവാൻ തുടങ്ങിയ പ്രാബല്യത്തെ വിധ്വംസനം ചെയ്ത ചന്ദ്രഗുപ്തമൌര്യന്റെ പ്രതാപം ഇന്നും വാഴ്ത്തപ്പെട്ടുന്നു. ഇതുപോലെ പ്രാചീനകാലം മുതൽ പല രാജ്യങ്ങളിലുമുണ്ടായിട്ടുള്ള സ്വാതന്ത്ര്യപ്രാപ്തിപ്രയത്നങ്ങൾ ആശ്ചര്യകരങ്ങളും അറിഞ്ഞിരിക്കേണ്ടവയും ആകുന്നു.

ക്രിസ്തുവർഷാരംഭത്തിനു് അഞ്ചു ശതാബ്ദങ്ങൾക്കു മുമ്പു പേർഷ്യാസാമ്രാജ്യം (പാരസീകം എന്നു സംസ്കൃതം) വളരെ പ്രാബല്യത്തിൽ ഇരുന്നിരുന്നു. അന്ധമായ ബലപ്രയോഗവും അഗാധ സഹജമായ മർദ്ദനനയവും കഠോരമായ മൂഢതയും ജഡങ്ങളായ വിശ്വാസങ്ങളും ആ സാമ്രാജ്യത്തിൽ പ്രബലീഭവിച്ചിരുന്നു. പാരസീകാധിപതിയുടെ ഉദ്യമം യൂറോപ്പു് ഭൂഖണ്ഡത്തെ സ്വാധികാരത്തിനു വശപ്പെടുത്തുവാനായിരുന്നു. പക്ഷേ ഗ്രീസു് അതായതു് യവനരാജ്യം ആ ഉദ്യമത്തിനു പ്രതിബന്ധമായിരുന്നു; എന്നതന്നെയുമല്ല, പാരസീകസാമ്രാജ്യത്തിന്റെ നിലനില്പിനു യവനരാജ്യം മഹത്തായ ആപത്തും ആയിരുന്നു. പരാശ്രയവിമുഖങ്ങളായ വിചാരവീചികൾ യവനദേശത്തുനിന്നു പേർഷ്യയിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരുന്നു. മനുഷ്യർക്കു ജന്മനാ

ഉള്ള അവകാശങ്ങളേയും സ്വഭാവസംസ്കാരത്തേയും പററി യുള്ള വാദപ്രതിവാദം പേർഷ്യാദേശത്തു മുഴങ്ങിത്തുടങ്ങി. അതുകൊണ്ടു ഡേറിയസ്സ് എന്ന പാരസീകാധിപതി യവന ദേശത്തെ ആക്രമിച്ചമർത്തുവാൻ വേണ്ട സന്നാഹങ്ങൾ സജ്ജമാക്കി. അത്തൻസ് നഗരിക്കു സമീപമുള്ള "മാറ ത്താൻ" എന്ന മൈതാനത്തു പാരസീകസൈന്യം വന്നു പാളയമടിച്ചു. സംഖ്യാവിഷയത്തിൽ തുലോം ബലഹീന രായിരുന്ന യവനന്മാർ അതുകൊണ്ടു ഭയന്നില്ല. അവസര ത്തിനു് അനുരൂപനായി യവനപക്ഷത്തു് ആൾ ഉണ്ടാകാ തിരുന്നില്ല. മിൽറിയാഡിസ് എന്ന യവനനേതാവു് സ്വസമുദായക്കാരെ വേണ്ടപോലെ ഉപദേശിച്ചുണർവു ണ്ടാക്കി നയിച്ചു. യവനന്മാരുടെ സൈന്യത്തിൽ പതി നായിരത്തിൽപരം ആൾ ഉണ്ടായിരുന്നിരിക്കയില്ല. എങ്കിലും അതിൽ അഞ്ചു മടങ്ങു മഹത്തായ പാരസീകസൈന്യത്തെ അ സല്പസൈന്യം എതിർത്തു തോല്പിച്ചോടിച്ചു. പക്ഷേ ഈ പരാജയംകൊണ്ടു പാരസീകപരിവേം പരിച്ഛേദം പര്യവസാനിച്ചില്ല. ഡേറിയസ് രാജാവിനുശേഷം രാജാ വായിരുന്ന സെർസിസ്സ് എന്ന പാരസീകരാജാവു് കല്പൽ പട ശേഖരിച്ചു യവനന്മാരോടു സലാമിസ് എന്ന സ്ഥല ത്തുവച്ചു പിന്നെയും അയോധനം ചെയ്തു. ഇങ്ങനെ സമുദ്ര മാർഗ്ഗേണ അക്രമണം ഉണ്ടാകുമെന്നു മുൻകൂട്ടിക്കണ്ടു തെമി സ്റ്റോക്ലിസ് എന്ന യവനമേധാവി വേണ്ട മുൻകരുതലുകൾ ചെയ്തിരുന്നു. പാരസീകരുടെ കല്പൽപാ ഞ്ഞടുത്തുചേർന്നപ്പോൾ യവനന്മാർ പിൻമാറുകയാണുത്തമമെന്നു് അവരിൽ പലരും അഭിപ്രായത്തിനോടു നിർബന്ധിച്ചു. തെമിസ്റ്റോക്ലിസ് അതിനു വഴിപ്പെട്ടില്ല. ശത്രുനൌസേനയെ കൌശലപ്രയോ

ഗംകൊണ്ടു് അദ്ദേഹം ഉൾക്കടലിലേക്കു് ആകർഷിച്ചു. അവിടെവച്ചു പിന്നീടു നടന്ന യുദ്ധത്തിൽ പാരസീകസേനയെ യവനന്മാർ നിശ്ശേഷം നശിപ്പിച്ചു. ഇങ്ങനെ പൌരസ്ത്യരുടെ ആക്രമണത്തിൽ നിന്നു പാശ്ചാത്യദേശത്തെ യവനന്മാർ രക്ഷിച്ചു. ആധുനികപാശ്ചാത്യസൈഭവത്തിന്റെ അടിസ്ഥാനക്കല്ലു് യവനന്മാരുടെ വിജയമാകുന്നു. ഈ വിജയസിദ്ധി കഴിഞ്ഞിട്ടിപ്പോൾ 24 ശതാബ്ദങ്ങൾ കഴിഞ്ഞിരിക്കുന്നു എങ്കിലും അതിന്റെ സാഫല്യമിപ്പോഴും സമുല്ലസിക്കയും അതിപ്പോഴും കീർത്തനാർഹമായിരിക്കയും ചെയ്യുന്നു.

യവനസേനയുടെ വിജയം സമ്പാദിച്ച വീരന്മാർ രണ്ടുപേരും ഒടുവിൽ മറ്റനേകവീരന്മാർക്കു പറ്റിയിട്ടുള്ളതുപോലെ കഷ്ടപ്പാടനുഭവിച്ചു കാലധർമ്മത്തെ ഭജിക്കേണ്ടിവന്നു. ഔദാസീന്യമെന്നിയില്ലാത്ത സ്വദേശീയന്മാരാൽ കാരാഗൃഹത്തിൽ നിക്ഷിപ്തനായ "മിൽറ്റിയാഡിസ്" അവിടെ കിടന്നു മരിച്ചു. അകാലമൃത്യുവിലും ദാസ്യത്തിലും നിന്നു തന്നാൽ വിമോചിതന്മാരായ സ്വദേശീയന്മാരിൽ നിന്നു രക്ഷതേടുവാൻ "തെമിസ്റ്റോക്ലിസ്" നാടുവിട്ടോടുകയും സ്വവർഗ്ഗീയരുടെ വേട്ടയിൽ പിടികൊടുക്കാതെ നടന്നു് ഇഹലോകത്തെ വെടിയുകയും ചെയ്തു.

ചിലപ്പോൾ ഒരു തത്വത്തിനോ ജനതയ്ക്കോ വേണ്ടി യുദ്ധം വെട്ടുന്നവർ ഹതന്മാരായി എന്നു വരാം. പക്ഷേ അങ്ങനെയുള്ളവരുടെ മരണത്തിൽനിന്നു തന്നെ സ്വാതന്ത്ര്യബീജങ്ങൾ അങ്കുരിച്ചു പരിപുഷ്ടിയെ പ്രാപിച്ചിട്ടുള്ളതായും ഉദാഹരണങ്ങൾ ഉണ്ടു്. സുറിയാരാജ്യത്തു് അന്തിയോക്കസ് എന്നു പ്രബലനായ രാജാവുണ്ടായിരുന്നു. പാലസ്തീൻ എന്നു

പ്രദേശം അദ്ദേഹത്തിന്റെ അധികാരസീമയിൽ ഉൾപ്പെട്ടിരുന്നു. അവിടെ ഉണ്ടായിരുന്ന ജൂതന്മാർ "ഹീബ്രൂ" മതമനുസരിച്ചു് ഈശ്വരാരാധന നടത്തരുതെന്നു് അന്തിയോക്കിസ് നിർബ്ബന്ധം തുടങ്ങി. അതിനു ജൂതന്മാർ വഴിപ്പെടായ്കകൊണ്ടു രാജാവു് അവരെ മർദ്ദിക്കുവാൻ നിശ്ചയിച്ചു. മത്താത്തിയാസ് എന്നൊരു ജൂദനും അയാളുടെ പുത്രന്മാരും ആയിരുന്നു പ്രധാനന്മാരായ എതിരാളികൾ. മത്താത്തിയാസിന്റെ ദ്വിതീയപുത്രൻ ജൂഡാസ് സമർത്ഥനായ ഒരു യുദ്ധവിദഗ്ദ്ധനായിരുന്നു. അദ്ദേഹത്തിനു് അയോഹനാം അഥവാ ഇരുമ്പുമുട്ടി എന്നർത്ഥമാകുന്ന മറെറാരു സംജ്ഞകൂടിയുണ്ടായിരുന്നു. ജൂഡാസ് ഒരു ജൂദസേനയെ സംഘടിപ്പിച്ചു് അന്തിയോക്കിസിന്റെ സൈന്യത്തെ എതിർത്തു. സിറിയൻസൈന്യത്തിനു ജൂദസേനയെ തോല്പിക്കുവാൻ സാധിക്കാതെ പിൻവാങ്ങേണ്ടിവന്നു. എങ്കിലും പടയിൽ ദുർഘടത്തിൽപ്പെട്ടു് ജൂഡാസ് ഹതനായിപ്പോയി. എങ്കിലും അദ്ദേഹം ജൂതന്മാരുടെ മതസ്വാതന്ത്ര്യസ്ഥാപനത്തിൽ പ്രഥമാചാര്യനായി ഗണിക്കപ്പെട്ടുന്നു.

ഇംഗ്ലീഷ് ചരിത്രത്തിൽ "ബോയേഡിഷിയാ" എന്ന രാജ്ഞിയുടെ കഥ വിസ്മയകരമായ ഒരു വൃത്തമാകുന്നു. ക്രിസ്താബ്ദം 60-ാംവർഷമിടയ്ക്കു ജീവിച്ചിരുന്ന പ്രസ്തുത രാജ്ഞി ബ്രിട്ടനിൽ അന്നു നിലകൊണ്ടിരുന്ന റോമൻ ആധിപത്യത്തെ എതിർത്തു. ബോയേഡിഷിയ പരാജയംനിമിത്തം കേവലം അടിമപ്രായത്തിലായി. സ്ഥാനഭ്രംശത്തെപ്പററി പ്രതിവദിച്ചതുനിമിത്തം അവർ ജനസമക്ഷം കശകൊണ്ടു താഡിതയായി. അവരും അവരുടെ പുത്രിമാരായ രണ്ടു സുന്ദരിമാരും അനാശ്യാസ്യമായ പല പീഡകൾക്കും പാത്രീഭ

വിച്ചു. ഹൃദയം പിളർക്കുന്ന മനഃപീഡ രാജ്ഞിക്കുണ്ടാ യെങ്കിലും ഉത്സാഹഭംഗം ഇല്ലാതെ ഉഷ്ണാവു് തട്ടി ഒരു സൈന്യത്തെ ശേഖരിച്ചു് ആ സ്ത്രീ എതിർകക്ഷിയിൽ അനേകം പേരെ വധിച്ചു. ശത്രുവിധ്വംസനവിഷയത്തിൽ അവർ ഒരു വ്യാഘ്രിയെപ്പോലെ വ്യാപരിച്ചു. ലണ്ടൻ നഗരിയുടെ നാമധേയം അവർ നടത്തിയ കൂട്ടക്കൊലക്കാല ത്താണു ചരിത്രത്തിൽ ഇടംപ്രഥമമായി അവിർഭവിക്കുന്ന തു്. ഒടുവിൽ ഈ രാജ്ഞിക്കു പരാജയം തന്നെ നേരിട്ടു കയും അവർ സപരിഹസ്സംകൊണ്ടു ജീവഹാനിയെ പ്രാപിക്ക യും ചെയ്തു. എങ്കിലും അക്രമങ്ങൾ ദുർബ്ബലന്മാരോടുതന്നെ ആയിരുന്നാലും ഉഗ്രമായ പ്രതികാരപാരുഷ്യത്തിനു കാര ണമാകുമെന്നുള്ള പാഠം ഭൂമണ്ഡലാധിപത്യം വഹിച്ചിരുന്ന റോമൻ സാമ്രാജ്യം ആ രാജ്ഞിയിൽ നിന്നു ഗ്രഹിക്കാതി രുന്നിരിക്കയില്ല. അവരുടെ യശോമയമായ ആത്മാവു് ഇ പ്പോൾ പ്രതിമകളും കവിതകളുമാകുന്ന ശരീരങ്ങളിൽ പരി ലസിക്കുന്നു. റോമൻ സാമ്രാജ്യത്തെക്കാൾ മഹത്തരമായ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ആലോചനാമണ്ഡപമാകുന്ന പാർളിമെൻറുസഭാശാലയേ അവരുടെ പ്രതിമ ഇപ്പോൾ അലങ്കരിക്കുന്നു.

സ്കാട്ട്ലണ്ടു് ദേശത്തു രാജ്ഞിയായിരുന്ന 'മെയിഡ് ആഫ് നോർവേ' (Maid of Norway) എന്ന യുവതിയു ടെ ചരമഗതിക്കു ശേഷം ചിൻതുടച്ചയെപ്പറ്റി തർക്കമുണ്ടാ യി. തർക്കം തീർക്കുന്നതിനു് ഇംഗ്ലണ്ടിലേ രാജാവായ എ ഡ്വേർഡിനോടു സ്കാട്ട്ലണ്ടുകാർ അപേക്ഷിച്ചു. "ബാലി യൊൾ" എന്നൊരാൾ രാജാവായിരിക്കണമെന്നു് എ ഡ്വേർഡ് തീരുമാനിച്ചു. അതനുസരിച്ചു രാജാധികാര

സിദ്ധിച്ചു ബാലയൊർം വിധികർത്താവായ എഡ്വേർഡി ന്റെ ശാസനക്ക വിധേയനല്ലെന്നു പറഞ്ഞു. സിംഹാസന ത്തിൽ ആരോപിതനെ നീക്കി എഡ്വേർഡ് സ്വയം ഇംഗ്ലീഷുദ്യോഗസ്ഥന്മാരെ നിയമിച്ചു സ്കാട്ട്ലണ്ടു ഭരിക്ക യാൻ തുടങ്ങി. അങ്ങനെ ഇരിക്കെ വില്യംവാലസ് എ ന്നൊരു സ്വദേശാഭിമാനിയുടെ പ്രാമാണ്യം സ്കാട്ട്ലണ്ടു ദേശ ത്തു് ഉൽഗമിച്ചു. വാലസിനോടു പിടിച്ചുപറിക്കുവാൻ മുതിർന്ന ഏതാനും ഇംഗ്ലീഷുഭടന്മാരെ വാലസ് വധിച്ചു. തന്നിമിത്തം വാലസ്സിന്റെ തല ബലികഴിക്കുവാൻ ഇംഗ്ലീ ഷുകാർ നിശ്ചയിച്ചു. പലായനപരായണനായ വാലസ് മലമ്പ്രദേശങ്ങളിൽ അഭയം പ്രാപിച്ചു. വൈദേശികാധി കാരത്തിൽനിന്നു സ്വദേശത്തെ മോചിപ്പിക്കുവാൻ വേണ്ട ആർം ശേഖരിച്ചു. ഇംഗ്ലീഷ് സേനാനി സേനാസമേതം ഇവരെ എതിർക്കുവാൻ പുറപ്പെട്ടു. ശത്രുവിന്റെ വരവു കാത്തുകൊണ്ടു വാലസ് ഒരു പാലത്തിനു സമീപം സന്ന ദ്ധനായി നിന്നിരുന്നു. എതിർസേന പാലം കടന്നു തുട ങ്ങിയപ്പോർം നദിയുടെ ഇരുകരയിലുമായി വിഭിന്ന മായി തിന്ന തക്കംനോക്കി വാലസ് പെട്ടെന്നു ചാടി വീണ് അവരെ തോല്പിച്ചോടിച്ചു. ഈ പ്രയോഗചാതുര്യം കൊണ്ടുണ്ടായ കീർത്തി അനേകം സ്വദേശീയന്മാരെ വാല സ്സിന്റെ പക്ഷത്തിലേയ്ക്കു ആകർഷിച്ചു. ഇങ്ങനെ ഇംഗ്ലീ ഷുകാരെ സ്വദേശത്തുനിന്നു വാലസ് നിഷ്കാസനം ചെ യ്തു. പക്ഷെ അതുകൊണ്ടു കാര്യം കലാശിച്ചില്ല. എഡ്വേർ ഡ് രാജാവു് ഒരു മഹാസേനയോടുകൂടി സ്കാട്ട്ലണ്ടു ദേശ ത്തെ ആക്രമിച്ചു. വാലസ് ഒരു മഹാകുലീനനല്ലെന്നവച്ചു പ്രഭുക്കന്മാർ ആ പക്ഷത്തിൽ ചേർന്നില്ല. എങ്കിലും വാലസ്

വിദേശസൈന്യത്തെ എതിർത്തു. കുന്തധാരികളായ പടാതികൾ മാത്രമേ വാലസ്സിന്റെ സൈന്യത്തിൽ ഉണ്ടായിരുന്നുള്ളൂ. ബലവത്തരമായ ഇംഗ്ലീഷ് സൈന്യം അസ്സുവഷ്ം കൊണ്ടു ശത്രുസൈന്യപങ്ക്തിയിൽ വലിയ വിടവുകളുണ്ടാക്കിയശേഷം കഠിനമായ പ്രഹർട്ടനം നടത്തി. വാലസ്സിന്റെ സൈന്യം ഛിന്നഭിന്നമായിത്തീരുകയും ആത്മരക്ഷയ്ക്കു വാലസ് ഓടിഒളിക്കയും ചെയ്തു. അതിനു ശേഷവും പൊടിക്കൈകളായി ചില പോരുകൾ വാലസ് നടത്തിക്കൊണ്ടിരുന്നു. ഒടുവിൽ സ്വകനനായ ഒരു യുദ്ധോപജീവിയുടെ വഞ്ചനകൊണ്ടു വാലസ് ശത്രുക്കളുടെ പിടിയിൽപ്പെട്ടു. ഉദാരനായ ഒരു ശത്രു എന്നു വിചാരിക്കാതെ രാജദ്രോഹിയായി ഗണിച്ച് ഏറ്റവും അവജ്ഞാകരമായ വിധത്തിൽ വാലസ്സിനെ ഇംഗ്ലീഷ് രാജാവു ഹനിക്കയും ചെയ്തു. എങ്കിലും അചഞ്ചലമായ സ്വദേശഭക്തി നിമിത്തം വാലസ്സിന്റെ യശസ്സ് ഇന്നും ഗാനയോഗ്യമാകുന്നു.

ആസ്സിയാ രാജ്യത്തുൾപ്പെട്ട ടൈറോൾ എന്നൊരു പ്രദേശമുണ്ട്. നെപ്പോളിയന്റെ പ്രതാപകാലത്തു് അദ്ദേഹം തന്റെ അജ്ഞാകരനായിരുന്ന ബൈവേറിയൻ രാജാവിനു് ആ പ്രദേശം ആസ്സിയാരാജാവിനെക്കൊണ്ടു കൊടുപ്പിച്ചു. പിന്നീടു നെപ്പോളിയനും ആസ്സിയാരാജാവും തമ്മിൽ യുദ്ധമുണ്ടായപ്പോൾ ടൈറോൾ ദേശവാസികൾ നെപ്പോളിയനു പ്രതികൂലമായി മുതിർന്നു. അവർ അസംപന്നന്മാരായ ഗ്രാമീണന്മാരും അവരുടെ നേതാവായിരുന്ന ആൻട്രിയാസ് ഹോഫ്ർ ഒരു സത്രമുടമസ്ഥനുമായിരുന്നു. എങ്കിലും അവർ ഫ്രഞ്ചുകാരേയും ബൈവേറിയാക്കാരേയും സ്വദേശത്തുനിന്നു് ഓടിച്ചുകളഞ്ഞു. കുറേക്കാലത്തേക്കു ഹോ

ഫ്ർ അവരുടെ ഭരണാധികാരിയായി നിയമിക്കപ്പെട്ടു. പിന്നെയും യുദ്ധമുണ്ടായി. അതിൽ ആസ്ത്രിയാരാജാവിനെ നെപ്പോളിയൻ തോല്പിച്ചു. ടൈറോൾദേശക്കാക്കു നെപ്പോളിയനെ നിരോധിക്കുവാൻ സാധിച്ചില്ല. ധീരനായ ഹോഫ്ർ പ്രാണരക്ഷയ്ക്കു പർവ്വതപ്രദേശങ്ങളെ ശരണം പ്രാപിക്കേണ്ടിവന്നു. ഒരു ഒറ്റുകാരൻ വശംകൊടുത്ത സൂചന അനുസരിച്ചു ഫ്രഞ്ചുകാർ ഹോഫ്റിനെ പിടികൂടി വെടിവെച്ചുകൊന്നു. എങ്കിലും ഹോഫ്ർ കൈക്കൊണ്ട മാർഗ്ഗം ക്രമേണ മറ്റു രാജ്യക്കാക്കു് മനോധൈര്യപ്രദമായി പരിണമിച്ചു. നെപ്പോളിയന്റെ അധികാരത്തെ അവർ ചെറുക്കയും നെപ്പോളിയൻ സ്വപദവിയിൽനിന്നു തെറിക്കയുംചെയ്തു. നെപ്പോളിയന്റെ അധഃപതനശേഷം ടൈറോൾ പൂർവ്വവൽ സ്വാതന്ത്ര്യത്തെയും പ്രാപിച്ചു.

ഇനി ഇറലിയുടെ ചരിത്രംകൂടി സ്വല്പം നോക്കുക. ഇറലി ഒരുകാലത്തു ഭൂലോകനായികാപദവി അനുഭവിച്ചിരുന്നു. കാലാന്തരത്തിൽ സ്പെയിൻ, ആസ്ത്രിയാ, ഫ്രാൻസ് ഇങ്ങനെയുള്ള ശത്രുരാജ്യങ്ങൾക്കുവശപ്പെട്ടും ഛിന്നഭിന്നമായി പല സ്വല്പസംസ്ഥാനങ്ങളായി പരിണമിച്ചും ഇറലി ത്രുപാന്തരപ്പെട്ടു. "വിജിതന്മാരാകയാൽ നിങ്ങളെല്ലാം എനിക്കു അധീനന്മാരാണെന്നു ആസ്ത്രിയാചക്രവർത്തി ഇറലിക്കാരോടു ചെയ്ത പ്രഖ്യാപനത്തിൽ നിന്നു ഔപദേശികാധിപത്യം എത്രമാത്രമായിരുന്നു എന്നവ ഗ്രഹിക്കാവുന്നതാണു. വിദ്യാഭ്യാസം നിരുദ്ധമായി; അജ്ഞത പരിപുഷ്ടമായി, ഉൽഗതിക്കുള്ള പ്രരോചനങ്ങൾ മർദ്ദിതങ്ങളായി, അന്യോന്യം ക്ഷീണീകരിക്കുന്ന അന്തഃഛിദ്രങ്ങൾ ഇറലി രാജ്യക്കാരുടെ ഇടയിൽ പ്രോത്സാഹിതങ്ങളായി. ഈ നയ

ത്തിന്റെ ഫലമായി നാട്ടിൽ കഠിനങ്ങളായ ഉപദ്രവങ്ങളും പ്രാകൃതങ്ങളായ ഹിംസകളും നടന്നു. ഇങ്ങനെയുള്ള പീഡനങ്ങളാൽ നിന്നു രാജ്യത്തെ മോചിപ്പിക്കുവാൻ പല ഗ്രുഢസംഘങ്ങളും ഉത്ഭവിച്ചു; സ്വദേശതൽപരന്മാരുടെ നേതാക്കൾ "മാസീനി" എന്നും "ഗാരിബാൾഡി" എന്നും രണ്ടു പേരായിരുന്നു. ശരിയായ വിദ്യാഭ്യാസം എന്ന ഭാഗ്യം സിദ്ധിച്ച ചുരുക്കം ചില ഇറ്റാലിയന്മാരിൽ ഒരുവനായിരുന്നു മാസീനി. അദ്ദേഹം സ്വദേശബാന്ധവകളെ ഉച്ചാടനം ചെയ്യാൻ ഉണ്ണകനായി പ്രവത്തിച്ചുവരവേ ബന്ധനസ്ഥനാകയും വധ്യനെന്നു സ്ഥാപിച്ചു ശിക്ഷിക്കപ്പെടുകയും ചെയ്തു. വധശിക്ഷാദിവസം പ്രതീക്ഷിച്ചിരിക്കുമ്പോൾ മഹത്തായ ഒരു വിചാരോദയം മാസീനിക്കുണ്ടായി. അതു മറെറാന്നുമല്ല. ജനങ്ങൾ അനുഭവിച്ചുവന്ന ഉപദ്രവങ്ങൾക്കു എതിരായി പ്രവത്തിച്ചിരുന്ന നിയമലംഘനങ്ങളും വിനാശപ്രയത്നങ്ങളും എല്ലാം വേണ്ടപോലെ സംഘടിപ്പിച്ചു പ്രയോഗിക്കണമെന്നായിരുന്നു ആ വിചാരം. സ്വദേശപീഡകളെ ഹനിച്ചാൽ മാത്രം മതിയാകയില്ലെന്നും സ്വാതന്ത്ര്യത്തിന്റെ അന്തസ്സാരം ഉൾഗ്രഹിതപ്പെടുത്തി പ്രവൃത്തിപദ്ധതിയിൽ പ്രകാശിപ്പിക്കേണ്ടതാണെന്നും മാസീനി നിശ്ചയിച്ചു. അതിലേക്കു വധശിക്ഷയിൽനിന്നു ഒഴിഞ്ഞശേഷം മാസീനി സവ്വാത്മനാ പ്രയത്നിച്ചു. അങ്ങനെയുള്ള ഒരാൾക്കു് ഇറ്റലിയിൽ അധിവാസം അപകടകരമായിരുന്നു. അതുകൊണ്ടു ഇറ്റലിയിൽ നിന്നു ഫ്രാൻസിലേക്കും അവിടുന്നു സ്വിറ്റ്സർലണ്ടിലേക്കും ഒടുവിൽ ഇംഗ്ലണ്ടിലേക്കും മാസീനി ഓടിരക്ഷപ്പെടേണ്ടിവന്നു. ഇറ്റാലിയൻ സംസ്ഥാനങ്ങളുടെ ഏകീകരണവും സ്വാതന്ത്ര്യവും സമ്പാദിക്കുവാൻ

വേണ്ട മനശ്ശക്തി മാസീനിയും കമ്മശക്തി ഗാരിബാൾഡിയും പ്രത്യുൽപ്പാദിപ്പിച്ചു. ഉപദേശിക്കുവാനും ഉത്സാഹിപ്പിക്കുവാനും നയിക്കുവാനും ശ്രദ്ധമായി വീണ്ടും വീണ്ടും മാസീനി ഇറാലിയിൽ വന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ശിരച്ഛേദം ആയിരുന്ന ഗവണ്മെൻറിന്റെ ലക്ഷ്യം. അതുകൊണ്ടു അദ്ദേഹത്തിനു് അഭയം കൊടുക്കുന്നതു ശിക്ഷാർഹമായിരുന്നു. എന്നിരുന്നിട്ടും അദ്ദേഹം ഇറാലിയിൽ വരികയും പോകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തെ ആരുംതന്നെ വഞ്ചിക്കുവാൻ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഉപായങ്ങൾ ഫലിച്ചു. ഒടുവിൽ സ്വദേശപതാകയുടെ അധോഭാഗത്തു പൈസാനഗരിയിൽ സ്വശയ്യയിൽ കിടന്നു മാസീനി പരമഗതിയെ പ്രാപിച്ചു.

ഗാരിബാൾഡി ഒരു കൈവത്തകുമാരനായിരുന്നു. ചെറുപ്പത്തിലേ അദ്ദേഹം സമർത്ഥനായ ഒരു നാവികനായി അന്യരാജ്യക്കാരെ എതിർത്തതു വിഫലമായിത്തീരുകയാൽ ഗാരിബാൾഡി തെക്കേ അമേരിക്കയിലേക്കു ധാവനംചെയ്തു ജീവരക്ഷ നേടേണ്ടിവന്നു. കുറെക്കഴിഞ്ഞു വീണ്ടും ഇറാലിയിൽ അധികാരസ്ഥരോടു മത്സരിക്കുവാൻ അദ്ദേഹം മതിന്നു. അതും ഫലിക്കാതെ അമേരിക്കൻ ഐക്യസംസ്ഥാനത്തിലേക്കു് അദ്ദേഹം പലായനംചെയ്തു. പിന്നെയും അദ്ദേഹം മടങ്ങിവന്നു. ഇറാലിയിലെ ഉത്തരപ്രദേശത്തുള്ള ജനങ്ങളെ ഇളക്കി. അതു വിജയത്തിൽ കലാശിക്കയും അധികം താമസിയാതെ ഇറാലി ഏകീകൃതമായി സ്വതന്ത്രമായിത്തീരുകയും ചെയ്തു. അതു ഗാരിബാൾഡിയുടെ മനോധൈര്യവും സാംക്രമികമായ ഉത്സാഹവൈഭവവും കൊണ്ടു സാധിതമായതാകുന്നു.

ഇതുപോലെ അമേരിക്കൻ സ്വാതന്ത്ര്യത്തിനു ജോഷ്വാ വാഷിംഗ്ടൺ ചെയ്ത യത്നങ്ങൾ സ്മരണീയങ്ങളാണു്. മറ്റു ദൃഷ്ടാന്തങ്ങൾ വിസ്തരഭയത്താൽ പ്രസ്താവിക്കുന്നില്ല. സ്വദേശസ്വാതന്ത്ര്യത്തിനുള്ള അഭിനിവേശംകൊണ്ടു് ഏതു കഷ്ടപ്പാടും ക്ലേശവും അനുഭവിക്കാൻ ധീരന്മാരായ മഹാമനസ്കന്മാർ സന്നദ്ധരാകുന്നു. അങ്ങനെയുള്ളവർക്കു പ്രബലങ്ങളായ രാജ്യവംശങ്ങൾപോലും തുച്ഛങ്ങളാകുന്നു. ഫ്രാൻസിലും റഷ്യയിലും സ്വാതന്ത്ര്യപ്രാപ്തിപ്രയത്നത്തിൽ രാജ്യവംശങ്ങൾ ഉന്മൂലിതങ്ങളായിപ്പോയി. ജീവിതത്തിൽ സ്വാതന്ത്ര്യം അത്യന്താപേക്ഷണീയമാകുന്നു.

മങ്കമ്മാൾ

ഈ പ്രസംഗത്തിന്റെ പൂർവ്വകഥാബന്ധമറിയുവാൻ താല്പര്യമുള്ളവർക്കു് "സാഹിത്യസ്ഫുരിതമായ വിജയനഗരചരിതം, തിരുവിതാംകൂർ ചരിത്രത്തിൽ അസ്പഷ്ടങ്ങളായ ചില തടങ്ങളും" എന്ന ഉപന്യാസം (പ്രസംഗതരംഗിണി തൃതീയഭാഗം, തൃതീയപ്രസംഗം) സാമാന്യജ്ഞാനത്തിനു മതിയാകുമെന്നു വിശ്വസിക്കുന്നു. വിജയനഗരസാമ്രാജ്യച്ഛായയിൽ തഞ്ചാവൂരിലും മധുരയിലും ഓരോ നായിക്കവംശത്തിനുണ്ടായ അഭ്യുത്ഥാനവും, ടി സാമ്രാജ്യത്തിന്റെ അധോഗതിക്രമത്തിനു പ്രതീപരീതിയിൽ നായിക്കന്മാർക്കു സിദ്ധിച്ച പ്രാബല്യവും ആ പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിനും പുറമേ, മധുരാധിപതിയായിരുന്ന ചൊക്കനാഥനായിക്കനു് തഞ്ചാവൂർ അധിപതിയായിരുന്ന വിജയരാ

ലവനായിക്കന്റെ പുത്രിയെ പാണിഗ്രഹണം ചെയ്വാനു
ണ്ടായ അഭിനിവേശത്തിനു ഭംഗവും തന്നിമിത്തം പ്രസ്തുത
നായിക്കന്മാർ തമ്മിൽ യുദ്ധം ഉണ്ടായി വിജയരാഘവന്റെ
വീരസ്വർഗ്ഗഗമനവും അന്തഃപുരസ്ത്രീകളുടെ ആത്മഹത്യയും
കൊണ്ടു തഞ്ചാവൂർ നായിക്കവംശത്തിന്റെ കലാശവും
അവിടെ പ്രതിപാദിച്ചിട്ടുള്ളതാകുന്നു.

ഇങ്ങനെ വിജയരാഘവപുത്രീവിഷയകമായിട്ടുജ്ജ്വ
ലിച്ച ജ്വരം തഞ്ചാവൂർ വംശവിച്ഛേദനനിമിത്തമായ വിജയ
ലക്ഷ്മീപ്രാപ്തിയാൽ പരിഹരിച്ചു. ചക്കിനു വെച്ചതു
കൊക്കിനു പറ്റിയതായി കണ്ടു ചൊക്കനാഥൻ സമാധാന
പ്പെട്ടു. സ്വപൂർവ്വികന്മാരുടെ കാലത്തു മധുരാനഗരി അനുഭ
വിച്ചിരുന്ന രാജധാനീപദവി ചൊക്കനാഥൻ തൃശ്ശിനാപ്പള്ളി
നഗരിക്കു സമർപ്പിച്ചു. തഞ്ചാവൂർ നായിക്കവംശവിനാശം
പ്രഥമതഃകണ്ടിക്കു പ്രതാപവിലാസമായി തോന്നുമെങ്കിലും യഥാ
ർത്ഥതയിൽ ചൊക്കനാഥന്റെ നിരന്തരപീഡയ്ക്കു മാർഗ്ഗമാ
യിത്തീർന്നു. വടക്കുനിന്നു മഹമ്മദീയരുടെയും മഹാരാഷ്ട്രന്മാ
രുടെയും മൈസൂർ രാജാവിന്റെയും അക്രമങ്ങൾക്കു വിശാല
മായ ഒരു കവാടം അതുനിമിത്തം (1) അപാവൃതമായി
ഭവിച്ചു. ഇതിനിടയിൽ പുതുക്കോട്ടസംസ്ഥാനം സ്ഥാപിത
മായി. ശൂരനും പക്ഷെ സാഹസികനും അസ്ഥാനത്തിൽ
ചണ്ഡനും എന്നാൽ വേണ്ടുന്നിടത്തു കുണ്ഠനുമായി ചൊക്ക
നാഥൻ കഴിഞ്ഞുകൂടി. ചൊക്കനാഥന്റെ ചരമദശയിൽ
മധുരാസംസ്ഥാനം ഏറിയകൂറും ശത്രുസൈന്യങ്ങളാൽ പര്യു
ദസ്തമായിത്തീർന്നു. തൃശ്ശിനാപ്പള്ളിയെഴികെയുള്ള ഭാഗങ്ങൾ

(1) ഉറന്നു.

മിക്കവാറും കൈവിട്ടുമിരുന്നിരുന്നു. അനന്തരം ക്രി. വ. 1682- മുതൽ 1689-വരെ ചൊക്കനാഥന്റെ പുത്രൻ രംഗകൃഷ്ണമുത്തുവീരപ്പനായിക്കൻ രാജ്യഭാരം ചെയ്തിരുന്നു. രാജാവായി പതിനാറാം വയസ്സിൽ അഭിഷിക്തനായ ഈ യുവാവു് ഉൎജ്ജസ്വലത്വം വിശിഷ്ടഗുണസമ്പന്നത്വം ആയിരുന്നതിനു പുറമേ ധൈൎയ്യകൌശല്യവും കൂടി ഉല്ലസിച്ചു ചേൎന്നതുകൊണ്ടു് അന്തഃക്ഷോഭങ്ങൾക്കു ക്ഷയവും ബഹിർഭാഗത്തുനിന്നുള്ള അഭിസമ്പാതങ്ങൾക്കു ശമനവും സമ്പാദിച്ചു മധുരയെ വീണ്ടും യശസ്സരവും ശ്രേയസ്സരവുമായ പദവിയിൽ പ്രതിഷ്ഠാപിച്ചു. രംഗകൃഷ്ണന്റെ സഖ്യകാംക്ഷയോടുകൂടി അന്നത്തെ തിരുവിതാംകൂർ മഹാരാജാവു പന്ത്രണ്ടു ആനകളും കുറെ കുതിരകളും ആഭരണാദി ദ്രവ്യങ്ങളും അനായിക്കനു കാഴ്ചയായിട്ടയച്ചുകൊടുത്തിട്ടുള്ളതായിക്കാണുന്നു. ഇതരരാജ്ഞിനമായ ഒരു മഹാഗുണം രംഗകൃഷ്ണനുണ്ടായിരുന്നതു് ഏകപത്നീവ്രതമായിരുന്നു. അദ്ദേഹത്തിന്റെ അന്തഃപുരത്തിൽ മഹിഷിമാരുടെ പരസ്പരസ്പർദ്ധകൾക്കും (1) അവരുടെ സ്ത്രീകളുടെ കൂടതന്ത്രങ്ങൾക്കും തന്നിമിത്തം അവകാശമേ ഉണ്ടായിരുന്നില്ല. പരസ്പരാനുരാഗപാകമല്ലാതെ രംഗകൃഷ്ണനും കളത്രമായ മുത്തമ്മാളും അറിഞ്ഞിരുന്നില്ല. ഇങ്ങനെയിരിക്കെ രംഗകൃഷ്ണനായിക്കനു മസൂരി പിടിപെട്ടു പരലോകഗതിയുണ്ടായി. അദ്ദേഹത്തിന്റെ പ്രിയതമ ഉടൻതന്നെ അഗ്നിപ്രവേശം ചെയ്തു തൽസായുജ്യത്തിനായി ഉദ്യമിക്കാനാരംഭിച്ചു. പക്ഷേ ഗർഭിണിയായിരുന്ന ആ സ്ത്രീരത്നത്തിന്റെ ഉദ്യമത്തിൽ ഗർഭസ്ഥശിശുകൂടി ഹോമിക്കപ്പെടുമായിരുന്നതുകൊണ്ടു പ്രസവ

(1) വയ്യാട്ടികൾ.

ശേഷം ചിതാപ്രവേശം വേണമെന്നുണ്ടെങ്കിൽ അയിക്കൊള്ളുവാൻ ബന്ധുജനങ്ങൾ നിശ്ചയിച്ചു. മുത്തമ്മാൾ വിജയരംഗ ചൊക്കനാഥനെന്ന ശിശുവിനെ പ്രസവിച്ചു. പ്രസവം കഴിഞ്ഞു നാലു ദിവസമായിട്ടും തനിക്കു വേണ്ടി അരുതു അഗ്നികുണ്ഡം സജ്ജമാക്കിയിരുന്നില്ലെന്നു കണ്ടു മുത്തമ്മാൾ ശരീരനാശത്തിനു ശീതളമായ പനിനീർ എടുത്തു കുടിച്ചു ജ്വരബാധയാൽ കാലധർമ്മം ഭജിച്ചു. പുത്രജന്മമഹോത്സവത്തിന് ആ സതീശിരോമണിയെ ഭർതൃസായുജ്യസരണിയിൽ നിന്നു പിന്തിരിക്കുവാൻ വൈഭവമുണ്ടായില്ല.

അനന്തരം കേവലം ത്രൈമാസികൻ മാത്രമായിരുന്ന വിജയരംഗചൊക്കനാഥശിശു രാജാവെന്നു പ്രഘോഷിതനായെങ്കിലും ചൊക്കനാഥനായിക്കന്റെ ഭാര്യയും രംഗകൃഷ്ണനായിക്കന്റെ മാതാവുമായിരുന്ന മങ്കമ്മാൾ രാജപ്രതിനിധിയായി രാജ്യഭാരം കയ്യേറ്റു. ഈ പ്രാതിനിധ്യം ഉദ്ദേശം 17 സംവത്സരകാലത്തോളം മങ്കമ്മാൾ വഹിച്ചിരുന്നു. മധുരാരാജ്യചരിത്രത്തിലെന്നുമാത്രമല്ല, രാജാധികാരിണികളായ സകല ഭാരതീയസ്ത്രീകളുടേയും പരമ്പരയിൽ മങ്കമ്മാളുടെ നാമധേയം സങ്കീർത്തനീയവും തങ്കരേഖാങ്കിതവും ആയിരിക്കേണ്ടതാകുന്നു. മങ്കമ്മാളുടെ യശസ്സിനോടു കിടനിൽക്കുന്നതിനു വേണ്ട കീർത്തി വിശ്വനാഥനായിക്കൻ, തിരുമലനായിക്കൻ എന്ന രണ്ടുപേർക്കല്ലാതെ മറ്റാർക്കും മധുരാനായിക്കവംശത്തിൽ സമ്പാദിക്കുവാൻസാധിച്ചിട്ടില്ല. തിരുമലനായ്ക്കന്റെ യശഃപ്രകാശം ശില്പിശാസ്ത്രപ്രയോഗത്തിന്റെ വൈചിത്ര്യങ്ങളേയും ആഡംബരങ്ങളേയും ആശ്രയിച്ചു നില്ക്കുന്നു. മങ്കമ്മാളുടേതാകട്ടെ, രാജപാതകം, വാപികം, കൂപങ്ങൾ, വഴിയമ്പലങ്ങൾ ഇത്യാദി ജനസാമാന്യപ്രയോ

ജനകരങ്ങളായ മരാമത്തുകളെ അവലംബിച്ചു വിളങ്ങുന്നു. അനന്യസാമാന്യമായ ആത്മൈശ്വരതപവും പ്രത്യാഹിത പ്രജാഗത്കതയും വിവേകപരിപാകവും ഔദാത്യമന്ത്രാദികളും മങ്കമ്മാളുടെ സഹജങ്ങളായ ഗുണങ്ങൾപോലെ പ്രശോഭിച്ചു. പതിപ്പത്തുനാഴിക ദൂരത്തിൽ സത്രങ്ങളും അയ്യഞ്ചു നാഴിക അകലത്തിൽ കുളങ്ങളും ജലാശയങ്ങളും ഓരോ നാഴിക അകലത്തിൽ കൂപങ്ങളും സംസ്ഥാനമൊട്ടുക്ക് അവർ നിർമ്മിച്ചിട്ടുള്ളതായി ഒരു തെലുങ്കുഗ്രന്ഥകാരൻ പറയുന്നു. അവരുടെ ഔദാത്യത്തെക്കുറിച്ച് ഒരു കെട്ടുകഥയുള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു. അയൽ രാജ്യമായ മൈസൂർസംസ്ഥാനത്തു മങ്കമ്മാളുടെ സമകാലികനായി വാണിരുന്നതു ചിക്കദേവരാജനായിരുന്നു. അദ്ദേഹം 1704-ലും മങ്കമ്മാൾ 1705-ലും ചരമഗതിയെ പ്രാപിച്ചു. ചിക്കദേവരാജൻ ധനാർത്തിനബുദ്ധിയും കൃപണചൂഡാമണിയും ആയിരുന്നതുകൊണ്ട് മരണശേഷം അദ്ദേഹത്തിനു യമലോകവാസവും നരകപീഡയും അനുഭവിക്കേണ്ടിവന്നു. അങ്ങനെ കഴിഞ്ഞുകൂടുമ്പോൾ മൈസൂർരാജ്യത്തുനിന്നു് ഒരു വന്യാനെ യമകിങ്കരന്മാർ നരകത്തിൽ ഹാജരാക്കി. നരകാധികാരി ടി വന്യാനെ നോക്കിയതിൽ കിങ്കരന്മാക്ക് ആൾ തെറ്റിപ്പോയെന്നും വന്യാനെ തിരികെ കൊണ്ടുവിട്ട ശരിയായയവനെ പിടിച്ചുകൊണ്ടു വരണമെന്നും ആജ്ഞാപിച്ചു. ഇതെല്ലാം കണ്ടുകൊണ്ടുകിടന്ന ചിക്കദേവരാജൻ സപ്രജയായ വന്യാൻ തിരിച്ചുപോകുവാൻ ഭാവിച്ചപ്പോൾ, വന്യാൻ മൈസൂരിൽ എത്തിയാലുടൻ നാട്ടുവാണിരുന്ന രാജാവിനെക്കണ്ട്, ലുബ്ധും പിശുക്കും നിമിത്തം പിതാവായ താൻ അനുഭവിക്കുന്ന സങ്കടങ്ങൾ വിവ

രിച്ചു പറഞ്ഞുകേൾപ്പിക്കണമെന്നും കൊട്ടാരത്തിൽ താൻ കഴിച്ചുവച്ചിരുന്ന ദ്രവ്യങ്ങൾ എടുത്തു സൽക്കർമ്മങ്ങൾക്കു ചെലവാക്കണമെന്നും മങ്കമ്മാളുടെ സ്വർഗ്ഗലോകാഗമനത്തിനു തോരണങ്ങളും പാരിജാതമാലകളും കെട്ടി വിതാനിച്ചുവരുന്നു എന്നും മറ്റും പറഞ്ഞയച്ചു. മങ്കമ്മാളുടെ ഔദാര്യത്തേയും ചിക്കദേവരാജന്റെ കടന്നുതയേയും വിപരീതസിച്ചു കാണിക്കുവാൻ ചമച്ച ഈ കെട്ടുകഥകൊണ്ടു മങ്കമ്മാളുടെ പ്രശംസ അവഗന്തവ്യമാകുന്നു. ആത്മമാനിയും മിക്കവാറും ചപലപ്രകൃതിയുമായിരുന്ന ഛൊക്കനാഥന്റെ സഹധർമ്മചാരിണിയിൽ ഇതുമാത്രം ഉൽഖണമായി സങ്കൽപ്പിക്കുമുണ്ടായിച്ചതു കൂടെ അത്ഭുതകരമാകുന്നു. ഒരു പക്ഷേ ഭർത്താവിന്റെ അപനയങ്ങളുടെ പരിപാകവും പുത്രന്റെ നീതിരീതികളും രാജ്യഭരണപിഷയത്തിൽ മങ്കമ്മാൾക്കു് അമൂല്യങ്ങളായ പാഠങ്ങൾ ആയിരുന്നിരിക്കാം. ഇപ്രകാരം ആഭ്യന്തരമായ ശ്രേയസ്സു സാധിക്കുന്നതിനു ശത്രുപീഡകൊണ്ടുള്ള അസ്വസ്ഥതയില്ലാതിരുന്നില്ല. പടവെട്ടുന്നതിലും മങ്കമ്മാൾ പട്ടുബുദ്ധിയായിരുന്നു. എന്നാൽ സാദ്ധ്യാസാദ്ധ്യവിചാരമില്ലാതെ അവർ യുദ്ധസന്നദ്ധത സ്വീകരിച്ചിരുന്നില്ല. അടുത്തകാലംവരെ മധുരാദിദേശങ്ങളുടെ മേലധികാരസ്ഥാനം ബിജപ്പൂർസുൽത്താന്മാക്കുന്നൊരു ഭാവനയുണ്ടായിരുന്നു. അറങ്ങ്സീബ് ചക്രവർത്തി ബിജപ്പൂർ സുൽത്താനെ കീഴടക്കിയതോടുകൂടി മധുരാരാജ്യത്തിന്റെ അധീശത്വം മുഗൾചക്രവർത്തിക്കാണെന്നു് ആ വികടൻ നിർബ്ബന്ധം തുടങ്ങി. അതനുസരിച്ചു 1693-ൽ ചക്രവർത്തിയുടെ സേനാനിയായ സുൽഫിക്കർഖാൻ മഹത്തായ ഒരു സേനയോടുകൂടി മങ്കമ്മാളുടെ നേർക്കു പുറപ്പെട്ടു. ഭയങ്കരനായ

ഈ ശത്രുവിനെ ജയിക്കുന്നകാര്യം ദുഷ്കരമായിരുന്നതിനാൽ* വൈതസവൃത്തിയെ സ്വീകരിച്ചു കപ്പംകൊടുത്തു് കലഹോദ്യമത്തെ മങ്കമ്മാൾ കഷ്ടിച്ചു. മഹാരാഷ്ട്രസംസ്ഥാനമായിരുന്ന തഞ്ചാവൂരും മൈസൂരും മുമ്പുതന്നെ അറങ്സീബിന്റെ അധിരാജ്യതയെ അംഗീകരിച്ചിരുന്ന സംഗതി ഇവിടെ സ്മരണീയമാകുന്നു. അതുകൊണ്ടു മങ്കമ്മാളുടെ സന്ധിവ്യവസ്ഥ മംഗളമായി എന്നു ഗണിക്കേണ്ടിയിരിക്കുന്നു. മുഗൾസൈന്യം പിൻവലിഞ്ഞശേഷം മൈസൂർരാജാവു് മങ്കമ്മാളുടെ സ്ഥാനീയമായ തൃശ്ശിനാപ്പള്ളിയെ ആക്രമിച്ചു. അന്നത്തെ മൈസൂർരാജാവു നരകത്തിൽനിന്നു സന്ദേശമയച്ചതായി മുമ്പു പറഞ്ഞ ചിക്കദേവരാജനായിരുന്നു. അയുസ്സമാപ്തിക്കുശേഷം കൃപണതകൊണ്ടു എന്തെല്ലാമനർത്ഥങ്ങൾ പിണഞ്ഞിരുന്നാലും ജീവിച്ചിരുന്നപ്പോൾ അദ്ദേഹം കൂശാഗ്രീയമായ ബുദ്ധികൌശലത്തിലും തന്ത്രപ്രയോഗത്തിലും അസാമാന്യനായിരുന്നു. അതുകൊണ്ടു മുഗൾചക്രവർത്തി, മഹാരാഷ്ട്രന്മാരോടു പിടിച്ചടക്കിയ ബംഗ്ലൂരും പരിസരപ്രദേശങ്ങളും മൂന്നുലക്ഷം രൂപാകൊടുത്തു ചിക്കദേവൻ വിലയ്ക്കുവാങ്ങി. പിശുക്കന്മാരുടെ ആചാര്യവര്യനായിരുന്ന ഈ മഹാൻ മൂന്നുലക്ഷം രൂപാ ചെലവുചെയ്യുമെന്നുവച്ചു മനോവേദനയ്ക്കു പരിഹാരമായി അസാധാരണമാഭങ്ങൾ പ്രതീക്ഷിച്ചിരിക്കണമെന്നു നിശ്ചയമാണല്ലോ. അദ്ദേഹത്തിന്റെ അനന്തരപ്രയോഗങ്ങൾ ആ മനഃസ്ഥിതിയെ വിശദീകരിക്കുന്നു. ബംഗ്ലൂർപ്രദേശം ധനംകൊണ്ടും മുഗൾചക്രവർത്തിയുടെ അനുകൂല്യനയംകൊണ്ടും സാധീനമായശേഷം മുഗൾ പരാക്രമസരണികൾക്കു വിദൂരമായ

* വഴങ്ങുന്ന നയം

വഴികളിൽ കൂടി സ്വരാജ്യവിസ്തൃതിക്കു ചിക്കദേവരാജൻ പ്രയത്നം തുടങ്ങി. ആ കൂട്ടത്തിൽ മങ്കമ്മാളുടെ സംസ്ഥാനഭാഗങ്ങളായിരുന്ന സേലം, കോയമ്പത്തൂർ ഈ പ്രദേശങ്ങളെ അദ്ദേഹമാക്രമിച്ചു വശപ്പെടുത്തി. അദ്ദേഹത്തിന്റെ സേനാനിയായ ദളവാ കുമാരരാജൻ മങ്കമ്മാളുടെ തലസ്ഥാനനഗരിയായിരുന്ന തുശിനാപ്പള്ളിയെപ്പോലും നിരോധിക്കാതിരുന്നില്ല. തുശിനാപ്പള്ളി പിടിക്കാതെ മടങ്ങുന്നതല്ലെന്നു സംശപ്തകപ്രതിജ്ഞ കൈക്കൊണ്ടു നിരോധം നടത്തിയ മാധവരായന്റെ ഉത്സാഹം പോലെ തന്നെ വിജയം വികസിച്ചില്ല. മൈസൂർരാജ്യത്തിന്റെ ഉത്തരഭാഗങ്ങളിലേയ്ക്കു മഹാരാഷ്ട്രന്മാരുടെ പ്രസരണം നിമിത്തം മാധവരായന്റെ സൈന്യത്തിൽ ഏറിയകൂറും നിരോധനസ്ഥാനത്തിൽനിന്നും പിൻവലിക്കേണ്ടിവന്നു. ഈ വിഷമതയെ ലാക്കാക്കി മങ്കമ്മാളുടെ സേനാപതി നരസപ്പയ്യ മാധവരായനെ ഞെരുക്കി ബഹിഷ്കരിക്കയും വിട്ടുപോയ രാജ്യഭാഗങ്ങൾ വീണ്ടെടുക്കയും ചെയ്തു. ഇങ്ങനെ മങ്കമ്മാളുടെ രാജ്യലോപംകൊണ്ടു സ്വരാജ്യവൃദ്ധിക്കു ചിക്കദേവരാജനുണ്ടായ ലോഭം വിഫലമായിത്തീർന്നു.

പിന്നീടു മങ്കമ്മാൾ നടത്തിയ യുദ്ധം തിരുവിതാംകോടുമായിട്ടായിരുന്നു. മങ്കമ്മാളുടെ അധികാരപ്രാപ്തിക്കു അനന്തരം മുമ്പുവരെ തിരുവിതാംകൂർ സംസ്ഥാനം ഉമയമ്മറാണിയുടെ പ്രശസ്തരാജ്യഭരണത്തിനു പാത്രമായിരുന്നു. ക്രി. വ. 1664-ൽ ഉമയമ്മറാണിയുടെ പുത്രൻ രവിവർമ്മരാജായിനു പ്രായപൂർത്തിയും സിംഹാസനാരോഹണവും സംഗതമായി. വിജയനഗരചക്രവർത്തിയായ അച്യുതരായന്റെ കാലത്തുണ്ടായ പരാജയശേഷം വിജയനഗരസാമ്രാജ്യത്തിന്റെ പ്രതിപുരുഷാധികാരികളായിരുന്ന മധുരാനായിക്ക

ന്മാരുടെ വൈജയന്തി തിരുവിതാംകോട്ട പൂജനീയവും ദ്രവ്യ
ബാഹുല്യവുമായിരുന്നു. ഇങ്ങനെ സമ്പ
ത്തായി കൊടുത്തുവരുന്ന കപ്പം, ചൊക്കനാഥന്റെ കാല
ത്തുണ്ടായ കുഴപ്പത്തിൽ ലുപ്തമാകയും വിജയരംഗകൃഷ്ണ
യിക്കന്റെ കാലത്തു വീണ്ടും പ്രതിഷ്ഠിതമായെങ്കിലും മങ്ക
മ്മാളുടെ ഭരണദശയിൽ പിന്നെയും പ്രതിബദ്ധമാകയും
ചെയ്തു. ഇതുകൊണ്ടു സ്ത്രീസഹജമായ അസഹിഷ്ണുതയും
ഉഷ്ണകതയും മങ്കമ്മാളിൽ ഉജ്ജ്വലിച്ചു. ഉടൻതന്നെ നരസ
പ്പയ്യയുടെ അധിപത്യത്തിൽ തിരുവിതാംകൂറിനെ അക്ര
മിക്കുവാൻ ഒരു സേനയെ അവർ നിയോഗിച്ചു. "ചേർ
കൊലം" എന്ന പാശ്ചാത്യറിക്കാർട്ടുകളിൽ രൂപാന്തരപ്പെട്ടു
"കൊല്ലം"മെന്ന ഭ്രമം മറുള്ളവരിൽകൂടി ജനിപ്പിച്ചുകാ
ണുന്ന "കൽകുളത്തു"വച്ചു മധുരാസൈന്യവും തിരുവിതാം
കൂർസൈന്യവും തമ്മിൽ നേരിട്ടു. മഹിയസ്സായിരുന്ന
മധുരാസൈന്യത്തെ മടക്കുന്നകാര്യം പ്രയാസമെന്നുകണ്ട
നമ്മുടെ മഹാരാജാവു മത്സരഭാവം ഉപേക്ഷിച്ചു തന്ത്രങ്ങൾ
ഗ്രത്തെ ആശ്രയിച്ചു. രവിവർമ്മരാജാവു് അന്നു സ്വരാജ്യ
വാസികളായ ചില ശത്രുക്കളാൽ ക്ലേശമനുഭവിച്ചുവരിക
യായിരുന്നു. ഇങ്ങനെ സ്വരാജ്യത്തും പരരാജ്യത്തുംനിന്നു
ശത്രുപീഡകൊണ്ടു മട്ടുപ്പായത്തിൽ വർത്തിച്ചിരുന്ന മഹാ
രാജാവു മധുരാസൈന്യത്തെ ആയുധമാക്കി അനന്തശല്യങ്ങളെ
നിഹരിക്കുവാൻ നിശ്ചയിച്ചു. സ്വരാജ്യത്തുണ്ടായിരുന്ന
രാജമത്സരികളെ അമർച്ചചെയ്യാതെ കരംപരിച്ചു കപ്പ
മടയ്ക്കുന്നതിനു നിവർത്തിയില്ലെന്നും തന്നിമിത്തം മധുരാ
സൈന്യം ആ കാര്യം സാധിക്കുന്നപക്ഷം അവരുടെ അഭി
മതംപോലെ വേണ്ട സംഖ്യ കൊടുത്തുകൊള്ളാമെന്നും അവ

ടന്നു് എതുകക്ഷിയെ ഗ്രഹിപ്പിച്ചു. അതനുസരിച്ചു മധുരാ സേനാനി രവിവമ്മരാജാവിൻെറ പ്രതികൂലന്മാരെ ബദ്ധ കൌതുകനായി വിധ്വംസനം ചെയ്തു. അനന്തരം അനുകൂല നെന്നു വിശ്വസിക്കപ്പെട്ടിരുന്ന രവിവമ്മരാജാവിൻെറ നിർദ്ദേശമനുസരിച്ചു മധുരാസൈന്യം നിർവ്വിശങ്കമായി ഒരിടത്തുതന്നെ വിനേശിതമായി; ബിന്ദു മാത്രം വിപദവിചാരമില്ലാതെ ഉല്ലസിച്ചു. ഇങ്ങനെ ശത്രുസംഹാരം പ്രാപ്തമായപ്പോൾ നമ്മുടെ മഹാരാജാവിൻെറ സൈന്യം മധുരാസൈന്യത്തിന്മേൽ ആപതിച്ചു് അതിൽ മിക്കവരെയും കദളീകാണ്ഡങ്ങളെപ്പോലെ ഖഡ്ഗധാരയ്ക്കു ലക്ഷീകരിച്ചു. അസമാപ്തഭോഗ്യന്മാരായ ചുരുക്കം ചിലർ ഓടി രക്ഷപ്പെട്ടു. കൂട്ടുകാരായ വിക്രമികൾക്കു പറഞ്ഞിയ വിധിവക്രതകൾ പറഞ്ഞുകേൾപ്പിച്ചപ്പോൾ മങ്കമ്മാൾക്കുണ്ടായ ക്രോധബാധയുടെ ആധിക്യം അവർണ്ണനീയമായിരുന്നു. ഉടൻതന്നെ ഈ ചതിക്രിയയുടെ പ്രതിക്രിയയ്ക്കായി മഹത്തായ ഒരു പട സംഘടിപ്പിച്ചു നരസപ്പയ്യയുടെ നേതൃത്വത്തിൽ അവർ തിരുവിതാംകോട്ടേയ്ക്കയച്ചു. പിന്നീടുണ്ടായ സമരത്തിൻെറ വിവരങ്ങൾ ഏറെക്കുറെ തിമിരമയമാകുന്നു. എങ്കിലും മൂടങ്ങിക്കിടന്നിരുന്ന കപ്പം വസൂൽ ചെയ്യാതെയും മേലാൽ അതു് ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ ഭദ്രമാക്കാതെയും ക്ഷതയായ കീർത്തിനത്തികിയെ പുനഃപ്രതിഷ്ഠാപിക്കാതെയും മധുരാസേനാപതി മടങ്ങിപ്പോയില്ല. ഈ കൂട്ടത്തിൽ ഇവിടെനിന്നു കൊള്ളയിട്ട മനോഹരങ്ങളായ എതാനും പീരങ്കികൾ കൊണ്ടുപോയി ദളവാ നരസപ്പയ്യ, മധുരയിലേയും തൃശ്ശിനാപ്പള്ളിയിലേയും പ്രാകാരഭിത്തികളെ അലങ്കരിച്ചിരുന്നതായും കാണുന്നു.

ഇങ്ങനെ തീർന്ന തിരുവിതാംകൂറുമായിട്ടുണ്ടായ കലഹം. അനന്തരം മങ്കമ്മാളിനു് എതിരിടുവാൻ ഇടയായതു് തഞ്ചാവൂർ രാജ്യമായിരുന്നു. അന്നു തഞ്ചാവൂർ രാജാവായിരുന്ന ഷാഹ്ജി എന്ന മഹാരാഷ്ട്രനായകൻ മധുരാസംസ്ഥാനത്തെ നിരന്തരം ആക്രമിച്ചുകൊണ്ടിരുന്നു. കാവേരീതീരസ്ഥങ്ങളായ മധുരാസംസ്ഥാനഗ്രാമങ്ങളെ മിക്കവാറും തഞ്ചാവൂർ ഭരിച്ചാ ആയിരുന്ന വനോജിപണ്ഡിതൻ കൈവശപ്പെടുത്തി. അതുകൊണ്ടു നരസപ്പയ്യ, തിരുവിതാംകൂറിൽനിന്നു പ്രത്യാഗമിച്ചു ഉടനെ, തഞ്ചാവൂരിന്റെ നേർക്കു വേണ്ട പ്രതിവിധികൾ തുടങ്ങുവാൻ ആജ്ഞാപനായി. വലുതായ ഒരു സൈന്യത്തോടു കാവേരിയുടെ ദക്ഷണതീരത്തു് അദ്ദേഹം നിവേശം സ്വീകരിച്ചു. തിരുവിതാംകൂറിൽനിന്നുള്ള (1) പ്രതിനിധത്തംകൊണ്ടു മിക്കവാറും സന്നമായിരുന്ന സൈന്യത്തിനു പരാക്രമം അസാദ്ധ്യമായിരുന്നതുകൊണ്ടു ശത്രുവിനെ തടുത്തു നില്ക്കുന്നതിനുമാത്രമേ അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നുള്ളു. മഹാരാഷ്ട്രന്മാരുടെ സാദിസൈന്യമാകട്ടെ, മിന്നൽപിണർപോലെ സത്വരമായ പ്രസരണവും ഊർജ്ജസ്വലമായ ആക്രമണവുംകൊണ്ടു മന്ദപ്രസരണമായിരുന്ന മധുരാപടൈതിസൈന്യത്തെ പരിഹരിച്ചും തരംനോക്കി പ്രഹരിച്ചും ദ്രുതിക്രമമായി പ്രവർത്തിച്ചു. തന്നിമിത്തം നരസപ്പയ്യ, ശത്രുവിനെ എതിർക്കുന്ന കാര്യം ഉപേക്ഷിച്ചതുപോലെ പതുക്കെ പിൻവലിഞ്ഞു. തഞ്ചാവൂർ നഗരിയെതന്നെ രോധിക്കുവാൻ ഉദ്ദേശിച്ചു പ്രയാണമാരംഭിച്ചു. പെട്ടെന്നു തഞ്ചാവൂർനഗരി മധുരാസൈന്യത്താൽ ആവൃതമായി കാണപ്പെട്ടു. മഹാരാഷ്ട്രരാജാവു വളരെ അസ്വസ്ഥചിത്തനായി, അസ്ഥിരബുദ്ധികളായ രാജാക്കന്മാരുടെ പതിവനുസരിച്ചു്, സ്വദുർന്നയങ്ങളുടെ ഫലം

1 മദ്ധ്യം.

പാകത്തിന്റെ മുമതല്ല വനോജിപണ്ഡിതനിൽ ആരോപിച്ചു. രാജപ്രസാദഭംഗഭീരുവായ വനോജി, ഒരാഴ്ചക്കകം മധുരാസൈന്യത്തെ മടക്കിയയയ്ക്കാത്തപക്ഷം സപത്നീവനെ ബലികഴിക്കുന്നതാണെന്നു കഠോരമായി ശപഥം ചെയ്തു. എന്നാൽ സപത്നസൈന്യത്തെ ഭേദനമായി വ്യൂഹനം ചെയ്യാ പുഷ്പമാക്കിയോ ശപഥനിവൃത്തിക്കു പണ്ഡിതനായ വനോജി ശ്രമിച്ചില്ല. സകല സേനയും ധനത്തിനു അധീനമാണെന്നുള്ള മകടതത്വമായിരുന്നു അദ്ദേഹത്തിന്റെ ആലംബനം. പക്ഷേ രാജ്യഭണ്ഡാരം ശൂന്യമായിരുന്നതു കൊണ്ടു് ശത്രുസൈന്യത്തിൽ നിന്നു് അതിനു് അഭയം സിദ്ധിച്ചു എങ്കിലും ശപഥപഥത്തിലുള്ള വൈഷമ്യങ്ങൾക്കു് അതിൽ നിന്നു യാതൊരുപശാന്തിയും പ്രാപ്യമായിരുന്നില്ല. ശത്രുപീഡ, പ്രാണത്യാഗം, രാജകോപം എന്നിങ്ങനെ തിരിപുട ദുർഘടത്തിൽപെട്ട വനോജിക്കു പൌര (1) ജാനപദന്മാരെ കൊള്ളചെയ്ക എന്ന ഉപായമല്ലാതെ മറെറാന്നും തോന്നിയില്ല. താൻ അല്ലെങ്കിൽ ശത്രുക്കൾ കൊള്ള ചെയ്യുമെന്നുള്ള സമാധാനവും അദ്ദേഹത്തിനു് ഉണ്ടായിരുന്നിരിക്കണം. അങ്ങനെ വേണ്ട ദ്രവ്യം സംഭരിച്ചു സപ്രാണനേയും ശത്രുപ്രീതിയേയും രാജപ്രസാദത്തേയും അദ്ദേഹം പരിപാലിച്ചു. മധുരാസൈനികന്മാരും നരസപ്പയ്യയുടെ വയോധികനും പക്ഷേ (2) അയോധകനും ആയിരുന്ന പിതാവും സന്ധാനതരന്മാരായിത്തീർന്നു. തക്കതായ ദ്രവ്യലാഭം മങ്കമ്മാൾക്കും ഉണ്ടാകാതിരുന്നില്ല. ഇങ്ങനെ തഞ്ചാവൂർ രാജാവിന്റെ പ്രൌഢി മങ്കമ്മാളുമായി വിഘടിച്ചതിൽ നിഷ്പ്രഭമായിഭവിച്ചു.

---

1 നാട്ടിലുള്ളവർ (ജനപദത്തിലുള്ളവർ)
2 യുദ്ധത്തിൽ ഏർപ്പെടാത്തവൻ.

യുദ്ധപദ്ധതിയിൽ മങ്കമ്മാളുടെ അവസാനസംരംഭം സേതുപതിരാജാവിനോടായിരുന്നു. രാമനാഥപുരപ്രദേശം അന്നു ഭദ്രനാഥസേതുപതിയുടെ ഭരണത്തിൽ ആയിരുന്നു. മറവന്മാരുടെ പ്രമാണിയായിരുന്ന ഈ രാജാവു സമീപദേശവാസികൾക്കു ദ്രവ്യമാഗ്രഹിക്കേണ്ട ഭാരമേ ഉള്ളു എന്നും അതു് അനുഭവിക്കേണ്ട കൃത്യം തനിക്കാണെന്നും വ്യവസ്ഥചെയ്തു് അതു ശരിയായി അനുഷ്ഠിച്ചു പോന്നിരുന്നു. ഈ നിരന്തരോപദ്രവത്തിന്റെ ഉന്മൂലനത്തിനു സേതുപതിദേശത്തേക്കു് ഒരു സൈന്യത്തെ മങ്കമ്മാൾ അയച്ചു. പക്ഷേ ഇത്തവണ മങ്കമ്മാൾക്കു വിജയം ലഭിച്ചില്ലെന്നു മാത്രമല്ല അവരുടെ സേനാപതിയായ നരസപ്പയ്യ ഹതനാകയും ചെയ്തു. മധുരാസൈന്യവും തഞ്ചാവൂർ സൈന്യവും ഏകോപിച്ചു പ്രവർത്തിച്ചിട്ടും മറവന്മാരെ മർദ്ദിക്കുവാൻ കഴിഞ്ഞില്ല. തന്നിമിത്തം മദോന്മത്തന്മാരായിത്തീർന്ന മറവന്മാർ മധുരാസംസ്ഥാനത്തേയും തഞ്ചാവൂർ പ്രദേശങ്ങളേയും ആക്രമിച്ചു പന്ത്യാകുലീകരിച്ചു.

ആകപ്പാടെ നോക്കുമ്പോൾ "കെങ്കേമി" എന്ന പ്രശംസയ്ക്കു പാത്രമായ മങ്കമ്മാളുടെ ചരമഗതി വളരെ ദുരിതമനുഭവിച്ചശേഷമായിരുന്നെന്ന സങ്കടസ്ഥിതികൂടി പ്രസ്താവയോഗ്യമാകുന്നു. ഫലംമാത്രം നോക്കുന്നപക്ഷം അസ്ത്രീയുടെ ഭരണദശ മധുരാരാജ്യത്തിനു ശ്രേയസ്കരമായിരുന്നെന്നുള്ളതിനു സംശയമില്ല.

മങ്കമ്മാൾ രാജപ്രതിനിധി മാത്രമേ ആയിരുന്നുള്ളല്ലോ. ബാലനായിരുന്ന വിജയരംഗ ചൊക്കനാഥനായിക്കനു് പ്രായപൂർത്തി വന്നശേഷം അദ്ദേഹത്തെ രാജാവായി വാഴിക്കാതെ മങ്കമ്മാൾ പ്രതിനിധ്യഭരണത്തെ തുടർന്നുകൊണ്ടി

രുന്നു. പിന്നീട് 27 സംവത്സരക്കാലം രാജ്യഭാരം വഹിച്ചിരുന്ന വിജയരംഗൻ വ്യവഹിഷയത്തിൽ മുക്തഹസ്തനും ചപലനും അവിവേകിയും ആയിരുന്നെന്നു കാണുന്ന സ്ഥിതിക്ക് അയാളുടെ ധൂർത്തുകൊണ്ടു കാലേക്കൂട്ടി ഗ്രഹിച്ച് രാജ്യരക്ഷയെ മാത്രമാലോചിച്ചു കഴിയുന്നതു വിജയരംഗന്റെ കിരീടധാരണം നീക്കിവയ്പ്പാൻ മങ്കമ്മാൾ ശ്രമിച്ചതായിരിക്കുമോ എന്നും ചിലർ സംശയിക്കുന്നു. വിജയരംഗന്റെ പക്ഷത്തിൽ ഉൾപ്പെട്ടവർ മങ്കമ്മാളെ ബന്ധനസ്ഥയാക്കി. അങ്ങനെ നാലുതുടിവസം ബന്ധനസ്ഥയായിരുന്നു് ഏറ്റവും അരിഷ്ടമായ കാലധർമ്മത്തെ ആ സ്ത്രീ ഗമിച്ചതായിക്കാണുന്നു. അവരുടെ കാരാഗൃഹം രാജധാനിതന്നെയായിരുന്നു. ആഹാരം അവരുടെ ദൃഷ്ടിപഥത്തിൽ ദൂരെനായി കൊണ്ടുവയ്ക്കുകയും അതിന്റെ ഗന്ധമല്ലാതെ ആസ്വാദനം അവർക്ക് അനുവദിക്കാതിരിക്കയും ചെയ്തിരുന്നുവത്രേ. ഇങ്ങനെ സ്വരാജധാനിയിൽതന്നെ നരകദുരിതം സഹിച്ചു പ്രാണത്യാഗംചെയ്ത് മങ്കമ്മാൾ പരലോകത്തെ ഗമിച്ചു. അവരുടെ ബുദ്ധിയും ഹൃദയവും ജനഹിതത്തെ മാത്രം ലക്ഷീകരിച്ചു പ്രവർത്തിച്ചിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. രാജ്യരക്ഷാപരീക്ഷയിൽ മങ്കമ്മാളുടെ വിജയത്തിനു (1) പ്രാസംഗികങ്ങളായ സംഗതികൾ അനുകൂലികങ്ങളായിരിക്കാമെങ്കിലും (2) നിസർഗ്ഗസിദ്ധമായ ബുദ്ധിവൈഭവമില്ലാതിരുന്നെങ്കിൽ ശാശ്വതമായ സാഫല്യലക്ഷ്മി ഉല്ലസിക്കുമായിരുന്നില്ല.

---

1. ഇടയ്ക്കു വന്നുചേർന്നവ. 2. നിസർഗ്ഗം=സ്വഭാവം.

ശ്രീമഹാഭാഗവതം

വിചിത്രങ്ങളായ മതങ്ങളുടേയും അവാന്തരമതങ്ങളുടേയും രംഗമായി തീർന്നിരിക്കുന്ന ഇന്ത്യാസാമ്രാജ്യത്തിൽ പുരാതനമായ ഒരു കാലത്തു് അകൃത്രിമവും അതിമനോഹരവുമായ ഭാഗവതമതം മാത്രമേ അനുഷ്ഠിക്കപ്പെട്ടിരുന്നുള്ളുവെന്നതു് അധികമായ ചരിത്രപാണ്ഡിത്യം കൂടാതെ ഗ്രഹിക്കാവുന്ന ഒരു വസ്തുതയാണല്ലൊ. ആചാരയന്ത്രതന്ത്രങ്ങളില്ലാതെ നിർമ്മലവും ഹൃദയശുദ്ധികരവും ആർദ്രതാജനകവും ആയ വൈദികമഹർഷികളുടെ ആ മതത്തിൽ നിന്നു് ആധുനികകാലങ്ങളിലെ വിഷ്ണുവും, ശിവനും, കാളിയും, സുബ്രഹ്മണ്യനും മറ്റു മൂർത്തികളും മുളച്ചുതെങ്ങനെ എന്നുള്ള അന്വേഷണം നിസ്സംശയമായി രസകരമായിരിക്കും. വൈദികകാലങ്ങളിലെ ഈശ്വരന്മാരായിരുന്ന ഇന്ദ്രനും, വഹ്നിയും, വരുണനും, മരുത്തുകളും മറ്റും നമ്മുടെ ഇടയിൽ അസ്തമിതപ്രായന്മാരായിരിക്കുന്നു. സർ മാണിയർ വില്യംസ്സ് എന്ന ആംഗലപണ്ഡിതൻ പറയുന്നതുപോലെ, ചുരുക്കം പറഞ്ഞാൽ ഇപ്പോൾ ഇൻഡ്യയിലുള്ള ഹിന്ദുക്കളെ സ്മാർത്തന്മാർ വൈഷ്ണവന്മാർ, ശൈവന്മാർ എന്നിങ്ങനെ മൂന്നുതരമായി ഭാഗിക്കാം എന്നു തോന്നുന്നു. സ്മാർത്തമതസ്ഥാപകൻ പ്രസിദ്ധനായ ശങ്കരാചാര്യസ്വാമി അകുന്നു. അദ്ദേഹത്തിന്റെ അദ്വൈതികം കേവലം അദ്വൈതികം അകുന്നു. കാര്യവശാൽ നമുക്കിവിടെ നിരൂപണം ചെയ്യേണ്ടതു് വൈഷ്ണവന്മാരെക്കുറിച്ചാകുന്നു. വിഷ്ണു എന്ന മൂർത്തിയെ ആരാധിക്കുന്നവരൊക്കെയല്ലൊ വൈഷ്ണവന്മാർ. വൈഷ്ണവമതം ഏതു

കാലത്തു് ഉൽപടിച്ചുവെന്നു് ക്ലിപ്തമായി നിശ്ചയിക്കുന്നതിനു മാർഗ്ഗം കാണുന്നില്ല. വ്യുൽപത്തികൊണ്ടു് വ്യാപകം എന്നർത്ഥമുള്ള വിഷ്ണുശബ്ദം, ഋഗ്വേദത്തിൽ അനേകം സ്ഥലങ്ങളിൽ സൂര്യപ്രത്യായമായി പ്രയോഗിച്ചുകാണുന്നു. ഋഗ്വേദകാലം കഴിഞ്ഞു് ഉണ്ടാക്കപ്പെട്ടിട്ടുള്ള ഐതരേയ ബ്രാഹ്മണം മുതലായവയിലും വിഷ്ണുശബ്ദത്തിനു് ഈ അർത്ഥം തന്നെ ഉള്ളതായിത്തെളിയുന്നു. ആകയാൽ അക്കാലങ്ങളിൽ വിഷ്ണുവിന്റെ സ്ഥാനം ആകാശമായിരുന്നു. വിഷ്ണുശബ്ദത്തിനു് ഇപ്പോഴും ഈ അർത്ഥംതന്നെ കാണുകയും ചെയ്യുന്നുണ്ടു്. പക്ഷേ കുറെക്കൂടിക്കഴിഞ്ഞുള്ള മനുസ്മൃതിക്കാലത്തു്, വിഷ്ണുവിന്റെ സ്ഥാനം ജലം ആയിത്തീരുന്നു.

"ആപോ നാരാ ഇതിപ്രോക്താ ആപോ വൈനരസൂനവഃ
താ യദസ്യായനം പൂർവം തേന നാരായണഃ സ്മൃതഃ"

എന്നുള്ള മനുസ്മൃതിവചനംതന്നെ കാണുക, കാലക്രമത്തിൽ വിഷ്ണു, ക്ഷീരസാഗരശയനനായും വളരെ വിശേഷപ്പെട്ട ദിവ്യമൂർത്തിയായും ദുഷ്ടശിക്ഷയ്ക്കും ശിഷ്ടരക്ഷയ്ക്കും വേണ്ടി അംശങ്ങൾകൊണ്ടു് അവതാരം ചെയ്യുന്നവനായും തീരുന്നു. ഇങ്ങനെയുള്ള വിഷ്ണുവിന്റെ ഭക്തന്മാരായ വൈഷ്ണവന്മാരുടെ മതംപോലെ വ്യാപ്തിയുള്ളതായി ഹിന്ദുമതത്തിൽ വേറെ ഒരുശാഖയും ഉണ്ടെന്നു തോന്നുന്നില്ല. വൈഷ്ണവമതത്തിന്റെ ഒരു പ്രത്യേകഗുണം അന്യമതസഹിഷ്ണുതയാകുന്നു. ഉൽകൃഷ്ടമായ അദ്വൈതവും ശൈവന്മാരുടെ തപശ്ചര്യ്യാമുതലായ കൃച്ഛ്രകൃത്യങ്ങളും ശാക്തന്മാരുടെ ഇന്ദ്രിയാസക്തങ്ങളായ വിധികളും അനുഷ്ഠാനങ്ങളും അതിന്റെ മഹത്തായ അന്തർഭാഗത്തിൽ പരസ്പരാലട്ടനംകൂടാതെ വർത്തിച്ചുപോരുന്നു. എന്നുവേണ്ട, ബുദ്ധമതം, ക്രൂസ്തീയ

മതം ഇവയ്ക്കുകൂടി അവിരോധമായി വൈഷ്ണവമതത്തിൽ ഉള്ളിടത്തോളം ഭാഗങ്ങൾ ഉള്ളതായി ഹിന്ദുമതത്തിൽ അന്യൂനാഖകം ഉണ്ടായിരിക്കുമോ എന്നുള്ളതു് വളരെ സംശയമാകുന്നു. പണ്ഡിതന്മാരായ ചില പാശ്ചാത്യന്മാരുടെ അഭിപ്രായം പറയുകയെന്നുവച്ചാൽ ഒരു മതം എന്ന നാമധേയത്തെ അർഹിക്കുന്നതിനു വൈഷ്ണവമതത്തിനുള്ള യോഗ്യത, അന്യഹിന്ദുമതരാഖകം‌ക്കില്ല എന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇതുകൊണ്ടുതന്നെ ആയിരിക്കാം, സ്മാർത്താദികളായ ശൈവപുരാണങ്ങൾ കൂടി വിഷ്ണുവിനേ ആദരിച്ചു് ചില ദിക്കിൽ പ്രസ്താവിച്ചുകാണുന്നതു്. ഇതുകൊണ്ടു വൈഷ്ണവന്മാരെല്ലാം ഏകയോഗക്ഷേമമായി അഭിന്നാചാരന്മാരായി വർത്തിച്ചുപോരുന്നവരാണെന്നു ഭ്രമിച്ചുപോകരുതു്. വൈഷ്ണവമതത്തിനു പ്രധാനമായി മൂന്നാംപ്പിരിവുകൾ ഉണ്ടു്. അവ ക്രിസ്താബ്ദം പന്ത്രണ്ടാം ശതവർഷത്തിൽ രാമാനുജാചാര്യനാൽ സ്ഥാപിക്കപ്പെട്ട മതവും പൂർണ്ണപ്രജ്ഞമതവും പതിനാറാം ശതവർഷത്തിൽ വല്ലഭാചാര്യനാൽ സ്ഥാപിതമായ മതവും ആകുന്നു.

ഇനി നമ്മുടെ മതഗ്രന്ഥങ്ങളുടെ പരമ്പരയെ ഒന്നു നോക്കേണ്ടിയിരിക്കുന്നു. വേദങ്ങളിൽ അനേക ദേവന്മാരെക്കുറിച്ചുള്ള സ്തുതികൾ കാണ്മാനുണ്ടെങ്കിലും അവ ഒട്ടുവളരെ ഭാഗവും പ്രകൃതിയുടെ പ്രകാരാന്തരങ്ങളാണെന്നു വ്യാഖ്യാനത്താൽ വ്യക്തമാക്കാവുന്നതാണു്. വേദങ്ങളുടെ വിഷയം പ്രായേണ ദൃശ്യമായ പ്രകൃതിതന്നെ. ജ്ഞാനകാണ്ഡത്തിൽ അദ്ധ്യാത്മവിഷയമായ ചിന്തനങ്ങൾ ഇല്ലെന്നില്ല. എങ്കിലും പ്രകൃത്യാരാധനയാണു് അവയാൽ പ്രതിപാദിക്കപ്പെട്ടുന്നതു്. വൈദികകാലം കഴിഞ്ഞതിനുള്ള മുഖ്യഗ്രന്ഥങ്ങൾ

രാമായണവും മഹാഭാരതവും ആകുന്നു. ഇതിൽ രാമായണം ഭാരത്തിനുമുമ്പു് നിർമ്മിതമാണെന്നുള്ളതിനു വേണ്ട ലക്ഷ്യങ്ങൾ ഉണ്ടു്. വാല്മീകി, രാമനെ ഈശ്വരനായി ഗണിക്കുന്നില്ല. അതുപോലെ ചില ടിക്കിലൊഴികെ കൃഷ്ണനേക്കുറിച്ചു് ഈശ്വരൻ എന്നഭാവന വ്യാസനും ഉള്ളതായിത്തോന്നുകയില്ല. ഒരു യുദ്ധവീരനെന്നും രാജാവെന്നും ഉള്ള ഭാവനയേക്കാൾ ഈശ്വരബുദ്ധി ശ്രീകൃഷ്ണനെക്കുറിച്ചു് മഹാഭാരതം പ്രദർശിപ്പിക്കുന്നുണ്ടെന്നു പറയാനില്ല. പിന്നെയും ഒരു വിശേഷം; കൃഷ്ണനീശ്വരൻ, ശിവനീശ്വരൻ ഇത്യാദി സിദ്ധാന്തങ്ങൾ ഒന്നും മഹാഭാരതത്തിൽ കാണാനില്ലെന്നുള്ളതാണു്. രാമായണവും ഭാരതവും ഇങ്ങനെയിരുന്നാലും, അവ കാലക്രമത്തിൽ വിഷ്ണുമതത്തിന്റെ രണ്ടു പെരിയ കൈവഴികളായ രാമഭക്തിക്കും കൃഷ്ണഭക്തിക്കും മൂലങ്ങളായി തീർന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ശാഖോപശാഖകളായി പടർന്നു് പന്തലിച്ചും ഉയർന്നും നില്ക്കുന്ന ഈ മഹാഗ്രന്ഥങ്ങളുടെ വേരുകൾ വളരെ ദൂരമുള്ള പുരാണനിർമ്മിതികാലംവരെ ഓടിയിരിക്കുന്നതു് അനായാസേന കാണാവുന്നതാണു്. പിന്നീടുള്ള മതഗ്രന്ഥങ്ങളായ പുരാണങ്ങളിലെ കഥ കുറേക്കൂടി പകർന്നിരിക്കുന്നു. ഭാരതാദികളിൽ നിന്നു പുരാണങ്ങൾക്കുള്ള മുഖ്യവ്യത്യാസം, പുരാണങ്ങൾ ഏതെങ്കിലും ഒരു പ്രത്യേകദേവന്റെ ഈശ്വരത്വത്തെ സ്ഥാപിക്കുന്നവയാണു് എന്നുള്ളതാകുന്നു. അവ, പ്രധാനമായി മഹാപുരാണങ്ങൾ, ഉപപുരാണങ്ങൾ എന്നിങ്ങനെ പിരിക്കപ്പെട്ടിരിക്കുന്നു. ഓരോ സ്ഥലങ്ങളുടെ മാഹാത്മ്യത്തെ പ്രതിപാദിക്കുന്ന സ്ഥലപുരാണങ്ങളും ഇല്ലെന്നില്ല.

പൂർണ്ണമായ ഒരു പുരാണത്തിന്റെ ലക്ഷണം അവിതു:—

"സർഗശ്ച പ്രതിസർഗശ്ച വംശോ മന്വന്തരാണി ച
വംശാനുചരിതം ചൈവ പുരാണം പഞ്ചലക്ഷണം"

അമരസിംഹന്റെ കാലത്തെ പുരാണങ്ങൾക്കെല്ലാമായിരുന്ന ഈ ലക്ഷണം, ഇപ്പോഴുള്ള അഷ്ടാദശമഹാപുരാണങ്ങളിൽ ഒന്നിനെങ്കിലും പൂർണ്ണമായി യോജിക്കുമെന്നു പറയുവാൻ നിവൃത്തിയില്ല. അമരസിംഹൻ ക്രിസ്തുബ്ദത്തിനു് അധികം രണ്ടുനൂറ്റാണ്ടു മുമ്പു് ജീവിച്ചിരുന്നതായി തെളിയുന്നു. കാരണമെങ്കിലും ഈ ലക്ഷണങ്ങളെ സാധിക്കുന്നതു് വിഷ്ണുപുരാണം മാത്രമേയുള്ളു. അതുകഴിഞ്ഞാൽ വായുപുരാണം, ഭാഗവതം ഇവയും ഏകദേശം നിർദ്ദിഷ്ടലക്ഷണത്തോടു് അടുത്തുവരുന്നതായി പറയാം. ശേഷമുള്ളവയുടെ കാര്യത്തിൽ ഇപ്രകാരം ലക്ഷണവ്യഭിചാരം നേരിടുവാനുള്ള ഹേതു എന്തായിരിക്കും? പ്രൊഫസർവിൽസന്റെ അഭിപ്രായത്തിൽ അമരസിംഹന്റെ കാലത്തു പുരാണങ്ങൾക്കു പ്രായേണ മുൻപറഞ്ഞ പഞ്ചലക്ഷണങ്ങളും ഉണ്ടായിരുന്നെങ്കിലും കാലാന്തരത്തിൽ അവയിൽ ചിലതു നശിച്ചുപോയി എന്നും ശേഷമുള്ളവയെ നവീകരിക്കയും ഭേദപ്പെടുത്തുകയും ചെയ്തുകളഞ്ഞുവെന്നും ഉള്ളതാകുന്നു ഇതിന്റെ കാരണം. ഒരുകാര്യം സിദ്ധംതന്നെ. വൈഷ്ണവന്മാരുടെ മതഭേദങ്ങൾ അനുസരിച്ചു് വൈഷ്ണവപുരാണങ്ങൾക്കു ചെയ്തിരിക്കുന്ന ഭേദങ്ങൾ സ്പഷ്ടമായിട്ടുള്ളതാകുന്നു. പുരാണങ്ങളുടെ അന്യോന്യ ഭിന്നതകളും ഓരോന്നിലും ഉള്ള പൂർവാപരവിരുദ്ധതകളും വിൽസന്റെ അഭിപ്രായത്തെ അനുകൂലിക്കുന്നുണ്ടെന്നു് സമ്മതിക്കേണ്ടിയിരിക്കുന്നു. അഷ്ടാദശമഹാ

പുരാണങ്ങളെപ്പറ്റിയാണ് ഇനി നമുക്ക് വിചാരിച്ചുനോക്കേണ്ടിയിരിക്കുന്നതു്.

"അഷ്ടാദശപുരാണാനാം കർത്താ സത്യവതീസുതഃ"
എന്ന വചനപ്രകാരം ശ്രീവേദവ്യാസൻ തന്നെയാണ് ഇവയുടെ രചയിതാവെന്നു പരമ്പരയാ വിശ്വസിച്ചുപോരുന്നു.

"പുരാണമേകമേവാസീൽ തദാകല്പാന്തരേനഘ"
ഇത്യാദിമത്സ്യപുരാണവചനപ്രകാരം വേദാദികൾ ഉണ്ടാകുന്നതിനുമുമ്പിൽത്തന്നേ പുരാണങ്ങൾ ഉണ്ടായിരുന്നുവെന്നും കാണുന്നു. അങ്ങനെയാണെങ്കിൽ വ്യാസൻ അവയുടെ കർത്താവായിരിപ്പാൻ തരമില്ല. ഈ വൈഷമ്യത്തിനും വിഷ്ണുപുരാണം പ്രത്യക്ഷമായി പരാശരന്റെ കൃതിയാണെന്നു് അതുതന്നെ സമ്മതിക്കെ അതു വ്യാസന്റെ കൃതിയാണു് എന്നു പറയുന്ന അനുപപത്തിക്കും നിവൃത്തിയില്ലെന്നില്ല. ഇതിനു് വിഷ്ണുപുരാണം മൂന്നാം അംശത്തിൽ മൂന്നാം അദ്ധ്യായംകൊണ്ടു് ഇപ്രകാരം സമാധാനം കല്പിതമായിരിക്കുന്നു:— "വൈവസ്വത മന്വന്തരത്തിലേ ഓരോ ദ്വാപരയുഗത്തിലും ഓരോ വേദവ്യാസന്മാരുണ്ടു്. നാം ജീവിച്ചിരിക്കുന്നതു് ഈ മന്വന്തരത്തിന്റെ ഇരുപത്തെട്ടാം കലിയിൽ ആണു്; അതുകയാൽ ഇപ്പോൾ 28 ദ്വാപരയുഗങ്ങളും അതുയും വേദവ്യാസന്മാരും ഉണ്ടായിട്ടുണ്ടു്. നാം സാധാരണ വ്യാസൻ എന്നു പറയുന്നതു് കൃഷ്ണദ്വൈപായനവ്യാസനേയാണു; ഇദ്ദേഹം ഇരുപത്തെട്ടാമത്തെ വ്യാസനാണു്. പരാശരൻ ഇരുപത്താറാമത്തെ വേദവ്യാസനായിരുന്നു." പരാശരൻ വ്യാസന്റെ അച്ഛനാകയാൽ അച്ഛന്റേതെല്ലാം മകന്റേതുതന്നേ എന്നൊരു സമാധാനംകൂടി ശൈവപുരാണത്തിൽ

കാണുന്നുണ്ട്. ഇങ്ങനെയുള്ള വേദവ്യാസൻ (കൃഷ്ണദ്വൈപായനൻ) ഋഗ്വാദികളായ നാലുവേദങ്ങളെ പൈലാദികളായ നാലുമഹർഷിമാർക്കും ഇതിഹാസപുരാണങ്ങളെ രോമഹർഷണനു അഥവാ ലോമഹർഷണനു് അയിക്കൊണ്ടും കൊടുത്തുവെന്നു ഭാഗവതംതന്നെ പറയുന്നു. (പ്രഥമം; ചതുർത്ഥ്യായം.) ലോമഹർഷണന്റെ പുത്രനായ ഉഗ്രശ്രവസ്സെന്ന സൂതൻ ഇക്കഥകളെ നൈമിശാരണ്യത്തിൽ വെച്ചു ശൌനകാദികളെ പറഞ്ഞുകേൾപ്പിക്കുന്നു. വായുപുരാണാദികളും ഇതിനോടു് യോജിക്കുന്നു; വിഷ്ണുപുരാണം കുറെക്കൂടി വിസ്തരിക്കാൻ ഭാവമുണ്ടു്. വേദവ്യാസൻ പുരാണസംഹിതയെ നിർമ്മിച്ചു് ലോമഹർഷണനു സ്വശിഷ്യന്മാരായ സുമതി, അഗ്നിവർച്ചസ്സു്, മൈത്രേയൻ, ശംശപായനൻ, കശ്യപൻ, സാവർണ്ണി ഇവർക്കു് ഓരോ സംഹിതയെ കൊടുത്തുവെന്നും ഇവരിൽ അവസാനത്തിൽ പറഞ്ഞ മൂന്നു ശിഷ്യന്മാരും താനും ഓരോ സംഹിതകൂടി ഉണ്ടാക്കിയെന്നും അതിൽ പറഞ്ഞിരിക്കുന്നു. ഇതെല്ലാം കൊണ്ടു് വേദവ്യാസൻ ഒരു പ്രാചീനഹിന്ദുമഹാപാഠശാലയിലെ അദ്ധ്യക്ഷനായിരുന്നിരിക്കണമെന്നു് ഒരു പാശ്ചാത്യൻ അനുമാനിക്കുന്നു. എങ്ങനെയായാലും ഇവയെല്ലാം പറഞ്ഞുകേൾപ്പിക്കുന്നതായി സൂതനേയാണു് നാം കാണുന്നതു്. സൂതൻ എന്നതു് നിശ്ചയമായും ഒരു ജാതി നാമം ആകുന്നു. തങ്ങൾക്കല്ലാതെ അന്യർക്കു് പുരാണം പറയുന്നതിനധികാരമില്ലെന്നു് സൂതൻ അവകാശപ്പെടുന്നു. വിസൻ ഇവരേ പാശ്ചാത്യന്മാരുടെ ഇടയിൽ ഉണ്ടായിരുന്ന ബാഡ്സ് (Bards) എന്ന ഗായകകവികളോടു് സദൃശപ്പെടുത്തുന്നു. ഇവർ ഓരോ വിജയികളുടെ വൈഭവങ്ങളേയും മഹാരാജാക്കന്മാരുടെ

മാഹാത്മ്യങ്ങളേയും ഉൽഘോഷിച്ചുകൊണ്ടു നടന്നവരായിരിക്കാമത്രേ. ഡാക്ടർ ബണ്ഡാക്കർ പുരാണങ്ങളുടെ ഉല്പത്തിയേ താഴേപ്പറയുംപ്രകാരം വ്യാഖ്യാനിക്കുന്നു. "ഏതോ ഒരു യാഗത്തിനു കൂടിയിരുന്ന മഹർഷിമാരോടു സൂതൻ എന്ന ഗായകകവി പറഞ്ഞതായ ചില സംഗതികൾ പദ്യരൂപേണ അനേകം പുരുഷായുഷങ്ങളായി നിലനിന്നുവന്നുവെന്നും അവ കാലക്രമത്തിൽ ഏഴുതപ്പെട്ടെന്നും കാണുന്നു. ചില പ്രത്യേക തത്വങ്ങളുടെ ഉപദേശത്തിനായും ചില പ്രത്യേക ദേവന്മാരുടെ മാഹാത്മ്യത്തെ പ്രദർശിപ്പിക്കാനും വേണ്ടി പിന്നീടുണ്ടാക്കപ്പെട്ട പുരാണങ്ങൾ കേവലം ഐതിഹ്യത്തെ അടിസ്ഥാനമാക്കി എഴുതപ്പെട്ടവയല്ല. അവ ആദ്യമാദ്യം എഴുതിയ പുരാണങ്ങളെ ആധാരമാക്കിയാണു് ഈ രാജാക്കന്മാരുടെ ചരിത്രദികാളെ പ്രതിപാദിക്കുന്നതു്. അനേകവിദ്വാന്മാരുടെ അഭിപ്രായത്തിൽ വിഷ്ണുപുരാണവും വായുപുരാണവും ആദ്യമേ രചിക്കപ്പെട്ടവെന്നും അന്യപുരാണങ്ങൾ അവയേ സ്ഥാപിച്ചു് നിർമ്മിതങ്ങളാണെന്നും കാണുന്നു.

അഷ്ടാദശമഹാപുരാണങ്ങളുടെ നാമധേയങ്ങളും അവയിലുള്ള ശ്ലോകസംഖ്യയും ഭാഗവതം പന്ത്രണ്ടാം സ്കന്ധത്തിൽ പതിമ്മൂന്നാം അദ്ധ്യായത്തിൽതന്നെ കൊടുത്തിട്ടുണ്ടു്. അവയുടെ പേരുകൾ ചുരുക്കി,

"ബ്രാഹ്മം പാദ്മം വൈഷ്ണവം ച ശൈവംഭാഗവതംതഥാ
തഥാന്യന്നാരദീയം ച മാർക്കണ്ഡേയം ച സപ്തമം
ആഗ്നേയമഷ്ടമം പ്രോക്തം ഭവിഷ്യം നവമം തഥാ
ദശമം ബ്രഹ്മവൈവർത്തം ലൈങ്ഗമേകാദശം തഥാ

വാരാഹം ദ്വാദശം പ്രോക്തം സ്കാന്ദം ചാത്ര ത്രയോദശം
ചതുർദ്ദശം വാമനം ച കൗർമ്മം പഞ്ചദശം തഥാ
മാത്സ്യം ച ഗാരുഡം ചൈവ ബ്രഹ്മാണ്ഡാഷ്ടാദശഃ സ്മൃതഃ"

ചില പുരാണപ്രകാരം സാധാരണ സമ്മതമായ ഈ ലിസ്റ്റിൽ ഭേദങ്ങളുണ്ട്. എങ്ങനെയെന്നാൽ അഗ്നിപുരാണം ശൈവത്തേ ഉപേക്ഷിച്ചു തൽസ്ഥാനത്തിൽ വായുപുരാണത്തേ സ്വീകരിച്ചിരിക്കുന്നു. വാരാഹപുരാണം ഗാരുഡത്തിനും ബ്രഹ്മാണ്ഡത്തിനും പകരം വായവ്യത്തേയും നാരസിംഹത്തേയും സ്വീകരിച്ചിരിക്കുന്നു. മാർക്കണ്ഡേയം വായവ്യത്തേയും മാത്സ്യം ശൈവത്തേയും ഉപേക്ഷിക്കുന്നു. കൂർമ്മപുരാണത്തിന്റെ ചില പതിപ്പുകളിൽ ആഗ്നേയത്തിനുപകരം വായവ്യത്തേ ചേർത്തിരിക്കുന്നു. ഇപ്രകാരംതന്നെ "മദ്വയംഭത്രയം" ഇത്യാദി സംക്ഷിപ്തശ്ലോകത്താൽ നാരദീയം ഒരു മഹാപുരാണമാണെന്നു സ്വയമേ പറയുന്നുണ്ടെങ്കിലും അതിനു് ആ സ്ഥാനം ലഭിക്കുന്നില്ല. വായവ്യപുരാണം ശിവപ്രധാനമാകയാൽ അഗ്നിപുരാണവചനം ശരിയെന്നു വച്ചാൻ തുടങ്ങുകയാണെങ്കിൽ മൂൽഗലപുരാണപ്രകാരം അതിനും നിർവ്വാഹമില്ലെന്നുവരുന്നു. അതിൽ ശൈവത്തേയും വായവ്യത്തേയും പ്രത്യേകമായി ഗണിച്ചിരിക്കുന്നു. ഇതുപോലെതന്നെ ആദിത്യപുരാണവും ഒരു മഹാപുരാണമാണെന്നും അല്ലെന്നും വരും. ഭാഗവതം ഒരു മഹാപുരാണമാണോ അല്ലയോ എന്ന വഴക്കു് ഇതിനുപരി പ്രതിപാദിക്കപ്പെടുന്നതാകയാൽ ഇവിടെ വിടുന്നു. അഷ്ടാദശമഹാപുരാണങ്ങളിലും കൂടി ആകെ നാലുലക്ഷം ശ്ലോകങ്ങൾ ഉള്ളതിൽ കണക്കേ ഈ സംഖ്യ ഭാഗവതപാരമ്പര്യാദികളാൽ നിശ്ചയിക്കപ്പെട്ടതാകുന്നു. മാത്സ്യപ്രകാരം ആദിയിൽ

നൂറുകോടി ശ്ലോകങ്ങൾ ഉണ്ടായിരുന്നതായി "ത്രിവർഗ്ഗസാധനം പുണ്യം ശതകോടിപ്രവിസ്തരം" എന്ന ശ്ലോകാർദ്ധം കൊണ്ടു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഉപപുരാണങ്ങളുടെ സംഖ്യയും ക്ലിപ്തമായിട്ടുള്ളതല്ല. എങ്കിലും അവയെപ്പറ്റി ഹേമാദ്രി പറയുന്നതു കാൺക:—

"അഷ്ടാപ്യുപപുരാണാനി മുനിഭിഃ കഥിതാനി തു
ആദ്യംസനൽകുമാരോക്തം നാരസിംഹമതഃ പരം
തൃതീയം നാരദം പ്രോക്തം കുമാരേണ സുഭാഷിതം
ചതുർത്ഥം ശിവധർമ്മാഖ്യം സാക്ഷാന്നന്ദീശഭാഷിതം
ദുർവ്വാസസോക്തമാശ്ചര്യം നാരദോക്തമതഃപരം
കാപിലം മാനവം ചൈവ തഥൈവോശനസേരിതം
ബ്രഹ്മാണ്ഡം വാരുണം ചൈവ കാളികാഹ്വയമേവ ച
മാഹേശ്വരം തഥാ സാംബം സൗരം സർവ്വാർത്ഥസഞ്ചയം
പരാശരോക്തം പ്രവരം തഥാ ഭാഗവതാഹ്വയം
ഇദമഷ്ടാദശം പ്രോക്തം പുരാണാ കൗർമ്മസംജ്ഞിതം."

പുരാണങ്ങളുടെ വേറെ ഒരു വിഭാഗോപാധി ഗുണം ആകുന്നു. ഇതനുസരിച്ചു പുരാണങ്ങളെ സാത്വികങ്ങളെന്നും രാജസങ്ങളെന്നും താമസങ്ങളെന്നും ഭാഗിച്ചിരിക്കുന്നു. അഗ്നേയാദികളായ അറു പുരാണങ്ങൾ താമസങ്ങളും വൈഷ്ണവാദികളായ അറു സാത്വികങ്ങളും ബ്രഹ്മാണ്ഡാദികൾ അറു രാജസങ്ങളും ആകുന്നു. പദ്മപുരാണത്തിന്റെ ഉത്തരഖണ്ഡത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"മാത്സ്യം കൗർമ്മം തഥാലൈംഗം ശൈവം സ്കാന്ദം തഥൈവ ച
ആഗ്നേയഞ്ചൈഷ്ടഡേതാനി താമസാനി നിബോധത
വൈഷ്ണവം നാരദീയഞ്ച തഥാ ഭാഗവതം ശുഭം

ഗാന്ധം ച തഥാ പാദ്മം വാരാഹം ശ്രുഭേദ്വനേ
സാത്വികാനി പുരാണാനി വിജ്ഞേയാനി ശുഭാനിചൈ
ബ്രാഹ്മാണ്ഡം ബ്രഹ്മവൈവർത്തംമാർക്കണ്ഡേയം തഥൈവ ച
ഭവിഷ്യദ്വാമനംബ്രാഹ്മം രാജസാനി നിബോധത"

ഇതു് ഒരു വൈഷ്ണവപുരാണത്തിന്റെ അഭിപ്രായമാണു്. അതുകയാൽ ശൈവമായ സ്കാന്ദപുരാണം ശൈവപുരാണങ്ങളെല്ലാം സാത്വികളാണെന്നും വൈഷ്ണവപുരാണങ്ങൾ നാലും താമസങ്ങളാണെന്നും മറിച്ചുപറഞ്ഞിരിക്കുന്നു. താമസം എന്നു് പാദ്മത്താൽ ഗണിക്കപ്പെട്ടിരിക്കുന്ന മാത്സ്യം, പുരാണങ്ങളെ സാത്വികാദികളായി തരംതിരിക്കാതെ വിഷ്ണുപ്രധാനം സത്വികമെന്നും അഗ്നി ഗുണപ്രധാനവും ശിവഗുണപ്രധാനവും താമസമെന്നും ബ്രഹ്മഗുണപ്രധാനം രാജസമെന്നും പറയുന്നു. എങ്ങനെയെന്നാൽ.—

'സാത്വികേഷു പുരാണേഷു മാഹാത്മ്യമധികം ഹരേഃ
രാജസേഷു ച മാഹാത്മ്യം അധികം ബ്രഹ്മണോ വിദുഃ
തദ്വദഗ്നേശ്ച മാഹാത്മ്യം താമസേഷു ശിവസ്യച
സന്ധൂർണ്ണേഷു സരസ്വത്യാഃ പിതൃണാം ച നിഗദ്യതേ'

ഇവിടെയും വഴക്കില്ലാതെയില്ല. താമസപുരാണങ്ങളിൽ കൃഷ്ണന്റെ പ്രകാരാന്തരാരാധനയാണു് വിഷയം എന്നു പറയുന്നു. മാർക്കണ്ഡേയാദി പുരാണങ്ങളിലെ ദുർഗ്ഗാമാഹാത്മ്യങ്ങളെടുത്തു് രാജസങ്ങൾ ശക്തിപൂജാപ്രധാനങ്ങളാണെന്നു് വിചാരം. ആ വകയ്ക്കു പ്രത്യേകം തന്ത്രാദികൾ ഉണ്ടാകയാലിരിക്കാം പുരാണങ്ങൾ ശാക്തങ്ങളായിരിപ്പാൻ ഇടയില്ലെന്നു് കണ്ടു് വാൻസ് കെന്നഡിയും പറയുന്നുവിരോ

ധമായി അഭിപ്രായപ്പെടുന്നു. ഇതുയും പറഞ്ഞതുകൊണ്ട് പുരാണങ്ങൾക്ക് അന്യോന്യം യോജിപ്പ് എത്രമാത്രം ഉണ്ടായിരിക്കുമെന്നതു് സാമാന്യം ഗ്രഹിക്കാമായിരിക്കും. എന്നാൽ അവയ്ക്ക് ആന്തരമായും ബാഹ്യമായും അനേക ഭേദങ്ങൾ പൊതുവിൽ ഇല്ലെന്നില്ല. ഒന്നാമതായി എല്ലാ പുരാണങ്ങളും സംവാദരൂപമായിട്ടാണ് തുടങ്ങുന്നതു്. വക്താവ് സാധാരണമായി സൂതൻതന്നെ ആയിരിക്കും. രണ്ടു പേരുടെ സംവാദത്തിനുള്ളിൽ വേറെ രണ്ടുപേരുടെ സംവാദം വരികയും അതിനുള്ളിൽ പിന്നെയും സംവാദം വരികയും ചെയ്യുന്നതു് ഇവയ്ക്കെല്ലാം പ്രിയമായ ഒരു സമ്പ്രദായം ആണെന്നു തോന്നുന്നു. ഉദാഹരണത്തിനു് ഭാഗവതത്തിലെ ശ്രുതിഗീത മതിയാകും. ഇതു ശ്രുതികൾ വിഷ്ണുവിനെ സ്തുതിച്ചതായി സനന്ദൻ ബ്രഹ്മർഷികളോടു പ്രസംഗിച്ചതായി നാരായണമുനി നാരദനോടു് ഉപദേശിച്ചതായി ശുകൻ പരീക്ഷിത്തിനെ ഗ്രഹിപ്പിച്ചതായി സൂതൻ ശൗനകാദികളോടു പറയുന്നതാണു്. ഇപ്രകാരം വളച്ചുകെട്ടുന്നതു് പറയുന്നതിന്റെ മഹാത്മ്യം കൂട്ടുന്നതിനാണെന്നു തോന്നുന്നു. എല്ലാറ്റിനും ഖണ്ഡങ്ങളായോ സ്കന്ധങ്ങളായോ മറ്റോ വിഭാഗങ്ങളും അദ്ധ്യായങ്ങളായി അവാന്തരവിഭാഗങ്ങളും ഉണ്ടു്. വൃത്തം പ്രായേണ അനുഷ്ടുപ്പുതന്നെ. ഭാഷാരീതി കാളിദാസപ്രഭൃതികളുടെ രീതിയിൽനിന്നു സ്പഷ്ടമാകംവണ്ണം ഭിന്നമാണു്. പിന്നെയും ഓരോന്നും ഓരോ മൂർത്തികളുടെ മാഹാത്മ്യത്തേയും ഈശ്വരതത്ത്വത്തെയും മുൻനിറുത്തി പ്രവർത്തിക്കുന്നു. സാംഖ്യമതം അനുസരിച്ചുള്ള ലോകസൃഷ്ടിയും കാലഗണനയും ഭൂവിഭാഗങ്ങളും വംശപട്ടികകളും മറ്റും മിക്കതിനും സാധാരണാവാടകങ്ങൾ ആകുന്നു. ബുദ്ധിപ്രാപ്തി

യില്ലാത്ത ബ്രഹ്മബന്ധുക്കൾക്കും മനക്കരുത്തില്ലെന്നും വേദത്തിനു് അധികാരികൾ അല്ലെന്നും വിചാരിച്ചുവരുന്ന സ്ത്രീകൾക്കും ശൂദ്രക്കും സദുപദേശം ചെയ്യണമെന്ന സദുദ്ദേശ്യമാണു് പുരാണങ്ങൾക്കുള്ളതെന്നു് ഭാഗവതത്തിൽ നിന്നു തെളിയുന്നു. വൈഷ്ണവമതം രാമഭക്തിയെന്നും കൃഷ്ണഭക്തിയെന്നും രണ്ടു വഴിയായി പിരിയുന്നുവെന്നു മുൻപുതന്നെ പറയപ്പെട്ടുല്ലോ. രാമഭക്തിപ്രതിപാദകങ്ങളായ മുഖ്യപുസ്തകങ്ങൾ വാല്മീകിരാമായണവും തുളസീരാമായണവും അദ്ധ്യാത്മരാമായണവും പുരാണങ്ങളിൽ അവിടവിടെയുള്ള ചില ഭാഗങ്ങളും ആകുന്നു. കൃഷ്ണഭക്തന്മാരുടെ മുഖ്യഗ്രന്ഥങ്ങൾ പ്രസിദ്ധമായ ഭഗവദ്ഗീതയും ശ്രീഭാഗവതവും വേറെ ചില പുരാണങ്ങളും ആകുന്നു. ഭഗവദ്ഗീത, തത്വജ്ഞാനമാത്രവും, അതുകൊണ്ടു് സാധാരണന്മാക്കു് ദുർഗ്രഹവും, ആയിരിക്കകൊണ്ടും വേറെയുള്ള പുരാണങ്ങൾക്കു വേറെ ചില വൈകല്യങ്ങൾമൂലവും ശ്രീഭാഗവതംപോലെ പ്രചാരം ഉള്ളതായി കൃഷ്ണഭക്തന്മാക്കു് വേറെയൊരു മതഗ്രന്ഥം ഉണ്ടെന്നു പറയാനില്ല. പൊതുജനങ്ങളുടെ മതാനുഷ്ഠാനങ്ങളേയും വിശ്വാസങ്ങളേയും ഇതിനു സ്പർശിക്കാൻ കഴിഞ്ഞിട്ടുള്ളിടത്തോളവും വേറെ ഒരു പുരാണത്തിനും സാധിച്ചിട്ടില്ലെന്നുള്ളതു് നിർവിവാദമാണു്. ഈ മഹത്തായ ഈ ഗ്രന്ഥത്തിന്റെ കർത്താവാരെന്നും ഇതെപ്പോൾ രചിക്കപ്പെട്ടുവെന്നും മറ്റും ഉള്ള സംഗതികളെക്കുറിച്ചു് സർവ്വസമ്മതമായ അഭിപ്രായങ്ങൾ ഇനി ഉണ്ടാകേണ്ടതായിരിക്കുന്നു. എന്നുവേണ്ടാ, ഇതൊരു മഹാപുരാണം തന്നയോ എന്നു ബലവത്തായും ഒരു മഹാപുരാണം എന്ന ഭാവനയാ ഇതു് അനുഭവിച്ചു പോന്ന മഹാപദവിക്കു് ആപൽകരമാകുംവണ്ണവും വിദ്വാന്മാരാൽ സംശയിക്കപ്പെട്ടിരിക്കുന്നു. മഹാപുരാണങ്ങളുടെ കൂട്ടത്തിൽ

എണ്ണിപ്പോരുന്നതു ദേവീഭാഗവതം ആണെന്നും ശ്രീഭാഗവതം അല്ലെന്നും ആണ് ഈ കൂട്ടരുടെ ദൃഢമായപിടി. ഇരുകക്ഷികളുടേയും വാദപ്രതിവാദങ്ങളെ സവ്വം സമാഹരിച്ചു് ഇവിടെ കൊടുക്കുന്നതു് അസാദ്ധ്യമാകയാൽ ആ വിഷയത്തിൽ മുന്തിനിൽക്കുന്ന ചില കായ്ങ്ങളെക്കുറിച്ചു മാത്രം താഴെപ്പറഞ്ഞുകൊള്ളുന്നു. മഹാപുരാണമായ ഭാഗവതം ദേവീഭാഗവതമാണെന്ന വാദം എപ്പോൾ ആരിൽ നിന്നു് ഉത്ഭവിച്ചുവെന്നു പറവാൻ നിവൃത്തിയില്ല. ശ്രീഭാഗവതത്തിന്റെ ഒരു പ്രധാന വ്യാഖ്യാതാവായ ശ്രീധരസ്വാമി തന്നാൽ വ്യാഖ്യാതമായ പുസ്തകമാണു് മഹാപുരാണമെന്നു ചെയ്തിരിക്കുന്ന പ്രസ്താവമാണു് ഈ വാദശൃംഖലയിലെ അദ്യകണ്ണിയായി നാം കാണുന്നതു്. ഈ പ്രസ്താവം കൊണ്ടു് ശ്രീധരനു മുമ്പായി ആരോ ചില സംശയങ്ങളെ പുറപ്പെടുവിച്ചിരിക്കണം എന്നതു് അധികം അബദ്ധം കൂടാതെ അനുമാനിക്കത്തക്കതാണു്. വിഷ്ണുഭാഗവതപക്ഷിക്കാർ ചിലർ ഉപപുരാണമായി ഒരു ഭാഗവതമില്ലെന്നും ഉള്ളതു് മഹാപുരാണമാണെന്നും ദേവീഭാഗവതം അസ്സാസ്സദമായ ഒരു കൃതിയാണെന്നും പറയുന്നു. ഉപപുരാണമായി ഒരു ഭാഗവതം ഉള്ളപ്രകാരം കൂർമ്മപുരാണം, ഗാരുഡം, പാദ്മം, (പതിനേഴു പുരാണങ്ങൾ ഉണ്ടാക്കിയതിന്റെ ശേഷമാണു് ഭാഗവതം ഉണ്ടാക്കിയതെന്നു് അതിൽ കാണുന്നു.) ഇവയാൽ തെളിയുന്നതുകൊണ്ടു് ഈ വാദത്തിനു് അസ്സാസ്സദമില്ലാതെ പോകുന്നു. (ഹേമാദ്രിയിൽ നിന്നു് മുമ്പുദ്ധരിച്ചിട്ടുള്ള ഭാഗം നോക്കുക.) ഉപപുരാണമായി ഒരു ഭാഗവതം ഉണ്ടെന്നുള്ളതു്, നാഗോജിഭട്ടൻ മുതലായവരുടെ ചില കൃതികളിൽ നിന്നു കാണാവുന്നതാണു്. പിന്നെയും ശ്രീഭാഗവതംതന്നെയാണു്

ചില പുരാണങ്ങളാൽ ഒരു മഹാപുരാണമായി ഗണിക്കപ്പെട്ടിരിക്കുന്നത് എന്നു വച്ചാൽതന്നെയും പുരാണങ്ങളുടെ ഗണനയ്ക്കു വ്യവസ്ഥ ഇല്ലാത്തതാണെന്ന് മുമ്പു വന്നിട്ടുള്ള അനേക ഭാഗങ്ങളാൽ തെളിഞ്ഞിരിപ്പാൻ ഇടയുണ്ട്. ശൈവപുരാണം, മാത്സ്യപുരാണം, ഇവയാൽ ദേവീഭാഗവതമാണ് മഹാപുരാണമായി ഗണിക്കപ്പെട്ടിരിക്കുന്നതെന്നതിനു തെളിവുകളുണ്ട്. എങ്ങനെയെന്നാൽ ശൈവപുരാണം ഉത്തരഖണ്ഡത്തിൽ മദ്ധ്യമേശ്വരമാഹാത്മ്യവർണ്ണനയിൽ ശിവങ്കൽ നിന്നുള്ള വരംകൊണ്ടാണ് വ്യാസൻ അഷ്ടാദശപുരാണങ്ങളെ സൃഷ്ടിച്ചതെന്നു പറഞ്ഞിട്ട്, പൂജനീയായ ദുർഗ്ഗയെക്കുറിച്ചു പറയുന്ന ഭാഗവതം മഹാപുരാണമാണ് എന്നു സൂക്ഷ്മമായി പറഞ്ഞിരിക്കുന്നു. ഈ വാദങ്ങൾ ദേവീഭാഗവതവ്യാഖ്യാതാവായ നീലകണ്ഠന്റെ ആകുന്നു. നീലകണ്ഠന്റെ ഗുരുവായ കാശിനാഥഭട്ടന്റെ വാദങ്ങൾ കുറേക്കൂടി വിഷ്മങ്ങളാകുന്നു. "ദുർജ്ജനമുഖമഹാചപേടികൻ" എന്നൊരു കൃതിയിൽ അദ്ദേഹം ഏതോ ഒരു പുരാണത്തിൽനിന്ന് ഭാഗവതവർണ്ണനമായി താഴെ വരുന്നഭാഗത്തെ ഉദ്ധരിക്കുന്നു.

ഗ്രന്ഥോഷ്ടദശസാഹസ്രോ ദ്വാദശസ്കന്ധസമ്മതഃ
ഹയഗ്രീവബ്രഹ്മവിദ്യാ യത്ര വൃത്രവധസ്ഥഥാ
ഗായത്ര്യാ ച സമാരംഭഃ തതൈവ ഭാഗവതം വിദുഃ
സ്കന്ധദ്വാദശമേവാത്ര കൃഷ്ണേന വിഹിതാഃ ശുഭാഃ
ദ്വാത്രിംശച്ഛതത്രിശതം പൂർണ്ണാ ഓധ്യായാഃ പരികീർത്തിതഃ

ഈ വർണ്ണന പൂർണ്ണമായി യോജിക്കുന്നത് ദേവീഭാഗവതത്തിനൊന്നാണ് കാശിനാഥന്റെ വാദസാരം. ശ്രീഭാഗവതത്തിൽ 335 അദ്ധ്യായങ്ങളുണ്ട്. ദേവീഭാഗവത

ത്തിൽ സൂക്ഷ്മമായി 332 അദ്ധ്യായങ്ങളേ ഉള്ളൂ. "ഹയഗ്രീ വബ്രഹ്മവിദ്യാ" എന്ന ഭാഗത്തെ സംബന്ധിച്ചിടത്തോളം ദേവീ ഭാഗവതത്തിൽ അല്ലാതെ ശ്രീ ഭാഗവതത്തിൽ ഒന്നുമില്ല. ഗായത്രികൊണ്ടുള്ള സമാരംഭം എന്നതുകൊണ്ടു നോക്കുന്നപക്ഷവും ശ്രീഭാഗവതാരംഭത്തിൽ "സത്യംപരം ധീമഹി" എന്നിടത്തെ 'ധീമഹി' എന്ന ഒരു ശബ്ദമേ ഗായത്രിയിൽ ഉള്ളതായുള്ളൂ. ദേവീഭാഗവതത്തിൽ അകട്ടെ "യോ നഃ പ്രചോദയാൽ" എന്നു് മൂന്നു ഗായത്രീപദങ്ങളും അടിയിൽ പ്രയുക്തങ്ങളായിട്ടുണ്ടു്. ശ്രീ മഹാഭാഗവത മാണു് യഥാർത്ഥമായ മഹാപുരാണം എന്നു സാധിപ്പാൻ രാമാശ്രമഭട്ടൻ എഴുതിയിരുന്ന "ദുർജ്ജനമുഖമഹാചപേ ടികാ" എന്നതിന്റെ ഖണ്ഡനമാണു് ദുർജ്ജനമുഖപദ്മ പാദുകാം." ഇതിന്റെ കർത്താവു് തന്റെ പേരുവയ്ക്കാതെ യാണു് ഇതു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. ശ്രീ മഹാ ഭാഗവതത്തെ പിന്താങ്ങുന്നതായി "ഭാഗവതസപ്തപവിഷ യശങ്കാനിർണ്ണയത്രയോദശം" എന്നു് പുരുഷോത്തമൻ എന്ന ആളിനാൽ ഒരു കൃതികൂടിയുണ്ടു്. പിന്നെയും മിതാക്ഷരാ വ്യാഖ്യാതാവായ ബാലംഭട്ടൻ ഒരു വ്യതിയാനത്രയേണ ദേവീഭാഗവതത്തെ പിന്താങ്ങുന്നു. ശ്രീ മഹാഭാഗവതകക്ഷി ക്കാർ മറുകക്ഷിക്കാർ പറയുന്നതുപോലെ വോപദേവൻ എന്ന വൈയാകരണനാണു് ശ്രീ ഭാഗവതമുണ്ടാക്കിയ തെങ്കിൽ അയാൾ സ്വനാമധേയം അതിൽ വയ്ക്കാത്തതു് എന്തുകൊണ്ടെന്നു ചോദിക്കുന്നു. പിന്നെയും ശ്രീ ശങ്കരാ ചാര്യൻ ഭാഗവതത്തിനു് വ്യാഖ്യാനംചെയ്തിരിക്കുന്ന സ്ഥിതി അതു് വോപദേവകൃതി ആയിരിക്കാനിടയില്ലെന്നു അവർ വാദിക്കുന്നു. ശാങ്കരവ്യാഖ്യാനം ഉണ്ടെന്നറിയുന്നതു വേറെ

രു വ്യാഖ്യാതാവിൽനിന്നുമാണ്. അയാൾ ശങ്കരന്റെയും ഹനുമാന്റെയും മറ്റും വ്യാഖ്യാനം നോക്കിയാണ് സ്വ വ്യാഖ്യാനത്തെ ഉണ്ടാക്കുന്നതെന്നു പറഞ്ഞിരിക്കുന്നതാണ് ശ്രീ ഭാഗവതകക്ഷിയുടെ ആധാരം. ഹനുമാന്റെ വ്യാഖ്യാനം കേവലം അകാശകുസുമപ്രായം അതുകൊണ്ടു ശങ്കരന്റെയും മേൽപടിയായിരിക്കേണ്ട എന്നൊരു ശങ്ക അങ്കുരിക്കുന്നു. ശങ്കരന്റെവ്യാഖ്യാനമുണ്ടെങ്കിൽ അതെവിടെ എന്ന ചോദ്യത്തിനു് അതു് ഭാഷയുടെ വൈഷമ്യംമൂലം നശിച്ചുപോയി എന്നുപറയുന്ന ഉത്തരം നില്പുമെന്നു തോന്നുന്നില്ല. അതിവിഷമങ്ങളായ അനേക ശങ്കരകൃതികൾ ജനങ്ങളുടെ ബുദ്ധിമാന്ദ്യത്തെ അതിവർത്തിച്ചു് ജീവിച്ചിരിക്കെ, ഇതു നശിച്ചുപോയി എന്നു പറയുന്നതു യുക്തിപൂർവമായിരിക്കുന്നില്ല. ഇപ്രകാരം ഹിന്ദുപണ്ഡിതന്മാർ തമ്മിലുള്ള കോലാഹലമായ കലഹകാലുഷ്യം സംസ്കൃതജ്ഞന്മാരായ പാശ്ചാത്യന്മാരുടെ ഇടയിലേക്കും ശാന്തമായി സംക്രമിച്ചതുപോലെ തോന്നുന്നു. എന്തുകൊണ്ടെന്നാൽ സാധാരണയായ ജനബോധം അനുസരിച്ചു വോപദേവനാണു ശ്രീ ഭാഗവതകർത്താവു് എന്നു പറഞ്ഞ കോൾബ്രൂക്കിന്റെ മതത്തിൽ നിന്നു കേർന്നൽ വാൻസ് കെന്നഡി വിയോജിക്കുന്നു. കെന്നഡിയുടെ അഭിപ്രായത്തെ അതുപോലെതന്നെ വിൽസനും നിരസിക്കുന്നു. ഭാഗവതത്തിന്റെ പേർ അഷ്ടാദശപുരാണങ്ങളുടെ കൂട്ടത്തിൽ എല്ലാപുരാണങ്ങളിലും കാണാനുള്ളതുകൊണ്ടു് അതു കേവലം ആധുനികനായ വോപദേവനാൽ രചിതമായിരിക്കാൻ ഇടയില്ലെന്നാണ് കെന്നഡിയുടെ വാദം. ഇതിന്റെ ഖണ്ഡനമായി വിൽസൻ ചെയ്യുന്ന യുക്തി, വേദവ്യാസൻ ഭാഗവതം ഉണ്ടാക്കാൻ തുടങ്ങുന്നതു്

സകല വേദപുരാണാദികളും ഉണ്ടാക്കിയിട്ടും തനിക്ക് ആത്മാനന്ദം ജനിക്കായ്കയാൽ അതിനെ ഭാഗവതത്തിൽതന്നെ കാണുന്നതുകൊണ്ട് അന്യപുരാണാദിനിർമ്മാണശേഷമായിരിക്കണം ഭാഗവതം രചിക്കപ്പെട്ടിരിക്കുന്നതെന്നും അതുകൊണ്ടുതൽകർത്താവു് വോപദേവൻ അകുന്നതിൽ വിഷമമൊന്നും ഇല്ലെന്നും ഉള്ളതാകുന്നു. വോപദേവൻ ജീവിച്ചിരുന്നതു് പതിന്നാലാം ശതവഷ്ത്തിനു മുമ്പാണു്. ക്രിസ്താബ്ദം 1000-ം വഷ്ത്തിനിടയ്ക്കു രചിക്കപ്പെട്ടിട്ടുള്ള ചില കൃതികളിൽ ഭാഗവതത്തിൽ നിന്നു ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുള്ളതുകൊണ്ടു് അതിന്റെ കർത്താവു് വോപദേവനാകാൻ ഇടയില്ലെന്നു് ഈയിടെ ഒരു ചരിത്രപണ്ഡിതൻ എന്നോടു സംഭാഷണമദ്ധ്യേ പറഞ്ഞ് സംഗതിക്കുടി ഇവിടെ പ്രസ്താവയോഗ്യം എന്നു തോന്നുന്നു. വിഷ്ണുപുരാണത്തിന്റെ കാലം ക്രിസ്താബ്ദം 485-ാം വത്സരത്തിനപ്പുറമെന്നു ഇൻഡ്യൻറിവ്യൂവിൽ ഒരു ലേഖകൻ സ്ഥാപിക്കുന്നതു് ശരിയാണെങ്കിൽ അതിനേ അനേകഭാഗങ്ങളിൽ പിന്തുടന്നിരിക്കുന്ന ഭാഗവതം അ വഷ്ത്തിനിപ്പുറം ആവാനേ തരമുള്ളുവെന്നും സിദ്ധിക്കുന്നു.

ആരാൽ എഴുതപ്പെട്ടതായാലും ഭാഗവതം, സാംഖ്യം, യോഗം, വേദാന്തം മുതലായവയുടെ അഭിവൃദ്ധി നന്നേ വന്നതിനുശേഷം എഴുതപ്പെട്ടിട്ടുള്ളതാണെന്നതിനു് സന്ദേഹം ഇല്ല. ഇതുകൂടാതെ അനേകശ്രുതികളും, ഭഗവത്ഗീതാ, മഹാഭാരതത്തിലെ അന്യങ്ങളായ അനേകഭാഗങ്ങൾ, മൻസ്മൃതിമുതലായവ, വിഷ്ണുപുരാണം, പദ്മപുരാണം മുതലായ അന്യപുരാണങ്ങൾ ഇത്യാദിയും ഭാഗവതകർത്താവിനു വളരെ പരിചിതമായിരുന്നെന്നതിനു് യാതൊരു സംശയങ്ങ

ളുണ്ട്. അവയെല്ലാം ഇവിടെ പ്രകാശിപ്പിക്കണം എന്നു വിചാരിക്കുന്നില്ല; എങ്കിലും പുരാണങ്ങളിൽ ചിലതിന്റെ സാദൃശ്യചിന്തനം അവർജ്ജ്യം ആണെന്നു തോന്നുന്നു. വിഷ്ണുപുരാണം ഭാഗവതത്തിനുമുമ്പു് ഉണ്ടാക്കപ്പെട്ടതാണെന്നുള്ളതിനു് വേണ്ട തെളിവുകൾ പ്രൊഫ്സർ വിൽസൻ കൊടുക്കുന്നുണ്ടു്. അകയാൽ കാലവിഭാഗം, വരാഹാവതാരം, സ്വായംഭുവിന്റേയും ശതരൂപയുടേയും ചരിത്രം; അകൂതി, പ്രസൂതി ഇവരുടേയും ഇവരുടെ സന്തതികളായ ശ്രദ്ധാദികളുടേയും കഥ, ധ്രുവചരിതം, ദ്വീപവിഭാഗം മന്വന്തരങ്ങൾ സ്യമന്തകം, പൗണ്ഡ്രകവധം, സപ്തർഷിരോഹണം ഇത്യാദി അനേകഭാഗങ്ങളിൽ ഭാഗവതം വൈഷ്ണവത്തെ അശ്രയിച്ചിരിക്കുന്നതായി തോന്നുന്നു. കാലവിഭാഗം സ്വായംഭുവചരിതം അകൂതിപ്രസൂതി ഇവരുടെ കഥ, ദക്ഷയാഗം, വേനപൃഥു, പ്രൂതികഥ, മന്വന്തരങ്ങൾ, പ്രഹ്ലാദചരിതം, (ഇതു വൈഷ്ണവത്തിലുമുണ്ടു്.) ധ്രുവചരിതം, കൃഷ്ണാവതാരം, ഇക്ഷ്വാകുവംശചരിതം ഇത്യാദിയിൽ പദ്മവുമായും വളരെ സാദൃശ്യം കാണുന്നു. ഇങ്ങനെ ബ്രഹ്മം ബ്രഹ്മവൈവർത്തം ഇത്യാദിയിൽ നിന്നും ഉദ്ധരിക്കുന്നതിനു ധാരാളമുണ്ടു്.

സാംഖ്യം, യോഗം മുതലായ ദർശനങ്ങളുടെ സംക്ഷേപങ്ങളും സമ്പ്രദായങ്ങളും ഭാഗവതത്തിൽ കൊടുത്തിട്ടുണ്ടെങ്കിലും ഭക്തിമാർഗ്ഗത്തിന്റെ പ്രാധാന്യത്തേയാണു് അതു സർവ്വദാ പ്രതിപാദിക്കുന്നതു്. ഭക്തിമാർഗ്ഗത്തിന്റെ ഛായകൾ വേദങ്ങളിൽ ഏറെക്കുറെ കാണ്മാനുണ്ടെങ്കിലും അവ വ്യക്തരൂപത്തെ പ്രാപിക്കുന്നതു്, ശാണ്ഡില്യന്റെ ഭക്തിസൂത്രങ്ങളോടുകൂടി ആണെന്നു തോന്നുന്നു. ഭക്തിക്കു സാധാരണമായി ചെയ്യുവരാറുള്ള നിർവ്വചനം "പുജ്യേഷ്വനുരാഗോ

ക്തിഃ" (പുഷ്യന്മാരിലുള്ള ഇഷ്ടം ക്തി) എന്നാകുന്നു. ഭാഗവതത്തിൽ ഇതിനെ വളരെ വിശാലരീതിയിൽ പ്രയോഗിച്ചിരിക്കുന്നു. രാഗാദിവിഹീനരായി നിർമ്മലഹൃദയരായി ഭജിക്കുന്നവർക്കു മാത്രമല്ല ക്തി. പിന്നെയോ. യാതൊരു ജനം കൃഷ്ണൻ ചിത്തനിഷ്ഠയോടുകൂടി ഇരിക്കുന്നുവോ ആ ജനത്തിനു ക്തിയുണ്ടെന്നാണു ഭാഗവതമതം. അതുകൊണ്ടു കാമിനിമാരായ ഗോപികകളും ദ്വേഷികളായ ശിശുപാല പ്രഭൃതികളും മഹാഭാഗവതന്മാരായ ഉദ്ധവാദികളും ഒരുപോലെ ക്തിയെ പ്രാപിക്കുന്നു. ക്തിയെപ്പറ്റി വിശദമായി ഏകാദശത്തിൽ പറയുന്നതുകൊണ്ടു് ആ അംശത്തെ ഇവിടെ ഇതിലധികം നീട്ടുന്നില്ല. പിന്നെയും ഭാഗവതത്തേയും ക്തിയേയും കുറിച്ചു് പദ്മപുരാണം ഉത്തരഖണ്ഡത്തിൽ ആറു് അദ്ധ്യായങ്ങൾകൊണ്ടു് ചെയ്തിരിക്കുന്ന മാഹാത്മ്യവർണ്ണനവും നോക്കുക.

ഭാഗവതന്മാർ എന്നൊരു വർഗ്ഗക്കാർ ഉത്തരഇൻഡ്യയിലുണ്ടു്. അവരിൽ ഒരാളായിരിക്കുമോ ഭാഗവതം രചിച്ചതെന്നു ശങ്കതോന്നുന്നു. ഭാഗവതവർഗ്ഗത്തിന്റെ ശ്രേഷ്ഠമാണു് ഇതു നിർമ്മിതമായിരിക്കുന്നതു് എന്നതിനുള്ള തെളിവുകളുടെ കൂട്ടത്തിൽ "ഭാഗവതന്മാരിൽ നീ ഞാനാണു്" എന്നു് കൃഷ്ണൻ ഉദ്ധവരോടു പറയുന്നതും എടുക്കുമായിരിക്കും. അങ്ങനെ കൃതിയായാലും ഇൻഡ്യയിലുള്ള നാനാമതക്കാർ ഭാഗവതത്തിൽ സ്വമതാനുരൂപമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടു്. എന്നുതന്നെയുമല്ല, ഭാഗവതത്തിലെ കഥകളേയും സിദ്ധാന്തങ്ങളേയും എടുത്തു് അനേക ചെറിയകൃതികളും സ്തോത്രങ്ങളും ഓരോ കവികളും ക്കുന്നുമുണ്ടാക്കിയിട്ടുണ്ടു്. ഇക്കൂട്ടത്തിൽ മേല്പത്തൂർ ബ്രഹ്മശ്രീ നാരായ

ണൻട്ടേതിരിയുടെ പ്രസിദ്ധപ്പെട്ട നാരായണീയവും ഈയിടെ തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടത്തിൽ നിന്നു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ 'ഭക്തിമഞ്ജരി'യും രണ്ടു കേരളീയകൃതികൾ ആകുന്നു. ഭാഗവതത്തിനു് ഒട്ടുവളരെ വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ടു്. ഇവയിൽ പ്രധാനമായവ ശ്രീധരീയം, വിജയദ്ധ്വജീയം, വീരരാഘവീയം, ബാലബോധിനി ഇത്യാദികൾ ആകുന്നു. ഓരോ വ്യാഖ്യാതാവും അവനവന്റെ മതമനുസരിച്ചു് അവിടവിടെ ചില ഭാഗങ്ങളെ വ്യത്യാസപ്പെടുത്തുകയും വ്യാഖ്യാനിക്കയും ചെയ്തിട്ടുള്ളതായും കാണുന്നു. ഉദാഹരണം ആയി സ്മാർത്തപാഠമായ ശ്രീധരീയത്തിലെ ആയിരം ശ്ലോകത്തോളം മാററി വിഷ്ണുവിന്റെ മാഹാത്മ്യത്തെ പ്രതിപാദിക്കുന്ന ആയിരം ശ്ലോകത്തോളം വൈഷ്ണവന്മാർ ചേർത്തിരിക്കുന്നു. വ്യാഖ്യാനങ്ങളുടെ കൂട്ടത്തിൽ വച്ചു ശ്രീധരസ്വാമിയുടെ വ്യാഖ്യാനത്തിനുള്ളിടത്തോളം പ്രചാരം മറെറാന്നിനും ഉള്ളതായി തോന്നുന്നില്ല.

ഇൻഡ്യയിൽ ഭാഗവതം അനേക പരിവൃത്തി ദേവനാഗരി, ഗ്രന്ഥാക്ഷരം മുതലായവയിൽ പലവിധത്തിൽ അച്ചടിക്കപ്പെട്ടിട്ടുണ്ടു്. മലയാള അക്ഷരത്തിൽ അതു് അച്ചടിക്കപ്പെട്ടിട്ടുള്ളതായി കണ്ടിട്ടില്ല. പാശ്ചാത്യന്മാരുടെ പതിപ്പുകളായും ഭാഗവതത്തിനു് ചിലതുണ്ടെന്നുള്ളതു് സവിശേഷം ഭാഗവതത്തിന്റെ പ്രധാന്യത്തെ പ്രദർശിപ്പിക്കുന്നു. ഗംഭീരമായ ഒരു മുഖവുരയോടും ഒട്ടുമുഴുവൻ ഭാഗത്തിനും തർജ്ജമയോടും കൂടി അതിപ്രൗഢനായ "ബർണൂഫ്" എന്ന പണ്ഡിതനാൽ അച്ചടിപ്പിക്കപ്പെട്ടിട്ടുള്ള ഭാഗവതത്തിന്റെ പതിപ്പു് യൂറോപ്പിൽ പ്രശസ്തമായിട്ടുള്ളതാകുന്നു. ക്യാപ്റ്റൻ

"ഫെ൪ൽ" എന്നയാളിനാൽ നവമസ്കന്ധവും ഒരു പൈഷ്യൻ തർജ്ജമ നോക്കി "ഹാൽഹെഡിനാ"ൽ ദശമസ്കന്ധവും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.

ഭാഗവതത്തിനു് മലയാളത്തിലുള്ള തർജ്ജമകളെപ്പറ്റിയാണു് ഇനി ഇവിടെ നിരൂപണം ചെയ്യേണ്ടിവരുന്നതു്. ഇവയിൽ വളരെ പ്രചാരമുള്ളതായിക്കാണുന്നതു് എഴുത്തച്ഛന്റെ തർജ്ജമ എന്നു പറഞ്ഞുവരുന്ന കിളിപ്പാട്ടിനാകുന്നു. ഈ കൃതി എഴുത്തച്ഛനാൽ ഭാഷാന്തരപ്പെടുത്തപ്പെട്ടതായി സാധാരണ വിശ്വസിച്ചുപോരുന്നെങ്കിലും കഴിഞ്ഞുപോയ ക്രിസ്ത്യൻകാളേജു് മലയാളപണ്ഡിതർ മിസ്റ്റർ സത്യാർത്ഥി മുതലായ ചിലർ എഴുത്തച്ഛന്റെ കൃതി എന്നുള്ളതിനെ ബലമായി സംശയിക്കയും നിരസിക്കയും ചെയ്തിട്ടുള്ളതായി കേട്ടിട്ടുണ്ടു്. അദ്ധ്യാത്മരാമായണം കിളിപ്പാട്ടു്, ഭാരതം കിളിപ്പാട്ടു് മുതലായവയുടെ കർത്താവായ എഴുത്തച്ഛന്റെ കൃതി തന്നെയാണു് ഭാഗവതം കിളിപ്പാട്ടും എന്നു് ഭാഷാചരിത്രകർത്താവു മുതൽപേർ നിർവ്വിശങ്കം അഭിപ്രായപ്പെടുന്നതു് വിശ്വസിക്കുന്നതിനു വളരെ വളരെ ഞെരുങ്ങേണ്ടിയിരിക്കുന്നു. ഇതിനുള്ള കാരണങ്ങൾ മുഴുവൻ പറയുന്നതിനു മുമ്പായി ഈ കൃതി എഴുത്തച്ഛനേറെതെന്നു പറയുന്നവരുടെ പ്രധാനാലംബമായ പ്രമാണം, ബലവത്തുകളും ബോധം ജനിപ്പിക്കുന്നതിനുമതിയാകുന്നവയും ആയ തെളിവുകളെക്കൊണ്ടും നിരാകരിക്കുന്നതിനു നിർവ്വാഹമില്ലാത്ത അന്ധമായ ഐതിഹ്യശക്തി മാത്രമാണെന്നു് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. സംസ്കൃതസാഹിത്യത്തിൽ ഗ്രന്ഥകർത്താവു് ഇന്നവനെന്ന നിർണ്ണയം ഇല്ലാത്ത അനേകകൃതികളുടെ കർത്തൃത്വം എന്ന അനർത്ഥം കാളിദാസപ്രഭൃതികളിൽ

ആരോപിക്കാവുള്ളതുപോലെ നമ്മുടെ സാഹിത്യത്തിലും എഴുത്തച്ഛൻ മുതൽ പേക്കം ചില ആളും പേരും ഇല്ലാത്ത ഉരുപ്പടികൾ വന്നുകൂടിയിട്ടുണ്ട്. ഈ കൂട്ടത്തിലാണ് ഭാഗവതം എന്നു താഴെ വരുന്ന കാരണങ്ങൾകൊണ്ടു കാണാമെന്നു തോന്നുന്നു. അദ്ധ്യാത്മരാമായണം ഭാരതം ഈ കിളിപ്പാട്ടുകളിൽ മൂലഗ്രന്ഥവുമായി ഒത്തുനോക്കുമ്പോൾ അവിടവിടെ അപൂർവം ചില അർത്ഥവ്യത്യാസങ്ങൾ കാണ്മാനുണ്ടെങ്കിലും ഭാഗവതത്തിലെപ്പോലെ മൂലഗ്രന്ഥത്തിനും തർജ്ജമയ്ക്കും മദ്ധ്യേ ഒരു മഹത്തായ ഉൾക്കടൽ ആ കൃതികളിൽ കാണ്മാനില്ലെന്ന് നിസ്സംശയമാണ്. ചുരുക്കം പറഞ്ഞാൽ ദശമത്തിലെ ശ്രുതിഗീതാദ്ധ്യായം ഒട്ടുമുഴുവനും, ഏകാദശം, ദ്വാദശം ഈ സ്കന്ധങ്ങളിലെ ഏകദേശം മുക്കാൽ ഭാഗവും പിന്നെ അവിടവിടെയായി അനേകഘട്ടങ്ങളും മൂലത്തിന്റെ അർത്ഥത്തോടു യോജിക്കാത്തതാണെന്നു രണ്ടു കൃതികളെയും ഒരുമിച്ചു വായിച്ചാൽ നിഷ്പ്രയാസമായിഗ്രഹിക്കാവുന്നതാകുന്നു. എന്നു തന്നെയുമല്ല, സംസ്കൃതഭാഷയിൽ സാമാന്യപരിചയമുള്ള യാപക്കും തെറ്റിപ്പോവാൻ ഇടയില്ലാത്തതായി വളരെ ഭാഗങ്ങളിൽ കിളിപ്പാട്ടുകാരൻ ഭീമങ്ങളായ അബദ്ധങ്ങളിൽ ചാടിപ്പോയിട്ടുള്ളതായും ദൃഷ്ടാന്തങ്ങൾ സുലഭങ്ങളായുണ്ട്.

(1) "കലിം സഭാജയന്ത്യാര്യാഃ"

ഇതിന്റെ തർജ്ജമ കലികാലത്തു കലിസഭയെ ജയിച്ചിട്ട് എന്നാണ്. ഇവിടെ സഭാജനം ചെയ്യുന്നു എന്നർത്ഥം ആയ സഭാജയതി എന്ന ക്രിയയെ സഭയെ ജയിച്ചിട്ട എന്നു തർജ്ജമ ചെയ്തിരിക്കുന്നതു കാൺക.

2) "പടാപിയുവതിം ഭിക്ഷുന്സംപ്രേദ്യാരവീമപിന്"
ഇതിന്റെ തർജ്ജമ "അക്കന്നിജ്ജഗത്തെല്ലാം സ്പർശിച്ചിട്ടിരു ന്നാലും അക്കന്നെത്തൊട്ടന്നീല ലോകങ്ങളെന്നപോലെ" എന്നാകുന്നു. ഇവിടെ ഭാരവിയായ (ഭാരുമനി അയ) യുവ തിയെക്കൂടി സ്പർശിക്കരുതെന്ന അർത്ഥം സൂക്ഷ്മമായിരിക്കെ എങ്ങിനെയോ അതിൽനിന്നു രവി എന്ന ശബ്ദം ഉണ്ടാക്കി തർജ്ജമയിൽ ബഹുകഷ്ടമായി ഭ്രമിച്ചുപോയിരിക്കുന്നു. ഇപ്രകാരം വളരെ പരിഹാസകരങ്ങളായ അനേകസംഖ്യ തങ്ങൾ എഴുത്തച്ഛനുണ്ടാകുമെന്നു വിശ്വസിക്കുന്നതിനു ഒരു വഴിയും കാണുന്നില്ല. ഇങ്ങനെ ഉള്ളവയുടെ സംഖ്യ ഇതെഴുത്തച്ഛന്റെ കൃതി അല്ലെന്നു സ്ഥാപിക്കുന്നതിനു നല്ല സാക്ഷിയായിട്ടു തോന്നുന്നു. പിന്നെയും ഭാഗവതത്തിലെ ഭാഷയ്ക്കും രാമായണാടിയിലെ ഭാഷയ്ക്കും തമ്മിൽ സൂക്ഷ്മമായ ഒരന്തരം കാണുവാനുണ്ട്. രാമായണാടിയിലെ വാക്കുകളും വാക്യങ്ങളും അർത്ഥവ്യക്തിക്കും സന്ദർഭശുദ്ധിക്കും നല്ല ദൃഷ്ടാന്തങ്ങളാണ്. അവയിൽ ഒരു പദത്തെ മാറ്റിയാൽ അർത്ഥത്തിനോ ശബ്ദത്തിനോ ഹാനി ഉണ്ടാകുമെന്നുള്ളതു അനുഭവത്താൽ അറിയാവുന്നതാണ്. ഭാഗവതത്തിലെ ഒട്ട വളരെ ഭാഗങ്ങളും ഭേദപ്പെടുത്തുന്നതകൊണ്ട് അതിനു യാതൊരപകർഷവും വന്നുപോകുമെന്നു തോന്നുന്നില്ല. അതിൽ ഒട്ടവളരെ ഭാഗവും പദ്യരൂപമായ ഗദ്യം മാത്രം ആകുന്നു. അപശബ്ദാദിദോഷങ്ങൾ ഭാഗവതത്തിൽ അസംഖ്യം ആകുന്നു. അവയിൽ അല്പടിക്കാക്കുള്ള അവ കാശപ്രകാരം പതിവിൽ വലുതായ ഒരു പങ്കുതന്നെ നീക്കി യാലും കവിയുടെ വകയായി ഗണ്യമായ ഒരോഹരി ശേഷി ക്കാതിരിക്കയില്ല; എന്നുവേണ്ടാ ഭാരതം മുതലായവയിൽ

കാണുന്ന ഇമ്മാതിരി കിളിപ്പാട്ടുവൃത്തങ്ങൾക്കുകൂടി ഭാഗവത ഭാഷാന്തരീകർത്താവിന്റെ കൈയിൽ ന്യൂനത നേരിട്ടുന്നതായി കാണാവുന്നതാണ്. ഈ ആക്ഷേപങ്ങൾക്കു സമാധാനമായി മറുകക്ഷിക്കാക്കുള്ള ന്യായങ്ങൾ എന്തെല്ലാമെന്നും നോക്കേണ്ടിയിരിക്കുന്നു. മുമ്പറഞ്ഞ പൊതുജനവിശ്വാസത്തിനു പുറമേ ഇതിലെ ഭാഷയ്ക്ക് എഴുത്തച്ഛന്റെ ഭാഷയോളംതന്നെ ഏകദേശം പഴക്കമുണ്ടെന്നും ഭാഗവതത്തെ ഭാഷപ്പെടുത്തണമെന്നുള്ള തു കേവനായ എഴുത്തച്ഛനു തോന്നിയിരിപ്പാൻ വളരെ ഇടയുണ്ടെന്നും ഉള്ള ഭാഗങ്ങൾ വിസ്മരിക്കപ്പെടാവുന്നതല്ല. ഇവ കൂടാതെ "പരമുപദേശമില്ലിതിൻമീതെയൊന്നും" (രാമായണം) ഇത്യാദി അപൂർവം ചില വരികളും ചില ഭാവങ്ങളും എഴുത്തച്ഛന്റെ അന്യകൃതികളിൽ വന്നിട്ടുള്ളവ ഭാഗവതത്തിലും കാണ്മാനുണ്ടെന്നുള്ളതും ഒരു തെളിവായി വരുമായിരിക്കും. ഈ അംശങ്ങൾ എല്ലാം ചേർത്തുനോക്കുമ്പോൾ മറ്റുള്ള ഭാഗങ്ങളുടെ കർത്താവു് എഴുത്തച്ഛൻ തന്നെയാണെന്നുവന്നാലും ഏകാദശം ദ്വാദശം ഇവയുടെ കർതൃതരം അദ്ദേഹത്തിൽ ആരോപിക്കുന്നതിനു തരമില്ല. എങ്കിലും വ്യവഹാരത്തിനായി ആ ഭാഗങ്ങളും എഴുത്തച്ഛന്റെ തർജ്ജമ എന്നു പറയേണ്ടതായി വരുന്നു. എഴുത്തച്ഛന്റെ തർജ്ജമയിൽ ഏകാദശം ദ്വാദശം ദശമത്തിലെ ശ്രുതിഗീത ഈ ഭാഗങ്ങളുടെ മഹത്തായ അർത്ഥഭേദംകൊണ്ടാണ് കൊച്ചീശീമയിൽ എഴുപത്തിൽ നാണക്കുട്ടിമേനവൻ ആ ഭാഗങ്ങളെ സ്വയമേ തർജ്ജമചെയ്വാൻ തുനിഞ്ഞതു്. അദ്ദേഹത്തിന്റെ തർജ്ജമ വളരെ വിസ്തരിച്ചും മൂലാർത്ഥത്തെ വിശദമായി പ്രകാശിപ്പിച്ചും ഉള്ളതാകുന്നു. ശ്രീധരീയ വ്യാഖ്യാന

ത്തെ അനുസരിച്ചാണ് അദ്ദേഹത്തിന്റെ തർജ്ജമയുടെ ഗതി. എഴുത്തച്ഛന്റെ പാഠം ശ്രീധരപഠത്തെ അസ്പഷ്ടമാക്കീട്ടുള്ളതല്ല എന്നു പറയേണ്ടിയിരിക്കുന്നു. നാണക്കേടിനെ ഭയന്നാവാം അവർ വളരെ തർജ്ജമയ്ക്കു് ഏതെങ്കിലും ഒരാക്ഷേപമുണ്ടെങ്കിൽ അതു് അദ്ദേഹത്തിന്റെ കൃതി ഭാഗവതത്തിന്റെ തർജ്ജമയേക്കാൾ ഭാഗവതവ്യാഖ്യാനത്തിന്റെ തർജ്ജമയായിപ്പോയി എന്നുള്ളതാകുന്നു. തർജ്ജമയിൽ വളരെ ദിക്കിൽ വ്യാഖ്യാനത്തിലെ വാക്കുകൾതന്നെ ചേർന്നതായി കാണുന്നു. തർജ്ജമയുടെ രീതി കാണുന്നതിനു് ഈ പുസ്തകത്തിൽ * ഏകാദശസ്കന്ധത്തിൽ ചില ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുള്ളതു മതിയാകുമെന്നു തോന്നുന്നു. അകപ്പാടെ പറഞ്ഞാൽ മേനവനവർകളുടെ തർജ്ജമ ശ്ലാഘ്യമാണെന്നതിനു സംശയമില്ല. പറയനാർ നമ്പൂതിരി ചെയ്തതായി ദശമസ്കന്ധത്തിനു് ഒരു തർജ്ജമകൂടിയുണ്ടു്. അദ്ദേഹം തർജ്ജമയ്ക്കു തുനിഞ്ഞതിന്റെ ഉദ്ദേശ്യവും മറ്റും ഇപ്രകാരം ദശമത്തിന്റെ അവസാനത്തിൽ പറയുന്നു:—

"സരസിജനയനന്റെ നല്ലലീലാവിലാസം
സരസിജമുഖിമാക്കും ബാലകക്കും ഗ്രഹിപ്പാൻ
സരസമധുരഭാഷാഗാനമായിട്ടിവണ്ണം
പരിചൊടു പറയനാരന്തണേന്ദ്രൻ ചമച്ചാൻ."

പിന്നെയും,

"അവനിസുരവരനൊരവനിഹദശമമൊക്കെയും
അത്യന്തമോദേന പാട്ടായ് ചമച്ചുതേ"

എന്നും അതിൽതന്നെ കാണുന്നു. നമ്പൂരിയുടെ തർജ്ജമയുടെ മുഖ്യവിശേഷം അതിൽ ശ്രീകൃഷ്ണന്റെ ബാല്യക്രീഡ

* ഉപന്യാസകർത്താവു് പിഴതിർത്തിട്ടുള്ള ഭാഗവതം.

വിസ്തരിക്കുന്നുണ്ട് എന്നുള്ളതാകുന്നു. കവിതയുടെ കാണിപ്പാൻ ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു.

മുട്ടകൾ കൂത്തിക്കൊണ്ടു ബാലന്മാരതുകാലം
ഒട്ടൊട്ടനടന്നീടും വീണിടുമിടയ്ക്കിടെ
സഞ്ചരിപ്പതുംകണ്ടു കൌതുകത്തോടുംകൂടി
ചഞ്ചലാക്ഷിമാരെടുത്തീടുവാൻ ചെല്ലുന്നേരം
നിൽമധു പൊഴിയുന്ന പുഞ്ചിരിയോടുംചേന്ന-
ങ്ങമ്മമാരുടെ മടി തന്നിലങ്ങിരുന്നീടും;
ചോറുകളുണിഞ്ഞതു തുടച്ചു ജനനിമാർ
ക്രൂരോടേ മുലകൊടുത്താനന്ദിച്ചിരുന്നീടും,
പിന്നെയുമവർപശുപാലന്മാരുടെപിന്നേ
ചെന്നീടുംവേഗത്തോടുംമുട്ടകൾകൂത്തിത്തന്നെ
ചെന്നടൻ പശുപാലൻതന്നുടെ വാലുതന്മേൽ
ഒന്നിച്ചുപിടിപ്പെട്ട മന്ദമായ്വലിച്ചീടും" ഇത്യാദി

ഭാഗവതത്തിന്റെ തർജ്ജമകളെന്നു പറയാൻ നിവൃത്തിയില്ലാതേയും എന്നാൽ അതിലെ കഥകളെ ആധാരമാക്കിയിട്ടുള്ളതായും ചില പ്രസിദ്ധകൃതികൾ ഭാഷയിലുണ്ട്. അവയിൽ പ്രധാനം കൃഷ്ണഗാഥയും, കൃഷ്ണചരിതം മണിപ്രവാളവും, ദശമം 24 വൃത്തവും ആകുന്നു. ഭാഗവതത്തിലെ ഓരോ കഥകൾ എടുത്തു് ആട്ടക്കഥകളായും മണിപ്രവാളങ്ങളായും മറ്റും അനേകകൃതികളും ഭാഷയിൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ടു്.

പുരാണോത്തമമായും സകലശാസ്ത്രപ്രകാശകമായും സദാചാരപ്രബോധകമായും മോക്ഷസാധകമായും ഈ

ക്കുന്ന ഈ മഹാഗ്രന്ഥം പൊതുജനങ്ങൾക്ക് ഉപകാരപ്രദ മായി പരിണമിക്കണം എന്നു പ്രാർത്ഥിച്ചുകൊണ്ട് ഇതിനെ ഇവിടെ ഉപസംഹരിക്കുന്നു.

"നിഗമകല്പതരോർഗ്ഗളിതം ഫലം
ശുകമുഖാദമൃതദ്രവസംയുതം,
പിബത ഭാഗവതം രസമാലയം
മുഹുരഹോ രസികാ ഭുവി ഭാവുകാഃ"

പ്രകാശകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.